# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

# നെടുമങ്ങാട് മുനിസിപ്പാലിറ്റി

# ഓഡിറ്റ് റിപ്പോർട്ട്

## 2020-2021

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
തിരുവനന്തപുരം.-695001

ഇ-മെയിൽ: lfadtvm@yahoo.in

ഫോൺ : 0471-2331231

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ.റ്റി.വി.എം/എം.എൽ/1256/22

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
തിരുവനന്തപുരം.-695001
തീയ്യതി: 03/08/2022
ഇ-മെയിൽ: lfadtvm@yahoo.in
ഫോൺ: 0471-2331231

ജോയിന്റ് ഡയറക്ടർ

ചെയർപേഴ്സൺ (സെക്രട്ടറി മുഖേന)
നെടുമങ്ങാട് മുനിസിപ്പാലിറ്റി

സർ,

വിഷയം : നെടുമങ്ങാട് മുനിസിപ്പാലിറ്റിയുടെ 2020-2021 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരള മുനിസിപ്പാലിറ്റി നിയമം വകുപ്പ് 295(4) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം നെടുമങ്ങാട് മുനിസിപ്പാലിറ്റിയുടെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള മുനിസിപ്പാലിറ്റി നിയമം -പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള മുനിസിപ്പാലിറ്റി പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ജോയിന്റ് ഡയറക്ടർ

പകർപ്പ്:

1) സെക്രട്ടറി, ത.സ്വ.ഭ.വ, (ഉ.പ.സ.)
2) ഡയറക്ടർ, സംസ്ഥാന ഓഡിറ്റ് വകുപ്പ്
3) ഡയറക്ടർ, നഗരകാര്യ വകുപ്പ് (ഉ.പ.സ.)
4) കാര്യാലയ പകർപ്പ്

നമ്പർ: കെ.എസ്.എ.റ്റി.വി.എം/എം.എൽ/1256/22 തീയ്യതി: 03/08/2022

## തിരുവനന്തപുരം ജില്ലയിലെ നെടുമങ്ങാട് മുനിസിപ്പാലിറ്റിയുടെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള മുനിസിപ്പാലിറ്റി നിയമം വകുപ്പ് 295(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

തിരുവനന്തപുരം ജില്ലയിലെ നെടുമങ്ങാട് മുനിസിപ്പാലിറ്റിയുടെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-01-2021 മുതൽ 31-03-2021 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 89 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 12 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീമതി ഷീല ഉബാൾഡ് | ജോയിന്റ് ഡയറക്ടർ | 15-07-2022 | 25-07-2022 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|
| 15-07-2022 | 25-07-2022 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീമതി.സിന്ധു പിഎസ്, ഓഡിറ്റ് ഓഫീസർ (ഹ.ഗ്രേ)
ശ്രീ.സുരേഷ് ബാബു.ബി, സീനിയർ ഗ്രേഡ് ഓഡിറ്റർ
ശ്രീമതി ശാലിനി.വി.കെ, സീനിയർ ഗ്രേഡ് ഓഡിറ്റർ
ശ്രീമതി ശ്രീദേവി.എസ്, സീനിയർ ഗ്രേഡ് ഓഡിറ്റർ
ശ്രീ.ജസ്റ്റിൻ രാജ്.റ്റി.എസ്, സീനിയർ ഗ്രേഡ് ഓഡിറ്റർ
ശ്രീമതി തനൂജ.എം.എൻ, സീനിയർ ഗ്രേഡ് ഓഡിറ്റർ
ശ്രീമതി ജയലക്ഷ്മി,ബി,കെ, സീനിയർ ഗ്രേഡ് ഓഡിറ്റർ

ശ്രീമതി സ്വപ്ന.എസ്, സീനിയർ ഗ്രേഡ് ഓഡിറ്റർ
ശ്രീമതി അമലാദേവ്, ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീ. ചെറ്റച്ചൽ സഹദേവൻ | ചെയർമാൻ | 01-04-2020 | 05-11-2020 |
| അഡ്മിനിസ്ട്രേറ്റീവ് കമ്മിറ്റി | സെക്രട്ടറി | 06-11-2020 | 27-12-2020 |
| ശ്രീമതി ശ്രീജ സി.എസ്. | ചെയർപേഴ്സൺ | 28-12-2020 | 31-03-2021 |
| ശ്രീ. എസ്. നാരായണൻ | സെക്രട്ടറി | 01-04-2020 | 01-10-2020 |
| ശ്രീ. ഷെറി. ജി. | സെക്രട്ടറി | 01-10-2020 | 27-10-2020 |
| ശ്രീ. എസ്. നാരായണൻ | സെക്രട്ടറി | 27-10-2020 | 31-12-2020 |
| ശ്രീ. ഷെറി. ജി. | സെക്രട്ടറി | 31-12-2020 | 31-03-2021 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീ. കൃഷ്ണകുമാർ. പി | അസി.എഞ്ചിനീയർ | 01-04-2020 | 28-12-2020 |
| ശ്രീ. സജു (ഇൻ-ചാർജ്ജ്) | അസി.എഞ്ചിനീയർ | 28-12-2020 | 16-02-2021 |
| ശ്രീ. അനോജ് കുമാർ. പി.ആർ. | അസി.എഞ്ചിനീയർ | 16-02-2021 | 31-03-2021 |
| ഡോ. ശില്പ ബാബു തോമസ് | മെഡിക്കൽ ഓഫീസർ (താലൂക്ക് ഹോസ്പിറ്റൽ) | 01-04-2020 | 31-03-2021 |
| ശ്രീമതി ലിസി ഡാർലിംഗ് | എ.എഫ്.ഒ. | 01-04-2020 | 05-05-2020 |
| ശ്രീമതി ആനി റോസ് (ഇൻ-ചാർജ്ജ്) | എ.എഫ്.ഒ. | 06-05-2020 | 27-05-2020 |
| ശ്രീ. സജി. റ്റി. | എ.എഫ്.ഒ. | 28-05-2020 | 31-03-2021 |
| ശ്രീ. റാംകുമാർ. എം.ആർ. | ഹെൽത്ത് ഇൻസ്പെക്ടർ-I | 01-04-2020 | 10-11-2020 |
| ശ്രീ. സോണി. വി | ഹെൽത്ത് ഇൻസ്പെക്ടർ-I | 10-11-2020 | 04-02-2021 |
| ശ്രീ. ബേബി | ഹെൽത്ത് ഇൻസ്പെക്ടർ-I | 04-02-2021 | 31-03-2021 |
| ശ്രീമതി ആലീസ് ജോസി | ഹെൽത്ത് ഓഫീസർ | 01-04-2020 | 20-05-2020 |

| | | | |
|---|---|---|---|
| ശ്രീ. റാംകുമാർ എം.ആർ (ഇൻ-ചാർജ്ജ്) | ഹെൽത്ത് ഓഫീസർ | 20-05-2020 | 01-06-2020 |
| ശ്രീ. ബാബുരാജ്. സി.എസ്. | ഹെൽത്ത് ഓഫീസർ | 01-06-2020 | 31-03-2021 |
| ശ്രീമതി വിദ്യ. എസ്. | ഐ.സി.ഡി.എസ്. സൂപ്പർവൈസർ | 01-04-2020 | 31-03-2021 |
| ശ്രീ. പ്രേംലാൽ. ബി. | ഐ.ഇ.ഒ. | 01-04-2020 | 25-02-2021 |
| ശ്രീ. കൃഷ്ണൻ നമ്പൂതിരി | ഐ.ഇ.ഒ. | 25-02-2021 | 31-03-2021 |
| ശ്രീ. സരസ് ചന്ദ്രൻ | പ്രിൻസിപ്പാൾ, ജി.ജി.എച്ച്.എസ്.എസ്. | 01-04-2020 | 20-06-2020 |
| ശ്രീമതി മീന | പ്രിൻസിപ്പാൾ, ജി.ജി.എച്ച്.എസ്.എസ്. | 21-06-2020 | 31-03-2021 |
| ഡോ. സൈറ. ആർ. | വെറ്റിനറി സർജൻ | 01-04-2020 | 10-03-2021 |
| ഡോ. ബോബി. എസ്. മാനുവൽ | വെറ്ററിനറി സർജൻ | 10-03-2021 | 31-03-2021 |
| ശ്രീമതി സമീറ. എ.എസ്. | എസ്.സി.ഡി.ഒ. | 01-04-2020 | 15-09-2020 |
| ശ്രീ. രാജേഷ്. ടി.ആർ. | എസ്.സി.ഡി.ഒ. | 16-09-2020 | 02-02-2021 |
| ശ്രീമതി ജിനി. വി.ജെ. | എസ്.സി.ഡി.ഒ. | 03-02-2021 | 31-03-2021 |
| ഡോ. വിഷ്ണു. പി.എസ്. | മെഡിക്കൽ ഓഫീസർ (ഹോമിയോ) | 01-04-2020 | 30-04-2020 |
| ഡോ. വിജയകുമാരി. എൽ. | മെഡിക്കൽ ഓഫീസർ (ഹോമിയോ) | 01-05-2020 | 31-05-2020 |
| ഡോ. ശുഭ.എ.പി. | മെഡിക്കൽ ഓഫീസർ (ഹോമിയോ) | 01-06-2020 | 31-10-2020 |
| ഡോ. ശോഭ ചന്ദ്രൻ. ആർ. | മെഡിക്കൽ ഓഫീസർ (ഹോമിയോ) | 01-11-2020 | 31-03-2021 |

ഉള്ളടക്കം



| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ്<br>Written By: THANUJA M.N. (Senior Grade Auditor, On 26-07-2022)<br>Last Updated By: THANUJA M.N. (Senior Grade Auditor, On 26-07-2022) | 1-1 |
| 2 | ബജറ്റ്-അപാകതകൾ<br>Written By: THANUJA M.N. (Senior Grade Auditor, On 26-07-2022)<br>Last Updated By: Jayalekshmi BK (Senior Grade Auditor, On 01-08-2022) | 1-1-1 |
| 3 | വാർഷിക ധനകാര്യപത്രിക<br>Written By: THANUJA M.N. (Senior Grade Auditor, On 27-07-2022)<br>Last Updated By: Reni L.S. (Computer Assistant, On 29-07-2022) | 1-2 |
| 4 | വാർഷിക ധനകാര്യപത്രിക- അപാകതകൾ<br>Written By: THANUJA M.N. (Senior Grade Auditor, On 27-07-2022)<br>Last Updated By: Rajeevan Chellan (Office Superintendent, On 03-08-2022) | 1-2-1 |
| 5 | ബാങ്ക് അക്കൗണ്ടുകളുടെ പരിശോധനയിൽ കണ്ട അപാകതകൾ<br>Written By: THANUJA M.N. (Senior Grade Auditor, On 27-07-2022)<br>Last Updated By: Sindhu P.S (Audit Officer, On 02-08-2022) | 1-2-2 |
| 6 | ഗ്രാന്റ് വിനിയോഗം<br>Written By: THANUJA M.N. (Senior Grade Auditor, On 26-07-2022)<br>Last Updated By: Sindhu P.S (Audit Officer, On 02-08-2022) | 1-3 |
| 7 | ഗ്രാന്റ് വിനിയോഗം -അപാകതകൾ<br>Written By: THANUJA M.N. (Senior Grade Auditor, On 26-07-2022)<br>Last Updated By: Rajeevan Chellan (Office Superintendent, On 03-08-2022) | 1-3-1 |
| 8 | പദ്ധതി അവലോകനം<br>Written By: Swapna.S (Senior Grade Auditor, On 26-07-2022)<br>Last Updated By: Swapna.S (Senior Grade Auditor, On 26-07-2022) | 1-4 |
| 9 | പദ്ധതി അടങ്കൽ/ ചെലവ് വിവരങ്ങൾ<br>Written By: Swapna.S (Senior Grade Auditor, On 26-07-2022)<br>Last Updated By: Rajeevan Chellan (Office Superintendent, On 03-08-2022) | 1-4-1 |
| 10 | ക്ഷേമപദ്ധതികൾ<br>Written By: Amala Dev (Auditor, On 27-07-2022)<br>Last Updated By: Jayalekshmi BK (Senior Grade Auditor, On 01-08-2022) | 1-5 |
| 11 | സാമൂഹ്യ സുരക്ഷാ പെൻഷൻ വിതരണം- രജിസ്റ്ററുകൾ സൂക്ഷിക്കാത്തതിനാൽ നടപടിക്രമങ്ങളിലെ കൃത്യത പരിശോധിക്കുവാൻ സാധിച്ചില്ല.<br>Written By: Amala Dev (Auditor, On 27-07-2022)<br>Last Updated By: Jayalekshmi BK (Senior Grade Auditor, On 01-08-2022) | 1-5-1 |
| 12 | ക്യാഷ് പരിശോധന<br>Written By: Amala Dev (Auditor, On 27-07-2022)<br>Last Updated By: Amala Dev (Auditor, On 27-07-2022) | 1-6 |
| 13 | ആഭ്യന്തരനിയന്ത്രണം<br>Written By: Sindhu P.S (Audit Officer, On 26-07-2022)<br>Last Updated By: Sindhu P.S (Audit Officer, On 02-08-2022) | 1-7 |
| 14 | അയ്യങ്കാളി നഗര തൊഴിലുറപ്പ് പദ്ധതി<br>Written By: Jayalekshmi BK (Senior Grade Auditor, On 27-07-2022)<br>Last Updated By: Sindhu P.S (Audit Officer, On 01-08-2022) | 1-8 |
| 15 | ശാന്തിതീരം ശ്മശാനത്തിന്റെ വരവ് സംബന്ധിച്ചുള്ള രസീതു ബുക്കുകൾ പരിശോധനയ്ക്ക് ഹാജരാക്കിയില്ല.<br>Written By: Amala Dev (Auditor, On 27-07-2022)<br>Last Updated By: Sindhu P.S (Audit Officer, On 02-08-2022) | 1-9 |
| 16 | ടൗൺ മാർക്കറ്റ് ലേലം - മുഴുവൻ തുകയും ഒടുക്കു വരുത്തിയിട്ടില്ല. | 1-10 |

| | | |
|---|---|---|
| | Written By: Amala Dev (Auditor, On 27-07-2022)<br>Last Updated By: Rajeevan Chellan (Office Superintendent, On 03-08-2022) | |
| 17 | ട്യൂട്ടോറിയൽ സ്ഥാപനങ്ങളുടെ രജിസ്ട്രേഷൻ -ചട്ടങ്ങൾ പാലിച്ചിട്ടില്ല.<br>Written By: Amala Dev (Auditor, On 27-07-2022)<br>Last Updated By: Sindhu P.S (Audit Officer, On 01-08-2022) | 1-11 |
| 18 | സ്വകാര്യ ആശുപത്രികൾ /പാരാമെഡിക്കൽ സ്ഥാപനങ്ങൾ രജിസ്ട്രേഷൻ-അപാകതകൾ<br>Written By: Amala Dev (Auditor, On 27-07-2022)<br>Last Updated By: Jayalekshmi BK (Senior Grade Auditor, On 01-08-2022) | 1-12 |
| 19 | തൊഴിൽ നികുതി-വിവിധ അപാകങ്ങൾ<br>Written By: Amala Dev (Auditor, On 27-07-2022)<br>Last Updated By: Sindhu P.S (Audit Officer, On 01-08-2022) | 1-13 |
| 20 | നഗരസഭയിലെ അംഗീകൃത കരാറുകാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയില്ല.<br>Written By: Amala Dev (Auditor, On 27-07-2022)<br>Last Updated By: Sindhu P.S (Audit Officer, On 01-08-2022) | 1-13-1 |
| 21 | അഭിഭാഷകരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല<br>Written By: Amala Dev (Auditor, On 27-07-2022)<br>Last Updated By: Sindhu P.S (Audit Officer, On 01-08-2022) | 1-13-2 |
| 22 | ട്യൂട്ടോറിയൽ സ്ഥാപനങ്ങൾ- തൊഴിൽ നികുതി അടവാക്കിയിട്ടില്ല.<br>Written By: Amala Dev (Auditor, On 27-07-2022)<br>Last Updated By: Reni L.S. (Computer Assistant, On 29-07-2022) | 1-13-3 |
| 23 | സ്വകാര്യ ആശുപത്രി /സ്വകാര്യ പാരാമെഡിക്കൽ സ്ഥാപനങ്ങൾ - തൊഴിൽ നികുതി അടവാക്കാനുണ്ട്<br>Written By: Amala Dev (Auditor, On 27-07-2022)<br>Last Updated By: Jayalekshmi BK (Senior Grade Auditor, On 01-08-2022) | 1-13-4 |
| 24 | ഓഡിറ്റോറിയങ്ങളിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.<br>Written By: Amala Dev (Auditor, On 27-07-2022)<br>Last Updated By: Sindhu P.S (Audit Officer, On 02-08-2022) | 1-13-5 |
| 25 | രജിസ്റ്റർ പ്രകാരം 138 സ്ഥാപനങ്ങൾ തൊഴിൽ നികുതി അടവാക്കാനുണ്ട്.<br>Written By: Amala Dev (Auditor, On 27-07-2022)<br>Last Updated By: Sindhu P.S (Audit Officer, On 02-08-2022) | 1-13-6 |
| 26 | റേഷൻ കടകൾ ലൈസൻസ് ഇല്ലാതെയും തൊഴിൽ നികുതി ഒടുക്കാതെയും പ്രവർത്തിക്കുന്നു<br>Written By: Amala Dev (Auditor, On 27-07-2022)<br>Last Updated By: Sindhu P.S (Audit Officer, On 02-08-2022) | 1-14 |
| 27 | വളർത്തുമൃഗങ്ങൾക്കുള്ള ലൈസൻസ് - വിവരങ്ങൾ പൂർണമല്ല<br>Written By: Amala Dev (Auditor, On 27-07-2022)<br>Last Updated By: Sindhu P.S (Audit Officer, On 02-08-2022) | 1-15 |
| 28 | ലൈസൻസ് ഫീസ് ഈടാക്കുന്നതിൽ വ്യക്തതയില്ല<br>Written By: Amala Dev (Auditor, On 27-07-2022)<br>Last Updated By: Sindhu P.S (Audit Officer, On 02-08-2022) | 1-16 |
| 29 | യന്ത്രങ്ങളുടെ ഫീസ് ഈടാക്കുന്നതിൽ അപാകത<br>Written By: Amala Dev (Auditor, On 27-07-2022)<br>Last Updated By: Sindhu P.S (Audit Officer, On 02-08-2022) | 1-17 |
| 30 | നഗരസഭയുടെ ഉടമസ്ഥതയിലുള്ള വനം വകുപ്പ് കോടതി കെട്ടിടത്തിന്റെ വാടക പിരിച്ചെടുക്കുന്നില്ല<br>Written By: Swapna.S (Senior Grade Auditor, On 26-07-2022)<br>Last Updated By: Sindhu P.S (Audit Officer, On 02-08-2022) | 1-18 |
| 31 | വാടകയിനത്തിൽ ഭീമമായ തുക പിരിച്ചെടുക്കുവാൻ അവശേഷിക്കുന്നു.<br>Written By: Swapna.S (Senior Grade Auditor, On 25-07-2022)<br>Last Updated By: Sindhu P.S (Audit Officer, On 02-08-2022) | 1-19 |
| 32 | ആദായ നികുതി നിയമത്തിലെ വ്യവസ്ഥകൾക്ക് വിരുദ്ധമായി ടി.ഡി.എസ്. | 1-20 |

| | | |
|---|---|---|
| | ഈടാക്കി - നഗരസഭയ്ക്ക് - 40501/- രൂപയുടെ നഷ്ടം<br>Written By: THANUJA M.N. (Senior Grade Auditor, On 27-07-2022)<br>Last Updated By: Sindhu P.S (Audit Officer, On 02-08-2022) | |
| 33 | സ്ഥിര നിക്ഷേപങ്ങൾ പരിപാലിക്കുന്നതിലെ അപാകം<br>Written By: THANUJA M.N. (Senior Grade Auditor, On 27-07-2022)<br>Last Updated By: Sindhu P.S (Audit Officer, On 02-08-2022) | 1-21 |
| 34 | കെട്ടിടനിർമ്മാണ പെർമിറ്റ്-അപാകതകൾ<br>Written By: Sreedevi S (Senior Grade Auditor, On 26-07-2022)<br>Last Updated By: Sindhu P.S (Audit Officer, On 02-08-2022) | 1-22 |
| 35 | വസ്തു നികുതി - അപാകതകൾ<br>Written By: Sreedevi S (Senior Grade Auditor, On 26-07-2022)<br>Last Updated By: Sindhu P.S (Audit Officer, On 02-08-2022) | 1-23 |
| 36 | വസ്തു നികുതി കുടിശ്ശിക ഈടാക്കേണ്ടതാണ്<br>Written By: Sreedevi S (Senior Grade Auditor, On 26-07-2022)<br>Last Updated By: Sindhu P.S (Audit Officer, On 02-08-2022) | 1-23-1 |
| 37 | നികുതി നിർണയം നടത്തിയ കെട്ടിടങ്ങളുടെ ഡേറ്റാ എൻട്രി പൂർത്തീകരിച്ചിട്ടില്ല<br>Written By: Sreedevi S (Senior Grade Auditor, On 26-07-2022)<br>Last Updated By: Sindhu P.S (Audit Officer, On 02-08-2022) | 1-23-2 |
| 38 | കെട്ടിടങ്ങളുടെ വസ്തുനികുതി ഡിമാന്റ് ചെയ്യുകയോ നികുതി പിരിച്ചെടുക്കുകയോ ചെയ്തിട്ടില്ല<br>Written By: Sreedevi S (Senior Grade Auditor, On 26-07-2022)<br>Last Updated By: Sindhu P.S (Audit Officer, On 02-08-2022) | 1-23-3 |
| 39 | വസ്തുനികുതി ഡിമാന്റ് ചെയ്യാതെ പിരിവ് നടത്തുന്നു<br>Written By: Sreedevi S (Senior Grade Auditor, On 26-07-2022)<br>Last Updated By: Sindhu P.S (Audit Officer, On 02-08-2022) | 1-23-4 |
| 40 | കെട്ടിടങ്ങളുടെ വസ്തുനികുതി ഡിമാന്റ് ചെയ്തിട്ടുണ്ടെങ്കിലും പിരിച്ചെടുത്തിട്ടില്ല<br>Written By: Sreedevi S (Senior Grade Auditor, On 26-07-2022)<br>Last Updated By: Rajeevan Chellan (Office Superintendent, On 03-08-2022) | 1-23-5 |
| 41 | പൊളിച്ചുനീക്കിയ കെട്ടിടങ്ങളുടെ നികുതി പൂർണമായും ഈടാക്കുന്നില്ല<br>Written By: Sreedevi S (Senior Grade Auditor, On 26-07-2022)<br>Last Updated By: Sindhu P.S (Audit Officer, On 02-08-2022) | 1-23-6 |
| 42 | അറുപത് ചതുരശ്ര മീറ്ററിൽ കൂടുതൽ വിസ്തീർണ്ണമുള്ള കെട്ടിടങ്ങൾക്ക് ഇളവ് നൽകി<br>Written By: Sreedevi S (Senior Grade Auditor, On 26-07-2022)<br>Last Updated By: Rajeevan Chellan (Office Superintendent, On 03-08-2022) | 1-23-7 |
| 43 | നിയമാനുസൃത കെട്ടിടങ്ങൾക്ക് യു.എ നമ്പർ നൽകി-നികുതി ഡിമാന്റ് ചെയ്ത് ഈടാക്കിയിട്ടില്ല<br>Written By: Sreedevi S (Senior Grade Auditor, On 26-07-2022)<br>Last Updated By: Rajeevan Chellan (Office Superintendent, On 03-08-2022) | 1-23-8 |
| 44 | അനധികൃത കെട്ടിടങ്ങളുടെ വിവരം സൂക്ഷിച്ചിട്ടില്ല<br>Written By: Sreedevi S (Senior Grade Auditor, On 26-07-2022)<br>Last Updated By: Rajeevan Chellan (Office Superintendent, On 03-08-2022) | 1-23-9 |
| 45 | അനധികൃത കെട്ടിടങ്ങളിൽ പ്രവർത്തിക്കുന്ന സ്ഥാപനത്തിന്റെ വിവരങ്ങൾ സഞ്ചയയിൽ പൂർണമല്ല<br>Written By: Sreedevi S (Senior Grade Auditor, On 26-07-2022)<br>Last Updated By: Sindhu P.S (Audit Officer, On 02-08-2022) | 1-23-10 |
| 46 | അനധികൃത കെട്ടിടങ്ങളിൽ പ്രവർത്തിക്കുന്ന മൊബൈൽ ടവറുകളുടെ വസ്തു നികുതി സംബന്ധിച്ച്<br>Written By: Sreedevi S (Senior Grade Auditor, On 26-07-2022)<br>Last Updated By: Rajeevan Chellan (Office Superintendent, On 03-08-2022) | 1-23-11 |
| 47 | മൊബൈൽ ടവറുകളുടെ വസ്തു നികുതി കുടിശ്ശിക പിരിച്ചെടുത്തിട്ടില്ല<br>Written By: Sreedevi S (Senior Grade Auditor, On 26-07-2022) | 1-23-12 |

| | | |
|---|---|---|
| | Last Updated By: Rajeevan Chellan (Office Superintendent, On 03-08-2022) | |
| 48 | കെട്ടിട നിർമ്മാണം-നമ്പറിംഗ് ഫയലുകളുടെ പരിശോധന<br>Written By: Sreedevi S (Senior Grade Auditor, On 26-07-2022)<br>Last Updated By: Sindhu P.S (Audit Officer, On 02-08-2022) | 1-24 |
| 49 | നോൺ അവൈലബിലിറ്റി സർട്ടിഫിക്കറ്റ് വാങ്ങാതെയുള്ള മരുന്ന് വാങ്ങൽ സംബന്ധിച്ച്<br>Written By: Sreedevi S (Senior Grade Auditor, On 27-07-2022)<br>Last Updated By: Sindhu P.S (Audit Officer, On 02-08-2022) | 1-25 |
| 50 | സ്വച്ഛ് ഭാരത് മിഷൻ പദ്ധതി - അപാകതകൾ<br>Written By: Sreedevi S (Senior Grade Auditor, On 26-07-2022)<br>Last Updated By: Sindhu P.S (Audit Officer, On 02-08-2022) | 1-26 |
| 51 | കുടിവെള്ള പൈപ്പ് ലൈൻ നീട്ടൽ - 2471000/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു<br>Written By: Shalini V K (Senior Grade Auditor, On 26-07-2022)<br>Last Updated By: Sindhu P.S (Audit Officer, On 02-08-2022) | 1-27 |
| 52 | ഇലക്ട്രിക് പോസ്റ്റ് മാറ്റി സ്ഥാപിക്കൽ - ധനവിനിയോഗസാക്ഷ്യപത്രം ലഭ്യമായില്ല 291772/-രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു<br>Written By: Shalini V K (Senior Grade Auditor, On 26-07-2022)<br>Last Updated By: Rajeevan Chellan (Office Superintendent, On 03-08-2022) | 1-28 |
| 53 | ഐ.കെ. എം. വിഹിതം- വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കിയില്ല - 500000/-രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു<br>Written By: Shalini V K (Senior Grade Auditor, On 26-07-2022)<br>Last Updated By: Sindhu P.S (Audit Officer, On 02-08-2022) | 1-29 |
| 54 | മാലിന്യസംസ്കരണത്തിനായി 1250 വീട്ടുകളിൽ കിച്ചൻ ബിൻ സ്ഥാപിക്കൽ -അപാകതകൾ<br>Written By: Shalini V K (Senior Grade Auditor, On 26-07-2022)<br>Last Updated By: Rajeevan Chellan (Office Superintendent, On 03-08-2022) | 1-30 |
| 55 | വരൾച്ചാക്കാലത്ത് കുടിവെള്ള ദൌർലഭ്യമുള്ള ഭാഗങ്ങളിൽ കുടിവെള്ളമെത്തിക്കൽ-സർക്കാർ ഉത്തരവ് പാലിച്ചില്ല-540265 രൂപ തടസ്സം ചെയ്യുന്നു<br>Written By: Shalini V K (Senior Grade Auditor, On 26-07-2022)<br>Last Updated By: Sindhu P.S (Audit Officer, On 02-08-2022) | 1-31 |
| 56 | കൈമാറിക്കിട്ടിയ സ്ഥാപനങ്ങൾക്ക് വെള്ളം, ടെലഫോൺ, വൈദ്യുതിചാർജ്ജ് നെറ്റ് ചാർജ്ജ് അടയ്ക്കൽ - ചെലവ് രേഖകൾ പൂർണ്ണമായും ലഭ്യമാക്കിയില്ല.86173/- രൂപ തടസ്സം ചെയ്യുന്നു<br>Written By: Shalini V K (Senior Grade Auditor, On 26-07-2022)<br>Last Updated By: Rajeevan Chellan (Office Superintendent, On 03-08-2022) | 1-32 |
| 57 | കൊതുകുനിവാരണത്തിനായുള്ള മരുന്നും പമ്പും വാങ്ങുന്നതിനും വേതനം നൽകലും -അപാകതകൾ<br>Written By: Shalini V K (Senior Grade Auditor, On 26-07-2022)<br>Last Updated By: Sindhu P.S (Audit Officer, On 02-08-2022) | 1-33 |
| 58 | നെടുമങ്ങാട് നഗരസഭ കോവിഡ് പ്രതിരോധ പ്രവർത്തനങ്ങൾ<br>Written By: Shalini V K (Senior Grade Auditor, On 26-07-2022)<br>Last Updated By: Sindhu P.S (Audit Officer, On 02-08-2022) | 1-34 |
| 59 | ഷീലോഡ്ജിനും അനുബന്ധ റോഡിനും സ്ഥലം വാങ്ങൽ- സർക്കാർ നിർദ്ദേശം പാലിച്ചില്ല<br>Written By: Shalini V K (Senior Grade Auditor, On 26-07-2022)<br>Last Updated By: Sindhu P.S (Audit Officer, On 02-08-2022) | 1-35 |
| 60 | ഠൗൺ മാർക്കറ്റ് ശുചീകരണം<br>Written By: Shalini V K (Senior Grade Auditor, On 26-07-2022)<br>Last Updated By: Sindhu P.S (Audit Officer, On 02-08-2022) | 1-36 |

| | | |
|---|---|---|
| 61 | പനങ്ങോട്ടേല നീന്തൽക്കുളം -അപാകതകൾ<br>Written By: Shalini V K (Senior Grade Auditor, On 26-07-2022)<br>Last Updated By: Sindhu P.S (Audit Officer, On 02-08-2022) | 1-37 |
| 62 | ബയോമെഡിക്കൽ വേസ്റ്റ് -സംസ്കരണപ്ലാന്റ് സ്ഥാപിക്കൽ - തുക പിൻവലിച്ച് സെക്രട്ടറിയുടെ അക്കൗണ്ടിൽ നിക്ഷേപിച്ചു<br>Written By: Shalini V K (Senior Grade Auditor, On 26-07-2022)<br>Last Updated By: Sindhu P.S (Audit Officer, On 02-08-2022) | 1-38 |
| 63 | വാർഷികപദ്ധതി രൂപീകരണം - 133563/-രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു<br>Written By: Shalini V K (Senior Grade Auditor, On 26-07-2022)<br>Last Updated By: Shalini V K (Senior Grade Auditor, On 02-08-2022) | 1-39 |
| 64 | വികസനോത്സവും വികസനരേഖയും- ആദായ നികുതി ഈടാക്കിയില്ല<br>Written By: Shalini V K (Senior Grade Auditor, On 26-07-2022)<br>Last Updated By: Sindhu P.S (Audit Officer, On 02-08-2022) | 1-40 |
| 65 | നഗരസഭാക്രിമിറ്റോറിയത്തിന് ഗ്യാസ് ഫർണസ്- അപാകതകൾ<br>Written By: Shalini V K (Senior Grade Auditor, On 26-07-2022)<br>Last Updated By: Sindhu P.S (Audit Officer, On 02-08-2022) | 1-41 |
| 66 | ശുചീകരണ ഉപകരണങ്ങൾ വാങ്ങൽ<br>Written By: Shalini V K (Senior Grade Auditor, On 26-07-2022)<br>Last Updated By: Sindhu P.S (Audit Officer, On 02-08-2022) | 1-42 |
| 67 | ശാന്തി തീരം നഗരസഭാ ശ്മശാനത്തിന്റെ ലാന്റ് സ്കേപ്പിംഗ് പരിപാലനം -കരാറിലേർപ്പെടുന്നതിനുമുൻപേ പരിപാലന തുക നൽകി<br>Written By: Shalini V K (Senior Grade Auditor, On 26-07-2022)<br>Last Updated By: Sindhu P.S (Audit Officer, On 02-08-2022) | 1-43 |
| 68 | നെടുമങ്ങാട് ജില്ലാ ആശുപത്രിയിലെ ഹോസ്പിറ്റൽ കിയോസ്ക് ഡേറ്റാ എൻട്രി ഓപ്പറേറ്റർക്ക് ശമ്പളം-തുക പിൻവലിച്ചതിൽ വ്യക്തതയില്ല<br>Written By: Shalini V K (Senior Grade Auditor, On 26-07-2022)<br>Last Updated By: Rajeevan Chellan (Office Superintendent, On 03-08-2022) | 1-44 |
| 69 | നഗരസഭ സ്ലാട്ടർ ഹൗസ്- അപാകതകൾ<br>Written By: Shalini V K (Senior Grade Auditor, On 26-07-2022)<br>Last Updated By: Rajeevan Chellan (Office Superintendent, On 03-08-2022) | 1-45 |
| 70 | ജനറൽ കമ്മിറ്റി മിനിട്സ് -പരിപാലനം- മുനിസിപ്പാലിറ്റി ചട്ടങ്ങൾ പാലിക്കുന്നില്ല<br>Written By: Shalini V K (Senior Grade Auditor, On 26-07-2022)<br>Last Updated By: Sindhu P.S (Audit Officer, On 02-08-2022) | 1-46 |
| 71 | വൃദ്ധജനങ്ങൾക്ക് വയോക്ലബ്- സർക്കാർ നിർദ്ദേശം പാലിച്ചിട്ടില്ല<br>Written By: Jayalekshmi BK (Senior Grade Auditor, On 26-07-2022)<br>Last Updated By: Rajeevan Chellan (Office Superintendent, On 03-08-2022) | 1-47 |
| 72 | പി.എം.എ.വൈ.ഭവനപദ്ധതി- രേഖകൾ സൂക്ഷിക്കുന്നില്ല<br>Written By: Jayalekshmi BK (Senior Grade Auditor, On 26-07-2022)<br>Last Updated By: Rajeevan Chellan (Office Superintendent, On 03-08-2022) | 1-48 |
| 73 | അഗതിരഹിതകേരളം- തുക മുൻകൂർപിൻവലിച്ച് തനത് ഫണ്ട് അക്കൗണ്ടിൽ സൂക്ഷിച്ചിരിക്കുന്നു<br>Written By: Jayalekshmi BK (Senior Grade Auditor, On 26-07-2022)<br>Last Updated By: Jayalekshmi BK (Senior Grade Auditor, On 02-08-2022) | 1-49 |
| 74 | ഗുണഭോക്തൃസമിതി നിർവഹണം നടത്തിയ പദ്ധതികൾ-സർക്കാർ നിർദ്ദേശം പാലിച്ചില്ല.<br>Written By: Suresh Babu B (Senior Grade Auditor, On 27-07-2022)<br>Last Updated By: Sindhu P.S (Audit Officer, On 02-08-2022) | 1-50 |
| 75 | സ്വയംതൊഴിൽ സംരംഭങ്ങൾക്ക് ധനസഹായം- സബ്സിഡി മാർഗ്ഗരേഖ നിർദ്ദേശം പാലിച്ചിട്ടില്ല- 150000/- രൂപ തടസ്സപ്പെടുത്തുന്നു<br>Written By: Jayalekshmi BK (Senior Grade Auditor, On 26-07-2022) | 1-51 |

| | | |
|---|---|---|
| | Last Updated By: Sindhu P.S (Audit Officer, On 02-08-2022) | |
| 76 | UIDSSMT- ഖരമാലിന്യനിർമ്മാർജനത്തിനായി നൽകിയ തുക ചെലവഴിക്കാതെ തിരിച്ചടച്ചു<br>Written By: Jayalekshmi BK (Senior Grade Auditor, On 26-07-2022)<br>Last Updated By: Sindhu P.S (Audit Officer, On 02-08-2022) | 1-52 |
| 77 | കാർഷിക പദ്ധതി നിർവ്വഹണത്തിൽ ഒട്ടേറെ അപാകതകൾ; 1120000/-രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു<br>Written By: Justin Raj T.S (Senior Grade Auditor, On 27-07-2022)<br>Last Updated By: Rajeevan Chellan (Office Superintendent, On 03-08-2022) | 1-53 |
| 78 | മുൻ വർഷത്തെ രസീത് ബുക്ക് ഉപയോഗിച്ച് ഗുണഭോക്തൃ വിഹിതം പിരിച്ചെടുത്തു<br>Written By: Justin Raj T.S (Senior Grade Auditor, On 27-07-2022)<br>Last Updated By: Sindhu P.S (Audit Officer, On 02-08-2022) | 1-54 |
| 79 | വാഹന പരിപാലനത്തിലെ അപാകതകൾ<br>Written By: Justin Raj T.S (Senior Grade Auditor, On 27-07-2022)<br>Last Updated By: Sindhu P.S (Audit Officer, On 02-08-2022) | 1-55 |
| 80 | ലോഗ്ബുക്ക് പരിപാലനത്തിലെ അപാകതകൾ<br>Written By: Justin Raj T.S (Senior Grade Auditor, On 27-07-2022)<br>Last Updated By: Sindhu P.S (Audit Officer, On 02-08-2022) | 1-56 |
| 81 | അങ്കണവാടികളുടെ ഭൗതിക സാഹചര്യം മെച്ചപ്പെടുത്തേണ്ടതാണ്.<br>Written By: Swapna.S (Senior Grade Auditor, On 27-07-2022)<br>Last Updated By: Sindhu P.S (Audit Officer, On 02-08-2022) | 1-57 |
| 82 | വക്കീൽ ഫീസ്- ആദായ നികുതി ഈടാക്കിയില്ല.<br>Written By: Sindhu P.S (Audit Officer, On 27-07-2022)<br>Last Updated By: Rajeevan Chellan (Office Superintendent, On 03-08-2022) | 1-58 |
| 83 | നിർവ്വഹണോദ്യോഗസ്ഥരുടെ പേരിലുള്ള അക്കൗണ്ട് ക്ലോസ് ചെയ്യേണ്ടതാണ്.<br>Written By: Sindhu P.S (Audit Officer, On 27-07-2022)<br>Last Updated By: Rajeevan Chellan (Office Superintendent, On 03-08-2022) | 1-59 |
| 84 | മരാമത്ത് പ്രവർത്തികളിലെ പൊതു അപാകതകൾ<br>Written By: Suresh Babu B (Senior Grade Auditor, On 27-07-2022)<br>Last Updated By: Sindhu P.S (Audit Officer, On 02-08-2022) | 1-60 |
| 85 | മരാമത്ത് പ്രവൃത്തികളുടെ രൂപീകരണവും നിർവഹണവും- അവലോകനം.<br>Written By: Suresh Babu B (Senior Grade Auditor, On 27-07-2022)<br>Last Updated By: Sindhu P.S (Audit Officer, On 02-08-2022) | 1-61 |
| 86 | റോഡ് ടാറിംഗ് പ്രവൃത്തികൾ -ടാർ വാങ്ങിയതിന്റെ ഒറിജിനൽ ബിൽ സമർപ്പിക്കുന്നില്ല.<br>Written By: Suresh Babu B (Senior Grade Auditor, On 27-07-2022)<br>Last Updated By: Sindhu P.S (Audit Officer, On 02-08-2022) | 1-62 |
| 87 | എർത്ത് വർക്കിന് അധികതുക നൽകി-2873/-രൂപ തിരികെ ഈടാക്കേണ്ടതാണ്.<br>Written By: Suresh Babu B (Senior Grade Auditor, On 27-07-2022)<br>Last Updated By: Sindhu P.S (Audit Officer, On 02-08-2022) | 1-63 |
| 88 | എസ്റ്റിമേറ്റുകൾ വ്യാപകമായി റിവൈസ് ചെയ്യുന്നു.<br>Written By: Suresh Babu B (Senior Grade Auditor, On 27-07-2022)<br>Last Updated By: Sindhu P.S (Audit Officer, On 02-08-2022) | 1-64 |
| 89 | എൽ.ഇ.ഡി.ലൈറ്റുകൾ സ്ഥാപിക്കൽ പദ്ധതി നിർവഹണത്തിലെ അപാകതകൾ.<br>Written By: Suresh Babu B (Senior Grade Auditor, On 27-07-2022)<br>Last Updated By: Sindhu P.S (Audit Officer, On 02-08-2022) | 1-65 |
| 90 | പുലിപ്പാറ കുന്നുംപുറം മേലാംകോട് മൈലമൂട് മുത്താംകോണം ഇടറോഡുകളുടെ കോൺക്രീറ്റിംഗും ഓട നിർമ്മാണവും -പ്രവൃത്തി | 1-66 |

| | | |
|---|---|---|
| | നിർവഹണത്തിലെ അപാകതകൾ.<br>Written By: Suresh Babu B (Senior Grade Auditor, On 27-07-2022)<br>Last Updated By: Sindhu P.S (Audit Officer, On 02-08-2022) | |
| 91 | പ്രവൃത്തി പൂർത്തീകരിച്ച ശേഷം റിവൈസ്ഡ് എസ്റ്റിമേറ്റ് തയ്യാറാക്കി.പൊതുമരാമത്ത് വകുപ്പ് മാനവൽ നിർദ്ദേശങ്ങൾക്ക് വിരുദ്ധം<br>Written By: Suresh Babu B (Senior Grade Auditor, On 27-07-2022)<br>Last Updated By: Sindhu P.S (Audit Officer, On 02-08-2022) | 1-67 |
| 92 | റോഡ്പ്രവൃത്തികൾ-പദ്ധതി മാർഗരേഖയിലെ നിർദ്ദേശങ്ങൾ പാലിച്ചിട്ടില്ല.<br>Written By: Suresh Babu B (Senior Grade Auditor, On 27-07-2022)<br>Last Updated By: Sindhu P.S (Audit Officer, On 02-08-2022) | 1-68 |
| 93 | സ്പിൽ ഓവർ പദ്ധതികൾ പൂർത്തീകരിക്കുന്നില്ല-സർക്കാർ നിർദ്ദേശം പാലിക്കേണ്ടതാണ്.<br>Written By: Suresh Babu B (Senior Grade Auditor, On 27-07-2022)<br>Last Updated By: Sindhu P.S (Audit Officer, On 02-08-2022) | 1-69 |
| 94 | സംസ്ഥാനാവിഷ്കൃത ഫണ്ട് /മറ്റ് ഫണ്ടുകൾ വകയിരുത്തിയിട്ടുള്ള മരാമത്ത് പ്രവൃത്തികൾ തുക തനത് ഫണ്ടിൽ നിക്ഷേപിച്ചിരിക്കുന്നു.<br>Written By: Suresh Babu B (Senior Grade Auditor, On 27-07-2022)<br>Last Updated By: Sindhu P.S (Audit Officer, On 02-08-2022) | 1-70 |
| 95 | 8mm സ്റ്റീൽ ബാർ ഉപയോഗിച്ചതിന് അധിക തുക നല്കി-നഷ്ടം 5209/-രൂപ<br>Written By: Suresh Babu B (Senior Grade Auditor, On 27-07-2022)<br>Last Updated By: Sindhu P.S (Audit Officer, On 02-08-2022) | 1-71 |
| 96 | ഉദിയറ മുകൾ കുടിവെള്ള പദ്ധതിയും ഇടറോഡ് കോൺക്രീറ്റിംഗും-അപാകതകൾ<br>Written By: Suresh Babu B (Senior Grade Auditor, On 27-07-2022)<br>Last Updated By: Sindhu P.S (Audit Officer, On 02-08-2022) | 1-72 |
| 97 | പഠനമുറി നിർമ്മാണം - ചെലവുരേഖകൾ കൃത്യമായി സൂക്ഷിക്കേണ്ടതാണ്<br>Written By: Sindhu P.S (Audit Officer, On 27-07-2022)<br>Last Updated By: Sindhu P.S (Audit Officer, On 02-08-2022) | 1-73 |
| 98 | ജനകീയ ഹോട്ടൽ- ചെലവിൽ വ്യക്തതയില്ല- 865879/- രൂപ തടസ്സപ്പെടുത്തുന്നു<br>Written By: Jayalekshmi BK (Senior Grade Auditor, On 27-07-2022)<br>Last Updated By: Sindhu P.S (Audit Officer, On 02-08-2022) | 1-74 |
| 99 | ഗെയിംസ് ഫെസ്റ്റിവൽ - രേഖകൾ ഹാജരാക്കിയില്ല 84890/-രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു<br>Written By: Sindhu P.S (Audit Officer, On 26-07-2022)<br>Last Updated By: Rajeevan Chellan (Office Superintendent, On 03-08-2022) | 1-75 |
| 100 | ഫർണ്ണിച്ചർ വാങ്ങൽ - 13300/-രൂപയുടെ ചെലവ് നിരാകരിക്കുന്നു<br>Written By: Sindhu P.S (Audit Officer, On 27-07-2022)<br>Last Updated By: Rajeevan Chellan (Office Superintendent, On 03-08-2022) | 1-76 |
| 101 | അക്കാദമിക് കൗൺസിൽ - രേഖകളില്ലാത്തതിനാൽ 155814/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.തുടരന്വേഷണം അനിവാര്യം<br>Written By: Sindhu P.S (Audit Officer, On 28-07-2022)<br>Last Updated By: Sindhu P.S (Audit Officer, On 02-08-2022) | 1-77 |
| 102 | പർച്ചേസ് ചെയ്ത മരുന്ന് പൂർണമായും സ്റ്റോക്കിലെടുത്തില്ല – കുറവുള്ള മരുന്നിന്റെ വിലയായ 13351 രൂപയുടെ ചെലവ് നിരാകരിക്കുന്നു<br>Written By: Sreedevi S (Senior Grade Auditor, On 27-07-2022)<br>Last Updated By: Sindhu P.S (Audit Officer, On 02-08-2022) | 1-78 |
| 103 | പാലിയേറ്റീവ് പ്രവർത്തനം - മാർഗ്ഗരേഖ നിർദ്ദേശങ്ങൾ പാലിക്കുന്നില്ല<br>Written By: Sreedevi S (Senior Grade Auditor, On 27-07-2022)<br>Last Updated By: Sindhu P.S (Audit Officer, On 02-08-2022) | 1-79 |
| 104 | നോൺ അവയബിലിറ്റി സർട്ടിഫിക്കറ്റ് ഇല്ലാതെ ലക്ഷക്കണക്കിന് രൂപയുടെ | 1-80 |

| | | |
|---|---|---|
| | മരുന്ന് വാങ്ങിയിരിക്കുന്നു - മരുന്ന് ലഭിച്ചതിന് രേഖയില്ല<br>Written By: Sreedevi S (Senior Grade Auditor, On 27-07-2022)<br>Last Updated By: Sindhu P.S (Audit Officer, On 02-08-2022) | |
| 105 | ഗുണഭോക്തൃ സമിതി നിർവഹണം നടത്തിയ പദ്ധതി ചെലവ് രേഖകൾ ലഭ്യമാക്കിയില്ല<br>Written By: Suresh Babu B (Senior Grade Auditor, On 27-07-2022)<br>Last Updated By: Sindhu P.S (Audit Officer, On 02-08-2022) | 1-81 |
| ഭാഗം 2 | | |
| --- No Records Found --- | | |
| ഭാഗം 3 | | |
| 1 | ഫർണ്ണിച്ചർ വാങ്ങൽ - 13300/-രൂ നിരാകരിക്കുന്നു<br>Written By: Sindhu P.S (Audit Officer, On 29-07-2022)<br>Last Updated By: Rajeevan Chellan (Office Superintendent, On 03-08-2022) | 3-1 |
| 2 | പർച്ചേസ് ചെയ്ത മരുന്ന് പൂർണ്ണമായും സ്റ്റോക്കിലെടുത്തില്ല കുറവുള്ള മരുന്നിന്റെ വിലയായ 13351/-രൂപയുടെ ചെലവ് നിരാകരിക്കുന്നു<br>Written By: Sindhu P.S (Audit Officer, On 01-08-2022)<br>Last Updated By: Sindhu P.S (Audit Officer, On 01-08-2022) | 3.2 |
| ഭാഗം 4 | | |
| 1 | സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം<br>Written By: Swapna.S (Senior Grade Auditor, On 28-07-2022)<br>Last Updated By: Swapna.S (Senior Grade Auditor, On 28-07-2022) | 4-1 |
| 2 | നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ<br>Written By: THANUJA M.N. (Senior Grade Auditor, On 28-07-2022)<br>Last Updated By: THANUJA M.N. (Senior Grade Auditor, On 29-07-2022) | 4-2 |
| 3 | മൊബിലൈസേഷൻ അഡ്വാൻസ്<br>Written By: THANUJA M.N. (Senior Grade Auditor, On 28-07-2022)<br>Last Updated By: Sindhu P.S (Audit Officer, On 01-08-2022) | 4-3 |
| 4 | വായ്പ/ വായ്പ തിരിച്ചടവ്<br>Written By: THANUJA M.N. (Senior Grade Auditor, On 29-07-2022)<br>Last Updated By: Sindhu P.S (Audit Officer, On 01-08-2022) | 4-4 |
| 5 | സ്ഥിര നിക്ഷേപങ്ങൾ<br>Written By: THANUJA M.N. (Senior Grade Auditor, On 28-07-2022)<br>Last Updated By: THANUJA M.N. (Senior Grade Auditor, On 29-07-2022) | 4-5 |
| 6 | ഓഡിറ്റ് റിക്കവറി<br>Written By: Sindhu P.S (Audit Officer, On 29-07-2022)<br>Last Updated By: Sindhu P.S (Audit Officer, On 29-07-2022) | 4-6 |
| 7 | സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിശദാംശം<br>Written By: Sindhu P.S (Audit Officer, On 29-07-2022)<br>Last Updated By: Sindhu P.S (Audit Officer, On 29-07-2022) | 4-7 |
| 8 | ചാർജ്ജ്/സർചാർജ്ജ് നടപടികളുടെ വിവരം<br>Written By: Sindhu P.S (Audit Officer, On 29-07-2022)<br>Last Updated By: Sindhu P.S (Audit Officer, On 29-07-2022) | 4-8 |
| 9 | ഓഡിറ്റ് പ്രത്യവലോകനം<br>Written By: THANUJA M.N. (Senior Grade Auditor, On 29-07-2022)<br>Last Updated By: Shiela Ubald (Joint Director, On 03-08-2022) | 4-9 |
| 10 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ<br>Written By: Sindhu P.S (Audit Officer, On 29-07-2022)<br>Last Updated By: Rajeevan Chellan (Office Superintendent, On 03-08-2022) | 4-10 |
| അനുബന്ധം | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

# ഭാഗം -1

# പൊതു അവലോകനം

## 1-1 ബജറ്റ്

നഗരസഭയുടെ 2020-21 വർഷത്തെ ബജറ്റ് ഭരണസമിതിയുടെ 30.03.2020ലെ1(1) നമ്പർ തീരുമാന പ്രകാരം അംഗീകരിച്ചു. മുൻബാക്കി 68317894/- രൂപയും, പ്രതീക്ഷിത വരുമാനം 707487500/-രൂപയും ചേർത്ത് ആകെ 775805394/-രൂപയും ആകെ ചെലവ് 710633000/-രൂപയും നീക്കിബാക്കി 65172394/-രൂപയും വകയിരുത്തിയ ബജറ്റാണ് അംഗീകരിച്ചത്. 2020-21 വർഷത്തെ റിവൈസ്ഡ് ബജറ്റ് 26.02.21 ലെ 1ാം നമ്പർ തീരുമാന പ്രകാരം അംഗീകരിച്ചു. മുന്നിരിപ്പ് 74317894/- രൂപയും വരവ് 761220200/-രൂപയും ചേർത്ത് ആകെ വരവ് 835538094/- രൂപയും ചെലവ് 787666340/-രൂപയും 47871754/- രൂപ നീക്കിയിരിപ്പും ഉൾപ്പെടുത്തിയ റിവൈസ്ഡ് ബജറ്റാണ് അംഗീകരിച്ചത്.

### 1-1-1 ബജറ്റ്-അപാകങ്ങൾ

ബജറ്റ് രൂപീകരണത്തിലെ അപാകതകൾ ചുവടെ ചേർക്കുന്നു.

എ) ബജറ്റ് തയ്യാറാക്കുന്നതിന് കേരള മുനിസിപ്പാലിറ്റി നിയമം വകുപ്പ് 285, 286പ്രകാരമുള്ള വ്യവസ്ഥകൾ പൂർണമായി പാലിച്ചിട്ടില്ല

1) സ്റ്റാന്റിംഗ് കമ്മിറ്റികൾ ബജറ്റ് ശുപാർശകൾ നൽകിയിട്ടില്ല.

2) ബജറ്റ് തയ്യാറാക്കുന്നതിന് എല്ലാ നിർവഹണാധികാരികളും എല്ലാ സെക്ഷനുകളും എസ്റ്റിമേറ്റ്/ ശുപാർശകൾ ലഭ്യമാക്കിയിട്ടില്ല.

ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നം 56/23.07.22 ന് കോവിഡ് സാഹചര്യമായതിനാലാണ് മേൽ അപാകത ഉണ്ടായതെന്നാണ് മറുപടി നൽകിയത്.

4. 2020-21 ബജറ്റ്,പുതുക്കിയ ബജറ്റ്, വാർഷിക ധനകാര്യ പത്രിക എന്നിവ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകങ്ങൾ ചുവടെ .

I)റിവൈസ്ഡ് ബജറ്റ് പ്രകാരമുള്ള പ്രതീക്ഷിത വരവും എ.എഫ്.എസ്.പ്രകാരമുള്ള യഥാർത്ഥ വരവും തമ്മിൽ വലിയ അന്തരമുണ്ട്.വരവിനങ്ങൾ യഥാർത്ഥത്തിൽ ഉള്ളതിനേക്കാൾ ബജറ്റിൽ കൂടുതൽ ആയി ഉൾപ്പെടുത്തിയിരിക്കുന്നു.ആയതിന്റെ ചില ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | ഇനം | റിവൈസ്ഡ്ബജറ്റ് പ്രകാരമുള്ള തുക | എ.എഫ്.എസ് പ്രകാരമുള്ള തുക |
|---|---|---|---|
| 1 | വസ്തുനികുതി | 22500000 | 13523172 |
| 2 | തൊഴിൽ നികുതി | 2500000 | 2245973 |
| 3 | പ്രദർശന നികുതി | 5000 | 0 |

ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നം 56/23.07.22 ന് കോവിഡ് സാഹചര്യത്തിൽ കളക്ഷനിലുണ്ടായ കുറവ് കാരണമാണ് മേൽ അപാകത ഉണ്ടായതെന്നാണ് മറുപടി നൽകിയത്.

Ii)ബജറ്റിൽ വകയിരുത്തിയ വിവിധ ഇനങ്ങളിൽ ചെലവ് ചെയ്തിട്ടില്ല. ഉദാഹരണം-

| ക്രമ നം | ഹെഡ് ഓഫ് അക്കൌണ്ട് | ഇനം | റിവൈസ്ഡ് ബജറ്റ് പ്രകാരമുള്ള തുക | എ.എഫ്.എസ്.പ്രകാരമുള്ള തുക |
|---|---|---|---|---|

| | | | | |
|---|---|---|---|---|
| 1. | 2504005 | Development Fund Programmes-Social Forestry | 1000000 | - |
| 2. | 2531023 | Agriculture And Related Sectors-Apiculture | 300000 | - |
| 3. | 2531028 | Agriculture And Related Sectors-Marketing | 800000 | - |
| 4. | 2533016 | Market Promotion | 500000 | - |

lii) കേരള മുനിസിപ്പാലിറ്റി നിയമം വകുപ്പ് 293 പ്രകാരം ബജറ്റിൽ വകയിരുത്തിയതിലും അധികമായി ചെലവു ചെയ്യേണ്ട സാഹചര്യമുണ്ടായാൽ ആയതിലേക്കായി പുതുക്കിയ ബജറ്റോ, അനുപൂരക ബജറ്റോ തയ്യാറാക്കേണ്ടതും, അപ്രകാരം പുതുക്കിയ ശേഷം മാത്രം ചെലവുകൾ ചെയ്യേണ്ടതുമാണ്.

എന്നാൽ നഗരസഭ ബജറ്റിൽ വകയിരുത്തിയതിലധികം തുക തൻവർഷം ചെലവഴിച്ചുവെങ്കിലും ബജറ്റ് റിവൈസ് ചെയ്ത് പ്രസ്തുത ചെലവുകൾ സാധൂകരിച്ചിട്ടില്ല. ഏതാനും ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | ഇനം | ഹെഡ് ഓഫ് അക്കൌണ്ട്. | ബജറ്റ് പ്രകാരമുള്ള തുക | റിവൈസ്ഡ് ബജറ്റ് എസ്റ്റിമേറ്റ് പ്രകാരമുള്ള തുക | എ.എഫ്.എസ്.പ്രകാരമുള്ള തുക |
|---|---|---|---|---|---|
| 1. | കൃഷിയും അനുബന്ധ മേഖലകൾ - നാളികേരം | 2531009 | 500000 | 500000 | 654350 |
| 2 | കൃഷിയും അനുബന്ധ മേഖലകൾ - പച്ചക്കറികൾ | 2531011 | 700000 | 700000 | 2121631 |
| 3. | കൃഷിയും അനുബന്ധ മേഖലകൾ - ഹോർട്ടിക്കൾച്ചർ | 2501014 | - | - | 234000 |
| 4. | Traditional Handicrafts-General | 2533014 | - | - | 60000 |

ഏതൊരു ബജറ്റ് വ്യതിയാനവും ഗൗരവത്തോടെ കൈകാര്യം ചെയ്യേണ്ടതാണ്. ചെലവിന്റെ കാര്യത്തിൽ പ്രത്യേകിച്ചും. ആയതിനാൽ മേൽ പട്ടികയിൽ പറയുംപ്രകാരം ബജറ്റ് വിഹിതത്തിൽ കവിഞ്ഞുള്ള ചെലവ് നടത്തിയതിന് കാരണം ലഭ്യമാക്കുന്നതിനായി നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് സുലേഖ സോഫ്റ്റ് വെയർ ബജറ്റുമായി ലിങ്ക് ചെയ്യാത്തതാണ്

കാരണമെന്നാണ് മറുപടി ലഭ്യമാക്കിയത്.

എല്ലാ പ്രതീക്ഷിത ഇനങ്ങളും ബജറ്റിൽ ഉൾപ്പെടുത്തേണ്ടതും പ്രസക്തമല്ലാത്ത ഇനങ്ങൾ ഒഴിവാക്കേണ്ടതുമാണ്. കേരള മുനിസിപ്പാലിറ്റി നിയമം അനുശാസിക്കുന്ന രീതിയിൽ അപാകതകളില്ലാതെ ബജറ്റ് തയ്യാറാക്കുന്നതിനും ബജറ്റ് യഥാർത്ഥ വരവ് ചെലവുകൾക്കനുസരിച്ച് പുതുക്കുന്നതിനും ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്. നഗരസഭയുടെ മുൻവർഷങ്ങളിലെ ബജറ്റ്, വാർഷിക കണക്കുകൾ എന്നിവ താരതമ്യം ചെയ്തും നിർവ്വഹണ ഉദ്യോഗസ്ഥരിൽ നിന്നും വിവിധ സെക്ഷനുകളിൽ നിന്നും വിവരങ്ങൾ ശേഖരിച്ചും വേണം ബജറ്റ് തയ്യാറാക്കേണ്ടത്. യഥാർത്ഥ കണക്കുകളുമായി ഗണ്യമായ വ്യത്യാസം കാണിക്കുന്ന ബജറ്റ് തയ്യാറാക്കുന്നത് നഗരസഭയുടെ ധനകാര്യ മാനേജ്മെന്റിനെ പ്രതികൂലമായി ബാധിക്കും. യഥാർത്ഥ വിവരങ്ങൾ വിശകലനം ചെയ്ത് ബജറ്റ് തയ്യാറാക്കുന്നതിന് ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

## 1-2 വാർഷിക ധനകാര്യപത്രിക

| വാർഷിക ധനകാര്യപത്രിക ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് തിരികെ ലഭിച്ച തീയതി |
|---|---|---|---|
| 31.7.2021 | 24.07.2021 | - | - |

## 1-2-1 വാർഷിക ധനകാര്യപത്രിക- അപാകങ്ങൾ

1. 2007 ലെ കേരള മുനിസിപ്പാലിറ്റി അക്കൌണ്ട്സ് ചട്ടങ്ങൾ ചട്ടം 58 പ്രകാരമുള്ള പ്രകാരമുള്ള വാർഷിക അനുപാതങ്ങൾ, മുൻവർഷത്തെ താരതമ്യ തുകകൾ എന്നിവ തയ്യാറാക്കി വാർഷിക ധനകാര്യ പത്രികക്കൊപ്പം സമർപ്പിച്ചിട്ടില്ല.

2.2007 ലെ കേരള മുനിസിപ്പാലിറ്റി അക്കൌണ്ട്സ് ചട്ടങ്ങൾ ചട്ടം 58 പ്രകാരം മുനിസിപ്പാലിറ്റിയിൽ അക്രൂവൽ ചെയ്യേണ്ട വരുമാനങ്ങളുടെ കാര്യത്തിൽ ഡിമാന്റ് സംബന്ധിച്ചും ഡിമാന്റുകളിലും അഡ്ജസ്റ്റുമെന്റിലും വരുത്തേണ്ട മാറ്റങ്ങളെക്കുറിച്ചും പ്രതിമാസ സമ്മറി സെക്രട്ടറി തയ്യാറാക്കേണ്ടതും ആയതിന്റെ അടിസ്ഥാനത്തിൽ ഓരോ ഇനങ്ങളുടേയും പ്രതിമാസ ഡിമാന്റ് ജേണൽ എൻട്രി മുഖേന രേഖപ്പെടുത്തേണ്ടതുമാണ്. അപ്രകാരമുള്ള നടപടിക്രമങ്ങൾ പാലിച്ചിട്ടില്ല.

3. 2020-21 സാമ്പത്തിക വർഷത്തെ B4 ഷെഡ്യൂളിലെ Beneficiary Contribuion ഇനത്തിൽ 3275132/- രൂപ നീക്കിയിരിപ്പുണ്ട്. . മുന്നിരിപ്പ്, വരവ്, ചെലവ്, നീക്കിയിരിപ്പ് എന്നിവയുടെ ഇനം തിരിച്ചുള്ള വിശദാംശങ്ങൾ ആവശ്യമായ രേഖകൾ സഹിതം ലഭ്യമാക്കേണ്ടതാണ്.(ഓഡിറ്റ് എൻക്വയറി നം.38/21.7.22)

4. വായ്പയുമായി ബന്ധപ്പെട്ട് വാർഷിക ധനകാര്യ പത്രിയിൽ നിന്നും ലഭ്യമായ വിവരം ചുവടെ ചേർക്കുന്നു

| വായ്പ | മുന്നിരിപ്പ് (B-5,19-20) | വരവ് (RP-25) | ആകെ | ചെലവ് | നീക്കിയിരിപ്പ് (B-5,20-21) |
|---|---|---|---|---|---|
| KURDFC ലോൺ | 10522461 | - | - | 4606213 (RP 25) | 5916248 |
| HUDCO ലോൺ | 196752000 | 70880000 | 267632000 | 19386667 (പ്രോജക്ട്ഓഫീസറുടെ ചെലവ് പത്രിക പ്രകാരം(556/21, 557/21)) | 248245333 |

ലഭ്യമാക്കിയ ലോൺ രജിസ്റ്ററിൽ 2020-21 ലെ KURDFC വായ്പയുടെ കൃത്യമായ രേഖപ്പെടുത്തലുകൾ വരുത്തിയിട്ടില്ല. HUDCO വായ്പയിനത്തിൽ(PMAY) ലോൺ രജിസ്റ്റർ പരിശോധനയ്ക്കായി ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ പ്രസ്തുത തുകകളുടെ കൃത്യത പരിശോധിക്കുന്നതിനായി കഴിഞ്ഞിട്ടില്ല. വായ്പ രജിസ്റ്ററുകൾ കാലികമാക്കി ലഭ്യമാക്കേണ്ടതാണ്.

5. B 5ഷെഡ്യൂളിലെ നീക്കിയിരിപ്പും (254161581) B16 ഷെഡ്യൂളിലെ നീക്കിയിരിപ്പും (0) പൊരുത്തപ്പെടുന്നില്ല.

6.2019-20 സാമ്പത്തിക വർഷത്തെB-7, 2020-21 RP-27(വരവ്), RP-27(ചെലവ്), B-7 എന്നീ ഷെഡ്യൂളുകൾ പ്രകാരം

വിവിധ ഡെപ്പോസിറ്റുകളുടെ മുന്നിരിപ്പ് , വരവ്, ചെലവ്, നീക്കിയിരിപ്പ് എന്നിവ ചുവടെ ചേർക്കുന്നു.

| ഇനം | മുന്നിരിപ്പ് | വരവ് | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|
| Contractors EMD-Municipal Fund | 2699 | 6500 | 3450 | 5749 |
| Suppliers EMD-Municipal Fund | 6017 | 5000 | 7500 | 3517 |
| Suppliers Security Deposit-Municipal Fund | 8000 | - | - | 8000 |
| Contractors Retention Money-Municipal Fund | 2667699 | 8872026 | 1843386 | 9696339 |
| Contractors Retention Money-Specific Grants | 224612 | - | - | 224612 |
| Other Deposit Received From Suppliers/Contractors | 887665 | 3450 | - | 891115 |
| Rent Deposit | 4277946 | 31192 | 218517 | 4087946 |
| Auction Deposit | 763469 | 66800 | 110000 | 720269 |
| Water Deposit | 1280 | - | - | 1280 |
| Deposit Received From Others | 200331 | 381450 | 301500 | 280281 |
| Other Deposits Received | 6000 | - | - | 6000 |
| Contractors Security Deposit-Municipal Fund | - | 48200 | - | 48200 |

ഡെപ്പോസിറ്റ് രജിസ്റ്റർ പരിശോധനയ്ക്കായി ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ മേൽ ഡെപ്പോസിറ്റുകളുടെ വരവ്, ചെലവ് , നീക്കിയിരിപ്പ് എന്നിവയുടെ ആധികാരികത പരിശോധിക്കാൻ കഴിഞ്ഞില്ല.

Suppliers Security Deposit-Municipal Fund, Contractors Retention Money-Specific Grants, Water Deposit, Other Deposits Received എന്നീ ഇനങ്ങളിൽ നീക്കിയിരിപ്പുള്ള തുക 2018-19 മുതൽ നീക്കിയിരിപ്പുള്ള തുകയാണ്.കേരള ഫിനാൻഷ്യൽ കോഡ് വാല്യം-I ആർട്ടിക്കിൾ 282(1) പ്രകാരം സ്വീകരിക്കുന്ന സപ്ലയേഴ്സ് ഇ.എം.ഡി, സപ്ലയേഴ്സ് സെക്യൂരിറ്റി ഡെപ്പോസിറ്റ്, കോൺട്രാക്ടേഴ്സ് റിടെൻഷൻ മണി, വാടക ഡെപ്പോസിറ്റ്, ലേല ഡെപ്പോസിറ്റ്, കരാറുകാരിൽ നിന്നും ലഭിക്കുന്ന ഡെപ്പോസിറ്റ് എന്നിവ മൂന്നു വർഷത്തിന്മേൽ ക്ലെയിം ചെയ്യാതെയും തിരിച്ചു വാങ്ങാതെയും ഉണ്ടായാൽ അവ കാലഹരണപ്പെട്ടതായി കണക്കാക്കാവുന്നതാണ്. ഡെപ്പോസിറ്റുകൾ പരിശോധിച്ച് കാലഹരണപ്പെട്ടവയുടെ വിവരവും ആയതിൻമേൽ സ്വീകരിച്ച തുടർനടപടി സംബന്ധിച്ച വിവരവും ലഭ്യമാക്കേണ്ടതാണ്. ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നം.38/21.07.22ന് നടപടി സ്വീകരിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്.

7.B 9 ഷെഡ്യൂളിലെ ചുവടെ ചേർക്കുന്നതുകകൾ നീക്കിയിരിപ്പുണ്ട്.

| ക്രമ നം | ഹെഡ് | ഇനം | തുക |
|---|---|---|---|
| 1 | 350200120 | Recoveries Payable-Welfare Subscription | 5400 |
| 2 | 350200121 | Recoveries Payable- Welfare Loan | 100 |
| 3 | 350200125 | Recoveries Payable-Audit Recovery | (31697) |
| 4 | 350200129 | Recoveries Payable-Contributory Pension | 293151 |
| 5 | 350200130 | Recoveries Payable-EPF | 208615 |

| | | | |
|---|---|---|---|
| 6 | 350200199 | Recoveries Payable-Other Reoveries From Employees | 134321 |
| 7 | 350200201 | Recoveries Payable-IT Deducted At Source | 82948 |
| 8 | 350200209 | Recoveries Payable-VAT | 22647* |
| 9 | 350200214 | Recoveries Payable-KCWWF | 5661 |
| 10 | 350200301 | Recoveries Payable-COVID | 324893 |
| 11 | 350209900 | Recoveries Payable-Other Recoveries | 17435 |
| 12 | 350300100 | Library Cess Payable | 678154 |
| 13 | 350300400 | VAT Payable | 302203.5* |
| 14 | 350300500 | Service Tax Payable | 255* |
| 15 | 350300700 | CGST | 129301 |
| 16 | 350300800 | SGST | 125255 |
| 17 | 350300820 | Flood Cess Payable | 21847 |
| 18 | 350309900 | Others Payable | 2074911 |
| 19 | 350400500 | Refund Payable-Grants | 31194* |
| 20 | 350409900 | Refund Payable-Others | 51020* |
| 21 | 350409909 | Refund Payable-Others | 19572* |

മേൽ നീക്കിയിരിപ്പ് തുകകൾ ഏതൊക്കെ വർഷത്തെ തുകകളാണ് ,പ്രസ്തുത തുകകൾ നാളിതുവരെ ഒടുക്കാത്തതിനുള്ള കാരണം,ഒടുക്കിയിട്ടുണ്ടെങ്കിൽ അവയുടെ രേഖകൾ എന്നിവ ലഭ്യമാക്കുന്നതിനായി നൽകിയ ഓഡിറ്റ് എൻക്വയറി നം - 38/21.07.22ന് പ്രസ്തുത തുകകൾ ഒടുക്ക് വരുത്തി വിവരം അറിയിക്കുന്നതാണെന്ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്.

I)*ക്രമ നം 08,13,14,19,20,21 എന്നീ ഹെഡുകളിലെ നീക്കിയിരിപ്പായുള്ള തുകകൾ 2019-20 ലെ നീക്കിയിരിപ്പ് തന്നെയാണ് .

8.ബി 9 ഷഡ്യൂളിലെ Liability In Respect Of Stale Cheque ഇനത്തിൽ നീക്കിയിരിപ്പായി ഉൾപ്പെടുത്തിയിട്ടുള്ളത് (-)288581/-രൂപയാണ്. ആയത് സംബന്ധിച്ച് വിശദാംശം ലഭ്യമാക്കുന്നതിനായി നൽകിയ ഓഡിറ്റ് എൻക്വയറി നം - 38/21.07.22ന് മാർക്കറ്റ് ഫീയിനത്തിൽ ലഭിച്ച തുകയാണിതെന്നും ടി തുക നാളിതുവരെ നഗരസഭയ്ക്ക് ലഭിച്ചിട്ടില്ലായെന്നും കേസ് നടക്കുകയാണെന്നും മറുപടി ലഭ്യമാക്കിയിട്ടുണ്ട്.

9. നഗരസഭയിലെ സ്ഥിരജീവനക്കാരുടെ ശമ്പളാനുകൂല്യങ്ങളിലെ കുടിശ്ശിക മാത്രമാണ് 20-21 വർഷത്തെ ബാലൻസ് ഷീറ്റ് B-9ഷെഡ്യൂളിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. 2021 മാർച്ച് മാസത്തെ ടെലഫോൺ ചാർജ്ജ്, വാഹന ഇന്ധനച്ചെലവ്, വൈദ്യുതി എന്നിവയ്ക്ക് 2021 ഏപ്രിൽ മാസത്തെ വൗച്ചർ പ്രകാരം ചെലവുണ്ട്. എന്നാൽ ഇതിന്റെ വിശദാംശങ്ങൾ B-9 ൽ ഉൾപ്പെടുത്തിയിട്ടില്ല

10.എ.എഫ്.എസ് B11 പ്രകാരം Capital Work In Progress 38363648/- രൂപ നീക്കിയിരിപ്പുണ്ട്.ആയത് പരിശോധിക്കുന്നതിനുള്ള റിപ്പോർട്ട് ലഭ്യമാക്കുന്നതിനായി ഓഡിറ്റ് എൻക്വയറി നം - 15/18.07.22 ന് മറുപടി ലഭ്യമാക്കിയില്ല.

11.Abstract Of Income & Expenditure ൽ ഷെഡ്യൂൾ I-17 (A)- Depreciation പ്രകാരം 40349555.00/- രൂപ എന്ന് രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും ഇൻകം ആന്റ് എക്സ്പെൻറ്റീച്ചർ ഷെഡ്യൂളുകളിൽ I-17(a) ഷെഡ്യൂൾ ഉൾപ്പെടുത്തിയിട്ടില്ല.സോഫ്റ്റ് വെയർ അപാകം കാരണമാണ് I-17(a) ഉൾപ്പെട്ടു വരാത്തതെന്നാണ് മറുപടി ലഭ്യമാക്കിയത്.

12.2019-20 B-12 പ്രകാരമുള്ള സ്ഥിരനിക്ഷേപതുക 33365208/- രൂപയും ,2020-21 B-12 പ്രകാരമുള്ള സ്ഥിരനിക്ഷേപതുക 35621135/- രൂപയും ആണ് .

| 1 | 2 | 3 | 4 | 5 | 6 |
|---|---|---|---|---|---|
| Fixed Deposit | As Per B-12 2019-20 | As Per B-12 2020-21 | വ്യത്യാസം (2-3) | RP-7 Interest From FD | വ്യത്യാസം (4-5) |
| തുക | 33365208 | 35621135 | 2255927 | 2215426 | 40501 |

മേൽ സ്ഥിരനിക്ഷേപതുകകൾ, 40501/- രൂപയുടെ വ്യത്യാസം എന്നിവയുടെ കൃത്യത പരിശോധിക്കുന്നതിനായി മുഴവൻ FD കളുടെയും ബാങ്ക് സ്റ്റേറ്റ്മെന്റുകൾ ലഭ്യമാക്കിയിട്ടില്ല.

13.B-12 Investment-Equity Share 2019-20,20-21 വർഷങ്ങളിൽ ഒരേ നീക്കിയിരിപ്പാണ്( 500000/-).പ്രസ്തുത തുകയുടെ കൃത്യത പരിശോധിക്കുന്നതിനായി വിവരം അനുബന്ധരേഖകളോടൊപ്പം ലഭ്യമാക്കുന്നതിനായി നൽകിയ ഓഡിറ്റ്

എൻക്വയറി നം - 38/21.07.22ന് മറുപടി ലഭ്യമാക്കിയിട്ടില്ല .

14.B-13 ൽ ഉൾപ്പെടുത്തിയിട്ടുള്ള Central Government Securities- Special Funds ലെ നീക്കിയിരിപ്പായ 3,512,230 രൂപയുടെ കൃത്യത പരിശോധിക്കുന്നതിനുള്ള രേഖകൾ ലഭ്യമാക്കേണ്ടതാണ്.2019-20 ലും ഇതേ തുക തന്നെയാണ് നീക്കിയിരിപ്പ്.

15. വാർഷിക ധനകാര്യപത്രിക B-14 Stock In Hand (Inventories) -ൽ നീക്കിയിരിപ്പായി ഉൾപ്പെടുത്തിയിട്ടുള്ള 3,217,315 രൂപയുടെ കൃത്യത പരിശോധിക്കുന്നതിനുള്ള രേഖകൾ ലഭ്യമാക്കേണ്ടതാണ്.ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നം - 38/21.07.22ന് ലെഡ്ജർ മാത്രമാണ് ലഭ്യമാക്കിയത്.

16.വാർഷിക ധനകാര്യ പത്രികB18ഷെഡ്യൂളിലെ തുകകളുടെ കൃത്യത പരിശോധിക്കുന്നതിനായി ലഭ്യമാക്കിയ അഡ്വാൻസ് രജിസ്റ്ററിൽ ആവശ്യമായ രേഖപ്പെടുത്തലുകൾ ഇല്ല. അഡ്വാൻസ് തുകകളുടെ ആധികാരികത പരിശോധിക്കാൻ കഴിഞ്ഞില്ല. B-18 ൽ രേഖപ്പെടുത്തിയിരിക്കുന്ന ധനകാര്യപത്രികയിലെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | ഇനം | മുന്നിരിപ്പ്(2019-20 B18) | തൻവർഷം ചെലവഴിച്ച തുക(RP 41 Payment) | തൻവർഷം വരവായി ലഭിച്ച തുക(RP 41 Receipt) | നീക്കിയിരിപ്പ്(2020-21 B18) | ഓഡിറ്റ് എൻക്വയറി നം - 38/21.07.22ന് നൽകിയ മറുപടി |
|---|---|---|---|---|---|---|
| 1 | Festival Advance To Employees | 3000 | 515000 | - | 5000 | - |
| 2 | Advance To Projects | 1000000 | - | - | 1000000# | തുക ക്രമീകരിച്ച് അറിയിക്കുന്നതാണ് |
| 3 | Miscelleneous Advance | 3149850 | 5,484,733 | 304834 | 7242836 | - |
| 4 | Electricity Deposits | 67405 | - | - | 67405# | - |
| 5 | Advance To Suppliers-Advance Paid-Municipal Fund | - | 700,000 | 700,000 | - | - |
| 6 | Advance To Projects -Municipal Fund | - | 6396066 | 3,910,095 | 2,485,971 | - |
| 7 | Housing Loan To Employees | - | - | 8000 | - | - |
| 8 | Vehicle Loan To Employees | - | - | 3000 | - | - |

#Advance To Projects,Electricity Deposits ഇനങ്ങളിൽ 2019-20ലെ നീക്കിയിരിപ്പ് തന്നെയാണ് 20-21 വർഷവും നീക്കിയിരിപ്പായിട്ടുള്ളത്.

2020-21 വാർഷിക ധനകാര്യപത്രികയിലെ B18ൽ ഉൾപ്പെട്ട നീക്കിയിരിപ്പായ മുൻകൂറുകൾ ഏതൊക്കെ പ്രവൃത്തികൾക്കാണോ നൽകിയിട്ടുള്ളത് പ്രസ്തുത പ്രവൃത്തികൾ പൂർത്തീകരിച്ച് വിനിയോഗസാക്ഷ്യപത്രം ലഭിക്കാത്തത് സംബന്ധിച്ചും പ്രസ്തുത പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടില്ല എങ്കിൽ അവ പൂർത്തീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടെങ്കിൽ ആയത് സംബന്ധിച്ചും വിശദീകരണം ലഭ്യമാക്കുന്നതിനായി നൽകിയ ഓഡിറ്റ് എൻക്വയറി നം - 38/21.07.22ന് ഭാഗികമായാണ് മറുപടി നൽകിയത്.

17. താഴെ ചേർത്തിരിക്കുന്ന പദ്ധതിയ്ക്കായി KWA,ഗ്രൗണ്ട് വാട്ടർ ഡിപാർട്ട്മെന്റ്,KSEBഎന്നിവയ്ക്ക് തുക നൽകിയിട്ടുണ്ട്. ചെലവ് ശരിയായ ശീർഷകത്തിൽ ബുക്ക് ചെയ്തിട്ടില്ല. വിനിയോഗസാക്ഷ്യപത്രം ലഭ്യമായിട്ടില്ലായെങ്കിലും വിശദാംശങ്ങൾ B-18 ൽ ഉൾപ്പെടുത്തിയിട്ടില്ല.

| പ്രോജക്ട് നം | പേര് | അടങ്കൽ തുക | ചെലവ് തുക | |
|---|---|---|---|---|
| 376/20-21 | ഗതാഗതതടസ്സമായി നിൽക്കുന്ന ഇലക്ട്രിക് പോസ്റ്റ് മാറ്റി സ്ഥാപിക്കൽ | 356539 | 291772 | KSEB |
| 360/20-21 | നഗരസഭാപ്രദേശങ്ങളിൽ കുടിവെള്ള പൈപ്പ് ലൈൻ നീട്ടൽ | 3200000 | 2471000 | KWA |

18) വാർഷിക ധനകാര്യപത്രികയിലെ Income &Expenditure ഷെഡ്യൂൾ പ്രകാരം വരവ് തുക495997034രൂപയും,ചെലവ്

തുക 561755365 രൂപയുമാണ്.വരവ് തുകയെ അധികരിച്ച് ചെലവ് തുക വന്നതിനുള്ള കാരണം ലഭ്യമാക്കേണ്ടതാണ്.

19)വാർഷിക ധനകാര്യപത്രികപ്രകാരം മെയിന്റനന് സ് ഫണ്ട് റോഡ് ഉപയോഗിച്ച് 11642221/-രൂപയും,മെയിന്റനൻസ് ഫണ്ട് നോൺറോഡ് ഉപയോഗിച്ച് 10769398/- രൂപയും ആസ്തി രൂപീകരണത്തിനായി ചെലവഴിച്ചതായി കാണുന്നു.പ്രസ്തുത ഫണ്ടുകൾ ഏതൊക്കെ പ്രവൃത്തികൾക്കായി ഉപയോഗിച്ചുവെന്ന വിവരം ലഭ്യമാക്കിയിട്ടില്ല.വിശദാംശം ചുവടെ ചേർക്കുന്നു-

| ഫണ്ട് | RP6 | I 6 | വ്യത്യാസം |
|---|---|---|---|
| മെയിന്റനൻസ് ഫണ്ട് റോഡ് | 25936544 | 14294323 | 11642221 |
| മെയിന്റനൻസ് ഫണ്ട് നോൺറോഡ് | 23664205 | 12894807 | 10769398 |

20.എ.യു.ഇ.ജി.എസിന്റെ ക്യാഷ് ബുക്ക് പ്രകാരമുള്ള വരവ്,ചെലവ് എന്നിവ വാർഷിക ധനകാര്യപത്രികയിലെ വരവ്,ചെലവ് എന്നിവയുമായി പൊരുത്തപ്പെടുന്നില്ല.

| | ക്യാഷ് ബുക്ക് പ്രകാരം | വാർഷിക ധനകാര്യപത്രിക പ്രകാരം (Head Code) |
|---|---|---|
| മുന്നിരിപ്പ് | 695 | 695 |
| വരവ് | 15224692 | 15116368 (320809900) |
| ചെലവ് | 15158909 | 16348905 (250200100,250401402) |
| നീക്കിയിരിപ്പ് | 66478 | 66478 |

21. ബാങ്ക് റികൺസിലിയേഷൻ സ്റ്റേറ്റ്മെന്റ് (മാർച്ച് 2021)പരിശോധനയിൽ കണ്ട ചെക്കുകളുടെ വിശദാംശം ചുവടെ ചേർക്കുന്നു-

I) നൽകി മൂന്നു മാസത്തിൽ കൂടുതലായിട്ടും പണമാക്കാത്ത ചെക്കുകൾ Stale Cheque ശീർഷകത്തിൽ മാറ്റിയിട്ടില്ല.

| ക്രമ നം | ബാങ്കിന്റെ പേര്/അക്കൗണ്ട് നം | വൗച്ചർനം/തീയതി | ചെക്ക് നം /തീയതി | തുക |
|---|---|---|---|---|
| 1 | ബാങ്ക് ഓഫ് ബറോഡ,44980200000014 | 31300375/13.01.2014 | 839050/9.4.2013 | 5000/- |

Ii) ചെക്ക് നിക്ഷേപിച്ച ബാങ്കിൽ ക്രെഡിറ്റായില്ല. പ്രസ്തുത തുകകൾ പണമായതിന്റെ വിവരം ലഭ്യമാക്കേണ്ടതാണ്.

| ക്രമ നം | ബാങ്കിന്റെ പേര്/അക്കൗണ്ട് നം | വൗച്ചർനം/രസീത് നം,തീയതി | ചെക്ക് നം /തീയതി | തുക |
|---|---|---|---|---|
| 1 | ബാങ്ക് ഓഫ് ബറോഡ,44980200000014 | 11301400020/07.05.2013 | 839050/09.04.2013 | 5000 |

22.വസ്തു നികുതി സഞ്ചയപ്രകാരമുള്ള ഡിമാന്റ്, കളക്ഷൻ,ബാലൻസ് തുകകളും എ.എഫ്.എസ് പ്രകാരമുള്ള തുകകളും തമ്മിൽ പൊരുത്തപ്പെടുന്നില്ല.വിശദാംശം ചുവടെ-

| ഇനം | ഇനം | ഡിമാന്റ് | കളക്ഷൻ | ബാലൻസ് |
|---|---|---|---|---|
| വസ്തു നികുതി (അരിയർ) | സഞ്ചയ പ്രകാരം | 64183351 | 6968691 | 57738878 |
| | എ.എഫ്.എസ് പ്രകാരം | 13365830 | 9370450 | 3995380 |
| വസ്തു നികുതി(കറന്റ്) | സഞ്ചയ പ്രകാരം | 22093314 | 8838599 | 13968276 |
| | എ.എഫ്.എസ് പ്രകാരം | 25000000 | 13523172 | 12728072 |

23. I-18 Schedule പ്രകാരം Other Income ഇനത്തിൽ 2157501/- രൂപ ഡിമാന്റിൽ നിന്ന് ഒഴിവാക്കിയിട്ടുണ്ട്. ഡിമാന്റിൽ നിന്ന് ഒഴിവാക്കിയതിന് നടപടിക്രമങ്ങൾ പാലിച്ചിട്ടുണ്ടെങ്കിൽ വിശദാംശം ലഭ്യമാക്കുന്നതിനായി നൽകിയ ഓഡിറ്റ് എൻക്വയറി നം - 38/21.07.22 ന് പ്രസ്തുത തുക കറക്ഷൻ എൻട്രി ചെയ്യുതാണെന്നാണ് മറുപടി ലഭ്യമാക്കിയത് .

24. നഗരസഭയുടെ നികുതി-നികുതിയേതര വരവുകളുടെ രജിസ്റ്ററുകൾ/ ഡി.സി.ബി പത്രിക തയ്യാറാക്കി സെക്രട്ടറിയുടെ സാക്ഷ്യപ്പെടുത്തലോടുകൂടി ലഭ്യമാക്കിയിട്ടില്ല. എ.എഫ്.എസ് പ്രകാരമുള്ള പ്രസ്തുത വരവുകളുടെ ഡിമാന്റ്, കളക്ഷൻ, ബാലൻസുകളുടെ ആധികാരികത ആയതിനാൽ ഉറപ്പാക്കാനായിട്ടില്ല.

ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നം - 38/21.07.22ന് ലഭിച്ച മറുപടി പരിഗണിച്ചതിന് ശേഷമുള്ള പരാമർശങ്ങളാണ് മുകളിൽ ചേർത്തിട്ടുള്ളത്.

## 1-2-2 ബാങ്ക് അക്കൗണ്ടുകളുടെ പരിശോധനയിൽ കണ്ട അപാകങ്ങൾ

RP 40 (B),B17 ഷെഡ്യൂളുകളിലെ നീക്കിയിരിപ്പുകളുടെ ആധികാരികത പരിശോധിക്കുന്നതിനായി താഴെ പറയുന്ന രേഖകൾ ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ പ്രസ്തുത അക്കൗണ്ടുകളിലെ നീക്കിയിരിപ്പ് തുകകളുടെ കൃത്യത പരിശോധിക്കാൻ കഴിഞ്ഞിട്ടില്ല.

1.Bank Of Baroda 44980200000014-ബാങ്ക് സ്റ്റേറ്റ്മെന്റ് പ്രകാരം നീക്കിയിരിപ്പ് 266769.65/-ആണ്.എന്നാൽ ബാങ്ക് റികൺസിലിയേഷൻ സ്റ്റേറ്റ്മെന്റിൽ ബാങ്ക് സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള നീക്കിയിരിപ്പായി 17066769.20എന്ന് രേഖപ്പെടുത്തി തെറ്റായി റികൺസിൽ ചെയ്തിരിക്കുന്നു.ബാങ്ക് സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള നീക്കിയിരിപ്പായ 266769.65/ രൂപ റികൺസിലിയേഷൻ സ്റ്റേറ്റ്മെന്റിൽ ചേർത്ത് റികൺസിൽ ചെയ്ത് ലഭ്യമാക്കുന്നതിനായി നൽകിയ ഓഡിറ്റ് എൻക്വയറി നം - 64/25.07.22ന് സോഫ്റ്റ്‌വെയറിലെ സാങ്കേതിക തകരാറാണ് മേൽ അപാകതയ്ക്ക് കാരണമെന്നാണ് മറുപടി നൽകിയത്.മേൽ അപാകത പരിഹരിച്ച് ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

2.Treasury TPA- Provident Fund 177450250500 -ബാങ്ക് സ്റ്റേറ്റ്മെന്റ് ലഭ്യമാക്കിയില്ല.

3.Canara8334-AUEGS-ബാങ്ക് ബുക്ക്,ബാങ്ക് റികണ്സിലിയേഷൻ സ്റ്റേറ്റ്മെന്റ് എന്നിവ ലഭ്യമാക്കിയില്ല.

4. Bankof Baroda -PMAY-ബാങ്ക് റികൺസിലിയേഷൻ സ്റ്റേറ്റ്മെന്റ് പ്രകാരം 5,20,000/- രൂപ Cheque Issued But Not Presented Into Bank ഇനത്തിൽ ഉണ്ട്. വിശദമായ റീകൺസിലിയേഷൻ സ്റ്റേറ്റ്മെന്റ് ലഭ്യമാക്കേണ്ടതാണ്.

5.TREASURY 8448-ബാങ്ക് ബുക്ക്,ബാങ്ക് സ്റ്റേറ്റ്മെന്റ് എന്നിവ ലഭ്യമാക്കിയില്ല.

6.TREASURY 312-ബാങ്ക് ബുക്ക്,ബാങ്ക് സ്റ്റേറ്റ്മെന്റ് എന്നിവ ലഭ്യമാക്കിയില്ല.

7.Union Bank Of India IHSDP-ബാങ്ക് ബുക്ക്,ബാങ്ക് സ്റ്റേറ്റ്മെന്റ് എന്നിവ ലഭ്യമാക്കിയില്ല.

8.South MalaGraBank 2683-Prerak-ബാങ്ക് സ്റ്റേറ്റ്മെന്റ് എന്നിവ ലഭ്യമാക്കിയില്ല.

9.ചുവടെ ചേർക്കുന്ന ബാങ്ക് അക്കൗണ്ടുകളുടെ AFS RP 40(a),40(b) എന്നിവ പ്രകാരം OBയും CB യും 0 ആണങ്കിലും AFS Trial Balance Sheet പ്രകാരം പ്രസ്തുത അക്കൗണ്ടുകളിൽ 2020-21 ൽ Transactions ഉണ്ട്.ഇവയുടെ ബാങ്ക് ബുക്ക്,ബാങ്ക് സ്റ്റേറ്റ്മെന്റ് , ബാങ്ക് റികൺസിലിയേഷൻ സ്റ്റേറ്റ്മെന്റ് എന്നിവ ലഭ്യമാക്കിയില്ല.

I).SBT FD

Ii). Canara Bank 2161 Anganwadi Construction

Iii).Federal Bank -10720100310482

Iv).C F L T C - Covid 19- 6058

10.താഴെ പറയുന്ന അക്കൗണ്ടുകൾ സംബന്ധിച്ച് താഴെ പറയുന്ന വിവരങ്ങൾ രേഖകൾ സഹിതം ലഭ്യമാക്കേണ്ടതാണ്

I).TSB(OWN FUND) A/C -RP 40(a) പ്രകാരം മുന്നിരിപ്പ്-3970028/- RP 40(b) പ്രകാരം നീക്കിയിരിപ്പ്-0

Ii).Union Bank Of India 14967450410200,RP 40(a) പ്രകാരം മുന്നിരിപ്പ്-1565375/- RP 40(b) പ്രകാരം നീക്കിയിരിപ്പ്-0

പ്രസ്തുത തുകകൾ ഏത് അക്കൗണ്ടിലേക്കാണ് മാറ്റി നിക്ഷേപിച്ചത്,ആയതിനുള്ള കാരണം, ഭരണസമിതി തീരുമാനം നം/ തീയതി/ സർക്കാർ ഉത്തരവ്, മാറ്റി നിക്ഷേപിച്ച അക്കൗണ്ട് ആരംഭിച്ച തീയതി ,ഇവയുടെ ബാങ്ക് ബുക്ക്,ബാങ്ക് സ്റ്റേറ്റ്മെന്റ് ,ബാങ്ക് റികൺസിലിയേഷൻ സ്റ്റേറ്റ്മെന്റ് എന്നിവ ലഭ്യമാക്കിയിട്ടില്ല. ചെലവ് രേഖകൾ ലഭ്യമാക്കാത്തപക്ഷം തുക സെക്രട്ടറിയുടെ ബാധ്യതയാകുന്നതാണ്.

11. Secretary &City Project Officer Nedumangad Municipality, Union Bank, Ndd, A/c No- 556202010014967, ബാങ്ക് സ്റ്റേറ്റ്മെന്റ് പ്രകാരം 05.01.21ലെ നീക്കിയിരിപ്പ് 23894.56. AFS പ്രകാരം നീക്കിയിരിപ്പ്-0.ബാങ്ക് ബുക്ക് ലഭ്യമാക്കിയില്ല.

12. ചുവടെ ചേർക്കുന്ന ബാങ്ക് അക്കൌണ്ടുകളുടെ വിശദാംശം വാർഷികധനകാര്യപത്രികയിൽ ഉൾപ്പെടുത്തിയിട്ടില്ല.

I. Municipal Secretary & Coordinator Kerala Gramin Bank A/c No. 40326100102683

Ii. സെക്രട്ടറിയുടെ പേരിലുള്ള SBI A/c No.36689702704

പ്രസ്തുത അക്കൗണ്ട് ഏത് ആവശ്യത്തിനാണ് ആരംഭിച്ചത്, ഭരണസമിതി തീരുമാനം, അക്കൗണ്ട് ആരംഭിച്ച തീയതി, സ്റ്റേറ്റ്മെന്റ്/പാസ്ബുക്ക് എന്നിവ പരിശോധനയ്ക്കായി ലഭ്യമാക്കിയിട്ടില്ല.

ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നം - 64/25.07.22ന് സ്റ്റേറ്റ്മെന്റുകൾ പൂർണ്ണമായും ലഭ്യമാക്കിയിട്ടില്ല.ലഭ്യമാക്കിയ ബാങ്ക് ബുക്ക്, ബാങ്ക് റികൺസിലിയേഷൻ സ്റ്റേറ്റ്മെന്റ് എന്നിവയിലൊന്നും സെക്രട്ടറി സാക്ഷ്യപ്പെടുത്തിയിട്ടില്ല.

## 1-3 ഗ്രാന്റ് വിനിയോഗം

| ഗ്രാന്റ് | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| വികസനഫണ്ട് (ജനറൽ) | 0 | 99819331 | 99819331 | 106205056*a | -6385725 |
| വികസനഫണ്ട്(എസ്.സി.പി) | 0 | 22015666 | 22015666 | 17371528 | 4644138 |
| വികസനഫണ്ട് (ടി.എസ്.പി) | 0 | 856000 | 856000 | 366156 | 489844 |
| CFC(tied) | 0 | 55220000 | 55220000 | 28137096 | 27082904 |
| CFC(untied) | 0 | 146747338 | 146747338 | 116749494 | 29997844 |
| Maintenance Fund(nonroad) | 0 | 23664205 | 23664205 | 23664205 | 0 |
| Maintenance Fund(road) | 0 | 27042900 | 27042900 | 25936544 | 1106356 |

ACR പ്രകാരമുള്ള ചെലവ് 84234189/- രൂപയാണ്.

കേന്ദ്ര-സംസ്ഥാനാവിഷ്കൃത ഫണ്ടുകളുടെ ഗ്രാന്റ് യൂട്ടിലൈസേഷൻ സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള മുന്നിരിപ്പ്, വരവ് ചെലവ് നീക്കിയിരിപ്പ് എന്നിവയുടെ കൃത്യത പരിശോധിക്കുന്നതിനാവശ്യമായ രേഖകൾ ലഭ്യമാക്കിയിട്ടില്ല.

## 1-3-1 ഗ്രാന്റ് വിനിയോഗം -അപാകങ്ങൾ

1. ലഭ്യമാക്കിയ ഗ്രാന്റ് യൂട്ടിലൈസേഷൻ സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള താഴെപ്പറയുന്ന ചെലവ് തുക എ.സി.ആറുമായി പൊരുത്തപ്പെടുന്നില്ല.

| ഫണ്ട് | ഗ്രാന്റ് യൂട്ടിലൈസേഷൻ സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള ചെലവ് തുക | എ.സി.ആർ പ്രകാരമുള്ള തുക |
|---|---|---|
| വികസനഫണ്ട്(ജനറൽ) | 106205056 | 84234189 |

2. ഗ്രാന്റ് യൂട്ടിലൈസേഷൻ സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള കേന്ദ്രവിഷ്കൃത ഫണ്ടിന്റെ വരവ്, ചെലവ്, നീക്കിയിരിപ്പ് എന്നിവ പരിശോധിക്കുന്നതിനാവശ്യമായ രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്.

3. ഗ്രാന്റ് യൂട്ടിലൈസേഷൻ സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള സംസ്ഥാനാവിഷ്കൃത ഫണ്ടിന്റെ വരവ്, ചെലവ്, നീക്കിയിരിപ്പ് എന്നിവ പരിശോധിക്കുന്നതിനാവശ്യമായ രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്.

4. സ.ഉ(കൈ)നം.17/2018/lsgd Dated 02.02.2018 ഖണ്ഡിക 5.4.1.(9) പ്രകാരം കുട്ടികൾ, ഭിന്നശേഷിയുള്ളവർ, ട്രാൻസ്ജെൻഡേഴ്സ് എന്നിവരുടെ വികസനത്തിന് പൊതു വിഭാഗം വികസനഫണ്ടിലെ സാധാരണ വിഹിതം, എസ്.സി.പി, ടി.എസ്.പി എന്നിവ കൂട്ടിയ തുകയുടെ കുറഞ്ഞത് 5% വകയിരുത്തണം. ബജറ്റ് അലോക്കേഷൻ അപ്പെൻഡിക്സ് 2 പട്ടിക 3 പ്രകാരം ഈ വിഭാഗത്തിൽ വകയിരുത്തേണ്ട കുറഞ്ഞ തുക 5147810/- ആണ്. എന്നാൽ Grant Statement 20-21 പ്രകാരം 5622933/- രൂപ വകയിരുത്തിയിരുന്നുവെങ്കിലും ആകെ ചെലവഴിച്ചിരിക്കുന്നത് 4297862/-രൂപ മാത്രമാണ്. വകയിരുത്തലിന്റെ ചെലവ് ശതമാനം 76 % മാണ്.

5. സ.ഉ(കൈ)നം.17/2018/lsgd Dated 02.02.2018 ഖണ്ഡിക 5.4.1.(6) പട്ടികജാതി ഉപപദ്ധതി വിഹിതത്തിന്റെ 30ശതമാനത്തിൽ അധികം തുക പശ്ചാത്തലമേഖലയ്ക്ക് വകയിരുത്തുവാൻ പാടില്ല. ബജറ്റ് അലോക്കേഷൻ അപ്പെൻഡിക്സ് 2 പട്ടിക പ്രകാരം പട്ടികജാതി ഉപപദ്ധതി വിഹിതത്തിൽ നിന്നും പശ്ചാത്തലമേഖലയ്ക്ക് വകയിരുത്താവുന്ന കൂടിയ തുക 6932700/- രൂപയാണ്. എന്നാൽ ഗ്രാന്റ് സ്റ്റേറ്റ്മെന്റ് പ്രകാരം പ്രസ്തുത മേഖലയിൽ വകയിരുത്താവുന്നതിലും അധികം തുക , 8250720/- രൂപ വകയിരുത്തുകയും 9105594/- രൂപ ചെലവ് ചെയ്യുകയും ചെയ്തിട്ടുണ്ട്. വകയിരുത്തിയതിനേക്കാൾ കൂടുതൽ തുക ചെലവഴിച്ചിരിക്കുന്നു. എന്നാൽ സുലേഖ പത്രിക പ്രകാരം ചെലവ് 7605594/- ആണ്.

6.17/2018/lsgd Dated 02.02.2018 ഖണ്ഡിക 5.2.1(6) പ്രകാരം നഗരസഭകളുടെ അനിവാര്യ വകയിരുത്തലിനായി നിർദ്ദേശിച്ചിട്ടുള്ള ഇനമായി ഉൾപ്പെട്ടതാണ് അഗതിരഹിതകേരളം പദ്ധതി (ആശ്രയ) വിഹിതം. ബജറ്റ് അനുബന്ധം 2പട്ടിക 9(അനിവാര്യ പരിപാടികൾക്ക് വികസന ഫണ്ടിൽ നിന്നുള്ള വകയിരുത്തൽ) പ്രകാരം വികസന ഫണ്ട് സാധാരണ വിഹിതത്തിൽ നിന്നും 1000000/-രൂപയാണ് പ്രസ്തുത പ്രോജക്ടിനുള്ള അനിവാര്യവകയിരുത്തൽ തുക.എന്നാൽ പ്രോജക്റ്റ് ഓഫീസർ നിർവ്വഹണ ഉദ്യോഗസ്ഥനായി അഗതിരഹിതകേരളം (35/21) പദ്ധതിയ്ക്കായി 1000000/-രൂപ വകയിരുത്തിയെങ്കിലും ആകെ ചെലവഴിച്ചിരിക്കുന്നത് 847818/- രൂപ മാത്രമാണ്. ചെലവ് ശതമാനം 85%. എന്നാൽ യഥാർത്ഥ ചെലവ് 710281/-. അപാകതകൾ ഖ.1-52 ൽ പരാമർശിച്ചിട്ടുണ്ട്.

7. B-4 Schedule പ്രകാരമുള്ള തുകകൾ വിനിയോഗിക്കാതെ അവശേഷിക്കുന്നു.

| ക്രമ നം | ഹെഡ്ഡ്കോഡ് | ഇനം | B-4 Schedule പ്രകാരം ചെലവഴിക്കാതെ അവശേഷിക്കുന്ന തുക | സ്വീകരിച്ച നടപടി - ഓഡിറ്റ് എൻക്വയറി നമ്പർ 38/21.07.22ന്റെ മറുപടി) |
|---|---|---|---|---|
| 1 | 320100100 | Grants,Funds &Contributions For Specific Purposes-Central Government | 4,498,080 | PMAY,ICDS,SM Fund ,AUEGS ,Swetch Bharath എന്നിവയുടെ ബാലൻസ് തുകകളാണ്. |
| 2 | 320200106 | Development Fund-Special Grant-Capital | 8400000 | നഗരസഞ്ചയത്തിന് വേണ്ടി ലഭിച്ച തുകയാണ് |
| 3 | 320500100 | Welfare Bodies | 445977 | 16-17 ൽ പിരിച്ചെടുത്ത സെസ് തുകയാണ്. തുക തിരിച്ചടച്ച് റിപ്പോർട്ട് ചെയ്യുന്നതാണ്. |
| 4 | 320809700 | Donations Related To Pandemic/Epidemic Control | 12910 | 2022-23 AFSൽ പരിഹരിക്കുന്നതാണ് |
| 5 | 320809900 | Other Grants& Contributions For Specific Purpose | 21008278 | നഗരസഭക്ക് ലഭിച്ച വിവിധ ഗ്രാന്റുകളുടെ ബാക്കി തുകയാണ്. |

ക്രമ നം. 3 ലെ നീക്കിയിരിപ്പ് തുക 2019-20 മുതൽ തന്നെ ചെലവഴിക്കാതെ അവശേഷിക്കുന്നു.

8. ഗുണഭോക്തൃവിഹിതം ചെലവഴിക്കാതെ അവശേഷിക്കുന്നു.

B-4 Schedule പ്രകാരം വിനിയോഗിക്കാതെ അവശേഷിക്കുന്ന3275132/- രൂപ ഗുണഭോക്തൃവിഹിതം ഏതിനത്തിലുള്ളതാണെന്നും പ്രോജക്റ്റ് നം. വർഷം, നിർവ്വഹണ ഉദ്യോഗസ്ഥൻ, പ്രോജക്റ്റ് സ്പിൽ ഓവർ ആക്കിയിട്ടുണ്ടെങ്കിൽ വിശദാംശം എന്നിവ ലഭ്യമാക്കിയിട്ടില്ല.

മേൽ അപാകതകൾ സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നം - 46/21.07.22ന് പൂർണ്ണമായി മറുപടി ലഭ്യമാക്കിയിട്ടില്ല.

## 1-4 പദ്ധതി അവലോകനം

നഗരസഭയുടെ പദ്ധതി രൂപീകരണവുമായി ബന്ധപ്പെട്ട വിവരങ്ങൾ ചുവടെ ചേർക്കുന്നു.

I. ആസൂത്രണ സമിതി

ആസൂത്രണം എന്നത് ഒരു തുടർപ്രക്രിയയാണ്. ആസൂത്രണ സമിതിയുടെ കാലാവധി ഭരണ സമിതിയുടെ കാലാവധിയായിരിക്കും. പദ്ധതി മാർഗരേഖ [സ.ഉ.(കൈ)നമ്പർ 17/2018 തസ്വഭവ തീയതി 02.02.2018] ഖണ്ഡിക 3.1.1 പ്രകാരം പഞ്ച വത്സര പദ്ധതിയിൽ ആദ്യവർഷം രൂപീകരിച്ചതും നിലവിലുള്ളതുമായ ആസൂത്രണ സമിതി ആവശ്യമെങ്കിൽ പുനഃ സംഘടിപ്പിക്കേണ്ടതാണെന്നുണ്ട്.ആസൂത്രണ നിർവ്വഹണ പ്രക്രിയയിലെ ജനപങ്കാളിത്തം വർദ്ധിപ്പിക്കുന്നതിനും ആസൂത്രണം, നിർവ്വഹണം, വിലയിരുത്തൽ എന്നിവ ഏകോപിപ്പിക്കുന്നതിനും ഭരണസമിതിയെ സഹായിക്കുകയെന്ന പ്രധാന ചുമതല ആസൂത്രണസമിതിയിൽ നിക്ഷിപ്തമാണ്. സ്ഥാപനത്തിന്റെ ദീർഘകാല വികസന പരിപ്രേഷ്യത്തിന് രൂപം നൽകുന്നതിൽ ഭരണസമിതിയേയും വർക്കിംഗ് ഗ്രൂപ്പുകളേയും സഹായിക്കുക, പദ്ധതി ആസൂത്രണത്തിനും പദ്ധതിയുടെ ഗുണമേന്മ മെച്ചപ്പെടുത്തുന്നതിനും അനുയോജ്യമായ പഠനങ്ങൾ നടത്തി ഭരണ സമിതിയ്ക്ക് റിപ്പോർട്ട് നൽകുക തുടങ്ങിയ നിരവധി ചുമതലകൾ ആസൂത്രണ സമിതി നിർവ്വഹിക്കേണ്ടതായിട്ടുണ്ട്. നഗരസഭയിൽ 2020-21 വർഷം പദ്ധതി രൂപീകരണത്തിന് മുൻപായി ആസൂത്രണ സമിതി പുനഃ സംഘടിപ്പിച്ചിട്ടുണ്ടെങ്കിൽ വിശദാംശം ലഭ്യമാക്കുന്നതിനായി നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം 65 /20-21 25.07.2022) മറുപടി നൽകിയിട്ടില്ല. നഗരസഭയിൽ 2020-21 വർഷം ആസൂത്രണ സമിതി പുനഃസംഘടിപ്പിച്ചിട്ടില്ല

2. 20-21 വാർഷിക പദ്ധതി രൂപീകരണവുമായി ബന്ധപ്പെട്ട് വികസന സെമിനാറിന്റെ മിനിട്സ് പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല

3. സ.ഉ(കൈ) നം.17/2018/ത.സ്വ.ഭ.വ തീയതി 02.02.2018 ഖണ്ഡിക 3.1.2 പ്രകാരം പൊതുജനങ്ങളിൽ നിന്നും നിർദ്ദേശങ്ങൾ സ്വീകരിച്ച് പദ്ധതി ആസൂത്രണത്തിന് ജനപങ്കാളിത്തം ഉറപ്പ് വരുത്തുക, അതത് വികസനമേഖലയുമായി ബന്ധപ്പെട്ട പദ്ധതി ആസൂത്രണത്തിന് നേതൃത്വം നൽകുക തുടങ്ങി വിപുലമായ ചുമതലകളാണ് വർക്കിംഗ് ഗ്രൂപ്പുകൾക്ക് ഉള്ളത്. 15 വർക്കിംഗ് ഗ്രൂപ്പുകളാണ് നഗരസഭയിൽ അനിവാര്യമായി ഉണ്ടാകേണ്ടത്. എന്നാൽ 7 വർക്കിംഗ് ഗ്രൂപ്പുകളുടെ മിനിട്സ് മാത്രമേ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടുള്ളൂ. അവ പരിശോധിച്ചതിൽ വർക്കിംഗ് ഗ്രൂപ്പുകൾ പ്രോജക്ടുകൾ നിർദ്ദേശിക്കുക മാത്രമാണുണ്ടായത്.

II.സ്റ്റാറ്റസ് റിപ്പോർട്ട്.

വിവിധ മേഖലകളിലെ നിലവിലെ അവസ്ഥയും വികസനം എത്തപ്പെടേണ്ട മേഖലകളും വികസനം നേരിടുന്ന വെല്ലുവിളികളും പരിഹാരമാർഗങ്ങളും രൂപീകരിക്കേണ്ട പദ്ധതികളും ഉൾപ്പെടുന്ന ഒരു സമഗ്രമായ രേഖയാണ് ഓരോ സ്ഥാപനത്തിന്റെയും അവസ്ഥാ റിപ്പോർട്ട്.അത് കാലോചിതമായി പരിഷ്കരിക്കേണ്ടതും അത്യാവശ്യമാണ്.വിവിധ വിഷയമേഖലകളിലെ അവസ്ഥാ റിപ്പോർട്ട് പരിശോധിച്ചതിൽ ചുവടെ പറയുന്ന കാര്യങ്ങൾ ബോധ്യപ്പെട്ടു.

എ. പൊതുഭരണവും ധനകാര്യവും

1. ശരിയായ വിവരശേഖരണം ഇല്ലായ്മ

2. ശരിയായ ആസ്തി വിവര കണക്കുകൾ ശരിയായ ഉപയോഗം ഇല്ലാത്തത്.

3. സമയബന്ധിതമായി അപേക്ഷകൾ തീർപ്പാക്കുന്നതിനുള്ള വീഴ്ച

മതിയായ ഉദ്യോഗസ്ഥരുടെ അഭാവം, അടിസ്ഥാന സൗകര്യത്തിന്റെ അപര്യാപ്തത, പദ്ധതി രൂപീകരണത്തിലും നടത്തിപ്പിലും ഉണ്ടാകുന്ന കാലതാമസം, ഫണ്ടുകളുടെ അഭാവം സമയബന്ധിതമായി വിഷയാടിസ്ഥാനത്തിലുള്ള പരിശീലനം ലഭ്യമാകാത്തത് എന്നിവയാണ് പ്രശ്ന പരിഹാരത്തിനുള്ള പ്രധാന വെല്ലുവിളികളായി നഗരസഭ സൂചിപ്പിക്കുന്നത്. അടിസ്ഥാന പ്രശ്നങ്ങൾ പരിഹരിക്കാനുതകുന്ന പദ്ധതികൾ ഏറ്റെടുക്കേണ്ടതാണ്

ബി. മൃഗസംരക്ഷണം ക്ഷീര വികസനം

പ്രധാന പ്രശ്നങ്ങൾ

1. പാൽ ഉത്പാദനത്തിലെ കുറവ്

2. ആഭ്യന്തര മുട്ടയുടെ ഉത്പാദന കുറവ്

3. സംശുദ്ധമായ മാംസത്തിന്റെ ലഭ്യതക്കുറവ്

ഇത്തരം പ്രശ്നങ്ങൾ പരിഹരിക്കാനുതകുന്ന പദ്ധതികൾ തൻവർഷം ഏറ്റെടുത്തിട്ടുണ്ട്. കന്നുക്കുട്ടി പരിപാലന പദ്ധതി,

മുട്ടക്കോഴി വിതരണം, അറവുശാലയിൽ മെഷീൻ സ്ഥാപിക്കൽ എന്നീ പദ്ധതികൾ ഏറ്റെടുത്ത് നടപ്പിലാക്കിയിട്ടുണ്ട്.

സി. സാമൂഹ്യനീതി

പ്രധാന പ്രശ്നങ്ങൾ

1. വൃദ്ധജനങ്ങളുടെ ആരോഗ്യ പരിപാലനം

2. അംഗനവാടികൾക്ക് സ്വന്തമായി കെട്ടിടം ഇല്ലാത്തത്

3. ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർക്ക് സ്കോളർഷിപ്പ്

വൃദ്ധജനങ്ങളുടെ ക്ഷേമത്തിനായി പ്രോജക്ടുകൾ ഏറ്റെടുത്ത് നടപ്പിലാക്കിയിട്ടുണ്ട് ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർക്ക് സ്കോളർഷിപ്പും നൽകി വരുന്നു. എന്നാൽ അംഗനവാടികൾക്ക് സ്വന്തമായി കെട്ടിടത്തിനായി 2020-21 വർഷം പദ്ധതികൾ ഏറ്റെടുത്തിട്ടില്ല.

ഡി.വനിതാ വികസനം

പ്രധാന പ്രശ്നങ്ങൾ

1. പൊതു ഇടങ്ങൾ സ്ത്രീ സൗഹൃദമല്ലാത്തത്

2. പെൺകുട്ടികളിൽ കാണപ്പെടുന്ന അനീമിയ ഭാരക്കുറവ്.

മേൽ പ്രശ്നങ്ങൾ പരിഹരിക്കാനുതകുന്ന പ്രോജക്ടുകൾ വിഭാവനം ചെയ്ത് നടപ്പിലാക്കുവാൻ നിർവ്വഹണാധികാരികൾ ശ്രദ്ധിക്കേണ്ടതാണ്.

ഇ. കൃഷി

പ്രധാന പ്രശ്നങ്ങൾ

1. ജലസേചന മാർഗ്ഗങ്ങളുടെ അപര്യാപ്തത,

2.പഴം പച്ചക്കറി കൃഷിയിൽ താത്പര്യക്കുറവ്

3.നാളികേര കൃഷിയുടെ അപര്യാപ്തത

പച്ചക്കറിക്കൃഷി പ്രോത്സാഹിപ്പിക്കുന്നതിനായി വനിതകൾക്ക് ഗ്രോബാഗിൽ പച്ചക്കറിക്കൃഷി, കർമ്മസേന മുഖേന ജൈവവളം വിതരണം എന്നിവ ഏറ്റെടുത്ത് നടപ്പാക്കി. നാളികേര കൃഷി പരിപോഷിപ്പിക്കുന്നതിനായി കേട് വന്ന തെങ്ങുകൾ മുറിച്ചുമാറ്റി പുതിയ തെങ്ങിൻതൈ വച്ച് പിടിപ്പിക്കുന്ന പ്രോജക്ടും നടപ്പിലാക്കിയിട്ടുണ്ട്. എന്നാൽ ജലസേചനം മെച്ചപ്പെടുത്തുന്നതിനാവശ്യമായ പ്രോജക്ടുകളൊന്നും ഏറ്റെടുത്തിട്ടില്ല.

എഫ്. ആരോഗ്യം

പ്രധാന പ്രശ്നങ്ങൾ

1. രോഗികളെ കിടത്തി ചികിത്സിക്കാനുള്ള സൗകര്യം

2. മാലിന്യ സംസ്കരണ പ്ലാന്റ്

3. ടോക്കൺ സംവിധാനം

4. ശൗചാലയം അംഗപരിമിതർക്ക്

പ്രസ്തുത പ്രശ്നങ്ങൾ പരിഹരിക്കാനുതകുന്ന പ്രോജക്ടുകൾ വിഭാവനം ചെയ്ത് നടപ്പാക്കുവാൻ നിർവ്വഹണാധികാരികൾ ശ്രദ്ധിക്കേണ്ടതാണ്.

3. കരട് പദ്ധതി രേഖ/ അന്തിമ പദ്ധതി രേഖ

ഭരണ സമിതി ഗ്രാമസഭകളുടെയും വർക്കിംഗ് ഗ്രൂപ്പുകളുടെയും മുൻഗണനകൾ പരിഗണിച്ച് കൊണ്ടും വിഭവ ലഭ്യത പരിഗണിച്ചും കരട് വാർഷിക പദ്ധതി തയ്യാറാക്കേണ്ടതാണ്. കരട് പദ്ധതി രേഖ/ അന്തിമ പദ്ധതി രേഖ എന്നിവ പരിശോധനയ്ക്ക് ലഭ്യമാക്കിയില്ല.

IVമോണിറ്ററിംഗ്

പദ്ധതി രൂപീകരണ മാർഗരേഖ ഖണ്ഡിക 13 പ്രകാരം അതാത് വർക്കിംഗ് ഗ്രൂപ്പുകൾ ഓരോ പ്രോജക്ടിന്റെയും മോണിറ്ററിംഗ് നിർവഹിക്കേണ്ടതിനെക്കുറിച്ച് വ്യക്തമാക്കുന്നു. പദ്ധതി രൂപീകരണശേഷം വർക്കിംഗ് ഗ്രൂപ്പുകൾ മോണിറ്ററിംഗ് കമ്മിറ്റികളായി പ്രവർത്തിക്കണം. മോണിറ്ററിംഗ് കമ്മിറ്റികൾ യോഗം ചേർന്ന് മോണിറ്ററിംഗ് റിപ്പോർട്ട് തയ്യാറാക്കി യഥാസമയം നിർവഹണ ഉദ്യോഗസ്ഥനും ഭരണസമിതിക്കും നൽകേണ്ടതാണെന്നും വ്യക്തമാക്കുന്നു. എന്നാൽ ഇത്തരത്തിൽ മോണിറ്ററിംഗ് റിപ്പോർട്ട് തയ്യാറാക്കി സമർപ്പിച്ചതായി കാണുന്നില്ല. മോണിറ്ററിംഗ് കമ്മിറ്റികൾ കൂടുതൽ ഉത്തരവാദിത്തത്തോടു കൂടി പ്രവർത്തിക്കേണ്ടതാണ്.

## 1-4-1 പദ്ധതി അടങ്കൽ/ ചെലവ് വിവരങ്ങൾ

| ആകെ ഏറ്റെടുത്ത പദ്ധതികൾ | പൂർണമായും നടപ്പിലാക്കിയവ | ഭാഗികമായി നടപ്പിലാക്കിയവ | നടപ്പിലാക്കാത്തവ | ആകെ പദ്ധതി അടങ്കൽ | ആകെ പദ്ധതി ചെലവ് | ചെലവ് ശതമാനം |
|---|---|---|---|---|---|---|
| 425 | 352 | 0 | 73 | 537234032 | 335961601 | 63 |

നിർവഹണ ഉദ്യോഗസ്ഥർ വിഭാഗം

| നിർവഹണ ഉദ്യോഗസ്ഥർ | ആകെ ഏറ്റെടുത്ത പദ്ധതികൾ | നടപ്പിലാക്കിയവ | നടപ്പിലാക്കാത്തവ | ആകെ പദ്ധതി അടങ്കൽ (ഗ്ര.വി. ഉൾപ്പെടെ) | ആകെ പദ്ധതി ചെലവ് | ചെലവ് ശതമാനം |
|---|---|---|---|---|---|---|
| കൃഷി ഓഫീസർ | 15 | 15 | 0 | 7282432 | 3803506 | 52.2 |
| വെറ്റിനറി സർജൻ | 14 | 13 | 1 | 5716375 | 2331465 | 40.8 |
| പ്രോജക്റ്റ് ഓഫീസർ, നഗര ദാരിദ്ര്യ നിർമ്മാർജന സെൽ | 12 | 9 | 3 | 94188477 | 46861839 | 49.75 |
| പട്ടിക ജാതി വികസന ഓഫീസർ | 10 | 8 | 2 | 5292794 | 2388826 | 45.1 |
| ഹെൽത്ത് ഓഫീസർ (മുനിസിപ്പാലിറ്റി) | 12 | 10 | 2 | 28087760 | 6263050 | 22.3 |
| മെഡിക്കൽ ഓഫീസർ പി.എച്ച്.സി. | 2 | 2 | 0 | 2628060 | 2557371 | 97.3 |
| ഇൻഡസ്ട്രിയൽ എക്സ്റ്റൻഷൻ ഓഫീസർ | 5 | 3 | 2 | 1970000 | 240000 | 12.2 |
| മെഡിക്കൽ ഓഫീസർ ഹോമിയോ | 5 | 5 | 0 | 2912756 | 2912756 | 100 |
| ഐ.സി.ഡി.എസ്.സൂപ്പർവൈസർ | 13 | 12 | 1 | 15704661 | 14663963 | 93.37 |
| സെക്രട്ടറി | 25 | 21 | 4 | 53110946 | 30834663 | 58 |
| മുനിസിപ്പൽ എഞ്ചിനീയർ | 295 | 241 | 54 | 310207504 | 216402554 | 70 |
| പ്രിൻസിപ്പൽ, ഗവ. ഹയർ സെക്കണ്ടറി സ്കൂൾ | 17 | 13 | 4 | 10132267 | 6701608 | 66.14 |

| | | | | | | |
|---|---|---|---|---|---|---|
| ആകെ | | | | 537234032 | 335961601 | 62.6 |

ആകെ വരവ് ചെലവ് (സുലേഖ പത്രിക പ്രകാരം).

| ഫണ്ട് | വകയിരുത്തിയ തുക | ചെലവ് തുക |
|---|---|---|
| പൊതുവിഭാഗം ജനറൽ | 142904804 | 106205056 |
| എസ്.സി.പി. | 30163939 | 17371528 |
| ടി.എസ്.പി. | 856000 | 366156 |
| ധനകാര്യകമ്മിഷൻ അവാർഡ് | 181017609 | 144886590 |
| കേന്ദ്രാവിഷ്കൃത ഫണ്ട് | 29220000 | 2301468 |
| സംസ്ഥാനാവിഷ്കൃത ഫണ്ട്. | 22849809 | 3245912 |
| തനത് ഫണ്ട്. | 39263749 | 3584142 |
| മെയിന്റനൻസ് റോഡ് | 39665455 | 25936544 |
| മെയിന്റനൻസ് നോൺ റോഡ് | 34570086 | 23664205 |
| മറ്റുള്ളവ | 16722581 | 8400000 |
| ആകെ | 537234032 | 335961601 |

എസ്.സി.പി,ടി.എസ്.പി.ഫണ്ടുകൾ പാഴാക്കി.

വിവിധ പദ്ധതികൾക്കായി വിവിധ നിർവഹണോദ്യോഗസ്ഥർ വകയിരുത്തിയ എസ്.സി.പി,ടി.എസ്.പി.ഫണ്ടുകൾ തൻവർഷം ഭാഗികമായി മാത്രമാണ് ചെലവഴിച്ചിരിക്കുന്നത്. കൂടാതെ ചില പദ്ധതികൾക്കായി വകയിരുത്തിയ ഫണ്ടിൽ നിന്നും ഒരു തുകയും ചെലവഴിച്ചിട്ടുമില്ല.വിവരം ചുവടെ ചേർക്കുന്നു.

| പദ്ധതി നം | പദ്ധതി പേര് | അടങ്കൽ/ഫണ്ട്. | പദ്ധതി ഏറ്റെടുത്ത നിർവ ഹണോദ്യോഗസ്ഥൻ. |
|---|---|---|---|
| 85/20-21 | പട്ടികജാതിക്കാർക്ക് സ്വയം തൊഴിലിനായി ഓട്ടോറിക്ഷ | 300000, എസ് സി പി | ഇൻഡസ്ട്രീസ് എക്സ്റ്റൻഷൻ ഓഫീസർ |
| 43/20-21 | ബിരുദ/ബിരുദാനന്തര ഡിപ്ലോമ വിദ്യാർത്ഥികൾക്ക് ലാപ്ടോപ്പ് | 272314, എസ്.സി.പി | പട്ടികജാതി വികസന ഓഫീസർ |
| 48/20-21 | പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് ലാപ്പ്ടോപ്പ് | 77804,ടി എസ് പി. | പട്ടികജാതി വികസന ഓഫീസർ |
| 258/20-21 | എൽ പി, യു പി വിദ്യാർത്ഥി കൾക്ക് പ്രഭാത ഭക്ഷണം | 400000, എസ് സി പി | പ്രിൻസിപ്പൽ, ഗവ. ഹയർ സെക്കണ്ടറിസ്കൂൾ |

സർക്കാർ ഉത്തരവ് (കൈ)നം11/2018.ത.സ്വ.ഭ.വ.തീയതി.29.01.2018 ഖണ്ഡിക 6.1.1 പ്രകാരം പട്ടികജാതി ഉപ പദ്ധതി വിഹിതവും ഖണ്ഡിക 6.2.1 പ്രകാരം പട്ടിക വർഗ ഉപപദ്ധതി വിഹിതവും ഫണ്ടുകൾ പാഴാക്കാൻ പാടില്ല.എന്നാൽ ഈ നിർദ്ദേശം ഇവിടെ പാലിച്ചിട്ടില്ല.

തനത്ഫണ്ട് വകയിരുത്തലും പദ്ധതി ചെലവും.

തനത് ഫണ്ട് ഇനത്തിൽ തൻവർഷം 39263749/-രൂപ പദ്ധതികൾക്കായി വകയിരുത്തി യിരിക്കുന്നു. എന്നാൽ ഈയിനത്തിൽ 3584142/- രൂപ മാത്രമാണ് ചെലവഴിച്ചിരിക്കുന്നത്. വകയിരുത്തിയ തുകയുടെ 9.12 % മാത്രമാണ് ചെലവ്.

## 1-5 ക്ഷേമപദ്ധതികൾ

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 2160 | തൊഴിൽരഹിത വേതന വിതരണം സംബന്ധിച്ച ബില്ലുകൾ, അപേക്ഷകൾ എന്നിവ ലഭ്യമാക്കിയില്ല |
| കർഷകതൊഴിലാളി പെൻഷൻ | 10522500 | 755 |
| വിധവ പെൻഷൻ | 45145800 | 3231 |
| വാർദ്ധക്യകാല പെൻഷൻ | 73201500 | 5222 |
| വികലാംഗപെൻഷൻ | 11181300 | 769 |
| വിവാഹധനസഹായം | 690000 | 23 |
| അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 1190300 | 84 |

## 1-5-1 സാമൂഹ്യ സുരക്ഷാ പെൻഷൻ വിതരണം- രജിസ്റ്ററുകൾ സൂക്ഷിക്കാത്തതിനാൽ നടപടിക്രമങ്ങളിലെ കൃത്യത പരിശോധിക്കുവാൻ സാധിച്ചില്ല.

സാമൂഹ്യ സുരക്ഷാ പെൻഷനുകളുടെ വിതരണം സംബന്ധിക്കുന്ന രജിസ്റ്ററുകൾ സൂക്ഷിക്കാത്തതിനാൽ, പെൻഷൻ അപേക്ഷ ലഭിച്ച് 45 ദിവസത്തിനുള്ളിൽ തന്നെ അപേക്ഷ തീർപ്പാക്കിയതിന്റെ വിവരം, പെൻഷൻ ഗുണഭോക്താക്കളുടെ അർഹത മുതലായ വിവരങ്ങൾ പരിശോധിക്കുവാൻ സാധിച്ചിട്ടില്ല. പെൻഷൻ വിതരണം സംബന്ധിച്ച് രജിസ്റ്ററുകൾ സൂക്ഷിക്കാത്തതിന് വിശദീകരണമാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ 57/22.07.2022) രജിസ്ററർ നൽകിയതായി അറിയിച്ചു.എന്നാൽ നൽകിയ രജിസ്റ്ററിൽ ആവശ്യമായ വിവരങ്ങൾ രേഖപ്പെടുത്തിയിട്ടില്ലാത്തതിനാൽ വിശദാംശങ്ങൾ നിന്നും ഒന്നും തന്നെ പരിശോധിക്കാൻ സാധിച്ചിട്ടില്ല.

പെൻഷൻ വിതരണത്തിന് ആവശ്യമായ രജിസ്റ്ററുകൾ കൃത്യമായി സൂക്ഷിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-6 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 19-07-2022 ന് 10.10 A.M സമയത്ത് സ്ഥാപനതലവന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 1,24,414/-രൂപയുടെ ബാലൻസുള്ളതായി ബോധ്യപ്പെട്ടു.

## 1-7 ആഭ്യന്തരനിയന്ത്രണം

1)ഓഫീസ് ഉത്തരവ് മുഖേന ജോലിവിഭജനം കൃത്യമായി നിർവ്വഹിച്ചിട്ടുണ്ട്. 1/20ലെ സ്റ്റാഫ് മീറ്റിംഗ് കഴിഞ്ഞ് 7/2020നാണ് സ്റ്റാഫ് മീറ്റിംഗ് നടത്തിയത്. കൃത്യമായ ഇടവേളകളിൽ സ്റ്റാഫ് മീറ്റിംഗുകൾ നടത്തിയിട്ടില്ല. ഹാജർ മാത്രമാണ് രേഖപ്പെടുത്തിയിട്ടുള്ളത്. ചർച്ചകളും തീരുമാനങ്ങളും മിനിട്സ് ചെയ്തിട്ടില്ല. റിവ്യൂ മീറ്റിംഗുകൾ നടത്തിയിട്ടില്ല.

2) 2004ലെ കേരള മുനിസിപ്പാലിറ്റി (പൌരാവകാശ രേഖ തയ്യാറാക്കൽ) ചട്ടങ്ങളിലെ ചട്ടം 9 പ്രകാരം മൂന്നാം ചട്ട പ്രകാരം തയ്യാറാക്കിയതും നാലാം ചട്ടപ്രകാരം പ്രസിദ്ധീകരിച്ചതുമായ പൌരാവകാശരേഖ വർഷത്തിലൊരിക്കൽ നഗരസഭ ചർച്ച ചെയ്ത് പുതുക്കുകയും കാലാനുസൃതമാക്കുകയും ചെയ്യേണ്ടതാണ്. 2022ലെ പൌരാവകാശരേഖയുടെ പകർപ്പ് പരിശോധനയ്ക്ക് ലഭ്യമാക്കിയില്ല. 2020, 2022 എന്നീ വർഷങ്ങളിൽ പൌരാവകാശരേഖ പ്രസിദ്ധീകരിച്ച്, പൊതുജനങ്ങൾക്ക് വിതരണം ചെയ്തതായി കാണുന്നില്ല.

3) ഫ്രണ്ട് ഓഫീസ് സംവിധാനം ഏർപ്പെടുത്തുന്നതിനായി സ.ഉ(കൈ) നം 123/2009/തസ്വഭവ തീയതി 02.07.2009 പ്രകാരം സർക്കാർ വിശദമായ മാർഗരേഖ പുറപ്പെടുവിച്ചിട്ടുള്ളതിൽ ചുവടെ ചേർക്കുന്ന നടപടികൾ സ്വീകരിച്ചിട്ടില്ല.

എ) സൗജന്യമായും വില ഈടാക്കിയും നൽകുന്ന വിവിധ ഫോറങ്ങൾ ഫ്രണ്ട് ഓഫീസ് വഴി വിതരണം ചെയ്യുന്നതിന്റെ വിശദാംശങ്ങൾ അനുബന്ധം 5 മാതൃകയിലുള്ള ഫോറ വിതരണ രജിസ്റ്ററിൽ രേഖപ്പെടുത്തണം.

ബി) സൗജന്യമായി വിതരണം ചെയ്യുന്ന ഫോറങ്ങളുടെ വിവരം ഫ്രണ്ട് ഓഫീസിൽ എഴുതി പ്രദർശിപ്പിക്കണം.

സി) ഫ്രണ്ട് ഓഫീസ് പ്രവർത്തനം കാര്യക്ഷമമായും ഫലപ്രദമായും നടക്കുന്നു എന്നുറപ്പു വരുത്തുന്നതിന് നഗരസഭ തലത്തിൽ മുനിസിപ്പൽ ചെയർമാൻ ചെയർമാനും സെക്രട്ടറി കൺവീനറുമായി മോണിറ്ററിംഗ് സമിതി രൂപീകരിക്കണം.

4)ടോക്കൺ സമ്പ്രദായം നടപ്പാക്കിയിട്ടില്ല.

5)പരാതി രജിസ്റ്റർ, ഫ്രണ്ട് ഓഫീസ് രജിസ്റ്റർ എന്നിവ എഴുതി സൂക്ഷിച്ചിട്ടില്ല.

6)നിർവ്വഹണോദ്യോഗസ്ഥർ നിശ്ചിതമാതൃകയിലുള്ള ക്യാഷ് ബുക്ക് എഴുതി സൂക്ഷിക്കുന്നില്ല. പ്രിൻസിപ്പാൾ, കൃഷി ഓഫീസർ എന്നീ ഉദ്യോഗസ്ഥർ തൻവർഷം ക്യാഷ് ബുക്ക് എഴുതിയിട്ടില്ല.

7)ഒരേ ക്രമനമ്പറിലുള്ള ഒന്നിലധികം രസീതുബുക്കുകൾ ഒരേ സമയം രണ്ട് നിർവ്വഹണോദ്യോഗസ്ഥർ ഉപയോഗിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടു. മുൻവർഷങ്ങളിൽ ഇഷ്യൂ ചെയ്ത രസീതുബുക്കുകൾ പൂർണ്ണമായി ഉപയോഗിക്കാതെയും തിരികെ ഏല്പിക്കാതെയും വീണ്ടും തുടർവർഷങ്ങളിൽ ഉപയോഗിക്കുന്നതായാണ് വ്യക്തമാകുന്നത്. തീയതി രേഖപ്പെടുത്താതെ എഴുതുന്ന രസീതുകളുടെ ഒറിജിനൽ ഗുണഭോക്താക്കൾക്ക് നൽകുന്നുമില്ല.

8) നിർവ്വഹണോദ്യോഗസ്ഥരുടെ പേരിൽ നിലവിലും അക്കൗണ്ടുകൾ നിലനിർത്തിയിട്ടുണ്ട്. പദ്ധതി മുഖേനയുള്ള ആനുകൂല്യങ്ങൾ ഗുണഭോക്താക്കളുടെ അക്കൗണ്ടുകളിലേക്ക് തന്നെ മാറിനൽകേണ്ടതാണെന്ന വ്യവസ്ഥ നിലനിൽക്കെ, 2020-21 സാമ്പത്തികവർഷത്തിൽ ധാരാളം തുകകൾ നിർവ്വഹണോദ്യോഗസ്ഥരുടെ പേരിലുള്ള അക്കൗണ്ടുകളിലേക്കാണ് മാറിയിട്ടുള്ളത്. ആയതിന്റെ ചെലവുരേഖകൾ കൃത്യമായി ഹാജരാക്കാനും പ്രസ്തുത ഉദ്യോഗസ്ഥർക്കായിട്ടില്ല.

9)തനതുവരുമാനം വർദ്ധിപ്പിക്കാനുതകുന്ന പ്രവർത്തനങ്ങൾ നഗരസഭയുടെ ഭാഗത്തു നിന്നും ഉണ്ടാകേണ്ടതാണ്.

## 1-8 അയ്യങ്കാളി നഗര തൊഴിലുറപ്പ് പദ്ധതി

AUEGS പദ്ധതിയുമായി ബന്ധപ്പെട്ട് ക്യാഷ് ബുക്ക് പ്രകാരമുള്ള വരവ്, ചെലവ്, നീക്കിയിരിപ്പ് എന്നിവയുടെ വിശദാംശം ചുവടെ ചേർക്കുന്നു.

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| AUEGS | 695 | 15224692 (*1) | 15225387 | 15158909 (*2) | 66478 |

(*1) AFS പ്രകാരമുള്ള വരവ്- 15116368/- (Grand Fund And Contribution For Specific Purpose (320809900) എന്ന ഹെഡ് പ്രകാരം)

(*2) AFS പ്രകാരമുള്ള ചെലവ്- 16348905/- (250200100- Expenditure On Poverty Eradication Program (Rs. 12850003/- ), 250401402- Implement Self Employment And Group Employment Scheme - For The Poor, Especially For Women(Rs. 3498902/-) എന്നീ ഹെഡുകളിലാണ് ചെലവ് ചെയ്തിട്ടുള്ളത്. ഇത് ക്യാഷ്ബുക്കിലെ രേഖപ്പെടുത്തലുമായി പൊരുത്തപ്പെടുന്നില്ല. അപാകത പരിഹരിച്ച് രേഖകൾ ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.

## 1-9 ശാന്തിതീരം ശ്മശാനത്തിന്റെ വരവ് സംബന്ധിച്ചുള്ള രസീതു ബുക്കുകൾ പരിശോധനയ്ക്ക് ഹാജരാക്കിയില്ല.

ശാന്തിതീരം ശ്മശാനത്തിന്റെ സേവനം പ്രയോജനപ്പെടുത്തുന്നവരിൽ നിന്നും താൽകാലിക രസീത് നൽകിയാണ് തുക കൈപ്പറ്റുന്നത് .അന്വേഷണ കുറിപ്പ് നമ്പർ 26/16.07.2022 പ്രകാരം രസീത് ബുക്കുകൾ ഓഡിറ്റിനു ഹാജരാക്കാൻ ആവശ്യപ്പെട്ടെങ്കിലും ആയത് ഹാജരാക്കിയിട്ടില്ല. ടി രസീത് ബുക്കുകൾ നെടുമങ്ങാട് മുനിസിപ്പാലിറ്റിയുടെ സ്റ്റോക്ക് രജിസ്റ്ററിൽ ഉൾപ്പെട്ടിട്ടില്ല. ദിവസേന ഒടുക്കുന്ന കളക്ഷൻ തുക, ആയതിന്റെ സാംഖ്യ രസീത് നമ്പർ എന്നിവ ഉൾപ്പെട്ട ഒരു ലിസ്റ്റും രജിസ്റ്ററും മാത്രമാണ് പരിശോധനയ്ക്കായി ഹാജരാക്കിയിട്ടുള്ളത്. ആയതിനാൽ വരവ് തുക നഗരസഭയിൽ അടവാക്കിയതിന്റെ കൃത്യത പരിശോധിക്കാനായിട്ടില്ല. ശ്മശാനത്തിന്റെ സേവനം പ്രയോജനപ്പെടുത്തുന്നവരിൽ നിന്നും നേരിട്ട് തുക കൈപ്പറ്റുമ്പോൾ നൽകുന്ന രസീതുകൾ പരിശോധനയ്ക്കായി ഹാജരാക്കിയിട്ടില്ല. ആയത് ഓഡിറ്റിന് ഹാജരാക്കേണ്ടതാണ്.

## 1-10 ടൗൺ മാർക്കറ്റ് ലേലം - മുഴുവൻ തുകയും ഒടുക്കു വരുത്തിയിട്ടില്ല.

നെടുമങ്ങാട് ഠൗൺ മാർക്കറ്റ് ലേലത്തിൽ പിടിച്ച താഹ എസ് (സാലിഹ മൻസിൽ )എന്ന വ്യക്തി സമർപ്പിച്ചിരിക്കുന്ന മുദ്രപത്രത്തിൽ ഒപ്പ് ഒഴികെ യാതൊരു രേഖപ്പെടുത്തലുകളും ഇല്ല. കരാർ ഉടമ്പടിയാണ് എന്നതിന് യാതൊരു തെളിവും മുദ്രപത്രത്തിൽ നിന്നും ലഭിക്കുന്നില്ല. മാത്രമല്ല നോട്ടറി സാക്ഷ്യപ്പെടുത്തിയ സോൾവെൻസിയും ഹാജരാക്കിയിട്ടില്ല. ആവശ്യമായ രേഖകൾ ഇല്ലാതെയാണ് ടിയാന് ലേലം ഉറപ്പിച്ചത്. ലേലത്തുകയിനത്തിൽ താഹ.എസ്. നഗരസഭയിൽ ഒടുക്കാൻ ബാക്കിയുള്ള 892716 രൂപ നാളിതുവരെ അടവാക്കിയിട്ടില്ല. മേൽ വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണ കുറിപ്പ് നമ്പർ 26/16.07.2022 ന് ശ്രീ താഹയ്ക്ക് പലതവണ അറിയിപ്പുകൾ നൽകിയിട്ടും സോൾവെൻസി സർട്ടിഫിക്കറ്റ് ഹാജരാക്കിയിട്ടില്ലെന്നും തുക ഒടുക്ക് വരുത്തിയിട്ടില്ലെന്നും ടിയാനുമേൽ നിയമനടപടികൾ സ്വീകരിച്ചു വരുന്നതായും മറുപടി ലഭ്യമാക്കി. നടപടിക്രമങ്ങൾ പൂർത്തീകരിക്കാതെ ലേലം അംഗീകരിച്ച് നൽകിയത് ശരിയായ നടപടിയല്ല. ഈ വിഷയത്തിൽ സ്വീകരിച്ച തുടർനടപടികളുടെ വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 1-11 ട്യൂട്ടോറിയൽ സ്ഥാപനങ്ങളുടെ രജിസ്ട്രേഷൻ -ചട്ടങ്ങൾ പാലിച്ചിട്ടില്ല.

1999 ലെ കേരള മുനിസിപ്പാലിറ്റി (ട്യൂട്ടോറിയൽ സ്ഥാപനങ്ങളുടെ രജിസ്ട്രേഷൻ) ചട്ടങ്ങൾ പാലിക്കുന്നതിൽ നഗരസഭ വീഴ്ച വരുത്തിയിട്ടുണ്ട്.

1. 1999-ലെ കേരള മുനിസിപ്പാലിറ്റി (ട്യൂട്ടോറിയൽ സ്ഥാപനങ്ങളുടെ രജിസ്ട്രേഷൻ) ചട്ടങ്ങൾ ചട്ടം 3(7) പ്രകാരം ഒരു ട്യൂട്ടോറിയൽ സ്ഥാപനം മുനിസിപ്പാലിറ്റിയിൽ രജിസ്റ്റർ ചെയ്യപ്പെട്ടു എന്നതിന് തെളിവായി ബന്ധപ്പെട്ട സെക്രട്ടറി അപേക്ഷകന് 3 ാം നമ്പർ ഫോറത്തിലുള്ള ഒരു രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ് നൽകേണ്ടതാണ്. എന്നാൽ താഴെപറയുന്ന ട്യൂട്ടോറിയൽ സ്ഥാപനങ്ങളുടെ രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ് അപേക്ഷയോടൊപ്പം ഹാജരാക്കിയിട്ടില്ല.

1. Lals Academy

2.Goodwill College

3. Sun IT Mission

4. Sopanam IT Mission

5. TIME Pvt Ltd

6. Krishna Clinical Institution

7. Nice Academy

ഇത് സംബന്ധിച്ച് നൽകിയ എൻക്വയറി 4/16.07.2022 ന് കോവിഡ് 19 രൂക്ഷമായതിനാൽ ട്യൂട്ടോറിയൽ സ്ഥാപനങ്ങൾ അടഞ്ഞു കിടക്കുകയായിരുന്നതിനാൽ ടി സ്ഥാപനങ്ങൾക്ക് രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ് നല്കാൻ കഴിഞ്ഞില്ല എന്നാണ് മറുപടി ലഭ്യമായിരിക്കുന്നത്.എന്നാൽ ഈ സ്ഥാപനങ്ങൾ എല്ലാം തന്നെ 2020 -21 വർഷം രജിസ്ട്രേഷൻഫീസ് നഗരസഭയിൽ ഒടുക്കിയിട്ടുള്ളതാണ്. ആയതിനാൽ ടി സ്ഥാപനങ്ങൾക്ക് രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ് നൽകേണ്ടതാണ്.

2. രജിസ്റ്റർ പ്രകാരം താഴെ പറയുന്ന ട്യൂട്ടോറിയൽ സ്ഥാപനങ്ങൾ രജിസ്ട്രേഷൻ പുതുക്കിയിട്ടില്ല.

| Sl No | സ്ഥാപനത്തിൻറെ പേര് | രജിസ്ട്രേഷൻ പുതുക്കാത്ത വർഷം |
|---|---|---|
| 1 | Cooperative College Of Arts And Science | 2020-21 |
| 2 | Bharath Aviation Academy | 19-20, 20-21 |
| 3 | Trace Entrance Coaching Center | 19-20, 20-21 |
| 4 | Prince College | 20-21 |
| 5 | Perfect College Of Commerce | 19-20, 20-21 |

| | | |
|---|---|---|
| 6 | T-Tech | 20-21 |
| 7 | Gurukulam Public School | 19-20, 20-21 |

ഇത് സംബന്ധിച്ച നൽകിയ എൻക്വയറി 4/16.07.2022 ന് ടി സ്ഥാപനങ്ങൾ പ്രവർത്തനം നിർത്തിയതായി അന്വേഷണത്തിൽ അറിയാൻ കഴിഞ്ഞു എന്നാണ് മറുപടി ലഭ്യമാക്കിയിരിക്കുന്നത്. എന്നാൽ 1999-ലെ കേരള മുനിസിപ്പാലിറ്റി (ട്യൂട്ടോറിയൽ സ്ഥാപനങ്ങളുടെ രജിസ്ട്രേഷൻ) ചട്ടങ്ങൾ ചട്ടം 3(11) ) പ്രകാരം രജിസ്റ്റർ ചെയ്തിട്ടുള്ള ട്യൂട്ടോറിയൽ സ്ഥാപനം അടച്ചുപൂട്ടിയാൽ അത് ഉണ്ടായി പതിനഞ്ച് ദിവസത്തിനകം വിശദവിവരങ്ങൾ സെക്രട്ടറിയെ രേഖാമൂലം അറിയിക്കണം എന്നും സെക്രട്ടറി അതാത് സംഗതി പോലെ രജിസ്റ്ററിൽ മാറ്റം വരുത്തണം എന്നും പറയുന്നുണ്ട്.എന്നാൽ രജിസ്റ്ററിൽ മാറ്റം വരുത്തുകയോ റദ്ദാക്കിയതായി രേഖപ്പെടുത്തുകയോ ചെയ്തിട്ടില്ല.

3. രജിസ്ട്രേഷൻ നൽകാൻ തീരുമാനിച്ച സ്ഥാപനത്തെ സംബന്ധിച്ച വിവരങ്ങൾ ഫോറം 2 ൽ ഉള്ള പ്രത്യേക രജിസ്റ്ററിൽ രേഖപ്പെടുത്തി സാക്ഷ്യപ്പെടുത്തി സൂക്ഷിച്ചിട്ടില്ല.

## 1-12 സ്വകാര്യ ആശുപത്രികൾ /പാരാമെഡിക്കൽ സ്ഥാപനങ്ങൾ രജിസ്ട്രേഷൻ- അപാകതകൾ

1. കുടുംബശ്രീ മെഡിക്കൽ ലാബിന്റെ രജിസ്ട്രേഷന് വേണ്ടി ജസീന ബീവി N സമർപ്പിച്ച അപേക്ഷയിൽ പൊല്യൂഷൻ കൺട്രോൾ ബോർഡിന്റെ സർട്ടിഫിക്കറ്റ് ഹാജരാക്കിയിട്ടില്ല. ഇത് സംബന്ധിച്ച് നൽകിയ എൻക്വയറി 4/16.07.2022 ന് നോട്ടീസ് നൽകി നടപടി സ്വീകരിക്കുന്നതാണെന്ന് മറുപടി നൽകി. തുടർനടപടികൾ ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

2. രജിസ്റ്റർ പ്രകാരം 56 സ്ഥാപനങ്ങൾക്കാണ് രജിസ്ട്രേഷൻ നൽകിയിരിക്കുന്നത്. പ്രസ്തുത രജിസ്റ്ററിലെ പല പേജുകളിലും രേഖപ്പെടുത്തലുകൾ പൂർണമല്ല. മാത്രമല്ല പരിശോധനയ്ക്കായി 49 അപേക്ഷകൾ മാത്രമാണ് ഹാജരാക്കിയിട്ടുള്ളത്.

3. ലഭ്യമാക്കിയ രജിസ്റ്ററിൽ DCB എഴുതി സെക്രട്ടറി സാക്ഷ്യപ്പെടുത്തിയിട്ടില്ല.

ഇത് സംബന്ധിച്ച നൽകിയ എൻക്വയറി 4/16.07.2022 ന് വിട്ടുപോയ രേഖപ്പെടുത്തൽ

പൂർത്തിയാക്കി രജിസ്റ്റർ സമർപ്പിക്കുന്നതാണെന്നും ബാക്കിയുള്ള അപേക്ഷകൾ ഹാജരാക്കാമെന്നും മറുപടി നൽകി. ആയത് ഹാജരാക്കേണ്ടതാണ്.

## 1-13 തൊഴിൽ നികുതി-വിവിധ അപാകങ്ങൾ

1994 കേരള മുനിസിപ്പൽ ആക്റ്റ്, വകുപ്പ് 245 പ്രകാരം നഗരസഭാ പരിധിയിൽ 60 ദിവസത്തിൽ കുറയാതെ തൊഴിൽ ചെയ്യുന്ന വ്യക്തികളിൽ നിന്നും അർദ്ധവാർഷിക വരുമാനത്തിനനുസൃതമായി തൊഴിൽ നികുതി ഈടാക്കണമെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. മേൽ വകുപ്പിന്റെയും 2005 ലെ കേരള മുനിസിപ്പാലിറ്റി (തൊഴിൽ നികുതി) ചട്ടങ്ങളുടെയും അടിസ്ഥാനത്തിൽ, നഗരസഭ തൊഴിൽ നികുതി ഈടാക്കിയതിന്റെ അപേക്ഷകളും അനുബന്ധ രേഖകളും പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ ഉപഖണ്ഡികകളായി ചുവടെ ചേർക്കുന്നു.

## 1-13-1 നഗരസഭയിലെ അംഗീകൃത കരാറുകാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയില്ല.

1994 കേരള മുനിസിപ്പൽ ആക്റ്റ്, വകുപ്പ് 245, 2005 ലെ കേരള മുനിസിപ്പാലിറ്റി തൊഴിൽ നികുതി ചട്ടങ്ങളിലെ ചട്ടം 3 (10) എന്നിവ പ്രകാരം കരാറുകാരിൽ നിന്നും ഓരോ അർദ്ധവർഷവും 1,250/- രൂപ വീതം തൊഴിൽ നികുതി ഈടാക്കേണ്ടതാണ്. 2020-21 സാമ്പത്തിക വർഷത്തിൽ നഗരസഭ നടപ്പാക്കിയ വിവിധ പദ്ധതികൾ ഏറ്റെടുത്ത കരാറുകാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല. മേൽ വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണ കുറിപ്പ് നമ്പർ 4/16.07.2022 ന് ബന്ധപ്പെട്ട സെക്ഷനിൽ നിന്നും വിവരങ്ങൾ ഹാജരാക്കുന്നതാണ് എന്നാണ് മറുപടി ലഭ്യമായിരിക്കുന്നത്. തൊഴിൽ നികുതി ഈടാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-13-2 അഭിഭാഷകരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല

1994 കേരള മുനിസിപ്പൽ ആക്റ്റ്, വകുപ്പ് 245, 2005 ലെ കേരള മുനിസിപ്പാലിറ്റി തൊഴിൽ നികുതി ചട്ടങ്ങൾ ചട്ടം 3(2) പ്രകാരം സ്വയം തൊഴിലിൽ ഏർപ്പെട്ടിരിക്കുന്ന അഭിഭാഷകർ, സ്വകാര്യ ഡോക്ടർമാർ, പാരാമെഡിക്കൽ വിദഗ്ധർ, മറ്റ് സമാന തൊഴിലിൽ ഏർപ്പെട്ടിരിക്കുന്ന വ്യക്തികൾ തുടങ്ങിയവരിൽ നിന്ന് 1250/- രൂപ അർദ്ധവാർഷിക നികുതി ഈടാക്കാമെന്ന് വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ, നഗരസഭാ പരിധിയിലുള്ള അഭിഭാഷകർക്ക് നോട്ടീസ് നൽകി 2020-21 വർഷത്തിൽ രണ്ട് അർദ്ധവർഷങ്ങളിലും തൊഴിൽനികുതി ഈടാക്കിയിട്ടില്ല. മേൽ വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണ കുറിപ്പ് നമ്പർ 4/16.07.2022 ന് ബന്ധപ്പെട്ട സെക്ഷനിൽ നിന്നും വിവരങ്ങൾ ഹാജരാക്കുന്നതാണ് എന്നാണ് മറുപടി ലഭ്യമായിരിക്കുന്നത്.. അഭിഭാഷകരിൽ നിന്നും തൊഴിൽ നികുതി ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-13-3 ട്യൂട്ടോറിയൽ സ്ഥാപനങ്ങൾ- തൊഴിൽ നികുതി അടവാക്കിയിട്ടില്ല.

രജിസ്റ്റർ പ്രകാരം 21 ട്യൂട്ടോറിയൽ സ്ഥാപനങ്ങളാണ് മുനിസിപ്പാലിറ്റി പരിധിയിൽ രജിസ്റ്റർ ചെയ്തിരിക്കുന്നത്.അതിൽ Our College, TIME Pvt Limited എന്ന രണ്ട് സ്ഥാപനങ്ങൾ മാത്രമാണ് തൊഴിൽ നികുതി അടവാക്കിയിരിക്കുന്നത്.ബാക്കി സ്ഥാപനങ്ങളിൽ നിന്നും തൊഴിൽ നികുതി ഈടാക്കി അറിയിക്കേണ്ടതാണ്.

## 1-13-4 സ്വകാര്യ ആശുപത്രി /സ്വകാര്യ പാരാമെഡിക്കൽ സ്ഥാപനങ്ങൾ - തൊഴിൽ നികുതി അടവാക്കാനുണ്ട്

രജിസ്റ്റർ പ്രകാരം 56 സ്ഥാപനങ്ങളാണ് സ്വകാര്യ ആശുപത്രി /സ്വകാര്യ പാരാമെഡിക്കൽ സ്ഥാപനങ്ങളുടെ രജിസ്ട്രേഷൻ എടുത്തിരിക്കുന്നത്.ആയതിൽ 8സ്ഥാപനങ്ങളുണ് തൊഴിൽ നികുതി അടവാക്കിയിരിക്കുന്നത് .മേൽ വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണ കുറിപ്പ് നമ്പർ 26/16.07.2022 ന് മറുപടി ലഭ്യമായില്ല.ബാക്കി സ്ഥാപനങ്ങളിൽ നിന്നും തൊഴിൽ നികുതി ഈടാക്കി അറിയിക്കേണ്ടതാണ് .

## 1-13-5 ഓഡിറ്റോറിയങ്ങളിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.

മുനിസിപ്പാലിറ്റി പരിധിയിലുള്ള നികുഞ്ജം , ധനലക്ഷ്മി, ശ്രീവിദ്യ, പവിത്രം, ഗ്രീൻലാൻഡ്, S.K.S , S J ഹോട്ടൽ സെൻട്രൽ പ്ലാസ എന്നീ ഓഡിറ്റോറിയങ്ങളിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.മേൽ വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണ കുറിപ്പ് നമ്പർ 26/16.07.2022 ന് മറുപടി ലഭ്യമായില്ല. ടി സ്ഥാപനങ്ങളിൽ നിന്നും തൊഴിൽ നികുതി ഈടാക്കി അറിയിക്കേണ്ടതാണ് .

## 1-13-6 രജിസ്റ്റർ പ്രകാരം 138 സ്ഥാപനങ്ങൾ തൊഴിൽ നികുതി അടവാക്കാനുണ്ട്.

പരിശോധനയ്ക്ക് ലഭ്യമാക്കിയ തൊഴിൽ നികുതി രജിസ്റ്റർ പ്രകാരം 138 സ്ഥാപനങ്ങളിലെ ജീവനക്കാരുടെ തൊഴിൽനികുതി അടവാക്കാനുണ്ട്. ചില ഉദാഹരണങ്ങൾ താഴെ കൊടുക്കുന്നു.

| Sl No | Institution Name | Period (20-21) |
|---|---|---|
| 1 | AE Office | I, II |
| 2 | Kairali Vidhya Bhavan | I |
| 3 | Govt Sani Public School | I, II |
| 4 | Scheduled Caste Development Office(BDO) | II |
| 5 | Village Office Nedumangad | I |
| 6 | KSEB 10KV Substation | I, II |
| 7 | KSHB Office | I,II |
| 8 | Kerala State Bamboo Corporation | I, II |
| 9 | Sub District Education Office Nedumangad | I,II |
| 10 | Kerala Health Research Welfare Soceity | I,II |
| 11 | Railway Reservation Counter Nedumangad Municipality | I,II |

| | | |
|---|---|---|
| 12 | Indian Overseas Bank | I,II |

നഗരസഭയിൽ തൊഴിൽനികുതി അടവാക്കേണ്ട മുഴുവൻ സ്ഥാപനങ്ങളുടേയും വിവരങ്ങൾ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി പരിശോധിച്ച് തൊഴിൽ നികുതി ഈടാക്കാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (44/21.7.22) മറുപടി ഹാജരാക്കിയില്ല.

## 1-14 റേഷൻ കടകൾ ലൈസൻസ് ഇല്ലാതെയും തൊഴിൽ നികുതി ഒടുക്കാതെയും പ്രവർത്തിക്കുന്നു

2011ലെ കേരള മുനിസിപ്പാലിറ്റി (ആപൽകരവും അസഹ്യവുമായ വ്യാപാരങ്ങൾക്കും മറ്റ് വ്യാപാരങ്ങൾക്കും ഫാക്ടറികൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങളിലെ പട്ടിക IIലെ ക്രമ നമ്പർ 54 പ്രകാരം റേഷൻ ഡിപ്പോകളിൽ നിന്ന് ലൈസൻസ് നൽകി ഫീസ് ഈടാക്കുവാൻ നഗരസഭകൾക്ക് അധികാരമുണ്ട്. 2020-21 സാമ്പത്തിക വർഷം എത്ര റേഷൻ കടകൾ നഗരസഭാ പരിധിയിൽ ഉണ്ടെന്നുള്ള വിവരം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം 44/21.07.22 ന് 2020 - 21 വർഷം നിലവിലുണ്ടായിരുന്ന ലൈസൻസ് ഷെഡ്യൂൾ പ്രകാരം റേഷൻ കടകൾക്കു ലൈസൻസ് ഫീസ് രേഖപ്പെടുത്തിയിട്ടില്ലാത്തതിനാൽ ആയത് ഒഴിവാക്കപ്പെട്ടിരുന്നു എന്നാണ് മറുപടി ലഭ്യമാക്കിയത്. സിവിൽ സപ്ലൈസ് ഡയറക്ടറുടെ 22.1.2019 ലെ CSA-764-2019 ാം നമ്പർ കത്ത് പ്രകാരം റേഷൻ കടകളെ ലൈസൻസ് ഫീസ്, തൊഴിൽനികുതി എന്നിവ ഒടുക്കുന്നതിൽ നിന്നും ഒഴിവാക്കാൻ കഴിയില്ലായെന്ന് അറിയിച്ചിട്ടുള്ള സാഹചര്യത്തിൽ റേഷൻ കടകളിൽ നിന്നും വരുമാനത്തിനനുസൃതമായി തൊഴിൽ നികുതിയും, സ്ഥാപന തൊഴിൽ നികുതിയും ഡിമാന്റ് ചെയ്ത് ഈടാക്കിയിട്ടില്ല. ലൈസൻസ് ഫീസ്, സ്ഥാപന തൊഴിൽ നികുതി എന്നിവ ഈടാക്കുന്നതിന് നടപടികൾ സ്വീകരിച്ച് തനത് വരുമാനം വർദ്ധിപ്പിക്കുന്നതിനുള്ള ക്രിയാത്മകമായ നടപടികൾ ഭരണ സമിതിയുടെയും സെക്രട്ടറിയുടെയും ഭാഗത്തുനിന്നുണ്ടാകേണ്ടതാണ്.

## 1-15 വളർത്തുമൃഗങ്ങൾക്കുള്ള ലൈസൻസ് - വിവരങ്ങൾ പൂർണമല്ല

കേരള മുനിസിപ്പാലിറ്റി ആക്റ്റ് 1994, സെക്ഷൻ 437 പ്രകാരം സെക്രട്ടറിയിൽ നിന്ന് ലൈസൻസ് എടുക്കാതെ ഒരു ഉടമസ്ഥനും പട്ടിയെ വളർത്തുവാൻ പാടില്ലെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. ലഭ്യമാക്കിയ കരട് വികസന രേഖ പ്രകാരം 2321 വളർത്തുനായകൾ നഗരസഭയിൽ ഉണ്ട്. എന്നാൽ ലൈസൻസുള്ള നായകളുടെ എണ്ണം റിപ്പോർട്ടിൽ രേഖപ്പെടുത്തിയിട്ടില്ല. പരിശോധനയ്ക്ക് ലഭ്യമാക്കിയത് 5 വളർത്തുനായകളുടെ ലൈസൻസിനുള്ള അപേക്ഷകൾ മാത്രമാണ് . ബാക്കി വളർത്തു നായകൾക്ക് ലൈസൻസ് നൽകുന്നതിന് വേണ്ടി സ്വീകരിച്ച നടപടികൾ വിശദമാക്കാൻ അറിയിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നം 44/21.07.22 ന് 2020- 21 വർഷം നിലവിലുണ്ടായിരുന്ന ലൈസൻസ് ഷെഡ്യൂൾ പ്രകാരം നായ്ക്കൾക്ക് ലൈസൻസ് ഫീസ് നിശ്ചയിച്ചിട്ടില്ല.വളർത്തു നായ്ക്കൾക്കു ലൈസൻസ് നൽകണമെങ്കിൽ ടി നായ്ക്കളുടെ വാക്സിനേഷൻ വിവരങ്ങളും വെറ്റിനറി ഡോക്ടറുടെ ശുപാർശയും ആവശ്യമാണെന്നും ആയത് ലഭ്യമാകുന്ന മുറയ്ക്ക് സർവ്വേ നടത്തി ലൈസൻസ് നൽകുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണെന്ന മറുപടി ലഭ്യമായി. നഗരസഭാ പരിധിയിൽ ഉള്ള എല്ലാ വളർത്തു നായ്ക്കൾക്കും ലൈസൻസ് എടുപ്പിക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്.

## 1-16 ലൈസൻസ് ഫീസ് ഈടാക്കുന്നതിൽ വ്യക്തതയില്ല

കേരള മുനിസിപ്പാലിറ്റി (ആപത്കരവും അസഹ്യവുമായ വ്യാപാരങ്ങൾക്കും ഫാക്ടറികൾക്കും മറ്റും ലൈസൻസ് നൽകൽ) ചട്ടങ്ങളിലെ ചട്ടം 1, 2 എന്നിവ പ്രകാരമുള്ള പട്ടികകളിൽ പറഞ്ഞിട്ടുള്ള വ്യാപാരത്തിനോ, പ്രവൃത്തിക്കോ അല്ലെങ്കിൽ മറ്റേതെങ്കിലും വ്യാപാരത്തിനോ വേണ്ടി മുനിസിപ്പൽ പ്രദേശത്തെ ഒരു സ്ഥലം ഏതെങ്കിലും വ്യക്തി ഉപയോഗപ്പെടുത്തുന്നത് മുനിസിപ്പാലിറ്റിയ്ക്ക് ലൈസൻസ് മൂലം നിയന്ത്രിക്കാവുന്നതാണ്. ചട്ടം 7 പ്രകാരം വ്യാപാരം/തൊഴിൽ/കച്ചവടസ്ഥാപനം സ്ഥിതി ചെയ്യുന്ന സ്ഥലത്തിന്റെ പ്രാധാന്യം, വ്യാപാരത്തിന്റെ സ്വഭാവം, നടത്തുന്ന വ്യാപാരത്തിന്റെ തോത്, മുതൽമുടക്ക് തുടങ്ങിയ ഘടകങ്ങളുടെ അടിസ്ഥാനത്തിൽ ഓരോ വ്യാപാരത്തെയും എ, ബി, സി എന്നീ വിഭാഗങ്ങളായി തിരിക്കേണ്ടതാണ്. ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി44/21.07.2022ന് 2020 - 21 കാലഘട്ടത്തിൽ സ്ഥാപനം സ്ഥിതി ചെയ്യുന്ന റോഡുകളെ അടിസ്ഥാനമാക്കിയാണ് ലൈസൻസ് ഫീസ് നിശ്ചയിച്ചിരുന്നതെന്നാണ് മറുപടി ലഭ്യമാക്കിയത്. 2020-21 വർഷത്തെ രജിസ്റ്റർ, അപേക്ഷകൾ എന്നിവ പരിശോധിച്ചതിൽ ലൈസൻസിനായി അപേക്ഷിച്ച സ്ഥാപനങ്ങളുടെ വിറ്റുവരവ് രേഖപ്പെടുത്തിയിട്ടില്ല. ആയതിനാൽ ലൈസൻസ് ഫീസ് ഈടാക്കിയതിന്റെ മാനദണ്ഡം വ്യക്തമല്ല. വ്യാപാരം/തൊഴിൽ /കച്ചവടസ്ഥാപനം സ്ഥിതി ചെയ്യുന്ന സ്ഥലത്തിന്റെ പ്രാധാന്യം, വ്യാപാരത്തിന്റെ സ്വഭാവം, നടത്തുന്ന വ്യാപാരത്തിന്റെ തോത്, മുതൽമുടക്ക് തുടങ്ങിയ ഘടകങ്ങളുടെ അടിസ്ഥാനത്തിൽ ഓരോ വ്യാപാരത്തെയും എ, ബി, സി എന്നീ വിഭാഗങ്ങളായി തിരിച്ച് കൗൺസിൽ തീരുമാന പ്രകാരം വാർഷിക ലൈസൻസ് ഫീസ് നിശ്ചയിക്കേണ്ടതും

ആയതിന്റെ അടിസ്ഥാനത്തിൽ ഫീസ് ഈടാക്കേണ്ടതുമാണ്.

## 1-17 യന്ത്രങ്ങളുടെ ഫീസ് ഈടാക്കുന്നതിൽ അപാകത

കേരള മുനിസിപ്പാലിറ്റി (ആപൽക്കരവും അസഹ്യവുമായ വ്യാപാരങ്ങൾക്കും മറ്റു വ്യാപാരങ്ങൾക്കും ഫാക്ടറികൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങളിലെ ചട്ടം 15 ലെ വ്യവസ്ഥകൾ പ്രകാരം യന്ത്രസാമഗ്രികൾക്കുള്ള വാർഷിക ഫീ, കുതിര ശക്തിയുടെ അടിസ്ഥാനത്തിൽ ഈടാക്കാവുന്നതാണ്. എന്നാൽ 2020-21 വർഷത്തിൽ ഫാക്ടിയോസ് ലൈസൻസ് എടുത്ത താഴെ പറയുന്ന വ്യാപാര സ്ഥാപനങ്ങളിൽ നിന്ന് യന്ത്രസാമഗ്രികൾക്കുള്ള വാർഷിക ഫീ ഈടാക്കിയിയതിൽ പൊരുത്തക്കേടുകൾ കാണുന്നു.ചില സ്ഥാപനങ്ങൾ ഉപയോഗിക്കുന്ന മോട്ടോറിന്റെ പവർ അപേക്ഷയിൽ രേഖപ്പെടുത്തിയിട്ടുമില്ല.

| ക്രമ നമ്പർ | വാർഡ്നമ്പർ | സ്ഥാപന ഉടമയുടെ പേര് | സംരംഭം | യന്ത്രത്തിന്റെ കുതിരശക്തി | രജിസ്റ്റർ പ്രകാരം ഈടാക്കിയ തുക | ഈടാക്കേണ്ടിയിരുന്ന തുക |
|---|---|---|---|---|---|---|
| 1 | 4 | Rajesh G L | Wash Care And Automobile Service | 5HP (2 Motor)<br>3HP (2 Motor) | 400 Each<br>200 Each | 100 Each |
| 2 | 5 | Noushad S | Allu Saw Mill | 30 HP | 250 | 750 |
| 3 | 5 | Ashraf A | Kareeba Interlock And Hollow Bricks | 0.5 HP (3 Motor) | 400 | 75 |
| 4 | 5 | Ajayakumar K | Pulimoottil Industries | 5HP(2 Motors) | 100 For One, 80 For Another | 100 Each |
| 5 | 6 | Santhosh Kumara V R | Sreebhadra Hollow Bricks | 5HP<br>2HP<br>0.5HP<br>0.5HP | 100<br>75<br>75<br>15 | 100<br>100<br>25<br>25 |
| 6 | 25 | Rajesh V G | V G Automobiles | 3HP( 2 Motors)<br>1 HP | 160<br>80 | 200<br>25 |
| 7. | 25 | Sasidharan | Aswathy Flour Mill | 10HP | 350 | 200 |
| | | | | | | |
| 8 | 27 | Vijayan K | Vijaya Saw Mill | 20HP<br>15HP<br>2HP | 750 | 825 |

| | | | | | | |
|---|---|---|---|---|---|---|
| | | | | 1HP | | |
| 9 | 13 | G Udayakumar | Sakthi Automobiles | 0.5HP(4motors) | 150 | 100 |
| 10 | 16 | Saina Abdul Samad | Bismi Flour Mills | 10HP | 150 | 200 |

ക്രമ നം. 1,3,5,6,7,9 പ്രകാരം ലൈസൻസ് ഫീസ് കൂടുതലായും, മറ്റുള്ളവയ്ക്ക് കുറവായുമാണ് വ്യാപാരികളിൽ നിന്ന് ഈടാക്കിയിരിക്കുന്നത്.

മേൽ അപാകത സംബന്ധിച്ച നൽകിയ ഓഡിറ്റ് എൻക്വയറി44/21.07.2022ന് കുറവ് വന്ന തുകകൾ നോട്ടീസ് നൽകി ഈടാക്കുന്നതാണ് എന്ന് മറുപടി ലഭ്യമാക്കി . ആയത് ഈടാക്കി ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.കൂടാതെ വരും വർഷങ്ങളിൽ യന്ത്രങ്ങളുടെ ഫീസ് ഈടാക്കുന്നതിൽ കൃത്യത പാലിക്കേണ്ടതാണ്.

## 1-18 നഗരസഭയുടെ ഉടമസ്ഥതയിലുള്ള വനം വകുപ്പ് കോടതി കെട്ടിടത്തിന്റെ വാടക പിരിച്ചെടുക്കുന്നില്ല

ഫയൽ നമ്പർ - ഇ2/3649/2020 പ്രകാരം വനം വകുപ്പ് കോടതി പ്രവർത്തിക്കുന്ന കെട്ടിടത്തിലെ ഫാനും ലൈറ്റും റിപ്പയർ ചെയ്ത ഇനത്തിൽ വൗച്ചർ നമ്പർ 994/20 ചെക്ക് നമ്പർ 4307 തീയതി 05/12/2020 പ്രകാരം 30000/- രൂപ ചെലവ് ചെയ്തിട്ടുണ്ട്. പ്രസ്തുത കെട്ടിടം (10/262(3)) നഗരസഭയുടെ ഉടമസ്ഥതയിലുള്ളതാണ്. എന്നാൽ വാടക രജിസ്റ്റർ പരിശോധിച്ചതിൽ പ്രസ്തുത കെട്ടിടത്തിന്റെ വിശദാംശം ഉൾപ്പെട്ടിട്ടില്ല. കെട്ടിടം വാടകയ്ക്ക് നൽകിയതാണെങ്കിൽ കരാർ, വാടക ഒഴിവാക്കിയിട്ടുണ്ടെങ്കിൽ ആയതിന്റെ കമ്മറ്റി തീരുമാനം എന്നിവ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി (നം 53/20-21, 22.07.2022)ക്ക് മറുപടി നൽകുകയോ രേഖകൾ ഹാജരാക്കുകയോ ചെയ്തിട്ടില്ല. കൈമാറിക്കിട്ടിയ സ്ഥാപനങ്ങളുടെ ദൈനംദിന ചെലവും അറ്റകുറ്റപ്പണികളും തദ്ദേശ സ്വയം ഭരണസ്ഥാപനങ്ങൾ ഏറ്റെടുക്കേണ്ടതുണ്ട്. എന്നാൽ വനം കോടതി പ്രവർത്തിക്കുന്ന കെട്ടിടത്തിലെ അറ്റകുറ്റപ്പണികൾ ചെയ്യുന്നതിന് മുൻപായി നഗരസഭ വാടക ക്കരാർ പരിശോധിക്കേണ്ടതായിരുന്നു. പ്രസ്തുത കെട്ടിടത്തിന്റെ വാടക പുതുക്കി നിശ്ചയിച്ച് വാടക കുടിശ്ശിക അടിയന്തിരമായി പിരിച്ചെടുക്കേണ്ടതും വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

## 1-19 വാടകയിനത്തിൽ ഭീമമായ തുക പിരിച്ചെടുക്കുവാൻ അവശേഷിക്കുന്നു.

വാടക രജിസ്ററർ പരിശോധിച്ചതിൽ നെടുമങ്ങാട് നഗരസഭയുടെ ഉടമസ്ഥതയിലുള്ള വിവിധ ഷോപ്പിംഗ് കോംപ്ലക്സുകൾ/ കെട്ടിടങ്ങൾ/ മുറികൾ/ ബങ്കുകൾ എന്നിവയിൽ നിന്ന് 2020-21 വർഷം വാടക പൂർണ്ണമായും ഈടാക്കിയതായി കാണുന്നില്ല. വിശദാംശം ചുവടെ.

| ക്രമ നം. | കടമുറി | വാടകയ്ക്ക് എടുത്ത വ്യക്തി | മാസവാടക | അടവാക്കാനവശേഷിക്കുന്ന മാസങ്ങൾ |
|---|---|---|---|---|
| മാർക്കറ്റ് ഷോപ്പിംഗ് കോംപ്ലക്സ് | | | | |
| 1 | 14/433 | ജെ ആർ വിനു | 6767 | 04/2020 - 03/2021 |
| 2 | 14/434 | സലീൽ ഖാൻ | 13863 | 04/2020 - 03/2021 |
| 3 | 14/435(1) | യാസിർ എൻ സുലൈമാൻ | 3171 | 04/2020 - 03/2021 |
| 4 | 14/437 | ജെ ആർ വിനു | 7229 | 04/2020 - 03/2021 |
| 5 | 14/437(5) | ഫാത്തിമ ഷാഫി | 4806 | 04/2020 - 03/2021 |
| 6 | 14/436(4) | ഷജീർ എസ് | 10782 | 03/2021 |

| | | | | |
|---|---|---|---|---|
| 7 | 14/436(3) | ഫാത്തിമ ഷാഫി | 7346 | 04/2020 - 03/2021 |
| 8 | 14/444 | പ്രഭാകരൻ | 2303 | 04/2020 - 03/2021 |
| 9 | 14/446 | ഷജീർ എസ് | 2062 | 01/2021 - 03/2021 |
| 10 | 14/447 | സിദ്ദിഖ് | 2342 | 01/2021 - 03/2021 |
| 11 | 14/455 | ഇ. ഹാജ | 2368 | 02/2021 - 03/2021 |
| 12 | 14/456 | ഫാത്തിമ ഷാഫി | 2308 | 10/2020 - 03/2021 |
| 13 | 14/458 | അന്തോണി | 2296 | 04/2020 - 03/2021 |
| 14 | 14/460 | നിസാം | 2336 | 04/2020 - 03/2021 |
| 15 | 14/461 | വഹാബ് | 2292 | 04/2020 - 03/2021 |
| 16 | 14/462 | യാഗമ്മ | 2292 | 04/2020 - 03/2021 |
| 17 | 14/463(1) | മാഹീൻ കണ്ണ് | 8005 | 10/2019 - 03/2021 |
| 18 | 14/436(2) | നജ്ജുമുദ്ദീൻ | 4963 | 02/2021,03/2021 |
| 19 | 14/404 | ഷിറാസ് | 3612 | 03/2021 |
| 20 | 14/406 | ജയശ്രീ പി | 3599 | 02/2021, 03/2021 |
| 21 | 14/418 | സെക്രട്ടറി, ഐ എൻ റ്റി യു സി (ഐ) | 302 | 03/2021 |
| 22 | 14/419 | ശിവൻകുട്ടി | 2080 | 04/2020 - 03/2021 |
| 23 | 14/409 | സെക്രട്ടറി, സി പി ഐ ഓഫീസ് | 318 | 04/2020 - 03/2021 |
| 24 | 14/414 | ഷിറാസ് | 1729 | 03/2021 |
| 25 | 14/415 | സുബ്രമണ്യൻ പിള്ളൈ | 1721 | 03/2021 |
| 26 | 14/405 SS1 | ബദറുദ്ദീൻ | 599 | 06/2020 - 03/2021 |
| 27 | 14/405 SS2 | ബദറുദ്ദീൻ | 599 | 01/2021 - 03/2021 |
| 28 | 14/405 SS4 | ജയശ്രീ പി | 599 | 05/2020- 03/2021 |
| 29 | 14/405 SS5 | ജയശ്രീ പി | 599 | 05/2020 - 03/2021 |
| 30 | 14/405 SS6,7,8 | രാജരത്തം വൈദ്യർ | 2375 | 12/2020 - 03/2021 |
| 31 | 14/405 SS10 | അബ്ദുൾ ഖാദർ | 599 | 04/2020 - 03/2021 |
| 32 | 14/404 C9 | ഹാഷിം | 737 | 04/2020 - 03/2021 |
| 33 | 14/404 C 10 | കോമളം | 737 | 01/2021 - 03/2021 |
| 34 | 14/404 C 12 | ശോഭ | 737 | 08/2020 - 03/2021 |
| 35 | 14/404 C 16 | രാജമ്മാൾ ചന്ദ്രിക | 737 | 03/2021 |
| 36 | 14/404 C 17 | കുട്ടപ്പൻ | 737 | 12/2019-03/2021 |
| 37 | 14/404 C 18 | മുഹമ്മദ് റാഫി | 773 | 06/2020-03/2021 |
| 38 | 14/404 C 20 | അബ്ദുൾ ജലീൽ | 773 | 03/2020-03/2021 |

| | | | | |
|---|---|---|---|---|
| 39 | 14/404 C 21 | നബീസാ ബീവി | 737 | 01/2020 - 03/2021 |
| 40 | 14/305 (4) | നിസാറുദ്ദീൻ | 7889 | 03/2021 |
| 41 | 14/305 (23) | സിദ്ദിഖ് | 2384 | 04/2020 - 03/2021 |
| 42 | 14/404(22) | ഷാഫി റാവുത്തർ | 821 | 08/2020 - 03/2021 |
| 43 | 14/404(23) | ലത്തീഫാ ബീവി | 737 | 09/2020 – 03/2021 |
| 44 | 14/404(24) | ദിൽഷാദ് | 737 | 01/2021 – 03/2021 |
| പൂവ്വത്തൂർ ഷോപ്പിംഗ് കോംപ്ലക്സ് | | | | |
| 45 | 28/130(2) | സെക്രട്ടറി, ഇ കെ നായനാർ ലൈബ്രറി | 1323 | 12/2016-03/2021 |
| 46 | 28/130(7) | ഗിരിജ | 1355 | 03/2021 |
| 47 | 24/352(3) | ചന്ദ്രമതി | 589 | 11/2020-03/2021 |
| 48 | 23/302(17,18,19) | ബൈജു | 2808 | 08/2020 – 03/2021 |
| 49 | 23/302(16) | പ്രസന്നൻ | 936 | 04/2020 - 03/2021 |
| 50 | 23/302(12,13,14,15) | ശ്രീജിത്ത് | 936*4 | 04/2020 – 03/2021 |
| 51 | ബങ്ക് 39 | സാവിത്രി | 1184 | 03/2021 |
| 52 | ബങ്ക് 41 | സ്റ്റാൻലി | 1184 | 06/2020 - 03/2021 |
| 53 | ബങ്ക് 42 | അക്ബർ | 1184 | 03/2021 |
| 54 | ബങ്ക് 44 | മുരളീധരൻ | 1184 | 11/2019-03/2021 |
| ടൗൺ ഹാൾ | | | | |
| 55 | എഫ് 18-21 | സെക്രട്ടറി ടൗൺ ഹോട്ടൽ സൊസൈറ്റി | 19543 | 01/2021-03/2021 |
| 56 | ജി11,12,13 | നബീസത്ത് ബീവി & അനിലത | 16709 | 04/2020-03/2021 |

ടൗൺ യുപിഎസ് ബങ്ക് 1-4, വഴിയോര വിശ്രമ കേന്ദ്രം ബങ്ക് 1-28 എന്നിവിടങ്ങളിൽ നിന്നും 2020-21 വർഷം വാടക പിരിച്ചെടുത്തിട്ടില്ല. അവയുടെ വാടക ഒഴിവാക്കിയതാണെങ്കിൽ ആയതിന് അടിസ്ഥാനമായ സർക്കാർ ഉത്തരവുകളോ കമ്മറ്റി തീരുമാനങ്ങളോ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.വാടകയിനത്തിൽ കുടിശ്ശികയായ തുക പിരിച്ചെടുക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിച്ചതിന്റെ വിശദാംശം ലഭ്യമാക്കണമെന്ന് ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം 33/20-21, 20.07.2022) മറുപടി ലഭ്യമാക്കിയില്ല.കുടിശ്ശിക പിരിച്ചെടുക്കുന്നതിനാവശ്യമായ നടപടി അടിയന്തിരമായി സ്വീകരിക്കേണ്ടതാണ്. അല്ലാത്ത പക്ഷം കുടിശ്ശികത്തുക നഷ്ടമായതായി കണക്കാക്കി സെക്രട്ടറിയുടെ ബാധ്യതയാക്കുന്നതാണ്.

## 1-20 ആദായ നികുതി നിയമത്തിലെ വ്യവസ്ഥകൾക്ക് വിരുദ്ധമായി ടി.ഡി.എസ്. ഈടാക്കി - നഗരസഭയ്ക്ക് - 40501/- രൂപയുടെ നഷ്ടം

ഫയൽ നം G3/5174/07 ( 06.07.20 ലെ കുറിപ്പ് ) പ്രകാരം സ്ഥിരനിക്ഷേപത്തിന്റെ മെച്യൂരിറ്റി തുക യായ 23777415.00 രൂപയിൽ നിന്നും 40501/-രൂപ ആദായനികുതിയിനത്തിൽ കുറവ് ചെയ്തതിനുശേഷമുള്ള തുകയായ 23736914 /- രൂപയാണ് അക്കൗണ്ടിൽ ക്രെഡിറ്റ് ചെയ്തത്എന്ന് വ്യക്തമായിട്ടുണ്ട്.വിശദാംശം ചുവടെ

| ക്രമ നം | ബാങ്ക്/ സ്ഥിരനിക്ഷേപസർട്ടിഫിക്കറ്റ്/റസീപ്റ്റ് | നിക്ഷേപ തുക | നിക്ഷേപിച്ച തീയതി | മെച്യൂരിറ്റി തീയതി | പലിശ നിരക്ക് | മെച്യൂരിറ്റി തുക |
|---|---|---|---|---|---|---|

| | | | | | | |
|---|---|---|---|---|---|---|
| | നമ്പർ/ | | | | | |
| 1. | ബാങ്ക് ഓഫ് ബറോഡ, 904004 | 22216074 | 30.06.19 | 30.06.20 | 6.85% | 23777415.00 |

1961-ലെ ഭാരതസർക്കാരിന്റെ വരുമാന നികുതി നിയമം വകുപ്പ് 196 പ്രകാരം, സർക്കാർ, റിസർവ് ബാങ്ക്, കേന്ദ്രനിയമം അനുസരിച്ച് രൂപീകൃതമായ കോർപറേഷൻ എന്നീ വിഭാഗങ്ങൾക്ക് ലഭിക്കുന്ന വരുമാനങ്ങൾക്ക് ആദായനികുതി നൽകേണ്ടതില്ല. ആദായനികുതി വകുപ്പിന്റെ 29.05.2017-ലെ (18/17) 385/01/2015 IT(B) സർക്കുലർ ഖണ്ഡിക 4(1) പ്രകാരം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളെ ആദായനികുതി ഒടുക്കുന്നതിൽ നിന്നും TDS കുറവു ചെയ്യുന്നതിൽ നിന്നും ഒഴിവാക്കിയിട്ടുണ്ട്. ആയതിനാൽ മുൻ വർഷങ്ങളിലുൾപ്പെടെ ഈ ഇനത്തിലുണ്ടായ നഷ്ടം തിട്ടപ്പെടുത്തി അറിയിക്കേണ്ടതാണ്.മേൽ വിഷയം ബാങ്കിന്റെയും ആദായ നികുതി വകുപ്പിന്റെയും ശ്രദ്ധയിൽപ്പെടുത്തി തുക തിരികെ ലഭ്യമാക്കുന്നതിന് സത്വര നടപടി സ്വീകരിക്കേണ്ടതാണ്.

ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നം - 84/26.07.22 ന് മറുപടി ലഭ്യമാക്കിയിട്ടില്ല.

## 1-21 സ്ഥിര നിക്ഷേപങ്ങൾ പരിപാലിക്കുന്നതിലെ അപാകം

സ്ഥിരനിക്ഷേപങ്ങൾ 20-21 ലെ രജിസ്റ്റർ പ്രകാരമുള്ള വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | സ്ഥിരനിക്ഷേപസർട്ടിഫിക്കറ്റ്/ റസീപ്റ്റ് നമ്പർ | നിക്ഷേപ തുക | നിക്ഷേപിച്ച തീയതി | മെച്യൂരിറ്റി തീയതി | പലിശ നിരക്ക് | നിക്ഷേപിച്ചിരിക്കുന്ന സ്ഥാപനം |
|---|---|---|---|---|---|---|
| 1. | TDR/2010/J903954 | 60,69,236.00 | 03.02.21 | 03.02.22 | 4.90% | ബാങ്ക് ഓഫ് ബറോഡ |
| 2. | 0203218067322107 | 28,36,828.00 | 11.01.21 | 10.01.22 | 6.75% | തിരുവനന്തപുരം ജില്ലാസഹകരണ ബാങ്ക് |
| 3 | ലഭ്യമല്ല. | 10000000.00 | 03.07.20 | 03.10.21 | 5.85% | ഫെഡറൽ ബാങ്ക് |
| 4 | ലഭ്യമല്ല. | 10000000.00 | 03.07.20 | 03.10.21 | 5.85% | ഫെഡറൽ ബാങ്ക് |
| 5 | ലഭ്യമല്ല. | 3777415.00 | 03.07.20 | 03.10.21 | 5.85% | ഫെഡറൽ ബാങ്ക് |
| 6 | 77700655504 | 29,37,656.00 | 07.07.20 | 07.07.21 | 7% | എസ്.ബി .ഐ |

I)മേൽ സ്ഥിരനിക്ഷപങ്ങളുടെ സ്ഥിരനിക്ഷപം സർട്ടിഫിക്കറ്റ്/റസീപ്റ്റ് ന്റെ സാക്ഷ്യപ്പെടുത്തിയ പകർപ്പ് ലഭ്യമാക്കിയിട്ടില്ല.

Ii) കാലാകാലങ്ങളിലെ എഫ്.ഡി. രസീതിന്റെ പകർപ്പ് സൂക്ഷിക്കാത്തതിനാൽ കാലാകാലങ്ങളിൽ അനുവദിച്ചുവരുന്ന പലിശനിരക്ക്, Investment കാലയളവ് എന്നിവ പരിശോധിക്കാൻ സാധിക്കുന്നില്ല.

Iii) ലഭ്യമാക്കിയ ഫയലുകളിൽ നിക്ഷേപങ്ങൾ യഥാസമയം പുതുക്കുന്നത് സംബന്ധിച്ച കൗൺസിൽ തീരുമാനം ഇല്ല.

Iv) 2019-20 ൽ 30.06.20 ൽ മെച്ച്യൂർ ആയ ബാങ്ക് ഓഫ് ബറോഡയിലെ സ്ഥിരനിക്ഷപം 03.07.20 ൽ ഫെഡറൽ ബാങ്കിൽ നിക്ഷേപിച്ചുണ്ട്.ആയതിന്റെ ഭരണ സമിതി തീരുമാനം നം/തീയതി ലഭ്യമാക്കിയിട്ടില്ല.

ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നം - 84/26.07.22 ന് മറുപടി ലഭ്യമാക്കിയിട്ടില്ല.

## 1-22 കെട്ടിടനിർമ്മാണ പെർമിറ്റ്-അപാകതകൾ

2020-21 വർഷത്തെ കെട്ടിട നിർമ്മാണ പെർമിറ്റ് രജിസ്റ്റർ, ഫയലുകൾ എന്നിവ പരിശോധിച്ചതിൽ കണ്ടെത്തിയ പൊതുവായ അപാകതകൾ ചുവടെ ചേർക്കുന്നു.

1. പെർമിറ്റ് രജിസ്റ്റർ പൂർണമല്ല.

കെട്ടിട നിർമ്മാണത്തിനായുള്ള അപേക്ഷ ലഭിക്കുന്നതു മുതൽ നിർമ്മാണം പൂർത്തിയാക്കി അസ്സസ്സ്മെന്റ് നമ്പർ ചേർക്കുന്നതുവരെയുള്ള വിവരങ്ങൾ ലഭ്യമാകുന്ന രീതിയിലാണ് കെട്ടിട നിർമ്മാണ പെർമിറ്റ് അപേക്ഷ രജിസ്റ്ററിന്റെ പ്രഫോർമ. എന്നാൽ കെട്ടിടനമ്പർ നൽകുന്നത് സംബന്ധിച്ച വിവരങ്ങൾ രജിസ്റ്ററിൽ രേഖപ്പെടുത്തുന്നില്ല.

2. പെർമിറ്റ് അപേക്ഷകളിൻമേൽ A.E യുടെ അന്വേഷണ റിപ്പോർട്ട് പൂർണമല്ല.

തദ്ദേശസ്വയംഭരണവകുപ്പിന്റെ 2/12/15-ലെ നം.12900/ആർ/2015/ത.സ്വ.ഭ.വ സർക്കുലർ പ്രകാരം പെർമിറ്റ് അപേക്ഷകളിൽ എഞ്ചിനിയറിംഗ് വിഭാഗം തയ്യാറാക്കുന്ന റിപ്പോർട്ടിൽ പ്ലോട്ടിന്റെ സർവേ നമ്പർ, വിസ്തീർണ്ണം, വില്ലേജ് എന്നിവയും കെട്ടിടത്തിന്റെ കൈവശ ഗണം/ഉപയോഗം, വിസ്തീർണ്ണം, എഫ്.എ.ആർ, നിലകളുടെ എണ്ണം, കവറേജ്, പാർക്കിംഗ് മുതലായ വിവരങ്ങൾ, നിർദ്ദിഷ്ട നിർമ്മാണം കെട്ടിട നിയമങ്ങളും മറ്റനുബന്ധ നിയമങ്ങളും പാലിക്കുന്നുണ്ടോയെന്നുള്ള വിശദമായ അഭിപ്രായം എന്നിവ ഉൾപ്പെടുത്തേണ്ടതും, പ്രസ്തുത റിപ്പോർട്ടിൽ സ്ഥലപരിശോധന നടത്തി അളവുകളും അതിരുകളും തിട്ടപ്പെടുത്തുന്നത്, സ്ഥലത്തിന്റെ പേര്, വാർഡ് നമ്പർ, സർവെ / റീസർവെ നമ്പർ, വിസ്തൃതി, വഴിയുടെ വീതി, സ്ഥലത്തിന്റെ തരം, ചുറ്റുവട്ടത്തെ വികസനം, പെർമിറ്റ് ഫീസ് സംബന്ധമായ കണക്കാക്കലുകൾ, പെർമിറ്റ് അനുവദിക്കുന്നത് സംബന്ധിച്ച് കൃത്യമായ ശുപാർശ മുതലായവയും ഉൾപ്പെടുത്തേണ്ടതാണ്. എന്നാൽ പെർമിറ്റ് ഫയൽ പരിശോധിച്ചതിൽ AE യുടെ അന്വേഷണ റിപ്പോർട്ടിൽ പ്രസ്തുത വിവരങ്ങൾ ഒന്നും തന്നെ രേഖപ്പെടുത്തുന്നില്ല. നോട്ട് ഫയലിൽ കെട്ടിടത്തിന്റെ വിസ്തീർണം സംബന്ധിച്ച വിവരം മാത്രം എഴുതി ചേർക്കുന്നതായാണ് കാണുന്നത്.

3. പെർമിറ്റ് സംബന്ധിച്ച രജിസ്റ്ററിൽ ഡി.സി.ബി എഴുതി തയ്യാറാക്കിയിട്ടില്ല.

മേൽ അപാകതകൾ സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണം നം. 40/21.07.22 ന് മറുപടി ലഭ്യമാക്കിയിട്ടില്ല. രജിസ്റ്ററിൽ പൂർണമായ വിവരങ്ങൾ ഉൾപ്പെടുത്തുന്നതിന് ശ്രദ്ധിക്കേണ്ടതും ആവശ്യരേഖകൾ ഫയലിൽ ചേർക്കുന്നതിനുമുള്ള നടപടി സ്വീകരിക്കേണ്ടതുമാണ്.

## 1-23 വസ്തു നികുതി - അപാകതകൾ

1994 കേരള മുനിസിപ്പാലിറ്റി ആക്ട്, വകുപ്പ് 230, 231, 233, 2011 -ലെ മുനിസിപ്പാലിറ്റി (വസ്തുനികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങൾ എന്നിവ പ്രകാരം നഗരസഭയിൽ നികുതി നിർണയം നടത്തിയ കെട്ടിടങ്ങളുടെ വിവരം സഞ്ചയ സോഫ്റ്റ്‌വെയറിൽ പരിശോധിച്ചതിൽ കണ്ടെത്തിയ പ്രധാന അപാകങ്ങൾ ഉപഖണ്ഡികകളായി ചുവടെ ചേർക്കുന്നു.

## 1-23-1 വസ്തു നികുതി കുടിശ്ശിക ഈടാക്കേണ്ടതാണ്

സഞ്ചയ സോഫ്റ്റ് വെയർ പ്രകാരം അസംബ്ലി കെട്ടിടം, കൺവെൻഷൻ സെൻറർ, ആഡിറ്റോറിയം, കല്യാണ മണ്ഡപങ്ങൾ, ലോഡ്ജ്, സിനിമ തിയേറ്റർ എന്ന വിഭാഗത്തിൽ ഉൾപ്പെട്ട, ചുവടെ പറയുന്ന കെട്ടിടങ്ങളുടെ വസ്തു നികുതി 1994 കേരള മുനിസിപ്പാലിറ്റി ആക്ടിലെ 230, 231, 233 എന്നീ വകുപ്പുകൾ, 2011 -ലെ മുനിസിപ്പാലിറ്റി (വസ്തുനികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങൾ എന്നിവ പ്രകാരം ഡിമാന്റ് ചെയ്തിട്ടുണ്ടെങ്കിലും പിരിച്ചെടുത്തതായി കാണുന്നില്ല.

| ക്രമ നം. | വാർഡ്/ കെട്ടിട നമ്പർ | ഉടമയുടെ പേര് | കെട്ടിടത്തിന്റെ ഉപയോഗക്രമം | വിസ്തീർണം | വാർഷിക നികുതി തുക | കുടിശ്ശിക കാലയളവ് | കുടിശ്ശിക തുക |
|---|---|---|---|---|---|---|---|
| 1 | 1/431 | എസ്.എൻ.ഡി.പി. സഭാമഠം | കൺവെൻഷൻ സെൻറർ | 60 $M^2$ | 1916 | 2017 രണ്ടാം അർദ്ധ വർഷം മുതൽ 2021 ഒന്നാം അർദ്ധ വർഷം വരെ | 7664 |
| 2 | 9/343 | എം സദാശിവൻ നായർ | ഓഡിറ്റോറിയം | 120 $M^2$ | 3864 | 2017 ഒന്നാം അർദ്ധ വർഷം മുതൽ 2021 ഒന്നാം അർദ്ധ വർഷം വരെ | 17388 |
| 3 | 9/491 | പുഷ്പ, അഖിൽ | കൺവെൻഷൻ സെൻറർ | 25 $M^2$ | 570 | 2016 ഒന്നാം അർദ്ധ വർഷം മുതൽ 2021 ഒന്നാം അർദ്ധ | 3135 |

| | | | | | | | |
|---|---|---|---|---|---|---|---|
| | | | | | | വർഷം വരെ | |
| 4 | 9/1060 | ജി മോഹൻദാസ് | സിനിമ തിയേറ്റർ | 655.88 $M^2$ | 38882 | 2019 രണ്ടാം അർദ്ധ വർഷം മുതൽ 2021 ഒന്നാം അർദ്ധ വർഷം വരെ | 77764 |
| 5 | 9/1139 | സാറാമ്മ നായർ | കൺവെൻഷൻ സെൻറർ | 30 $M^2$ | 958 | 2016 ഒന്നാം അർദ്ധ വർഷം മുതൽ 2021 ഒന്നാം അർദ്ധ വർഷം വരെ | 5269 |
| 6 | 12/152 | എ ആർ റാണി | ലോഡ്ജ് | 85.76 $M^2$ | 3131 | 2016 ഒന്നാം അർദ്ധ വർഷം മുതൽ 2021 ഒന്നാം അർദ്ധ വർഷം വരെ | 17221 |
| 7 | 12/443/11 | റോണി മാളിയേക്കൽ | അസംബ്ലി കെട്ടിടം | 752.86 $M^2$ | 30899 | 2019 ഒന്നാം അർദ്ധ വർഷം മുതൽ 2021 ഒന്നാം അർദ്ധ വർഷം വരെ | 77248 |
| 8 | 15/128/5 | ശാലിനി | ലോഡ്ജ് | 43.88 $M^2$ | 2202 | 2020 ഒന്നാം അർദ്ധ വർഷം മുതൽ 2021 ഒന്നാം | 3303 |
| 9 | 12/233/1 | കെ ശിവരാജൻ | ലോഡ്ജ് | 32.6 $M^2$ | 448 | 2020 രണ്ടാം അർദ്ധ വർഷം മുതൽ 2021 ഒന്നാം അർദ്ധ വർഷം വരെ | 448 |
| 10 | 22/536/1 | ഡിസ്ട്രിക്ട് മാനേജർ,സാൽവേഷൻ ആർമി, | അസംബ്ലി കെട്ടിടം | 63.99 $M^2$ | 5541 | 2018 ഒന്നാം അർദ്ധ വർഷം മുതൽ 2021 ഒന്നാം അർദ്ധ വർഷം വരെ | 19394 |
| 11 | 28/423 | തെക്കത് | അസംബ്ലി കെട്ടിടം | 20 $M^2$ | 456 | 2016 ഒന്നാം അർദ്ധ വർഷം മുതൽ 2021 ഒന്നാം അർദ്ധ വർഷം വരെ | 2508 |

മേൽ അപാകത സംബന്ധിച്ച നൽകിയ ഓഡിറ്റ് അന്വേഷണം നം. 25/19.07.22 ന് മറുപടി ലഭ്യമാക്കിയിട്ടില്ല. നികുതി കുടിശ്ശിക പലിശ സഹിതം ഈടാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-23-2 നികുതി നിർണയം നടത്തിയ കെട്ടിടങ്ങളുടെ ഡേറ്റാ എൻട്രി പൂർത്തീകരിച്ചിട്ടില്ല

നഗരസഭയിൽ നികുതി നിർണയം നടത്തിയ മുഴുവൻ കെട്ടിടങ്ങളെയും വിവരങ്ങൾ സഞ്ചയസോഫ്റ്റ് വെയറിൽ ഡാറ്റാ എൻട്രി നടത്തി 01.04.2016 പ്രാബല്യത്തിൽ പുതുക്കിയ നികുതി നിർണയിച്ചിട്ടില്ല. സ.ഉ(സാധാ)നം.540/2019/തസ്വഭവ തീ.06.03.2019 പ്രകാരം നഗരസഭകളിലെ വസ്തു നികുതി പരിഷ്കരണ തീയതി 01.04.2016 ആയി പുതുക്കി നിശ്ചയിച്ചിട്ടുണ്ട്. കൂടാതെ കെട്ടിടങ്ങളുടെ ഫാറം 6 ലെ ഡേറ്റാ എൻട്രി 2019-20 വർഷത്തിൽ തന്നെ പൂർത്തീകരിക്കുന്നതിന് പ്രസ്തുത ഉത്തരവിൽ നിർദ്ദേശിച്ചിട്ടുണ്ട്. എന്നാൽ നഗരസഭയിലെ വാണിജ്യ കെട്ടിടങ്ങൾ ഉൾപ്പെടെ വിവിധ കെട്ടിടങ്ങളുടെ നികുതി പുനർനിർണയിക്കുകയോ വസ്തു നികുതി പിരിച്ചെടുക്കുകയോ ചെയ്തിട്ടില്ല. ഫോം 6 സ്റ്റാറ്റസ് - Not Start എന്ന് രേഖപ്പെടുത്തിയിരിക്കുന്നു. ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | വാർഡ്/കെട്ടിട നമ്പർ | ഉടമയുടെ പേര് | കെട്ടിടത്തിന്റെ ഉപയോഗക്രമം | വിസ്തീർണം | ARV/പ്ലിന്ത് ഏരിയ പ്രകാരമുള്ള വാർഷിക നികുതി |
|---|---|---|---|---|---|
| 1 | 2/85/2 | ബാലശങ്കർ റ്റി പി | പാർപ്പിടം | 268.9 | 1835 |
| 2 | 2/97/7 | കെ.പ്രഭാകരൻ | പാർപ്പിടം | 109 | 892 |
| 3 | 1/325/1 | ജിഞ്ചു | പാർപ്പിടം | 200 | 729 |
| 4 | 22/383/1 | സിന്ധു.പി.എൽ | പാർപ്പിടം | 48 | 60 |
| 5 | 14/256 | മുഹമ്മദ് ഷില്യ | പാർപ്പിടം | 50 | 281 |
| 6 | 21/405/1 | കാർത്തിക നായർ | പാർപ്പിടം | 90 | 203 |
| 7 | 8/0/22 | സുരേഷ് കുമാർ, ശോഭന കുമാരി | പാർപ്പിടം | 95 | 437 |
| 8 | 8/0/9 | കെ.കേശവൻ പോറ്റി | പാർപ്പിടം | 60 | 219 |

മേൽ അപാകത സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണം നം. 51/22.07.2022, 74/25.07.22 ന് മറുപടി ലഭ്യമാക്കിയിട്ടില്ല. നഗരസഭയിലെ കെട്ടിടങ്ങളുടെ ഡേറ്റാ എൻട്രി പൂർത്തീകരിച്ച് വസ്തു നികുതി പുനർ നിർണയിക്കേണ്ടതും വസ്തു നികുതി പിരിച്ചെടുത്ത് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

## 1-23-3 കെട്ടിടങ്ങളുടെ വസ്തുനികുതി ഡിമാന്റ് ചെയ്യുകയോ നികുതി പിരിച്ചെടുക്കുകയോ ചെയ്തിട്ടില്ല

1994 കേരള മുനിസിപ്പാലിറ്റി ആക്ടിലെ 230, 231, 233 എന്നീ വകുപ്പുകൾ, 2011 -ലെ മുനിസിപ്പാലിറ്റി (വസ്തുനികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങൾ എന്നിവ പ്രകാരം വസ്തു നികുതി നിർണയം നടത്തുന്ന എല്ലാ

കെട്ടിടങ്ങളുടെയും നികുതി നാളിതുവരെ ഡിമാന്റ് ചെയ്യുകയോ പിരിച്ചെടുക്കുകയോ ചെയ്തിട്ടില്ല. ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | വാർഡ്/കെട്ടിട നമ്പർ | ഉടമയുടെ പേര് | കെട്ടിടത്തിന്റെ ഉപയോഗക്രമം | വിസ്തീർണം ($M^2$) |
|---|---|---|---|---|
| 1 | 8/1/1 | എ.എം.അബൂബക്കർ | രേഖപ്പെടുത്തിയിട്ടില്ല | രേഖപ്പെടുത്തിയിട്ടില്ല |
| 2 | 8/19/A | LMS Complex | ബങ്കുകൾ | 5.02 |

മേൽ അപാകത സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണം നം.74/25.07.22 ന് മറുപടി ലഭ്യമാക്കിയിട്ടില്ല.
നഗരസഭയിലെ കെട്ടിടങ്ങളുടെ വസ്തു നികുതി നിർണയിച്ച് തുക ഈടാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-23-4 വസ്തുനികുതി ഡിമാന്റ് ചെയ്യാതെ പിരിവ് നടത്തുന്നു

2011-ലെ കേരള മുനിസിപ്പാലിറ്റി (വസ്തു നികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങൾ, ചട്ടം 3 പ്രകാരം 1994-ലെ കേരള മുനിസിപ്പാലിറ്റി ആക്ട്, 235-ാം വകുപ്പ് പ്രകാരം വസ്തു നികുതിയിൽ നിന്ന് ഒഴിവാക്കപ്പെട്ടിട്ടില്ലാത്ത ഓരോ കെട്ടിടത്തിനും 233-ാം വകുപ്പ് പ്രകാരവും ചട്ടങ്ങൾ പ്രകാരവും സെക്രട്ടറി വസ്തു നികുതി ചുമത്തേണ്ടതാണ്. സഞ്ചയ സോഫ്റ്റ് വെയർ പരിശോധിച്ചതിൽ നഗരസഭയിലെ വസ്തു നികുതി നിർണയം നടത്തിയ വിവിധ കെട്ടിടങ്ങളുടെ വാർഷിക ഡിമാന്റ് തുക രേഖപ്പെടുത്താതെ (ഡിമാന്റ് തുക 0) കെട്ടിടങ്ങളുടെ വസ്തു നികുതി പിരിച്ചെടുത്തിട്ടുണ്ട്. ഇത്തരത്തിൽ പിരിച്ചെടുത്ത തുക നിലവിൽ അഡ്വാൻസ് ഇനത്തിൽ നില നിൽക്കുന്നതായി രേഖപ്പെടുത്തിയിട്ടുണ്ട്. ഉദാഹരണം ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | വാർഡ്/കെട്ടിട നമ്പർ | ഉടമയുടെ പേര് | കെട്ടിടത്തിന്റെ ഉപയോഗക്രമം | വിസ്തീർണം | നാളിതുവരെ പിരിച്ചെടുത്ത തുക |
|---|---|---|---|---|---|
| 1 | 8/1 | എ.എം.അബൂബക്കർ | പാർപ്പിടം | 230 $M^2$ | 3603 |

മേൽ അപാകത സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണം നം.74/25.07.22 ന് മറുപടി ലഭ്യമാക്കിയിട്ടില്ല.
നഗരസഭയിലെ കെട്ടിടങ്ങളുടെ വസ്തു നികുതി നിർണയിച്ച് അപാകങ്ങൾ പരിഹരിക്കേണ്ടതും വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

## 1-23-5 കെട്ടിടങ്ങളുടെ വസ്തുനികുതി ഡിമാന്റ് ചെയ്തിട്ടുണ്ടെങ്കിലും പിരിച്ചെടുത്തിട്ടില്ല

സഞ്ചയ സോഫ്റ്റ് വെയറിൽ നഗരസഭയിലെ വിവിധ വാർഡുകൾ പരിശോധിച്ചതിൽ, താഴെപ്പറയുന്ന കെട്ടിടങ്ങളെ, 1994 കേരള മുനിസിപ്പാലിറ്റി ആക്ടിലെ 230, 231, 233 എന്നീ വകുപ്പുകൾ, 2011 -ലെ മുനിസിപ്പാലിറ്റി (വസ്തുനികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങൾ എന്നിവ പ്രകാരം വസ്തു നികുതി നിർണയം നടത്തി നികുതി ഡിമാന്റ് ചെയ്തിട്ടുണ്ടെങ്കിലും നികുതി പിരിച്ചെടുത്തതായി കാണുന്നില്ല.

| ക്രമ നം. | വാർഡ്/ കെട്ടിട നമ്പർ | ഉടമയുടെ പേര് | കെട്ടിടത്തിന്റെ ഉപയോഗക്രമം | വിസ്തീർണം ($M^2$) | വാർഷിക നികുതി തുക | കുടിശ്ശിക കാലയളവ് |
|---|---|---|---|---|---|---|
| 1 | 19/327 | എൻ.രാജമ്മ | പാർപ്പിടം | 69.6 | 58 | 2016 ഒന്നാം അർദ്ധ വർഷം മുതൽ |
| 2 | 1/325/1 | ജിഞ്ചു | പാർപ്പിടം | 200 | 729 | 2019 രണ്ടാം അർദ്ധ വർഷം മുതൽ |
| 3 | 22/383/1 | സിന്ധു.പി.എൽ | പാർപ്പിടം | 48 | 60 | 2015 ഒന്നാം അർദ്ധ വർഷം മുതൽ |
| 4 | 3/197/3 | ബിന്ദു.എം.കെ | ഷോപ്പുകൾ | 8.78 | 484 | 2020 രണ്ടാം അർദ്ധ വർഷം മുതൽ |
| 5 | 32/336/4 | നിസാമുദ്ദീൻ.എസ് | പാർപ്പിടം | 81.47 | 930 | 2021 ഒന്നാം അർദ്ധ വർഷം മുതൽ |
| 6 | 32/336/5 | നിസാമുദ്ദീൻ.എസ് | പാർപ്പിടം | 81.47 $M^2$ | 930 | 2021 ഒന്നാം അർദ്ധ വർഷം മുതൽ |
| 7 | 12/211/1 | അനീഷ് കുമാർ.വി | പാർപ്പിടം | 198.5 $M^2$ | 2491 | 2021 ഒന്നാം അർദ്ധ വർഷം മുതൽ |

മേൽ അപാകത സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണം നം.51/22.07.22 ന് മറുപടി ലഭ്യമാക്കിയിട്ടില്ല. നികുതി കുടിശ്ശിക ഈടാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-23-6 പൊളിച്ചുനീക്കിയ കെട്ടിടങ്ങളുടെ നികുതി പൂർണമായും ഈടാക്കുന്നില്ല

2011 ലെ കേരള മുനിസിപ്പാലിറ്റി (വസ്തുനികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങൾ, ചട്ടം 24 പ്രകാരം ഒരു കെട്ടിടം പൊളിച്ചു കളയുമ്പോൾ കെട്ടിട ഉടമ സെക്രട്ടറിയ്ക്ക് നോട്ടീസ് നൽകേണ്ടതും പൊളിച്ചുകളയുന്ന അർദ്ധ

വർഷത്തിന്റെ അവസാനം വരെയുള്ള നികുതി ഒടുക്കേണ്ടതുമാണ്. എന്നാൽ സഞ്ചയ സോഫ്റ്റ് വെയർ പരിശോധിച്ചതിൽ, പൊളിച്ചു മാറ്റുന്ന കെട്ടിടങ്ങളുടെ, പൊളിച്ചു മാറ്റുന്നതു വരെയുള്ള അർദ്ധവർഷത്തെ നികുതി ഡിമാന്റ് ചെയ്ത് ഈടാക്കുന്നില്ല എന്നു കാണുന്നു. ഉദാഹരണം ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | വാർഡ്/കെട്ടിട നമ്പർ | ഉടമയുടെ പേര് | കെട്ടിടത്തിന്റെ ഉപയോഗക്രമം | വിസ്തീർണം ($M^2$) | കാലയളവ് | വാർഷിക നികുതി തുക | കുടിശ്ശിക തുക |
|---|---|---|---|---|---|---|---|
| 1 | 16/452 | വിക്ടോറിയ | ഷോപ്പുകൾ | 21.2 | 2016 രണ്ടാം അർദ്ധവർഷം മുതൽ 2020 രണ്ടാം അർദ്ധവർഷം വരെ | 800 | 3600 |

മേൽ അപാകത സംബന്ധിച്ച നൽകിയ ഓഡിറ്റ് അന്വേഷണം നം. 51/22.07.22 ന് മറുപടി ലഭ്യമാക്കിയിട്ടില്ല. പൊളിച്ചു മാറ്റുന്ന കെട്ടിടങ്ങളുടെ നികുതി പൂർണമായും ഈടാക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്.

## 1-23-7 അറുപത് ചതുരശ്ര മീറ്ററിൽ കൂടുതൽ വിസ്തീർണ്ണമുള്ള കെട്ടിടങ്ങൾക്ക് ഇളവ് നൽകി

ജി.ഒ(എം.എസ്).144/15/തസ്വഭവ, തീ.27.04.2015, ജി.ഒ(എം.എസ്).358/15/തസ്വ ഭവ, തീ. 16.12.2015 പ്രകാരം 60 ച.മീ (660 ചതുരശ്ര അടി) വരെ വിസ്തീർണ്ണമുള്ള കെട്ടിടങ്ങൾക്ക് നികുതി ഒഴിവാക്കിയിട്ടുണ്ട്. കൂടാതെ കുടുംബനാഥന്റെ സ്വന്തം പേരിലുള്ള സ്വന്തം ആവശ്യത്തിനുള്ള ഒരു വാസ ഗൃഹത്തിന് മാത്രമായി പ്രസ്തുത ഒഴിവാക്കൽ പരിമിതപ്പെടുത്തിയിട്ടുണ്ട്. എന്നാൽ സഞ്ചയ സോഫ്റ്റ്‌വെയറിൽ വാർഡ് 5 മാത്രം പരിശോധിച്ചതിൽ ഒരേ ഉടമസ്ഥന്റെ ഒന്നിൽ കൂടുതൽ കെട്ടിടങ്ങൾക്ക് നികുതി ഒഴിവാക്കി നൽകിയിട്ടുണ്ട്. ഉദാഹരണം ചുവടെ ചേർക്കുന്നു.

| ക്രമ നം. | വാർഡ്/ കെട്ടിട നം. | പേര് /വിലാസം | കാലയളവ് |
|---|---|---|---|
| 1 | 5/177 | സുബൈദ, കുഴിന്തറക്കോണം | 2018 ഒന്നാം അർദ്ധവർഷം മുതൽ |
| | 5/179 | സുബൈദ, കുഴിന്തറക്കോണം | 2020 ഒന്നാം അർദ്ധവർഷം മുതൽ |
| 2 | 5/225 | കെ.വിജയൻ | 2020 ഒന്നാം അർദ്ധവർഷം മുതൽ |
| | 5/227 | കെ.വിജയൻ | 2020 ഒന്നാം അർദ്ധവർഷം മുതൽ |
| 3 | 5/324 (1) | ആർ.ബാബു, പൊയ്ക്കക്കുഴി വീട് | 2015 ഒന്നാം അർദ്ധവർഷം മുതൽ |
| | 5/324 (1A) | ആർ.ബാബു, പൊയ്ക്കക്കുഴി വീട് | 2015 ഒന്നാം അർദ്ധവർഷം മുതൽ |
| 4 | 5/462/1 | മുരളീധരൻ ആശാരി, മുരളീ നിവാസ് | 2020 രണ്ടാം അർദ്ധവർഷം മുതൽ |
| | 5/463 | മുരളീധരൻ ആശാരി, മുരളീ നിവാസ് | 2017 ഒന്നാം അർദ്ധവർഷം മുതൽ |
| 5 | 5/499 | രജിത, മരങ്ങാട് വടക്കുംകര വീട് | 2015 ഒന്നാം അർദ്ധവർഷം മുതൽ |
| | 5/499 | രജിത, മരങ്ങാട് വടക്കുംകര വീട് | 2019 രണ്ടാം അർദ്ധവർഷം മുതൽ |

മേൽ അപാകത സംബന്ധിച്ച നൽകിയ ഓഡിറ്റ് അന്വേഷണം നം.72/25.07.22 ന് മറുപടി ലഭ്യമാക്കിയിട്ടില്ല. തെറ്റായ ഇളവ് രേഖപ്പെടുത്തിയ കെട്ടിടങ്ങളുടെ നികുതി പുനർനിർണയിച്ച് കുടിശ്ശിക സഹിതം തുക ഈടാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-23-8 നിയമാനുസൃത കെട്ടിടങ്ങൾക്ക് യു.എ നമ്പർ നൽകി-നികുതി ഡിമാന്റ് ചെയ്ത് ഈടാക്കിയിട്ടില്ല

സഞ്ചയ സോഫ്റ്റ്‌വെയർ പരിശോധിച്ചതിൽ നിയമാനുസൃത കെട്ടിടമായി ഉൾപ്പെടുത്തിയിരിക്കുന്ന കെട്ടിടങ്ങൾക്ക് യു.എ നം. നൽകിയിരിക്കുന്നതായി കാണുന്നു. കൂടാതെ അവയുടെ ഡേറ്റാ എൻട്രി പൂർത്തിയായിട്ടില്ലായെന്നും സഞ്ചയയിൽ രേഖപ്പെടുത്തിയിട്ടുണ്ട്. പ്രസ്തുത കെട്ടിടങ്ങളിൽ നിന്നും നാളിതുവരെ കെട്ടിട നികുതി ഡിമാന്റ് ചെയ്യുകയോ പിരിച്ചെടുക്കുകയോ ചെയ്തിട്ടില്ല. ഉദാഹരണം ചുവടെ ചേർക്കുന്നു.

| ക്രമ നം. | വാർഡ് നമ്പർ/ കെട്ടിട നം. | കെട്ടിട ഉടമയുടെ പേര്, വിലാസം | സഞ്ചയ പ്രകാരമുള്ള വാർഷിക വസ്തു നികുതി |
|---|---|---|---|

| | | | |
|---|---|---|---|
| 1 | 8/26/29UA | ബി.എസ്.ജയചന്ദ്രൻ, ബിനി ക്ലിനിക് | 924 |
| 2 | 8/26/UA | രാജേന്ദ്രപ്രസാദ്, സിന്ധു | 1404 |
| 3 | 8/27/8UA | പി.ചക്രപാണി, ചിറയിൽ വീട് | 183 |
| 4 | 8/59/13UA | നാഗപ്പൻ പിള്ള | 97 |
| 5 | 8/59/UA | വിജയകുമാരി, ആനന്ദ ഭവൻ | 2217 |
| 6 | 8/165/UA | വിമുക്ത ഭവൻ, പഴകുറ്റി | 6567 |
| 7 | 8/144/18UA | മുഹമ്മദ് മുബാറക്, പുത്തൻ ബംഗ്ലാവ് | 7986 |
| 8 | 8/242/25 UA | സുജ പരമേശ്വരൻ, നീല ഭവൻ | 69 |
| 9 | 8/242/UA | രഞ്ജിത.പി | 58 |
| 10 | 8/227/UA | ശ്രീകുമാർ, സിന്ധു | 411 |
| 11 | 8/225/UA | അനിൽ | 384 |
| 12 | 8/229/UA | മധുസൂദനൻ നായർ, വിളയിൽ വീട് | 309 |
| 13 | 8/231/UA | കെ.ബി.സതീഷ് കുമാർ, കാർത്തിക | 288 |

മേൽ അപാകതകൾ സംബന്ധിച്ച നൽകിയ ഓഡിറ്റ് അന്വേഷണം നം. 80/25.07.22 ന് മറുപടി ലഭ്യമാക്കിയിട്ടില്ല. നികുതി കുടിശ്ശിക സഹിതം ഈടാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-23-9 അനധികൃത കെട്ടിടങ്ങളുടെ വിവരം സൂക്ഷിച്ചിട്ടില്ല

2011-ലെ കേരള മുനിസിപ്പാലിറ്റി (വസ്തു നികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങൾ, ചട്ടം 20(1) പ്രകാരം നിയമാനുസൃതമല്ലാതെ നിർമ്മിക്കുന്ന കെട്ടിടങ്ങൾക്ക് പ്രത്യേക കെട്ടിട നമ്പർ നൽകി അവയെ സംബന്ധിച്ച വിവരങ്ങൾ ചട്ടപ്രകാരമുള്ള ഫാറം നമ്പർ 10 ലുള്ള രജിസ്റ്ററിൽ രേഖപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്. എന്നാൽ നഗരസഭയിൽ പരിപാലിക്കുന്ന രജിസ്റ്റർ ഫാറം നമ്പർ 10 പ്രകാരമുള്ളതല്ല. കൂടാതെ അപൂർണവുമാണ്. 1 മുതൽ 20 വരെയുള്ള കെട്ടിടങ്ങളുടെ വിവരങ്ങൾ പരിശോധിച്ചതിൽ സഞ്ചയ പ്രകാരമുള്ള വിവരങ്ങളും പ്രസ്തുത രജിസ്റ്ററിലെ രേഖപ്പെടുത്തലും പൊരുത്തപ്പെടുന്നില്ല. വിശദാംശം ചുവടെ ചേർക്കുന്നു.

A) സഞ്ചയയിൽ ഉൾപ്പെട്ടതും രജിസ്റ്ററിൽ രേഖപ്പെടുത്താത്തതുമായ കെട്ടിടങ്ങളുടെ വിവരം

| ക്രമ നം. | വാർഡ് നമ്പർ/ കെട്ടിട നം. | കെട്ടിട ഉടമയുടെ പേര്, വിലാസം | സഞ്ചയ പ്രകാരമുള്ള വസ്തു നികുതി |
|---|---|---|---|
| 1 | 2/149/UA | ഇല്ല | 6738 |
| 2 | 6/48/UA | മുഹമ്മദ് റാഫി<br>ബിസ്മില്ലാ ടവർ, പതിനൊന്നാം കല്ല് | 25839 |
| 3 | 7/1/2022 UA | മുജീബ്.എ.എസ്, സോണി ടവർ, പഴകുറ്റി | 420183 |
| 4 | 7/302/2UA | ഇല്ല | 286488 |
| 5 | 9/26 / 3UA | ഇല്ല | 187704 |
| 6 | 9/1011/1UA | ഇല്ല | 1830 |
| 7 | 9/1011/2 | ഇല്ല | 38829 |
| 8 | 16/454 UA | ആന്റണി, ശാരോൺ, മല്ലംബ്രക്കോണം | 4569 |
| 9 | 16/455 UA | ആന്റണി, ശാരോൺ, മല്ലംബ്രക്കോണം | 4716 |

| | | | |
|---|---|---|---|
| 10 | 17/UA 17/414 A | ഷാജ, ഷഹ്ദാൻ മൻസിൽ, കൊർളിയോട് | 332 |
| 11 | 18/UA 1/22 | സജീർ, എം/എസ് ഫൈസ് ഫ്യൂവൽസ് | 32817 |
| 12 | 18/UA 2/22 | സജീർ, എം/എസ് ഫൈസ് ഫ്യൂവൽസ് | 17694 |
| 13 | 18/UA 411/1 | എസ്.സ്നേഹലത, ലതാ ഭവൻ, പൂങ്കാവനം | 397 |

B) രജിസ്റ്ററിൽ രേഖപ്പെടുത്തിയ താഴെപ്പറയുന്ന കെട്ടിടങ്ങൾ സഞ്ചയയിൽ രേഖപ്പെടുത്തിയിട്ടില്ല.

| ക്രമ നം. | വാർഡ് നമ്പർ/ കെട്ടിട നം. | കെട്ടിട ഉടമയുടെ പേര്, വിലാസം | രജിസ്റ്റർ പ്രകാരമുള്ള വസ്തു നികുതി |
|---|---|---|---|
| 1 | 3/8(7) UA | സജീന, ഷാജി മൻസിൽ | 815 |
| 2 | 12/635 UA | മുജീബ്, സഫാ ബിൽഡിംഗ് | 4917 |
| 3 | 13/125(13) UA | വിജയകുമാർ.കെ.കെ, ഭാരതീയ മസ്ദൂർ സേവാ സംഘം | 1563 |
| 4 | 13/125(14) UA | വിജയകുമാർ.കെ.കെ, ഭാരതീയ മസ്ദൂർ സേവാ സംഘം | 14970 |
| 5 | 20/439(3) UA | രാജേന്ദ്രൻ, ഷീബാഹൗസ് | 1642 |

മേൽ അപാകതകൾ സംബന്ധിച്ച നൽകിയ ഓഡിറ്റ് അന്വേഷണം നം.63/23.07.22 ന് മറുപടി ലഭ്യമാക്കിയിട്ടില്ല. രജിസ്റ്ററുകൾ കൃത്യമായി പരിപാലിക്കേണ്ടതും അനധികൃത നിർമ്മാണങ്ങളിൻമേൽ തുടർ നടപടികൾ സ്വീകരിച്ച് വിവരം റിപ്പോർട്ട് ചെയ്യേണ്ടതുമാണ്.

## 1-23-10 അനധികൃത കെട്ടിടങ്ങളിൽ പ്രവർത്തിക്കുന്ന സ്ഥാപനത്തിന്റെ വിവരങ്ങൾ സഞ്ചയയിൽ പൂർണമല്ല

1. നെടുമങ്ങാട് നഗരസഭയിലെ 36-ാംവാർഡായ ചിറയ്ക്കാണിയിലെ എസ് യു ടി അക്കാദമി ഓഫ് മെഡിക്കൽ സയൻസ് എന്ന സ്ഥാപനം (കെട്ടിട ഉടമ- ശ്രീ.ജയരാമൻ, മാനേജിംഗ് ട്രസ്റ്റി, ശ്രീ കാഞ്ചികാമകോടി പീഠം) പ്രവർത്തിക്കുന്ന കെട്ടിടങ്ങൾ സഞ്ചയ സോഫ്റ്റ് വെയർ പ്രകാരം ആശുപത്രി എന്ന ഉപയോഗക്രമത്തിലാണ്. സോഫ്റ്റ് വെയർ പ്രകാരം ബന്ധപ്പെട്ട കെട്ടിടങ്ങളുടെ നികുതി ഡിമാന്റ് ചെയ്യുകയോ പിരിച്ചെടുക്കുകയോ ചെയ്തിട്ടില്ല. എന്നാൽ 2020-21 ലെ പ്രസ്തുത കെട്ടിടങ്ങളുടെ ഉടമാസ്ഥാവകാശം കൈമാറ്റം ചെയ്യുന്നതുമായി ബന്ധപ്പെട്ട R2/10644/2020 നം. ഫയൽ പരിശോധിച്ചതിൽ, ആകെയുള്ള 31 കെട്ടിടങ്ങളുടേയും 2020-21 വർഷം വരെയുള്ള നികുതി കടിശ്ശിക തുകയായി 9,27,577 രൂപ രസീത് നം.011188/07.11.20 പ്രകാരം ഒടുക്കിയിട്ടുണ്ട്. എന്നാൽ നികുതി ഒടുക്കൽ സംബന്ധിച്ച വിവരങ്ങൾ ഒന്നും തന്നെ സഞ്ചയയിൽ അപ്ഡേറ്റ് ചെയ്തിട്ടില്ല.

2. ഫയൽ പ്രകാരം നിയമാനുസൃതമല്ലാത്ത കെട്ടിടങ്ങൾ ഉൾപ്പെടെയുള്ളവയുടെ ഉടമാസ്ഥാവകാശം ശ്രീ.അരുൺ കുമാർ, ട്രസ്റ്റി, മൂകാംബിക ചാരിറ്റബിൾ & എഡ്യുക്കേഷണൽ ട്രസ്റ്റ് ന്റെ പേരിലേയ്ക്ക് മാറ്റിയിട്ടുണ്ട്. എന്നാൽ സഞ്ചയയിൽ അതു സംബന്ധിച്ച യാതൊരു രേഖപ്പെടുത്തലും വരുത്തിയിട്ടില്ല. ഇപ്പോഴും ശ്രീ.ജയരാമൻ, മാനേജിംഗ് ട്രസ്റ്റീ, ശ്രീ കാഞ്ചികാമകോടി പീഠത്തിന്റെ പേരിലാണ് സഞ്ചയയിൽ കെട്ടിടങ്ങൾ നിലനിൽക്കുന്നത്.

3. 20.05.21 ലെ നം.ആർ2/10644/2020 ഉത്തരവ് പ്രകാരം എസ് യു ടി അക്കാദമി ഓഫ് മെഡിക്കൽ സയൻസിന്റെ 9 അനധികൃത കെട്ടിടങ്ങൾക്ക് 1994 ലെ കേരള മുനിസിപ്പാലിറ്റി ആക്ട് 242 പ്രകാരം 2020-21 ഒന്നാം അർദ്ധവർഷം മുതൽ വസ്തു നികുതി ചുമത്തി ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. വിശദവിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം. | കെട്ടിടം | കെട്ടിട നം. | തറവിസ്തീർണം | വാർഷിക നികുതി |
|---|---|---|---|---|
| 1 | Main Hospital | 36/UA1/2021 | 19437 | 997118 |
| 2 | Staff Quarters | 36/UA2/2021 | 3162 | 432562 |
| 3 | Ladies Hostel | 36/UA3/2021 | 5394 | 737899 |
| 4 | Gents Hostel | 36/UA4/2021 | 2094 | 286459 |
| 5 | Educational Block | 36/UA5/2021 | 5487 | 281483 |
| 6 | New Administrative Block | 36/UA6/2021 | 6882 | 1412186 |
| 7 | Lecture Hall Theatre Auditorium | 36/UA7/2021 | 4464 | 1044675 |
| 8 | Nursing Quarters | 36/UA8/2021 | 2279 | 533286 |
| 9 | Public Canteen | 36/UA9/2021 | 419 | 114639 |

എന്നാൽ മേൽ അനധികൃത കെട്ടിടങ്ങളുടെ വിവരങ്ങൾ ഒന്നും തന്നെ സഞ്ചയയിൽ ഉൾപ്പെടുത്തിയിട്ടില്ല. അവയുടെ 2020-21 വർഷത്തെ നികുതി ഡിമാന്റ് ചെയ്തതിന്റേയും തുക പിരിച്ചെടുത്തതിന്റേയും വിവരങ്ങൾ ലഭ്യമാക്കേണ്ടതാണ്.

4. 2011 ലെ കേരള മുനിസിപ്പാലിറ്റി (വസ്തു നികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങൾ, ചട്ടം 18 (4) പ്രകാരം നിയമാനുസൃതമല്ലാതെ നിർമ്മിച്ചതും പ്രത്യേക കെട്ടിടനമ്പർ നൽകപ്പെട്ടതും 406-ാം വകുപ്പ് പ്രകാരമുള്ള നടപടിയ്ക്ക് വിധേയമാക്കേണ്ടതുമായ കെട്ടിടങ്ങൾ കച്ചവടത്തിനായോ വ്യാപാരത്തിനായോ വ്യവസായാവശ്യത്തിനായോ മറ്റേതെങ്കിലും ആവശ്യത്തിനായോ ഉപയോഗപ്പെടുത്തുന്നതിന് മുനിസിപ്പാലിറ്റി അനുമതിയോ ലൈസൻസോ നൽകാൻ പാടുള്ളതല്ല. എന്നാൽ എസ് യു ടി അക്കാദമി ഓഫ് മെഡിക്കൽ സയൻസിന്റെ 9 അനധികൃത കെട്ടിടങ്ങളിൽ മേൽ ആവശ്യങ്ങൾക്ക് അനുമതി നൽകിയതിനുള്ള കാരണം വ്യക്തമാക്കേണ്ടതാണ്.

മേൽ അപാകതകൾ സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണം നം. 86/26.07.22 ന് മറുപടി ലഭ്യമാക്കിയിട്ടില്ല. നികുതി തുക ഈടാക്കിയതിന്റെ വിവരങ്ങൾ ലഭ്യമാക്കേണ്ടതും ക്രമവിരുദ്ധമായി നൽകിയ അനുമതി റദ്ദ് ചെയ്യേണ്ടതും അനധികൃത കെട്ടിടങ്ങളുടെ പൂർണമായ വിവരങ്ങൾ സഞ്ചയയിൽ രേഖപ്പെടുത്തേണ്ടതുമാണ്.

## 1-23-11 അനധികൃത കെട്ടിടങ്ങളിൽ പ്രവർത്തിക്കുന്ന മൊബൈൽ ടവറുകളുടെ വസ്തു നികുതി സംബന്ധിച്ച്

എ) അനധികൃത കെട്ടിടങ്ങളിൽ പ്രവർത്തിക്കുന്ന താഴെപ്പറയുന്ന മൊബൈൽ ടവറുകളുടെ വസ്തു നികുതി ഡിമാന്റ് ചെയ്തിട്ടുണ്ടെങ്കിലും നികുതിയിനത്തിൽ നാളിതുവരെ തുകയൊന്നും തന്നെ ഒടുക്കിയിട്ടുള്ളതായി കാണുന്നില്ല. 2020-21 വർഷം വരെയുള്ള കുടിശ്ശിക സംബന്ധിച്ച വിശദാംശം ചുവടെ ചേർക്കുന്നു.

| ക്രമ നം. | കെട്ടിട നം. | അനധികൃത നിർമ്മാണത്തിന്റെ വർഷം | ഉപയോഗം തുടങ്ങിയ തീയതി | ഉടമ/സ്ഥാപനം | നികുതി കുടിശ്ശിക |
|---|---|---|---|---|---|
| 1 | 5/507/ UA | 2004-05 | 15.06.04 | മൊബൈൽ ടവർ | 116280 (2013 ഒന്നാം അർദ്ധ വർഷം മുതൽ) |

ബി) നിയമാനുസൃത കെട്ടിടമായി ഉൾപ്പെടുത്തിയിരിക്കുന്നതും എന്നാൽ യു.എ നം. നൽകിയിരിക്കുന്നതുമായ ചുവടെ പറയുന്ന കെട്ടിടങ്ങളിൽ പ്രവർത്തിക്കുന്ന മൊബൈൽ ടവറുകളുടെ വസ്തു നികുതി ഡിമാന്റ് ചെയ്തിട്ടുണ്ടെങ്കിലും നികുതിയിനത്തിൽ നാളിതുവരെ തുകയൊന്നും തന്നെ ഒടുക്കിയിട്ടുള്ളതായി കാണുന്നില്ല. 2020-21 വർഷം വരെയുള്ള കുടിശ്ശിക സംബന്ധിച്ച വിശദാംശം ചുവടെ ചേർക്കുന്നു.

| ക്രമ നം. | കെട്ടിട നം. | ഉടമ/സ്ഥാപനം | നികുതി കുടിശ്ശിക |
|---|---|---|---|
| 1 | 8/913/UA | മൊബൈൽ ടവർ | 16985 (2013 ഒന്നാം അർദ്ധ വർഷം മുതൽ) |

മേൽ അപാകത സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണം നം. 82/25.07.22 ന് മറുപടി ലഭ്യമാക്കിയിട്ടില്ല. നികുതി കുടിശ്ശിക ഈടാക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതും അനധികൃത നിർമ്മാണങ്ങളിൻമേൽ തുടർ നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

## 1-23-12 മൊബൈൽ ടവറുകളുടെ വസ്തു നികുതി കുടിശ്ശിക പിരിച്ചെടുത്തിട്ടില്ല

എ) താഴെപ്പറയുന്ന വിവിധ ടെലഫോൺ ടവറുകളുടെ 2020-21 വർഷം വരെയുള്ള വസ്തു നികുതി ഡിമാന്റ് ചെയ്തിട്ടുണ്ടെങ്കിലും നികുതിയിനത്തിൽ നാളിതുവരെ തുകയൊന്നും തന്നെ ഒടുക്കിയിട്ടുള്ളതായി കാണുന്നില്ല.

| ക്രമ നം. | കെട്ടിട നം. | ഉടമ/സ്ഥാപനം | 2020-21 വരെയുള്ള കുടിശ്ശിക |
|---|---|---|---|
| 1 | 8/912 | റാറ്റ ടെലിസർവീസ് ലിമിറ്റെഡ് | 25076 (2013 ഒന്നാം അർദ്ധ വർഷം മുതൽ) |
| 2 | 24/427 | ഭാരതി ഇൻഫ്രാട്ടെൽ ലിമിറ്റഡ് | 30918 (2013 ഒന്നാം അർദ്ധ വർഷം മുതൽ) |
| 3 | 8/1319 | ഡിഷ്നെറ്റ് വയർലെസ്സ് ലിമിറ്റെഡ് | 43394*(2013 ഒന്നാം അർദ്ധ വർഷം മുതൽ) |
| 4 | 28/397 | ഇൻഡസ് ടവർ ലിമിറ്റഡ് | 106974 (2013 ഒന്നാം അർദ്ധ വർഷം മുതൽ) |
| 5 | 28/432 | മൊബൈൽ ടവർ | 73649 (2013 ഒന്നാം അർദ്ധ വർഷം മുതൽ) |
| 6 | 32/334 | എം/ എസ് റിലിയൻസ് ഇൻഫ്രാടെൽ ലിമിറ്റഡ് | 39508 (2016 ഒന്നാം അർദ്ധ വർഷം മുതൽ) |

* 2019 രണ്ടാം അർദ്ധവർഷം വരെയുള്ള നികുതി മാത്രമാണ് ഡിമാന്റ് ചെയ്തിരിക്കുന്നത്.

ബി) താഴെപ്പറയുന്ന മൊബൈൽ ടവറുകളുടെ ഡിമാന്റ് ചെയ്ത വസ്തു നികുതിയിലും കുറവായിട്ടാണ് നികുതി ഒടുക്ക് വരുത്തിയിട്ടുള്ളത്. 2020-21 വർഷം വരെയുള്ള കുടിശ്ശിക സംബന്ധിച്ച വിശദാംശം ചുവടെ ചേർക്കുന്നു.

1)

| കെട്ടിട നം.15/389 | | | | ഇൻഡസ് ടവേർസ് ലിമിറ്റഡ് | |
|---|---|---|---|---|---|
| Demand | | | | Collection | Balance |
| Sl. No | Year | Period | Amount | Amount | Amount |
| 1 | 2016 | Second Half | 5728 | 4770 | 958 |
| 2 | 2017 | Second Half | 5728 | 4770 | 958 |
| 3 | 2018 | Second Half | 5728 | 4770 | 958 |
| 4 | 2019 | Second Half | 5728 | 4770 | 958 |
| 5 | 2020 | Second Half | 5728 | 4770 | 958 |
| 6 | 2021 | First Half | 5730 | - | 5730 |

2)

| കെട്ടിട നം.38/255 | | | | ഇൻഡസ് ടവർ ലിമിറ്റഡ് | |
|---|---|---|---|---|---|
| Demand | | | | Collection | Balance |
| Sl. No | Year | Period | Amount | Amount | Amount |
| 1 | 2016 | Second Half | 14594 | 10368 | 4226 |
| 2 | 2017 | Second Half | 14594 | 10368 | 4226 |
| 3 | 2018 | Second Half | 14594 | 10368 | 4226 |
| 4 | 2019 | Second Half | 14594 | 10368 | 4226 |
| 5 | 2020 | Second Half | 14594 | 10368 | 4226 |
| 6 | 2021 | First Half | 14596 | - | 14596 |

3)

| കെട്ടിട നം.7/67/2 | | | | ഇൻഡസ് ടവർ ലിമിറ്റഡ് | |
|---|---|---|---|---|---|
| Demand | | | | Collection | Balance |
| Sl. No | Year | Period | Amount | Amount | Amount |
| 1 | 2021 | First Half | 2138 | - | 2138 |

4)

| കെട്ടിട നം.20/41 | | | | ഭാരതി ഇന്ഫ്രാടെൽ | |
|---|---|---|---|---|---|
| Demand | | | | Collection | Balance |
| Sl. No | Year | Period | Amount | Amount | Amount |
| 1 | 2020 | Second Half | 4025 | - | 4025 |
| 2 | 2021 | First Half | 4025 | - | 4025 |

മേൽ അപാകതകൾ സംബന്ധിച്ച നൽകിയ ഓഡിറ്റ് അന്വേഷണം നം.36/20.07.22 ന് മറുപടി ലഭ്യമാക്കിയിട്ടില്ല. നഗരസഭാപരിധിയിലുള്ള മൊബൈൽ ടവറുകളുടെ വിവരം സംബന്ധിച്ച നൽകിയ ഓഡിറ്റ് അന്വേഷണം നം.3/16.07.22 ന് ലഭ്യമാക്കിയ മറുപടി പ്രകാരം അപാകത എ) യിലെ പട്ടികയിലുള്ള മൊബൈൽ ടവറുകളുടെ നികുതി കുടിശ്ശിക ഈടാക്കുന്നതിന് 23.07.22 ന് ഡിമാന്റ് നോട്ടീസ് അയച്ചിട്ടുള്ളതായി അറിയിച്ചിരിക്കുന്നു. കുടിശ്ശിക ഈടാക്കി വിവരം റിപ്പോർട്ട് ചെയ്യേണ്ടതാണ്.

## 1-24 കെട്ടിട നിർമ്മാണം-നമ്പറിംഗ് ഫയലുകളുടെ പരിശോധന

2020-21 വർഷം നിർമ്മാണം പൂർത്തിയാക്കി നമ്പറിംഗ്, നികുതി നിർണയം എന്നിവ നടത്തിയ കെട്ടിടങ്ങളുടെ ഫയലുകൾ പരിശോധിച്ചതിൽ നിന്നും കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

1. 2020-21 ൽ കെട്ടിട നമ്പർ ലഭിച്ച ചുവടെ പറയുന്ന കെട്ടിടങ്ങളുടെ വിവരം സഞ്ചയയിൽ ഉൾപ്പെടുത്തിയിട്ടില്ല.

| ക്രമ നം. | ഫയൽ നം. | ഫയൽ പ്രകാരം | | കെട്ടിടത്തിന്റെ വിസ്തീർണം (ച.മീ) | കെട്ടിട ഉടമയുടെ പേര് |
|---|---|---|---|---|---|
| | | വാർഡ് /കെട്ടിട നം. | കണക്കാക്കിയ നികുതി | | |
| 1 | TP2/5843/20 | 24/185(1) | 682 | 66.42 | അലീന മോൾ.എ.ഡി |
| 2 | TP2/75/21 | 30/424(4) | 1487 | 144.95 | സുധീർ |

പ്രസ്തുത കെട്ടിടങ്ങളുടെ നികുതി ഈടാക്കിയിട്ടുണ്ടെങ്കിൽ ആയതിന്റെ വിവരം ലഭ്യമാക്കേണ്ടതാണ്.

2. 2011ലെ കേരള മുനിസിപ്പാലിറ്റി (വസ്തുനികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങൾ, ചട്ടം 11 (1),(2) എന്നിവ പ്രകാരം ഓരോ കെട്ടിടത്തിന്റെയും ഉടമ, തന്റെ കെട്ടിടത്തെ സംബന്ധിച്ച എല്ലാ വിവരങ്ങളടങ്ങിയതും അവ സത്യമാണെന്ന് സ്വയം സാക്ഷ്യപ്പെടുത്തിയതുമായ വസ്തു നികുതി റിട്ടേൺ 10-ാം ചട്ടം (2)ാം ഉപചട്ടം പ്രകാരം സെക്രട്ടറി പ്രസിദ്ധീകരിക്കുന്ന നോട്ടീസിൽ ആവശ്യപ്പെടുന്ന സമയപരിധിക്കകം സെക്രട്ടറി അല്ലെങ്കിൽ സെക്രട്ടറി അധികാരപ്പെടുത്തിയ ഉദ്യോഗസ്ഥൻ മുൻപാകെ ഫാറം-2ൽ സമർപ്പിക്കേണ്ടതാണ്. മേൽ ചട്ടം 12(4) പ്രകാരം കെട്ടിടഉടമ വസ്തുനികുതി റിട്ടേൺ സമർപ്പിച്ച സംഗതിയിൽ, സെക്രട്ടറി അധികാരപ്പെടുത്തിയ ഉദ്യോഗസ്ഥൻ കെട്ടിടത്തെ സംബന്ധിച്ച വിവരങ്ങൾ ആറുമാസത്തിനകം സ്ഥലത്തു പോയി ആവശ്യമായ വിശദ വിവരങ്ങൾ/ആധികാരിക രേഖകൾ ഉൾപ്പെടുത്തി ഫോം 6 തയ്യാറാക്കേണ്ടതും, അപ്രകാരം ശേഖരിച്ച വിവരങ്ങളുടെ അടിസ്ഥാനത്തിൽ സെക്രട്ടറി വസ്തു നികുതി നിർണ്ണയം നടത്തേണ്ടതും ആ വിവരം വസ്തു നികുതി നിർണ്ണയ രജിസ്റ്ററിൽ രേഖപ്പെടുത്തി സഞ്ചയ സോഫ്റ്റ് വെയറിൽ ഉൾപ്പെടുത്തേണ്ടതുമാണ്. എന്നാൽ 2020-21 വർഷം നിർമ്മാണം പൂർത്തിയാക്കിയ കെട്ടിടങ്ങളുടെ നമ്പറിംഗ്, നികുതി നിർണയ ഫയലുകൾ പരിശോധിച്ചതിൽ ഭൂരിഭാഗം ഫയലുകളിലും ഫോം 2, ഫോം 6 എന്നിവ ഉൾപ്പെടുത്തിയിട്ടില്ല. ഉദാഹരണം ചുവടെ ചേർക്കുന്നു.

| ക്രമ നം. | ഫയൽ നം. | വാർഡ് /കെട്ടിട നം. | കെട്ടിട ഉടമയുടെ പേര് |
|---|---|---|---|
| 1 | TP2/5843/20 | 24/185(1) | അലീന മോൾ.എ.ഡി |
| 2 | TP2/10353/20 | 4/30(3), (4) | ജയകുമാർ.എം.എൽ, സീന.എസ് |
| 3 | TP2/10791/20 | 23/170(1) | അഭിലാഷ്.പി.ജെ |
| 4 | TP2/10297/20 | 3/197/3 | ബിന്ദു.എം.കെ |
| 5 | TP2/6695/20 | 11/424(2) | രമണി |
| 6 | TP2/12944/20 | 6/332(1) | ബിജു.എസ് |

3. ഫയലിലെ രേഖകൾ പൂർണമല്ല.

കെട്ടിട നിർമ്മാണത്തിന്റെ നമ്പറിംഗുമായി ബന്ധപ്പെട്ട TP2/12944/20 നം. ഫയൽ പരിശോധിച്ചതിൽ നിന്നും അനുവദിച്ച പെർമിറ്റ് പ്രകാരമുള്ള (TP1/9753/20, തീയതി.13.10.20) 109.61 ച.മീ അളവിൽ നിന്നും അധികരിച്ച് 113.7 ച.മീ വിസ്തീർണത്തിലാണ് താഴെപ്പറയുന്ന കെട്ടിടത്തിന്റെ പണി പൂർത്തിയായിട്ടുള്ളതെന്ന് കാണുന്നു. എന്നാൽ 113.7 ച.മീ ന്റെ കംപ്ലീറ്റഡ് പ്ലാൻ ഫയലിൽ ഇല്ല.

| ക്രമ നം. | വാർഡ് നം./കെട്ടിട നം. | കെട്ടിട ഉടമയുടെ പേര് |
|---|---|---|
| 1 | 6/332(1) | ബിജു.എസ് |

4. കെട്ടിട നിർമ്മാണത്തിന്റെ നമ്പറിംഗുമായി ബന്ധപ്പെട്ട TP2/10791/20 നം. ഫയൽ പരിശോധിച്ചതിൽ നിന്നും അനുവദിച്ച പെർമിറ്റ് പ്രകാരമുള്ള (TP1/4475/20, തീയതി.15.06.20) 58.32 ച.മീ അളവിൽ നിന്നും അധികരിച്ച് 74.62 ച.മീ വിസ്തീർണത്തിലാണ് താഴെപ്പറയുന്ന കെട്ടിടത്തിന്റെ പണി പൂർത്തിയായിട്ടുള്ളതെന്ന് കാണുന്നു.

| ക്രമ നം. | വാർഡ് നം./കെട്ടിട നം. | കെട്ടിട ഉടമയുടെ പേര് |
|---|---|---|
| 1 | 23/170(1) | അഭിലാഷ്.പി.ജെ |

എന്നാൽ അധികമായി ചെയ്ത 16.3 ച.മീ വിസ്തീർണം റഗുലറൈസ് ചെയ്തതായി കാണുന്നില്ല.

5) സത്യവാങ്മൂലം സമർപ്പിച്ചിട്ടില്ല

ജി.ഒ(എം.എസ്).358/15/തസ്വഭവ തീ. 16.12.2015 പ്രകാരം 60 ച.മീ (660 ചതുരശ്ര അടി) വരെ വിസ്തീർണ്ണമുള്ള കെട്ടിടങ്ങളെ നികുതിയിൽ നിന്നും ഒഴിവാക്കുമ്പോൾ കെട്ടിട ഉടമ ഗ്രാമപഞ്ചായത്തിൽ സത്യവാങ്മൂലം സമർപ്പിക്കേണ്ടതാണ്. എന്നാൽ 2020-21 വർഷം നിർമ്മാണം പൂർത്തിയായി നികുതി നിർണയം നടത്തിയതും പ്രസ്തുത സത്യവാങ്മൂലം സമർപ്പിച്ചിട്ടില്ല എന്ന് സഞ്ചയസോഫ്റ്റ്വെയറിൽ രേഖപ്പെടുത്തിയിട്ടുള്ളതുമായ കെട്ടിടത്തിന് നികുതി ഇളവ് അനുവദിച്ചിട്ടുണ്ട്. ഉദാഹരണം ചുവടെ ചേർക്കുന്നു.

| ക്രമ നം. | വാർഡ്/കെട്ടിട നം. | കെട്ടിട ഉടമയുടെ പേര് | വാർഷിക നികുതി | നികുതി പ്രാബല്യത്തിൽ വന്ന തീയതി |
|---|---|---|---|---|
| 1 | 32/376/1 | ഉദയകുമാർ.ആർ.എസ് | 613 | 2020 ഒന്നാം അർദ്ധവർഷം മുതൽ |

മേൽ അപാകതകൾ സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണം നം. 50/22.07.22 ന് മറുപടി ലഭ്യമാക്കിയിട്ടില്ല. അപാകതകൾ പരിഹരിച്ച് വിവരം റിപ്പോർട്ട് ചെയ്യേണ്ടതാണ്.

## 1-25 നോൺ അവൈലബിലിറ്റി സർട്ടിഫിക്കറ്റ് വാങ്ങാതെയുള്ള മരുന്ന് വാങ്ങൽ സംബന്ധിച്ച്

1.

| | |
|---|---|
| പദ്ധതിയുടെ പേര് | ഹോമിയോ ഡിസ്പെൻസറിയ്ക്ക് മരുന്ന് വാങ്ങൽ |
| പദ്ധതി നമ്പർ | 16/21 |
| പദ്ധതി അടങ്കൽ | 300000 (മെയിന്റനൻസ് ഫണ്ട് റോഡിതരം) |
| പദ്ധതി ചെലവ് | 300000 (ACR Bill No.408/6.1.21) |
| നിർവഹണ ഉദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ, ഹോമിയോ |

സ.ഉ(കൈ)നം.22/2018/തസ്വഭവ, തീയതി.14.02.2018 പ്രകാരമുള്ള സബ്സിഡി മാർഗ്ഗരേഖ ഖ.7.5.3 പ്രകാരം ജില്ലാ മെഡിക്കൽ ഓഫീസറുടെ നോൺ അവൈലബിലിറ്റി സർട്ടിഫിക്കറ്റില്ലാതെ മരുന്നുകൾ വാങ്ങാൻ പാടില്ല. എന്നാൽ മേൽ പ്രോജക്ടിന്റെ ഭാഗമായി നോൺ അവൈലബിലിറ്റി സർട്ടിഫിക്കറ്റ് വാങ്ങുന്നതിന് മുൻപായി തന്നെ 50,000 രൂപയ്ക്ക് ARS ALB എന്ന മരുന്ന് 30 Strips വാങ്ങിയിരിക്കുന്നു. പ്രസ്തുത മരുന്ന് ലഭ്യമാക്കുന്നതിന് 25.09.20 ന് ഹോംകോയ്ക്ക് കത്ത് നൽകുകയും 13.11.20 ലെ Tax Invoice No. LF-1635 പ്രകാരം മരുന്ന് ലഭ്യമാക്കുകയും ചെയ്തിട്ടുണ്ട്. എന്നാൽ നോൺ അവൈലബിലിറ്റി സർട്ടിഫിക്കറ്റ് ആവശ്യപ്പെട്ടുകൊണ്ട് ജില്ലാ മെഡിക്കൽ ഓഫീസർക്ക് കത്ത് നൽകിയത് 28.11.20 ന മാത്രമാണ് (ലഭ്യമായ നോൺ അവൈലബിലിറ്റി സർട്ടിഫിക്കറ്റ് നം. 176/ഇ2/2020/ഡി.എം.റ്റി). ബാക്കിയുള്ള 250000 രൂപയുടെ മരുന്ന് നോൺ അവൈലബിലിറ്റി സർട്ടിഫിക്കറ്റ് ലഭ്യമായതിനു ശേഷമാണ് പർച്ചേസ് ചെയ്തത്. ഇപ്രകാരം ആരോഗ്യവകുപ്പിൽ നിന്നും ലഭിക്കുന്ന മരുന്ന് അപര്യാപ്തമാണെന്ന് പരിശോധിക്കാതെ, നോൺ അവൈലബിലിറ്റി സർട്ടിഫിക്കറ്റില്ലാതെ 50000 രൂപയ്ക്കുള്ള മരുന്നു വാങ്ങിയതിനുള്ള കാരണം വ്യക്തമാക്കുന്നതിന് ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് അന്വേഷണം നം. 13/18.07.2022 ന് ലഭ്യമാക്കിയ മറുപടി പ്രകാരം കോവിഡ് സാഹചര്യത്തിൽ അത്യാവശ്യ ഘട്ടത്തിലാണ് മരുന്ന് വാങ്ങേണ്ടി വന്നതെന്നും ഓഫീസ് അടഞ്ഞു കിടന്നതിനാലാണ് നോൺ അവൈലബിലിറ്റി സർട്ടിഫിക്കറ്റിന് അപേക്ഷ നൽകാൻ കാലതാമസം നേരിട്ടതെന്നും അറിയിച്ചിരിക്കുന്നു. ഭാവിയിൽ ഇത്തരം അപാകതകൾ വരാതെ നോക്കേണ്ടതും സബ്സിഡി മാർഗ്ഗരേഖയിലെ നിർദ്ദേശങ്ങൾ പാലിച്ചുകൊണ്ട് മരുന്ന് പർച്ചേസ് ചെയ്യുന്നതിന് ശ്രദ്ധിക്കേണ്ടതുമാണ്.

2.

| | |
|---|---|
| പദ്ധതിയുടെ പേര് | നഗരസഭയുടെ ആരോഗ്യ സബ് കേന്ദ്രങ്ങളിൽ മരുന്ന |

| | |
|---|---|
| | വാങ്ങലും ഡോക്ടർക്ക് വേതനം നൽകലും |
| പദ്ധതി നമ്പർ | 401/21 |
| പദ്ധതി അടങ്കൽ | 267756 (വികസന ഫണ്ട് പൊതുവിഭാഗം) |
| പദ്ധതി ചെലവ് | 267756 (ACR Bill No. 150/16.4.20) |
| നിർവഹണ ഉദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ, ഹോമിയോ |

മേൽ സ്പിൽ ഓവർ പ്രോജക്ടിന്റെ ഭാഗമായി 2020-21 വർഷം ആകെ 162756 രൂപയുള്ള മരുന്നുകൾ സ്നേഹം മെഡിക്കൽസിൽ നിന്നും വാങ്ങിയിരിക്കുന്നു. ബന്ധപ്പെട്ട 2019-20 വർഷത്തെ പ്രോജക്ട് നം. 163/20 ന്റെ രൂപീകരണ ഫോറം ക്രമ നം. 33 പ്രകാരം ജില്ലാ മെഡിക്കൽ ഓഫീസറുടെ നോൺ അവയബിലിറ്റി സർട്ടിഫിക്കറ്റ് പ്രകാരമാണ് മരുന്ന് വാങ്ങേണ്ടത്. എന്നാൽ നോൺ അവയബിലിറ്റി സർട്ടിഫിക്കറ്റ് ലഭ്യമാക്കിയിട്ടില്ല. കൂടാതെ സ.ഉ(കൈ)നം.22/2018/തസ്വഭവ, തീയതി.14.02.2018 പ്രകാരമുള്ള സബ്സിഡി മാർഗ്ഗരേഖ ഖ.7.5.3 പ്രകാരം അലോപ്പതി മരുന്നുകൾ കേരള സ്റ്റേറ്റ് മെഡിക്കൽ സർവ്വീസസ് കോർപ്പറേഷനിൽ നിന്ന് മാത്രമേ വാങ്ങാവൂ. എന്നാൽ പ്രസ്തുത നിർദ്ദേശം പാലിച്ചിട്ടില്ല. നോൺ അവയബിലിറ്റി സർട്ടിഫിക്കറ്റ് ലഭ്യമാക്കാത്തതിനും സ്നേഹം മെഡിക്കൽസ് എന്ന സ്ഥാപനത്തിൽ നിന്നും മരുന്ന് പർച്ചേസ് ചെയ്തതിനും ഉള്ള കാരണം വ്യക്തമാക്കുന്നതിന് ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് അന്വേഷണം നം. 13/18.07.22 ന് ലഭ്യമാക്കിയ മറുപടി പ്രകാരം അലോപ്പതി ആരോഗ്യ സബ്സെന്ററുകൾ പൂർണമായും നഗരസഭയുടെ കീഴിലുള്ളവയാണെന്നും അതിനാൽ അലോപ്പതി ജില്ലാ മെഡിക്കൽ ഓഫീസിൽ നിന്നും നോൺ അവൈലബിലിറ്റി സർട്ടിഫിക്കറ്റ് ലഭ്യമാക്കാൻ കഴിയില്ലെന്നും ഇനിമുതൽ നോൺ അവൈലബിലിറ്റി സർട്ടിഫിക്കറ്റ് ലഭ്യമായതിനു ശേഷം മാത്രം മരുന്നു വാങ്ങുന്നതാണെന്നും അറിയിച്ചിരിക്കുന്നു. കൂടാതെ കൗൺസിൽ നിർദ്ദേശപ്രകാരമാണ് സ്നേഹം മെഡിക്കൽസിൽ നിന്നും മരുന്ന് പർച്ചേസ് ചെയ്തതെന്നും കമ്മിറ്റി തീരുമാനത്തിന്റെ കോപ്പി മറുപടിയോടൊപ്പം വെയ്ക്കുന്നുവെന്നും അറിയിച്ചിട്ടുണ്ട്. എന്നാൽ പ്രസ്തുത തീരുമാനം ലഭ്യമാക്കിയിട്ടില്ല. നോൺ അവൈലബിലിറ്റി സർട്ടിഫിക്കറ്റ് ലഭ്യമാക്കി സബ്സിഡി മാർഗ്ഗരേഖയിലെ നിർദ്ദേശങ്ങൾ പാലിച്ചുകൊണ്ട് തന്നെ മരുന്ന് പർച്ചേസ് ചെയ്യുന്നതിന് ശ്രദ്ധിക്കേണ്ടതാണ്.

## 1-26 സ്വച്ഛ് ഭാരത് മിഷൻ പദ്ധതി - അപാകതകൾ

സ്വച്ഛ് ഭാരത് മിഷൻ പദ്ധതിയുടെ അപാകതകൾ ചുവടെ ചേർക്കുന്നു.

1. പദ്ധതിയുമായി ബന്ധപ്പെട്ട് പ്രത്യേകം ക്യാഷ് ബുക്ക് പരിപാലിച്ചിട്ടില്ല.

2. പദ്ധതിക്ക് വേണ്ടി മുനിസിപ്പൽ സെക്രട്ടറിയുടെ പേരിലുള്ള ICICI നെടുമങ്ങാട് ബ്രാഞ്ചിൽ അക്കൗണ്ട് നമ്പർ 185501000222 ന്റെ ബാങ്ക് സ്റ്റേറ്റ്മെന്റ് അനുസരിച്ച് 2020-21 സാമ്പത്തിക വർഷത്തിൽ ശുചിത്വ മിഷൻ വിഹിതമായി 6392004 രൂപ ലഭിച്ചിട്ടുണ്ട്. വരവുകൾ സംബന്ധിച്ച രേഖകൾ പ്രത്യേകിച്ചും അലോട്ട്മെന്റ് ഉത്തരവുകൾ ഹാജരാക്കിയിട്ടില്ല.

3. ബാങ്ക് സ്റ്റേറ്റ്മെന്റ് പ്രകാരം വിവിധ ചെലവുകൾക്കായി ആകെ 451786 രൂപ വിനിയോഗിച്ചിരിക്കുന്നതായി കാണുന്നു. എന്നാൽ ചെലവിനാധാരമായ രേഖകൾ ഒന്നും തന്നെ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

4. ബാങ്ക് സ്റ്റേറ്റ്മെന്റ് അനുസരിച്ച് 2020-21 സാമ്പത്തിക വർഷത്തിൽ 17379753 രൂപ നീക്കിയിരുപ്പുണ്ട്. അക്കൗണ്ടിൽ ശേഷിക്കുന്ന തുക ഏത് പദ്ധതിക്കുവേണ്ടി ചെലവഴിക്കാനുള്ളതാണെന്ന് വ്യക്തമല്ല.

5. സ്വച്ഛ് ഭാരത് മിഷന്റെ (നഗരം) ഭാഗമായി നഗരസഭാ പരിധിയിൽ നാളിതുവരെ എത്ര പബ്ലിക് ടോയ്‌ലറ്റ്, കമ്മ്യൂണിറ്റി ടോയ്‌ലറ്റ് എന്നിവ പണിഞ്ഞിട്ടുണ്ടെന്നും നിലവിൽ ഏതിന്റെയെങ്കിലും നിർമ്മാണം നടക്കുന്നുണ്ടോയെന്ന വിവരവും ഫയലിൽ നിന്നും ലഭ്യമല്ല.

6. മേൽ പദ്ധതിയുമായി ബന്ധപ്പെട്ട PH1/11651/19 നം. ഫയലിലെ, 29.09.19 ലെ നോട്ട് ഫയലിൽ വ്യക്തിഗത ടോയ്‌ലറ്റ് നിർമ്മാണത്തിനായി ലഭിച്ച 885 അപേക്ഷകരിൽ 791 എണ്ണം പൂർത്തീകരിച്ച് ഫോട്ടോ സഹിതം വിവരങ്ങൾ സ്വച്ഛ് ഭാരത് അർബൻ സൈറ്റിൽ അപ്‌ലോഡ് ചെയ്തിട്ടുള്ളതായി രേഖപ്പെടുത്തിയിരിക്കുന്നു. അവശേഷിക്കുന്ന 94 എണ്ണത്തിന്റെ നിർമ്മാണം പൂർത്തിയായിട്ടുണ്ടോയെന്ന വിവരം ലഭ്യമല്ല.

മേൽപ്പറഞ്ഞ അപാകതകൾ അറിയിച്ചുകൊണ്ടും വിശദാംശങ്ങൾ ആവശ്യപ്പെട്ടുകൊണ്ടും നൽകിയ ഓഡിറ്റ് അന്വേഷണം നം.76/25.07.22 ന് ലഭ്യമാക്കിയ മറുപടി ക്രമ നം. 6 പ്രകാരമുള്ളതിന്റെ മാത്രമാണ്. അതു പ്രകാരം ആകെ 880 വ്യക്തഗത ടോയ്‌ലറ്റുകളുടെ പണി പൂർത്തീകരിച്ചുവെന്നും ബാക്കിയുള്ള 5 പേരെ (മരണപ്പെട്ടവർ-3, താമസം

മാറിപ്പോയവർ-2) ഒഴിവാക്കുന്നതിനായി ശുചിത്വമിഷനിലേയ്ക്ക് ശുപാർശ ചെയ്തിട്ടുണ്ടെന്നും അറിയിച്ചിരിക്കുന്നു.

ചെലവ് രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കേണ്ടതും നീക്കിയിരിപ്പ് തുക പദ്ധതികൾക്കായി ചെലവഴിക്കുകയോ അല്ലാത്തപക്ഷം ഉചിതമായ ശീർഷകത്തിൽ സർക്കാരിലേക്ക് തിരികെ അടവാക്കുകയോ ചെയ്യേണ്ടതുമാണ്.

## 1-27 കുടിവെള്ള പൈപ്പ് ലൈൻ നീട്ടൽ - 2471000/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു

| | |
|---|---|
| പ്രോജക്റ്റ് നം. | 360 |
| പ്രോജക്റ്റിന്റെ പേര് | നഗരസഭാപ്രദേശങ്ങളിൽ കുടിവെള്ള പൈപ്പ് ലൈൻ നീട്ടൽ |
| അടങ്കൽ തുക | ധനകാര്യകമ്മീഷൻ ഗ്രാന്റ് 3200000 |
| ചെലവ് തുക | ബിൽ നം. 18/14.5.2020-211000<br>17/14.5.2020- 2260000 |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | മുനിസിപ്പൽ സെക്രട്ടറി |

1. പദ്ധതി മാർഗ്ഗരേഖ സ.ഉ(കൈ)നം. 17/2018/തസ്വഭവ തിയതി02.02. 2018 ലെ ഖണ്ഡിക11.2(ഡി) പ്രകാരം തദ്ദേശ ഭരണ സ്ഥാപനം ഏജൻസികളുമായി കരാറിൽ ഏർപ്പെട്ടതിനുശേഷം മാത്രമേ മുൻകൂർ അനുവദിക്കാവൂ എന്ന് വ്യക്തമാക്കിയിട്ടുണ്ട്. പ്രസ്തുത പദ്ധതിയുമായി ബന്ധപ്പെട്ട് KWA യുമായി കരാറിൽ ഏർപ്പെട്ടതിന്റെ രേഖകൾ, വിനിയോഗ സാക്ഷ്യപത്രം, പ്രവ്യത്തിപൂർത്തീകരണ സാക്ഷ്യപത്രം എന്നിവ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

2. സ.ഉ(സാധാ) നം. 1817/2020/ ത.സ്വ.ഭ.വ തീയതി 4.10.2020 നം. ഉത്തരവ് പ്രകാരം അക്രഡിറ്റഡ് ഏജൻസികൾക്ക് തദ്ദേശഭരണസ്ഥാപനങ്ങളുമായി എഗ്രിമെന്റ് വച്ച് പുതുതായി ഏൽപിക്കുന്ന പ്രവൃത്തികൾക്ക് 5% മുതൽ 8% വരെ സെന്റേജ് ചാർജ്ജ് മാത്രമാണ് അനുവദനീയം. എന്നാൽ സെക്രട്ടറി നിർവ്വഹണം നടത്തിയ മേൽ കുടിവെള്ള പദ്ധതിയിൽ 10% സെന്റേജ് ചാർജ്ജ് ഈടാക്കിയിട്ടുണ്ട്. വിശദാംശം ചുവടെ

| എസ്റ്റിമേറ്റ് പ്രകാരമുള്ള ആകെ തുക | സെന്റേജ് ചാർജ്ജ്(10%) |
|---|---|
| 211000 | 17254.63 |
| 2260000 | 185208.88 |
| ആകെ | 202463.51 |

KWA യുമായി കരാറിൽ ഏർപ്പെട്ടതിന്റെ രേഖകൾ, വിനിയോഗ സാക്ഷ്യപത്രം, പ്രവർത്തിപൂർത്തീകരണ സാക്ഷ്യപത്രം എന്നിവയുടെ അഭാവത്തിൽ 2471000 രൂപ തടസ്സം ചെയ്യുന്നു. രേഖകൾ ലഭ്യമാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്. സർക്കാർ ഉത്തരവിന് വിരുദ്ധമായി സെന്റേജ് ചാർജ്ജ് അധികമായി നൽകിയതിന് കാരണം വ്യക്തമാക്കേണ്ടതാണ്. ഇത് സംബന്ധിച്ച ഓഡിറ്റ് എൻക്വയറി നം. 23 ന് മറുപടി ലഭ്യമാക്കിയിട്ടില്ല.

## 1-28 ഇലക്ട്രിക് പോസ്റ്റ് മാറ്റി സ്ഥാപിക്കൽ - ധനവിനിയോഗസാക്ഷ്യപത്രം ലഭ്യമായില്ല 291772/-രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു

| | |
|---|---|
| പ്രോജക്ട് നം. | S376/21 |
| പേര് | ഗതാഗത തടസ്സമായി നിൽക്കുന്ന ഇലക്ട്രിക് പോസ്റ്റ് മാറ്റി സ്ഥാപിക്കൽ |
| അടങ്കൽ | ധനകാര്യ കമ്മീഷൻ ഗ്രാന്റ് 356539 |
| ചെലവ് | ബിൽ നം. 16/14.5.2020- 101629<br>20/21.5.2020-62665<br>72/12.3.2021-105429<br>76/24.3.2021-22049 |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | മുനിസിപ്പൽ സെക്രട്ടറി |

പദ്ധതിയുടെ നടത്തിപ്പിലെ അപാകതകൾ ചുവടെച്ചേർക്കുന്നു

1. പ്രസ്തുത പദ്ധതിയ്ക്കായി ആകെ 291772/- രൂപ കെ.എസ്.ഇ.ബിയിൽ നിക്ഷേപിച്ചിട്ടുണ്ടെങ്കിലും

വിനിയോഗസാക്ഷ്യപത്രം പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

2. സെക്രട്ടറിയുടെ 30.3.2020ലെ Pc1/14133/19 നടപടിക്രമങ്ങൾ പ്രകാരം മൂന്നാം വാർഡിൽ ഇലക്ട്രിക് പോസ്റ്റ് മാറ്റി സ്ഥാപിക്കുന്നതിനായി തനത് ഫണ്ടിൽ നിന്നും ചെലവായ 62665/- രൂപ ടി പദ്ധതിയിൽ നിന്നും തനത് ഫണ്ടിലേയ്ക്ക് റീക്ലപ്പ് ചെയ്യുന്നതിന് അനുമതി നൽകുകയും ബിൽ നം. 20/21.5.2020 പ്രകാരം 62665 രൂപ തനത് ഫണ്ടിലേയ്ക്ക് റീക്ലപ്പ് ചെയ്യുകയും ചെയ്തിട്ടുണ്ട്. എന്നാൽ കെ.എസ്.ഇ.ബിയുടെ എസ്റ്റിമേറ്റ് റിപ്പോർട്ട് പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

ഇത് സംബന്ധിച്ച ഓഡിറ്റ് എൻക്വയറി നം. 20 ന് മറുപടി ലഭ്യമാക്കിയിട്ടില്ല. മേൽ അപാകതകളുടെ അടിസ്ഥാനത്തിൽ പദ്ധതിയ്ക്കായി വിനിയോഗിച്ച 291772/- രൂപ ഓഡിറ്റിൽ തടസ്സം ചെയ്യുന്നു. അപാകതകൾ പരിഹരിച്ച് റിപ്പോർട്ട് ചെയ്യുന്ന മുറയ്ക്ക് തുടർനടപടികൾ സ്വീകരിക്കുന്നതാണ്.

## 1-29 ഐ.കെ. എം. വിഹിതം- വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കിയില്ല - 500000/-രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു

| | |
|---|---|
| പ്രോജക്ട് നം. | S0001/21 |
| പേര് | ഐ.കെ.എം. വിഹിതം |
| അടങ്കൽ | വികസനഫണ്ട് 500000 |
| ചെലവ് | ബിൽ നം. 11/23.4.2020 -500000 |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | മുനിസിപ്പൽ സെക്രട്ടറി |

ഐ.കെ.എം ന്റെ വിനിയോഗസാക്ഷ്യപത്രം പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. ഇത് സംബന്ധിച്ച ഓഡിറ്റ് എൻക്വയറി നം. 19 ന് മറുപടി ലഭ്യമാക്കിയിട്ടില്ല. വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കുന്നതുവരെ തുക തടസ്സം ചെയ്യുന്നു. വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

## 1-30 മാലിന്യസംസ്കരണത്തിനായി 1250 വീടുകളിൽ കിച്ചൻ ബിൻ സ്ഥാപിക്കൽ -അപാകതകൾ

| | |
|---|---|
| പ്രോജക്ട് നം. | 365 |
| പ്രോജക്ടിന്റെ പേര് | മാലിന്യസംസ്കരണത്തിനായി 1250 വീടുകളിൽ കിച്ചൻ ബിൻ സ്ഥാപിക്കൽ |
| അടങ്കൽ തുക | ധനകാര്യ കമ്മീഷൻ ഗ്രാന്റ് 461250<br>മറ്റുള്ളവ 51250 |
| ചെലവ് തുക | ബിൽ നം. 4/15.5.2020-283500<br>3/15.5.2020-177750<br>ചെക്ക് നം. 3581/19.5.2020-45000 |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | ഹെൽത്ത് സൂപ്പർവൈസർ |

2016-17ൽ ആരംഭിച്ച പദ്ധതി 2019-20ലാണ് നടപ്പിലാക്കിയിരിക്കുന്നത്. പദ്ധതി നടത്തിപ്പിലെ അപാകതകൾ ചുവടെച്ചേർക്കുന്നു.

1. ഫയൽ നം. PH1/8119/19 പ്രകാരം 2016-17 ൽ കിച്ചൻ ബിൻ പദ്ധതിയ്ക്ക് ഗുണഭോക്താക്കൾ ഗുണഭോക്തൃവിഹിതം ഒടുക്കുകയും സാങ്കേതിക കാരണങ്ങളാൽ കിച്ചൻ ബിൻ നൽകാൻ കഴിഞ്ഞിട്ടില്ലായെന്നും ഫയലിൽ രേഖപ്പെടുത്തിയിരിക്കുന്നു. 41 രൂപ വീതം 2581 ഗുണഭോക്താക്കളിൽ നിന്ന് ആകെ 105821 രൂപ ഗുണഭോക്തൃവിഹിതം

ഈടാക്കി നഗരസഭയിൽ ഒടുക്കുവരുത്തിയിട്ടുള്ളതായി നോട്ട് ഫയലിൽ രേഖപ്പെടുത്തിയിരിക്കുന്നു. ( 105821/41=2581) . എന്നാൽ 2018-19 ലെ ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 1-27 പ്രകാരം 2440 ഗുണഭോക്താക്കൾക്ക് കിച്ചൻ ബിൻ നിർമ്മിക്കുന്നതിനാണ് പ്രോജക്ട് നം. 397/19 പ്രകാരം ലക്ഷ്യമിട്ടിരുന്നത്. ഇതിൻപ്രകാരം ഗുണഭോക്തൃവിഹിതമിനത്തിൽ ഈടാക്കിയിട്ടുള്ള തുകയുടെ വിവരങ്ങൾ രേഖകൾ സഹിതം വ്യക്തമാക്കേണ്ടതാണ്. ഗുണഭോക്താക്കളുടെ എണ്ണത്തിലും വ്യക്തത വരുത്തേണ്ടതാണ്.

2. പ്രോജക്ട് ഫോറം പ്രകാരം 1250 ഗുണഭോക്താക്കൾക്ക് ആനുകൂല്യം നൽകുന്നതിനാണ് പദ്ധതി ആവിഷ്കരിച്ചിരിക്കുന്നത്. 16.10.2019ൽ ജില്ലാ ശുചിത്വ മിഷന്റെ സാങ്കേതികാനുമതി ലഭിച്ചിട്ടുണ്ട്. യൂണിറ്റ് നിരക്ക് 410/- രൂപയും 1250 യൂണിറ്റുകൾക്ക് സ്ഥാപനവിഹിതം 461250/- രൂപയും ഗുണഭോക്തൃവിഹിതം 51250/- രൂപയും എന്ന നിരക്കിലാണ് ജില്ലാ ശുചിത്വമിഷന്റെ സാങ്കേതികാനുമതി. ഗുണഭോക്താക്കളുടെ എണ്ണം 1250 ആയി നിജപ്പെടുത്തിയത് എപ്രകാരമാണെന്ന് വ്യക്തമല്ല

3. ടെണ്ടർ നടപടികളിലൂടെ ബയോജെൻ എന്ന സ്ഥാപനത്തെ തെരഞ്ഞെടുക്കുകയും 26.11.2019 ൽ വർക്ക് ഓർഡർ നൽകുകയും ചെയ്തിട്ടുണ്ട്. 10.2.2020, 2.3.2020 ( ഇൻവോയിസ് നം. രേഖപ്പെടുത്തിയിട്ടില്ല) എന്നീ തീയതികളിലായി ഒരു യൂണിറ്റ് 405 രൂപ നിരക്കിൽ ബയോജെൻ കിച്ചൻ ബിൻ വിതരണം ചെയ്തതിന്റെ ബിൽ ഫയലിൽ സൂക്ഷിച്ചിട്ടുണ്ട്. ധനകാര്യ കമ്മീഷൻ ഗ്രാന്റിനത്തിൽ 461250/- രൂപയും ഗുണഭോക്തൃവിഹിതമിനത്തിൽ 45000/-രൂപയും സ്ഥാപനത്തിന് നൽകിയിട്ടുണ്ട്. 1250 കിച്ചൻ ബിനുകൾ സ്റ്റോക്കിലെടുത്തതിന്റേയും വിതരണം ചെയ്തതിന്റേയും രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

4. ഗുണഭോക്തൃവിഹിതമിനത്തിൽ എത്ര രൂപ അവശേഷിക്കുന്നുണ്ടെന്നും ആയതിൻമേൽ സ്വീകരിച്ച നടപടികളുടെ വിശദാംശവും ലഭ്യമാക്കിയിട്ടില്ല.

5. സുലേഖയിൽ ഗുണഭോക്തൃവിഹിതം ചെലവഴിച്ചത് സംബന്ധിച്ച രേഖപ്പെടുത്തലില്ല.

6. 1961-ലെ ആദായ നികുതി നിയമത്തിലെ വകുപ്പ് 194 സി പ്രകാരം ഒരു സാമ്പത്തിക വർഷം ഒരു കരാറിൽ 30,000/-രൂപയിൽ കൂടുതൽ തുക ഗുണഭോക്തൃസമിതി/കമ്പനി/ ഫേം എന്നിവർക്ക് പേമെന്റ് നടത്തുമ്പോൾ 2% തുക സ്രോതസ്സിൽ നിന്നും കുറവ് ചെയ്ത് ആദായ നികുതി വകുപ്പിന് അടക്കേണ്ടതാണ്. ഇപ്രകാരം കരാറുകാരിൽ നിന്ന് നികുതി ഈടാക്കിയിട്ടില്ല.

7. 27.8.2010 ലെ 80/2010/ ധനം സർക്കുലർ പ്രകാരം സുരക്ഷിത നിക്ഷേപ ഇനത്തിൽ കരാറുകാരിൽ നിന്ന് ലഭിക്കുന്ന ഡിമാന്റ് ഡ്രാഫ്റ്റുകൾ ട്രഷറിയിൽ ബന്ധപ്പെട്ട ശീർഷകത്തിൽ നിക്ഷേപിച്ച് തിരിച്ച് നൽകുന്ന സമയത്ത് പ്രസ്തുത കണക്കിനത്തിൽ നിന്നും തന്നെ തുല്യ തുക നൽകാൻ സംവിധാനം ഉണ്ടാക്കണമെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. എന്നാൽ ഈ നിർദ്ദേശം പാലിക്കാതെ 30000 രൂപയുടെ ട്രഷറി സേവിംഗ്സ് ബാങ്ക് ഫിക്സഡ് ഡെപ്പോസിറ്റ് സർട്ടിഫിക്കറ്റ് J.K No. 553485/26.11.2019 ട്രഷറിയിലെ ബന്ധപ്പെട്ട ശീർഷകത്തിൽ നിക്ഷേപിക്കാതെ ഫയലിൽ സൂക്ഷിച്ചിരിക്കുകയാണ്.

ഇത് സംബന്ധിച്ച ഓഡിറ്റ് എൻക്വയറി നം. 70 ന് മറുപടി ലഭ്യമാക്കിയിട്ടില്ല. മേൽ അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കേണ്ടതും തുടർ നടപടികൾ സ്വീകരിച്ച് റിപ്പോർട്ട് ചെയ്യേണ്ടതുമാണ്.

## 1-31 വരൾച്ചാക്കാലത്ത് കുടിവെള്ള ദൌർലഭ്യമുള്ള ഭാഗങ്ങളിൽ കുടിവെള്ളമെത്തിക്കൽ- സർക്കാർ ഉത്തരവ് പാലിച്ചില്ല-540265 രൂപ തടസ്സം ചെയ്യുന്നു

| | |
|---|---|
| പ്രോജക്റ്റ് നം. | 213 |
| പ്രോജക്റ്റിന്റെ പേര് | വരൾച്ചാക്കാലത്ത് കുടിവെള്ള ദൗർലഭ്യമുള്ള ഭാഗങ്ങളിൽ കുടിവെള്ളമെത്തിക്കൽ |
| അടങ്കൽ തുക | വികസനഫണ്ട് 400000<br>ധനകാര്യ കമ്മീഷൻ ഗ്രാന്റ് 600000 |
| ചെലവ് തുക | ബിൽ നം. 6/1.6.2020-392285/-<br>7/5.9.2020-7000/-<br>11/30.11.2020-314876/-<br>17/20.1.2021-244338/-<br>ചെക്ക് നം. 4407/27.8.2020-225389/- |
| നിർവ്വഹണ | ഹെൽത്ത് സൂപ്പർവൈസർ |

| | |
|---|---|
| ഉദ്യോഗസ്ഥൻ | |

പ്രസ്തുത പദ്ധതിയുടെ നടത്തിപ്പിൽ താഴെപ്പറയുന്ന അപാകതകൾ കാണുന്നു.

1. സ.ഉ(സാധാ) നം. 1312/2020/lsgd Dated2.7.2020 പ്രകാരം 30.6.2020 വരെ കുടിവെള്ള വിതരണത്തിനാണ് അനുമതി ഉള്ളത്. ഫയൽ പരിശോധിച്ചതിൽ ബിൽ നം. 11/30.11.2020 പ്രകാരം 314876 രൂപ ഓഗസ്റ്റ് 1 മുതൽ സെപ്റ്റംബർ 19 വരെ കുടിവെള്ളം വിതരണം ചെയ്തതിനും ചെക്ക് നം. 4407/27.8.2020 പ്രകാരം 225389/- രൂപ ജൂലൈ 1 മുതൽ ജൂലൈ 31 വരെ കുടിവെള്ളം വിതരണം ചെയ്തതിനും നൽകിയതായി ഫയലിൽ രേഖപ്പെടുത്തിയിരിക്കുന്നു. 30.6.2020 ന ശേഷം കുടിവെള്ളം വിതരണം ചെയ്യുന്നതിന് സർക്കാർ ഉത്തരവ് ലഭ്യമായിട്ടുണ്ടെങ്കിൽ പരിശോധനയ്ക്ക് ലഭ്യമാക്കാൻ ആവശ്യപ്പെട്ടു കൊണ്ടുള്ള ഓഡിറ്റ് എൻക്വയറി നം. 66 ന് മറുപടി ലഭ്യമാക്കിയിട്ടില്ല.

2. സുലേഖ എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് പ്രകാരം വികസനഫണ്ടിനത്തിൽ 399285 രൂപയും ധനകാര്യകമ്മീഷൻ ഗ്രാന്റിനത്തിൽ 559214 രൂപയുമാണ് ചെലവ് . എന്നാൽ ഫയൽ പരിശോധിച്ചതിൽ ധനകാര്യകമ്മീഷൻ ഗ്രാന്റിനത്തിൽ 7000 രൂപയും തനത്ഫണ്ടിനത്തിൽ 225389 രൂപയും അധികമായി ചെലവഴിച്ചിട്ടുണ്ട്.പ്രോജക്ടിൽ തനതുഫണ്ട് വകയിരുത്താതെ എപ്രകാരമാണ് തനതുഫണ്ട് ചെലവഴിച്ചതെന്ന് വ്യക്തമല്ല. ഇപ്രകാരം പ്രോജക്ടിൽ നിന്ന് വ്യതിചലിച്ച് തനതുഫണ്ട് ചെലവഴിച്ചതിനും സുലേഖയും ഫയൽപ്രകാരമുള്ള ചെലവുകളും തമ്മിൽ വ്യത്യാസം വന്നതിനും കാരണം വ്യക്തമാക്കേണ്ടതാണ്.

3. സ.ഉ(സാധാ) നം. 1312/2020/lsgd Dated2.7.2020 ക്രമ നം. 3 പ്രകാരം കുടിവെള്ള ക്ഷാമം രൂക്ഷമായ പ്രദേശങ്ങളിൽ ജി.പി.എസ് ഘടിപ്പിച്ച ടാങ്കറുകളിൽ ഗുണനിലവാരം ഉറപ്പു വരുത്തി ജലവിതരണം നടത്തുന്നതിനാണ് നിർദ്ദേശം ഉള്ളത്. എന്നാൽ ജി.പി.എസ് ഘടിപ്പിച്ച ടാങ്കറുകളിലാണോ ജലവിതരണം നടത്തിയതെന്ന് ഉറപ്പാക്കാനായിട്ടില്ല.

4. മേൽ ഉത്തരവ് പ്രകാരം ജി.പി.എസ് ലോഗും വാഹനത്തിന്റെ ലോഗ്ബുക്കും ക്രോസ് ചെക്ക് ചെയ്ത് വേണം കരാറുകാരന് തുക നൽകേണ്ടത്. അത്തരത്തിലുള്ള പരിശോധന നടത്തിയ ശേഷമാണോ കരാറുകാരന് തുക നൽകിയതെന്ന് ഉറപ്പാക്കാനാവശ്യമായ രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. ലഭ്യമാക്കിയ രേഖകളിൽ നിന്നും വിതരണം ചെയ്ത കുടിവെള്ളത്തിന്റെ അളവ് പരിശോധിക്കാനായിട്ടില്ല. ആയതിനാൽ വിതരണം ചെയ്ത ജലത്തിന് ആനുപാതികമായാണോ കരാറുകാരന് തുക നൽകിയിരിക്കുന്നതെന്ന് ഉറപ്പാക്കാനായിട്ടില്ല.

5. 1961-ലെ ആദായ നികുതി നിയമത്തിലെ വകുപ്പ് 194 സി പ്രകാരം ഒരു സാമ്പത്തിക വർഷം ഒരു കരാറിൽ 30,000/-രൂപയിൽ കൂടുതൽ തുക കരാറുകാർക്ക് പേമെന്റ് നടത്തുമ്പോൾ 1% തുക സ്രോതസ്സിൽ നിന്നും കുറവ് ചെയ്ത് ആദായ നികുതി വകുപ്പിന് അടക്കേണ്ടതാണ്. ഇപ്രകാരം കരാറുകാരിൽ നിന്ന് നികുതി ഈടാക്കിയിട്ടില്ല.

ഇത് സംബന്ധിച്ച ഓഡിറ്റ് എൻക്വയറി നം.66 ന് മറുപടി ലഭ്യമാക്കിയിട്ടില്ല. സർക്കാർ ഉത്തരവ് പ്രകാരം അനുമതി ഇല്ലാതിരുന്ന കാലയളവിൽ കുടിവെള്ള വിതരണം ചെയ്തതിനായി ചെലവഴിച്ച 540265(314876+225389) രൂപ തടസ്സം ചെയ്യുന്നു. ഖണ്ഡികയിൽ പരാമർശിച്ച മറ്റ് അപാകതകൾ പരിഹരിക്കേണ്ടതും തടസ്സം ഒഴിവാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ച് റിപ്പോർട്ട് ചെയ്യേണ്ടതുമാണ്.

## 1-32 കൈമാറിക്കിട്ടിയ സ്ഥാപനങ്ങൾക്ക് വെള്ളം, ടെലഫോൺ, വൈദ്യുതിചാർജ്ജ് നെറ്റ് ചാർജ്ജ് അടയ്ക്കൽ - ചെലവ് രേഖകൾ പൂർണ്ണമായും ലഭ്യമാക്കിയില്ല.86173/- രൂപ തടസ്സം ചെയ്യുന്നു

| | |
|---|---|
| പ്രോജക്ട് നം. | 4 |
| പ്രോജക്ടിന്റെ പേര് | കൈമാറിക്കിട്ടിയ സ്ഥാപനങ്ങൾക്ക് വെള്ളം, ടെലഫോൺ, വൈദ്യുതിചാർജ്ജ് നെറ്റ് ചാർജ്ജ് അടയ്ക്കൽ |
| അടങ്കൽ തുക | മെയിന്റനൻസ് ഫണ്ട്(റോഡിതരം) 600000 |
| ചെലവ് തുക | ബിൽ നം.58/30.12.2020- 48871<br>48/30.9.2020-27298<br>61/18.1.2021- 52135<br>62/12.2.2021-19009<br>66/24.2.2021-13640<br>74/9.3.2021-21725<br>56/27.11.2020-16295 |
| നിർവ്വഹണ | മുനിസിപ്പൽ സെക്രട്ടറി |

| | |
|---|---|
| ഉദ്യോഗസ്ഥൻ | |

പ്രസ്തുത പദ്ധതിയുടെ ഫയൽ പരിശോധിച്ചതിൽ താഴെപ്പറയുന്ന അപാകതകൾ കാണുന്നു.

1. ബിൽ നം. 58 പ്രകാരം ചെലവഴിച്ച 48871/- രൂപയിൽ 2705/- രൂപയുടെ ചെലവ് രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

2. ബിൽ നം. 62 പ്രകാരം ചെലവഴിച്ച 19009/- രൂപയിൽ 18150/- രൂപയുടെ ചെലവ് രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

3. ബിൽ നം. 74, 48, 56 എന്നിവ പ്രകാരം ചെലവഴിച്ച ആകെ 65318/- രൂപയുടെ ചെലവ് രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

ചെലവുരേഖകളുടെ അടിസ്ഥാനത്തിൽ 86803 രൂപ ഓഡിറ്റിൽ തടസ്സം ചെയ്യുന്നു. രേഖകൾ ലഭ്യമാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

## 1-33 കൊതുകുനിവാരണത്തിനായുള്ള മരുന്നും പമ്പും വാങ്ങുന്നതിനും വേതനം നൽകലും -അപാകതകൾ

| | |
|---|---|
| പ്രോജക്റ്റ് നം. | 414 |
| പ്രോജക്റ്റിന്റെ പേര് | കൊതുക നിവാരണത്തിനായുള്ള മരുന്നും പമ്പും വാങ്ങുന്നതിനും വേതനം നൽകലും |
| അടങ്കൽ തുക | വികസനഫണ്ട്(ധനകാര്യ കമ്മീഷൻ ഗ്രാന്റ്) 400000<br>ഗുണഭോക്തൃവിഹിതം (സ്ഥാപനത്തിൽ അടയ്ക്കുന്നത്) 400000 |
| ചെലവ് തുക | ബിൽ നം.1/15.5.2020-81180<br>2/15.5.2020-64020 |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | മുനിസിപ്പൽ സെക്രട്ടറി |

കൊതുക നിവാരണത്തിനായുള്ള മരുന്നും പമ്പും വാങ്ങുന്നതിനും വേതനം നൽകുന്നതിനുമായി ആവിഷ്ക്കരിച്ചിരുന്ന പദ്ധതിയിൽ 10 രൂപ വീതം പൊതുജനങ്ങളിൽ നിന്ന് സർവീസ് ചാർജ്ജ് ഇനത്തിൽ ഈടാക്കിയിട്ടുണ്ട്. പ്രസ്തുത പദ്ധതിനിർവ്വഹണത്തിൽ താഴെപ്പറയുന്ന അപാകതകൾ കാണുന്നു.

1. കൊതുകുനിവാരണത്തിനായി 6 കുടുംബശ്രീ പ്രവർത്തകർക്ക് മേൽ ബിൽ പ്രകാരം വേതനം നൽകിയിട്ടുണ്ടെങ്കിലും മസ്റ്റർ റോൾ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

2. 62540 രൂപ ഗുണഭോക്തൃവിഹിതമിനത്തിൽ ഈടാക്കിയിട്ടുള്ളതായി നോട്ട്ഫയലിൽ രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും (ഫയൽ നം. Ph1/8126/2019)ഗുണഭോക്തൃവിഹിതമിനത്തിൽ തുക ചെലവഴിച്ചതായി കാണുന്നില്ല. ഗുണഭോക്തൃവിഹിതമിനത്തിലെ തുക എപ്രകാരമാണ് ചെലവഴിക്കേണ്ടതെന്ന് പ്രോജക്ട് ഫോറത്തിൽ വിശദമാക്കിയിട്ടുള്ളതായി കാണുന്നില്ല. ഗുണഭോക്തൃവിഹിതമിനത്തിലെ തുക സംബന്ധിച്ച ചെലവിന്റെ വിശദാംശം ലഭ്യമാക്കേണ്ടതാണ്.

ഇത് സംബന്ധിച്ച ഓഡിറ്റ് എൻക്വയറി നം. 73 ന് മറുപടി ലഭ്യമാക്കിയിട്ടില്ല. അപാകതകൾ പരിഹരിച്ച് റിപ്പോർട്ട് ചെയ്യേണ്ടതാണ്.

## 1-34 നെടുമങ്ങാട് നഗരസഭ കോവിഡ് പ്രതിരോധ പ്രവർത്തനങ്ങൾ

| | |
|---|---|
| പ്രോജക്റ്റ് നം. | 541 |
| പ്രോജക്റ്റിന്റെ പേര് | നെടുമങ്ങാട് നഗരസഭ കോവിഡ് പ്രതിരോധ പ്രവർത്തനങ്ങൾ |
| അടങ്കൽ തുക | വികസനഫണ്ട് 8000000<br>തനത് ഫണ്ട് 1000000 |
| ചെലവ് തുക | ബിൽ 8/13.4.2020-157080 |

| | |
|---|---|
| | 9/13.4.2020-308600<br>10/13.4.2020-206800<br>13/14.12.2020-403500<br>15/13.11.2020-345300<br>18/20.1.2021-63360<br>19/20.1.2021-55590<br>20/28.1.2021-187427<br>23/11.2.2021-262157<br>24/11.2.2021-47520<br>26/26.2.2021-110306<br>25/26.2.2021-175400<br>29/8.3.2021-199139<br>28/8.3.2021-118925<br>32/19.3.2021-280971<br>35/27.3.2021-221900<br>34/28.3.2021-63400<br>38/30.3.2021-63360<br>39/30.3.2021-9150<br>41/30.3.2021-6940 |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | ഹെൽത്ത് സൂപ്പർവൈസർ |

പ്രസ്തുത പദ്ധതിയിൽ താഴെപ്പറയുന്ന അപാകതകൾ കാണുന്നു.

1. ബിൽ നം. 26 പ്രകാരമുള്ള ബിൽ തുകയിൽ 93000രൂപ CFLTC യിൽ ഇലക്ട്രിക്കൽ മെയിന്റനൻസ് നടത്തിയ ഇനത്തിൽ ശ്രീ. നന്ദഗോപാൽ . വി എന്ന കരാറുകാരന് നൽകിയിട്ടുണ്ട് . 1961-ലെ ആദായ നികുതി നിയമത്തിലെ വകുപ്പ് 194 സി പ്രകാരം ഒരു സാമ്പത്തിക വർഷം ഒരു കരാറിൽ 30,000/-രൂപയിൽ കൂടുതൽ തുക കരാറുകാരന് പേമെന്റ് നടത്തുമ്പോൾ 1% തുക സ്രോതസ്സിൽ നിന്നും കുറവ് ചെയ്ത് ആദായ നികുതി വകുപ്പിന് അടക്കേണ്ടതാണ്. ഇപ്രകാരം കരാറുകാരിൽ നിന്ന് നികുതി ഈടാക്കിയിട്ടില്ല.

2. ബിൽ നം. 29 പ്രകാരമുള്ള തുകയിൽ 189738/- രൂപ Plumbing And Partition Wall , CFLTC യിൽ നടത്തിയ വകയിൽ കരാറുകാരനായ ശ്രീ. നന്ദഗോപാൽ. വി യ്ക്ക് നൽകിയിട്ടുണ്ട്. 1961-ലെ ആദായ നികുതി നിയമത്തിലെ വകുപ്പ് 194 സി പ്രകാരം ഒരു സാമ്പത്തിക വർഷം ഒരു കരാറിൽ 30,000/-രൂപയിൽ കൂടുതൽ തുക കരാറുകാരന് പേമെന്റ് നടത്തുമ്പോൾ 1% തുക സ്രോതസ്സിൽ നിന്നും കുറവ് ചെയ്ത് ആദായ നികുതി വകുപ്പിന് അടക്കേണ്ടതാണ്. എന്നാൽ കരാറുകാരനിൽ നിന്ന് നികുതി ഈടാക്കിയതായി കാണുന്നില്ല.

ഇത് സംബന്ധിച്ച ഓഡിറ്റ് എൻക്വയറി നം. 78 ന് മറുപടി ലഭ്യമാക്കിയിട്ടില്ല. കരാറുകാരനിൽ നിന്ന് ഇൻകംടാക്സ് ഇനത്തിൽ ഈടാക്കേണ്ട നികുതി ഈടാക്കി അടവാക്കി റിപ്പോർട്ട് ചെയ്യേണ്ടതാണ്.

## 1-35 ഷീലോഡ്ജിനും അനുബന്ധ റോഡിനും സ്ഥലം വാങ്ങൽ- സർക്കാർ നിർദ്ദേശം പാലിച്ചില്ല

| | |
|---|---|
| പ്രോജക്റ്റ് നം. | 377 |
| പ്രോജക്റ്റിന്റെ പേര് | ഷീലോഡ്ജിനും അനുബന്ധ റോഡിനും സ്ഥലം വാങ്ങൽ |
| അടങ്കൽ തുക | വികസനഫണ്ട് 5658766 |
| ചെലവ് തുക | ബിൽ നം. 3/27.4.2020- 4108000<br>4/27.4.2020-423200 |

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | മുനിസിപ്പൽ സെക്രട്ടറി |

ഷീലോഡ്ജിനും അനുബന്ധ റോഡിനും സ്ഥലം വാങ്ങുന്നതിനായി ആവിഷ്കരിച്ചിരുന്ന പദ്ധതിയുടെ നിർവ്വഹണത്തിൽ താഴെപ്പറയുന്ന അപാകതകൾ കാണുന്നു.

1. 2000ലെ കേരള മുനിസിപ്പാലിറ്റി( വസ്തു ആർജ്ജിക്കലും കൈയൊഴിക്കലും )ചട്ടങ്ങൾ ചട്ടം 3(3)എ പ്രകാരം റോഡുകൾ , പാലങ്ങൾ, കലുങ്കുകൾ , ക്വാറികൾ എന്നിവയുടെ കാര്യത്തിൽ ഒഴികെ നിർദ്ദിഷ്ട വസ്തു നിർദ്ദിഷ്ട ആവശ്യത്തിന് അനുയോജ്യമാണെന്ന് മുനിസിപ്പൽ ഹെൽത്ത് ഓഫീസർ, ടിയാന്റെ അഭാവത്തിൽ സർക്കാർ വകുപ്പിലെ ജില്ലാ മെഡിക്കൽ ഓഫീസർ സർട്ടിഫിക്കറ്റ് നൽകിയിരിക്കേണ്ടതാണ്. പ്രസ്തുത ചട്ടം ബി പ്രകാരം നിർദ്ദിഷ്ട വസ്തു നിർദ്ദിഷ്ട ആവശ്യത്തിന് അനുയോജ്യമാണെന്ന് മുനിസിപ്പൽ എഞ്ചിനീയർ സർട്ടിഫിക്കറ്റ് നൽകിയിരിക്കേണ്ടതാണ്. മുനിസിപ്പൽ ഹെൽത്ത് ഓഫീസർ, മുനിസിപ്പൽ എഞ്ചിനീയർ എന്നിവരുടെ മേൽചട്ടപ്രകാരമുള്ള അനുയോജ്യതാസാക്ഷ്യപത്രം പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല

2. ജി.ഒ(പി) നം. 18/98/lsgd Dated 12.01.1998 പ്രകാരം വൻ പ്രചാരണം നൽകി ഭൂമി നൽകാൻ തയ്യാറുള്ളവരിൽ നിന്ന് അപേക്ഷ വാങ്ങി, അനുയോജ്യത ഉറപ്പ് വരുത്തണം. എന്നാൽ ഫയൽ പരിശോധിച്ചതിൽ അപ്രകാരമുള്ള നടപടിക്രമങ്ങൾ പാലിച്ചതായി കാണുന്നില്ല.

3. 2000ലെ കേരള മുനിസിപ്പാലിറ്റി( വസ്തു ആർജ്ജിക്കലും കൈയൊഴിക്കലും )ചട്ടങ്ങൾ ചട്ടം 5(C) പ്രകാരം ആർജ്ജിക്കാൻ ഉദ്ദേശിക്കുന്ന വസ്തുവിന് നൽകുന്ന വില ബന്ധപ്പെട്ട റവന്യൂ ഡിവിഷണൽ ഓഫീസർ രേഖമൂലം നിശ്ചയിക്കുന്ന വിലയിൽ കവിയുന്നില്ലെന്ന് ഉറപ്പ് വരുത്തേണ്ടതാണ്. എന്നാൽ അപ്രകാരം റവന്യൂഡിവിഷണൽ ഓഫീസർ നിശ്ചയിച്ച വില ഫയലിനോടൊപ്പം ലഭ്യമാക്കിയിട്ടില്ല.

4 എസ്.ആർ.ഒ നം. 84/2020 Dated 3.2.2020(G.O(P) No. 10/2020/TD Dated 30.01.2020) കേരള സ്റ്റാമ്പ് ആക്ട്, 1959 സെക്ഷൻ 9(1)(A) പ്രകാരവും എസ്.ആർ.ഒ നം. 86/2020 Dated 3.2.2020(G.O(P) No. 10/2020/ TD Dated 30.01.2020) രജിസ്ട്രേഷൻ ആക്ട് , 1908 ലെ വകുപ്പ് 78(2) എന്നിവ പ്രകാരം തദ്ദേശഭരണ സ്ഥാപനങ്ങളുടെ പേരിൽ വാങ്ങുന്ന ഭൂമിയ്ക്ക് സ്റ്റാമ്പ് ഡ്യൂട്ടിയും രജിസ്ട്രേഷൻ ഫീയും ഒഴിവാക്കി ഉത്തരവായിട്ടുണ്ട്. ബിൽ നം. 4 പ്രകാരം ചെലവഴിച്ച 423200/- രൂപയിൽ 82260/- രൂപ സ്റ്റാമ്പ് ഡ്യൂട്ടിയും 328640/- രൂപ രജിസ്ട്രേഷൻ ഫീയുമാണ്. സ്റ്റാമ്പ് ഡ്യൂട്ടിയും രജിസ്ട്രേഷൻ ഫീയും ഒഴിവാക്കുന്നതിന് നടപടികൾ സ്വീകരിച്ചതിന്റെ വിശദാംശം ലഭ്യമാക്കിയിട്ടില്ല.

ഇത് സംബന്ധിച്ച ഓഡിറ്റ് എൻക്വയറി നം. 41 ന് മറുപടി ലഭ്യമാക്കിയിട്ടില്ല. അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

## 1-36 ഠൌൺ മാർക്കറ്റ് ശുചീകരണം

| | |
|---|---|
| പ്രോജക്റ്റ് നം. | 50 |
| പ്രോജക്റ്റിന്റെ പേര് | ഠൌൺ മാർക്കറ്റ് ശുചീകരണം |
| അടങ്കൽ തുക | ധനകാര്യ കമ്മീഷൻ ഗ്രാന്റ് 200000 |
| ചെലവ് തുക | ബിൽ നം. 33/25.3.2021- 191620 |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | ഹെൽത്ത് സൂപ്പർവൈസർ |

നെടുമങ്ങാട് നഗരസഭയുടെ കീഴിലുള്ള ഠൌൺ മാർക്കറ്റിലെ വേസ്റ്റുകൾ നീക്കം ചെയ്യുന്നതിനു വേണ്ടി ആവിഷ്കരിച്ച പ്രോജക്ടിൽ താഴെപ്പറയുന്ന അപാകതകൾ കാണുന്നു.

1. 9.6.2020ലെ ടെണ്ടർ നടപടികളിലൂടെ ഏറ്റവും കുറഞ്ഞ നിരക്ക് ക്വാട്ട് ചെയ്ത ശ്രീ പ്രദീപിന്റെ ടെണ്ടർ അംഗീകരിച്ചിട്ടുണ്ട്. എന്നാൽ കരാറുകാരനുമായി വച്ചിട്ടുള്ള എഗ്രിമെന്റ് പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

2. ജെ.സി.ബി ഒരു മണിക്കൂർ ഓപ്പറേറ്റർ അടക്കം പ്രവർത്തിപ്പിക്കുന്നതിന് 900 രൂപയും ടിപ്പർ ഒരു മണിക്കൂർ ഡ്രൈവർ അടക്കം 700 രൂപയുമാണ് കരാറുകാരന് ക്വാട്ട് ചെയ്തിട്ടുള്ളത്. ജെ.സി.ബിയും ടിപ്പറും പ്രവർത്തിപ്പിച്ചതിന്റെ ബിൽ (കരാറുകാരൻ ലഭ്യമാക്കിയത് ) ഫയലിൽ സൂക്ഷിച്ചിട്ടുണ്ടെങ്കിലും മോണിറ്ററിംഗ് കമ്മിറ്റി റിപ്പോർട്ട് പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ തന്നെ കരാറുകാരൻ ലഭ്യമാക്കിയ ബിൽ പ്രകാരമുള്ള സമയം പൂർണ്ണമായും ടിപ്പർ, ജെ.സി.ബി എന്നിവ പ്രവർത്തിച്ചിട്ടുണ്ടോയെന്ന് ഉറപ്പാക്കാനായിട്ടില്ല.

3. 1961-ലെ ആദായ നികുതി നിയമത്തിലെ വകുപ്പ് 194 സി പ്രകാരം ഒരു സാമ്പത്തിക വർഷം ഒരു കരാറിൽ 30,000/-രൂപയിൽ കൂടുതൽ തുക കരാറുകാർക്ക് പേമെന്റ് നടത്തുമ്പോൾ 1% തുക സ്രോതസ്സിൽ നിന്നും കുറവ് ചെയ്ത്

ആദായ നികുതി വകുപ്പിന് അടക്കേണ്ടതാണ്. ഇപ്രകാരം കരാറുകാരിൽ നിന്ന് നികുതി ഈടാക്കിയിട്ടില്ല.

ഇത് സംബന്ധിച്ച ഓഡിറ്റ് എൻക്വയറി നം. 67 ന് മറുപടി ലഭ്യമാക്കിയിട്ടില്ല. അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കേണ്ടതും അപാകതകൾ പരിഹരിച്ച് റിപ്പോർട്ട് ചെയ്യേണ്ടതുമാണ്.

## 1-37 പനങ്ങോട്ടേല നീന്തൽക്കുളം -അപാകതകൾ

| | |
|---|---|
| പ്രോജക്റ്റ് നം. | 259 |
| പ്രോജക്റ്റിന്റെ പേര് | പനങ്ങോട്ടേല നീന്തൽക്കുളത്തിന് ആവശ്യമായ ഫിൽട്രേഷൻ പ്ലാന്റ് വാങ്ങി സ്ഥാപിക്കൽ |
| അടങ്കൽ തുക | ധനകാര്യകമ്മീഷൻ ഗ്രാന്റ് 4200000 |
| ചെലവ് തുക | ബിൽ നം.79/27.3.2021- 3219300/- |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | മുനിസിപ്പൽ സെക്രട്ടറി |

പനങ്ങോട്ടേല നീന്തൽക്കുളത്തിന് ആവശ്യമായ ഫിൽട്രേഷൻ പ്ലാന്റ് വാങ്ങി സ്ഥാപിക്കലിനായി ആവിഷ്കരിച്ചിരുന്ന പദ്ധതിയിൽ ഇ-ടെണ്ടർ നടത്തി ക്ലോറിനേഷൻ എഞ്ചിനീയറിംഗ് എന്ന സ്ഥാപനത്തിനെ പദ്ധതി നടത്തിപ്പിനായി തെരഞ്ഞെടുത്തിട്ടുണ്ട്. പ്രസ്തുത പദ്ധതിയുടെ ടെണ്ടർനോട്ടീസ് പ്രകാരം പ്രവൃത്തി പൂർത്തീകരിക്കേണ്ട കാലയളവ് നാലു മാസവും , തുക നൽകുന്നതിനുള്ള മാനദണ്ഡം മെറ്റീരിയൽ വിതരണം ചെയ്യുമ്പോൾ 60% വും ഫിൽട്ടറേഷൻ പ്ലാന്റ് സ്ഥാപിച്ച് കമ്മീഷൻ ചെയ്യുമ്പോൾ 40% തുകയും നൽകുമെന്നായിരുന്നു വ്യവസ്ഥ.

പ്രസ്തുത പദ്ധതിനടത്തിപ്പിലെ അപാകതകൾ ചുവടെപ്പറയുന്നു

1. ക്ലോറിനേഷൻ എഞ്ചിനീയറിംഗുമായി 4.9.2020ൽ വച്ചിട്ടുള്ള കരാർ പ്രകാരം( എഗ്രിമെന്റ് നം.07/SEC/NDD/20-21) ക്രമനം. 5 ൽ പ്രവൃത്തി പൂർത്തീകരിക്കേണ്ട കാലയളവ് 6 മാസമാണ്. ടെണ്ടർനോട്ടീസിൽ നിന്ന് വ്യത്യസ്തമായി കരാർ ചമച്ചതിന്റെ കാരണം വ്യക്തമല്ല

2. 11.9.2020ൽ Pc1/6245/2020-ാം നമ്പരായി സെക്രട്ടറി ക്ലോറിനേഷൻ എഞ്ചിനീയറിംഗിന് നൽകിയ വർക്ക് ഓർഡറിൽ മെറ്റീരിയൽ വിതരണം ചെയ്യുമ്പോൾ 75% വും ഫിൽട്ടറേഷൻ പ്ലാന്റ് സ്ഥാപിച്ച് കമ്മീഷൻ ചെയ്യുമ്പോൾ 25% തുകയും നൽകുകയും ചെയ്യുമെന്നാണ് രേഖപ്പെടുത്തിയിരിക്കുന്നത്. ഇപ്രകാരം ടെണ്ടർനോട്ടീസിൽ നിന്ന് വ്യത്യസ്തമായി വർക്ക് ഓർഡർ നൽകിയതിന്റെ കാരണം വ്യക്തമല്ല

3. 1961-ലെ ആദായ നികുതി നിയമത്തിലെ വകുപ്പ് 194 സി പ്രകാരം ഒരു സാമ്പത്തിക വർഷം ഒരു കരാറിൽ 30,000/-രൂപയിൽ കൂടുതൽ തുക ഗുണഭോക്തൃസമിതി/കമ്പനി/ ഫേം എന്നിവർക്ക് പേമെന്റ് നടത്തുമ്പോൾ 2% തുക സ്രോതസ്സിൽ നിന്നും കുറവ് ചെയ്ത് ആദായ നികുതി വകുപ്പിന് അടക്കേണ്ടതാണ്. ഇപ്രകാരം കരാറുകാരിൽ നിന്ന് നികുതി ഈടാക്കിയതിന്റെ വിശദാംശം ലഭ്യമല്ല.

4. പ്രസ്തുത പ്രവൃത്തി തൻവർഷം പൂർത്തീകരിച്ചിട്ടുണ്ടെന്ന് ഉറപ്പാക്കാനായിട്ടില്ല.

5. പ്രോക്യൂർമെന്റ് കമ്മിററി മിനിട്സ്, ടെക്നിക്കൽ കമ്മിറ്റി മിനിട്സ് എന്നിവ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

ഇത് സംബന്ധിച്ച ഓഡിറ്റ് എൻക്വയറി നം. 24 ന് മറുപടി ലഭ്യമാക്കിയിട്ടില്ല. അപാകതകൾക്ക് മറുപടി ലഭ്യമാക്കേണ്ടതാണ്.

## 1-38 ബയോമെഡിക്കൽ വേസ്റ്റ് -സംസ്കരണപ്ലാന്റ് സ്ഥാപിക്കൽ - തുക പിൻവലിച്ച് സെക്രട്ടറിയുടെ അക്കൌണ്ടിൽ നിക്ഷേപിച്ചു

| | |
|---|---|
| പ്രോജക്റ്റ് നം. | S0550/21 |
| പേര് | മെഡിക്കൽ കോളേജിൽ ബയോമെഡിക്കൽ വേസ്റ്റ് -സംസ്കരണപ്ലാന്റ് സ്ഥാപിക്കൽ |
| അടങ്കൽ | മറ്റ് തദ്ദേശഭരണസ്ഥാപനങ്ങളിൽ നിന്ന് (കോർപ്പറേഷൻ) 1000000 |

| | |
|---|---|
| | |
| ചെലവ് | ബിൽ നം. 92/30.3.2021-1000000 |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | മുനിസിപ്പൽ സെക്രട്ടറി |

മെഡിക്കൽ കോളേജിൽ ബയോമെഡിക്കൽ വേസ്റ്റ് സംസ്കരണപ്ലാന്റ് സ്ഥാപിക്കുന്നതിന് വിഹിതം നൽകുന്നതിനായി ആവിഷ്കരിച്ചിരുന്ന പദ്ധതിയാണിത്. G.O(RT) No, 1469/2020/lsgd Dated 6.8.2020 പ്രകാരം പദ്ധതിയുമായി ബന്ധപ്പെട്ട് ശുചിത്വ മിഷൻ ജില്ലാകോർഡിനേറ്ററുടെ പേരിൽ സ്പെഷ്യൽ ടി.എസ്.ബി അക്കൗണ്ടിലേയ്ക്ക് ഫണ്ട് ട്രാൻസ്ഫർ ചെയ്യാൻ ആണ് നിർദ്ദേശം ഉള്ളത്. എന്നാൽ ലഭ്യമാക്കിയ ഫയൽ പ്രകാരം മുനിസിപ്പൽ സെക്രട്ടറിയുടെ പേരിലുള്ള അക്കൗണ്ട് നം. 2683101006724 ലേയ്ക്കാണ് ബിൽ നം. 92 പ്രകാരം തുക ട്രാൻസ്ഫർ ചെയ്തിട്ടുള്ളത്. ശുചിത്വമിഷൻ ജില്ലാകോർഡിനേറ്ററുടെ പേരിലുള്ള അക്കൗണ്ടിലേയ്ക്ക് തുക ട്രാൻസ്ഫർ ചെയ്യാതെ മുനിസിപ്പൽ സെക്രട്ടറിയുടെ പേരിലുള്ള അക്കൗണ്ടിലേയ്ക്ക് തുക ട്രാൻസ്ഫർ ചെയ്തതിന്റെ കാരണം വ്യക്തമാക്കേണ്ടതാണ്.

ഇത് സംബന്ധിച്ച ഓഡിറ്റ് എൻക്വയറി നം. 21 ന് മറുപടി ലഭ്യമാക്കിയിട്ടില്ല.

## 1-39 വാർഷികപദ്ധതി രൂപീകരണം - 133563/-രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു

A

| | |
|---|---|
| പ്രോജക്റ്റ് നം. | 2 |
| പ്രോജക്റ്റിന്റെ പേര് | വാർഷികപദ്ധതി രൂപീകരണം മോണിറ്ററിംഗ് ചെലവുകൾ |
| അടങ്കൽ തുക | വികസന ഫണ്ട് 500000/- |
| ചെലവ് തുക | ബിൽ നം. 47/7.9.2020-35750<br>71/12.3.2021-46000<br>70/4.3.2021-39190<br>78/27.3.2021-148502<br>75/19.3.2021-23540<br>90/30.3.2021-8554 |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | മുനിസിപ്പൽ സെക്രട്ടറി |

B

| | |
|---|---|
| പ്രോജക്റ്റ് നം. | 413 |
| പ്രോജക്റ്റിന്റെ പേര് | വാർഷികപദ്ധതി രൂപീകരണം മോണിറ്ററിംഗ് ചെലവുകൾ(spill Over) |
| അടങ്കൽ തുക | വികസന ഫണ്ട് 482000 |
| ചെലവ് തുക | ബിൽ നം. 6/23.4.2020-287700<br>10/23.4.2020-2000 |

| | |
|---|---|
| | 9/23.4.2020-20130<br>12/27.4.2018-1427<br>15/13.5.2020-17120<br>14/13.5.2020-59296<br>23/22.5.2020-30164<br>26/22.6.2020-2688<br>31/17.7.2020-16076<br>39/17.8.2020-11840<br>46/7.9.2020-16850<br>65/24.2.21-6099<br>67/24.2.2021-10000 |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | മുനിസിപ്പൽ സെക്രട്ടറി |

മുകളിൽ സൂചിപ്പിച്ചിട്ടുള്ള പദ്ധതികൾ പരിശോധിച്ചതിൽ താഴെപ്പറയുന്ന അപാകതകൾ കാണുന്നു.

1. ക്രമനം. A പ്രകാരമുള്ള പദ്ധതിയിൽ 83494/- രൂപയുടെ ചെലവ് രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.(ബിൽ നം 47/7.9.2020-35750/-, ബിൽ നം. 70/4.3.21-39190/-, ബിൽ നം. 90/30.3.2021-8554)

2. ക്രമ നം. ബി പ്രകാരമുള്ള പ്രോജക്ടിൽ 50069/- രൂപയുടെ ചെലവ് രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. (ബിൽ നം. 15/13.5.2020-17120/- ബിൽ നം. 46/7.9,2020-16850/-, ബിൽ നം. 65/24.2.2021-6099/-, ബിൽ നം. 67/24.2.2021-10000/-)

3. ക്രമ നം. A പ്രകാരമുള്ള പ്രോജക്ടിൽ ബിൽ നം. 78 പ്രകാരം ശബരി ഓഫ് സെറ്റ് പ്രിന്റേഴ്സിന് 148502/- രൂപ നൽകിയിട്ടുണ്ട്. 1961-ലെ ആദായ നികുതി നിയമത്തിലെ വകുപ്പ് 194 സി പ്രകാരം ഒരു സാമ്പത്തിക വർഷം ഒരു കരാറിൽ 30,000/-രൂപയിൽ കൂടുതൽ തുക ഗുണഭോക്തൃസമിതി/കമ്പനി/ ഫേം എന്നിവർക്ക് പേമെന്റ് നടത്തുമ്പോൾ 2% തുക സ്രോതസ്സിൽ നിന്നും കുറവ് ചെയ്ത് ആദായ നികുതി വകുപ്പിന് അടക്കേണ്ടതാണ്. ഇപ്രകാരം കരാറുകാരിൽ നിന്ന് നികുതി ഈടാക്കിയിട്ടില്ല

4. ക്രമ നം. A പ്രകാരമുള്ള പദ്ധതിയിൽ വാർഡ്സഭാ നോട്ടീസ്, കരട് പ്രോജക്ട് നിർദ്ദേശങ്ങൾ , കരട് പദ്ധതിരേഖ മുതലായവ പ്രിന്റ് ചെയ്യുന്നതിലേക്കായി ശബരി ഓഫ് സെറ്റ് പ്രിന്റേഴ്സിന് 148502/- രൂപ നൽകിയിട്ടുണ്ട്. ശബരി ഓഫ് സെറ്റ് പ്രിന്റേഴ്സിനെ പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നതിലേക്കായി തെരഞ്ഞെടുത്തതിന്റെ രേഖകൾ(ടെണ്ടർ നടപടി) ലഭ്യമാക്കിയിട്ടില്ല.

ഇത് സംബന്ധിച്ച ഓഡിറ്റ് എൻക്വയറി നം.35 ന് മറുപടി ലഭ്യമാക്കിയിട്ടില്ല. ചെലവുരേഖകളുടെ അഭാവത്തിൽ ക്രമനം. A പ്രകാരമുള്ള പദ്ധതിയിൽ ചെലവഴിച്ച 83494/- രൂപയും ക്രമ നം. B പ്രകാരമുള്ള പദ്ധതിയിൽ 50069/- രൂപയും തടസ്സം ചെയ്യുന്നു. രേഖകൾ ലഭ്യമാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്. മറ്റ് അപാകതകൾ പരിഹരിച്ച് റിപ്പോർട്ട് ചെയ്യേണ്ടതാണ്.

## 1-40 വികസനോത്സവം വികസനരേഖയും- ആദായ നികുതി ഈടാക്കിയില്ല

| | |
|---|---|
| പ്രോജക്റ്റ് നം. | 60 |
| പ്രോജക്റ്റിന്റെ പേര് | വികസനോത്സവം വികസനരേഖയും |
| അടങ്കൽ തുക | തനത്ഫണ്ട്250000 |
| ചെലവ് തുക | ചെക്ക് നം. 4303/3.12.2020-248640 |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | മുനിസിപ്പൽ സെക്രട്ടറി |

വികസനരേഖ തയ്യാറാക്കിയ ഇനത്തിൽ വൈഗ ഓഫ് സെറ്റ് പ്രിന്റേഴ്സിന് 248640/- രൂപ നൽകിയിട്ടുണ്ട്. 1961-ലെ ആദായ നികുതി നിയമത്തിലെ വകുപ്പ് 194 സി പ്രകാരം ഒരു സാമ്പത്തിക വർഷം ഒരു കരാറിൽ 30,000/-രൂപയിൽ കൂടുതൽ തുക ഗുണഭോക്തൃസമിതി/കമ്പനി/ ഫേം എന്നിവർക്ക് പേമെന്റ് നടത്തുമ്പോൾ 2% തുക സ്രോതസ്സിൽ നിന്നും കുറവ് ചെയ്ത് ആദായ നികുതി വകുപ്പിന് അടക്കേണ്ടതാണ്. ഇപ്രകാരം കരാറുകാരിൽ നിന്ന് നികുതി ഈടാക്കിയിട്ടില്ല. ഇത് സംബന്ധിച്ച ഓഡിറ്റ് എൻക്വയറി നം. 34 ന് മറുപടി ലഭ്യമാക്കിയിട്ടില്ല. കരാറുകാരിൽ നിന്ന് ആദായ നികുതി ഈടാക്കി റിപ്പോർട്ട് ചെയ്യേണ്ടതാണ്.

## 1-41 നഗരസഭാക്രിമിറ്റോറിയത്തിന് ഗ്യാസ് ഫർണസ്- അപാകതകൾ

| | |
|---|---|
| പ്രോജക്റ്റ് നം. | 276 |
| പ്രോജക്റ്റിന്റെ പേര് | നഗരസഭാക്രിമറ്റോറിയത്തിന് ഗ്യാസ് ഫർണസ് ഏർപ്പെടുത്തൽ |
| അടങ്കൽ തുക | ധനകാര്യകമ്മീഷൻ ഗ്രാന്റ് 1752900<br>തനത് 47100 |
| ചെലവ് തുക | ബിൽ നം.53/14.12.2020-1200000<br>54/14.12.2020-525000 |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | മുനിസിപ്പൽ സെക്രട്ടറി |

ഹൈടെക്ക് ക്രിമിറ്റോറിയം പ്രൈ. ലിമിറ്റഡ് എന്ന സ്ഥാപനത്തിനെയാണ് പ്രസ്തുത പദ്ധതി നടപ്പിലാക്കാനായി തെരഞ്ഞെടുത്തിട്ടുള്ളത്. പ്രസ്തുത സ്ഥാപനവുമായി നെഗോഷ്യേറ്റ് ചെയ്ത് പ്രവൃത്തി തുക 1725000/- രൂപയായി നിജപ്പെടുത്തിയിരിക്കുന്നു.

പ്രസ്തുത പദ്ധതിയിൽ താഴെപ്പറയുന്ന അപാകതകൾ കാണുന്നു.

1. ഹൈടെക്ക് ക്രിമറ്റോറിയം പ്രൈവറ്റ് ലിമിറ്റഡുമായി വച്ചിട്ടുള്ള എഗ്രിമെന്റ് നം. 11/sec/ndd/19-20/21.3.2020 പ്രകാരം വാറണ്ടി കാലാവധിക്കു ശേഷം ഒന്നാംകക്ഷിയും രണ്ടാംകക്ഷിയും നിശ്ചയിച്ചുറപ്പിക്കുന്ന വ്യവസ്ഥകളുടെ അടിസ്ഥാനത്തിൽ വാർഷിക മെയിന്റനൻസ് കോൺട്രാക്ടിൽ ഏർപ്പെടേണ്ടതാണ്. അപ്രകാരം വാർഷിക മെയിന്റനൻസ് കോൺട്രാക്ടിൽ ഏർപ്പെട്ടിട്ടുണ്ടെന്ന് ഉറപ്പാക്കാനാവശ്യമായ രേഖകൾ ലഭ്യമാക്കിയിട്ടില്ല.

2. 19.12.2020ൽ ഹൈടെക്ക് ക്രിമറ്റോറിയം പ്രൈ. ലിമിറ്റഡ് കമ്പനി സമർപ്പിച്ച സത്യവാങ്മൂലത്തിൽ ശുചിത്വമിഷന്റെ മാനദണ്ഡങ്ങൾ പ്രകാരവും 23.3.2020ലെ Pc1/13161/2020 ലെ സപ്ലൈ ഓർഡർ പ്രകാരവും സ്ഥാപിക്കേണ്ട ഓട്ടോമാറ്റിക് ഇഗ്നിഷൻ സിസ്റ്റം ഒരുമാസത്തിനകം സ്ഥാപിച്ചു കൊള്ളാം എന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. പ്രസ്തുത വ്യവസ്ഥയുടെ അടിസ്ഥാനത്തിൽ 5% റിട്ടെൻഷൻ തുക പിടിച്ച ശേഷം ബാക്കി തുക സ്ഥാപനത്തിന് നൽകിയിട്ടുണ്ട്. നിലവിൽ ഓട്ടോമാറ്റിക് ഇഗ്നിഷൻ സിസ്ററം സ്ഥാപിച്ചതിന്റെ വിശദാംശം ലഭ്യമാക്കിയിട്ടില്ല.

3. 1961-ലെ ആദായ നികുതി നിയമത്തിലെ വകുപ്പ് 194 സി പ്രകാരം ഒരു സാമ്പത്തിക വർഷം ഒരു കരാറിൽ 30,000/-രൂപയിൽ കൂടുതൽ തുക ഗുണഭോക്തൃസമിതി/കമ്പനി/ ഫേം എന്നിവർക്ക് പേമെന്റ് നടത്തുമ്പോൾ 2% തുക സ്രോതസ്സിൽ നിന്നും കുറവ് ചെയ്ത് ആദായ നികുതി വകുപ്പിന് അടക്കേണ്ടതാണ്. ഇപ്രകാരം കരാറുകാരിൽ നിന്ന് നികുതി ഈടാക്കിയിട്ടില്ല.

5. പ്രോക്യൂർമെന്റ് കമ്മിററി മിനിട്സ്, ടെക്നിക്കൽ കമ്മിറ്റി മിനിട്സ് എന്നിവ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

ഇത് സംബന്ധിച്ച ഓഡിറ്റ് എൻക്വയറി നം. 27 ന് മറുപടി ലഭ്യമാക്കിയിട്ടില്ല. ഓട്ടോമാറ്റിക് ഇഗ്നിഷൻ സിസ്റ്റം സ്ഥാപിച്ചിട്ടുണ്ടെങ്കിൽ വിശദാംശം ലഭ്യമാക്കേണ്ടതും മറ്റ് അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കേണ്ടതുമാണ്.

## 1-42 ശുചീകരണ ഉപകരണങ്ങൾ വാങ്ങൽ

| | |
|---|---|
| പ്രോജക്റ്റ് നം. | 49 |
| പ്രോജക്റ്റിന്റെ പേര് | ശുചീകരണ ഉപകരണങ്ങൾ വാങ്ങൽ |
| അടങ്കൽ തുക | ധനകാര്യ കമ്മീഷൻ ഗ്രാന്റ് |

| | |
|---|---|
| | 200000 |
| ചെലവ് തുക | ബിൽ നം. 14/12.1.2021- 147630<br>22/12.2.2021-26350 |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | ഹെൽത്ത് സൂപ്പർവൈസർ |

39 വാർഡുകളിലും ശുചീകരണ പ്രവർത്തനങ്ങൾ നടത്തുന്നതിനുവേണ്ടിയുള്ള ഉപകരണങ്ങൾ വാങ്ങുന്നതിനായി ആവിഷ്കരിച്ചിരുന്ന പദ്ധതിയിൽ സവ്യ സെയിൽസ് കോർപ്പറേഷൻ പ്രൈവറ്റ് ലിമിറ്റഡിന്റെ ടെണ്ടർ അംഗീകരിച്ചിട്ടുണ്ട്.ഇൻവോയിസ് നം. SV 328/24.9.2020 പ്രകാരം 147630 രൂപയുടെ ബിൽ ലഭ്യമാക്കുകയും ബിൽ നം. 14 പ്രകാരം തുക അക്കൌണ്ടിലേയ്ക്ക് ട്രാൻസ്ഫർ ചെയ്യുകയും ചെയ്തിട്ടുണ്ട്. സാധനങ്ങൾ വാങ്ങിയതിന്റെ സ്റ്റോക്ക് / വിതരണ രജിസ്റ്റർ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.
ഇത് സംബന്ധിച്ച ഓഡിറ്റ് എൻക്വയറി നം.77 ന് മറുപടി ലഭ്യമാക്കിയിട്ടില്ല. സ്റ്റോക്ക്, വിതരണ രജിസ്റ്റർ പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്.

## 1-43 ശാന്തി തീരം നഗരസഭാ ശ്മശാനത്തിന്റെ ലാന്റ് സ്കേപ്പിംഗ് പരിപാലനം -കരാറിലേർപ്പെടുന്നതിനുമൻപേ പരിപാലന തുക നൽകി

| | |
|---|---|
| പ്രോജക്റ്റ് നം. | 51 |
| പ്രോജക്റ്റിന്റെ പേര് | ശാന്തി തീരം നഗരസഭാ ശ്മശാനത്തിന്റെ ലാന്റ് സ്കേപ്പിംഗ് പരിപാലനം |
| അടങ്കൽ തുക | ധനകാര്യ കമ്മീഷൻ ഗ്രാന്റ് 138000 |
| ചെലവ് തുക | ബിൽ നം. 12/30.12.2020- 92000<br>21/16.2.2021-11500<br>27/8.3.2021-11500<br>30/8.3.2021-11500<br>40/30.3.2021-11500 |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | ഹെൽത്ത് സൂപ്പർവൈസർ |

നെടുമങ്ങാട് നഗരസഭയുടെ കീഴിലുള്ള ശാന്തി തീരം നഗരസഭാ ശ്മശാനത്തിന്റെ ലാന്റ് സ്കേപ്പിംഗ് പരിപാലനത്തിനു വേണ്ടി ആവിഷ്കരിച്ച പ്രോജക്ടിൽ താഴെപ്പറയുന്ന അപാകതകൾ കാണുന്നു.

1. 9.6.2020ൽ PH1-5025/20 പ്രകാരം ടെണ്ടർ ക്ഷണിക്കുകയും 22.8.2020ൽ ടെണ്ടർ ഓപ്പൺ ചെയ്യുകയും ചെയ്തതായി പ്രോജക്ട് ഫയലിൽ രേഖപ്പെടുത്തിയിട്ടുണ്ട്. പ്രതിമാസം 11500/- രൂപ നിരക്കിലാണ് കരാർ അംഗീകരിച്ചിട്ടുള്ളത്. Friends Landscaping Company യുമായി കരാറിലേർപ്പെട്ടത് 24.8.2020 ലാണ്. ചെക്ക് നം. 3729/23.7.2020 പ്രകാരം 34500 രൂപ ഏപ്രിൽ മുതൽ ജൂൺ വരെ ലാന്റ് സ്കേപ്പിംഗ് പരിപാലനത്തിനായും ചെക്ക് നം. 4179/19.8.2020 പ്രകാരം 11500 രൂപ ജൂലൈ മാസത്തെ ലാന്റ് സ്കേപ്പിംഗ് പരിപാലനത്തിനായും Friend Landscaping Company യ്ക്ക് നൽകിയിട്ടുണ്ട്. പ്രസ്തുത തുകകൾ ബിൽ നം. 12 പ്രകാരം പിൻവലിച്ച് തനതുഫണ്ടിലേയ്ക്ക് റീക്കൂപ്പ് ചെയ്തിട്ടുണ്ട്. 24.8.2020 ൽ മാത്രമാണ് Friends Landscaping Company യുമായി കരാറിലേർപ്പെട്ടത് എന്നിരിക്കെ എപ്രകാരമാണ് ഏപ്രിൽ മുതലുള്ള തുക നൽകിയതെന്ന് വ്യക്തമല്ല.

2. 1961-ലെ ആദായ നികുതി നിയമത്തിലെ വകുപ്പ് 194 സി പ്രകാരം ഒരു സാമ്പത്തിക വർഷം ഒരു കരാറിൽ 30,000/-രൂപയിൽ കൂടുതൽ തുക ഗുണഭോക്തൃസമിതി/കമ്പനി/ ഫേം എന്നിവർക്ക് പേമെന്റ് നടത്തുമ്പോൾ 2% തുക സ്രോതസ്സിൽ നിന്നും കുറവ് ചെയ്ത് ആദായ നികുതി വകുപ്പിന് അടക്കേണ്ടതാണ്. ഇപ്രകാരം കരാറുകാരിൽ നിന്ന് നികുതി ഈടാക്കി അടവാക്കിയിട്ടില്ല.

ഇത് സംബന്ധിച്ച ഓഡിറ്റ് എൻക്വയറി നം.69 ന് മറുപടി ലഭ്യമാക്കിയിട്ടില്ല. കരാറിലേർപ്പെടുന്നതിനു മുൻപുള്ള ലാന്റ്സ്കേപ്പിംഗ് പരിപാലന തുക Friend Landscaping Companyയ്ക്ക് നൽകിയതിന് വിശദീകരണം ലഭ്യമാക്കേണ്ടതും ആദായനികുതി ഇനത്തിൽ ഈടാക്കാനുള്ള തുക ഈടാക്കി അടവാക്കി റിപ്പോർട്ട് ചെയ്യേണ്ടതുമാണ്.

## 1-44 നെടുമങ്ങാട് ജില്ലാ ആശുപത്രിയിലെ ഹോസ്പിറ്റൽ കിയോസ്ക് ഡേറ്റാ എൻട്രി

## ഓപ്പറേറ്റർക്ക് ശമ്പളം-തുക പിൻവലിച്ചതിൽ വ്യക്തതയില്ല

| | |
|---|---|
| പ്രോജക്റ്റ് നം. | 414 |
| പ്രോജക്റ്റിന്റെ പേര് | നെടുമങ്ങാട് ജില്ലാ ആശുപത്രിയിലെ ഹോസ്പിറ്റൽ കിയോസ്ക് ഡേറ്റാ എൻട്രി ഓപ്പറേറ്റർക്ക് ശമ്പളം |
| അടങ്കൽ തുക | വികസനഫണ്ട് 54031 |
| ചെലവ് തുക | ബിൽ നം. 7/23.4.2020- 34800/- |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | മുനിസിപ്പൽ സെക്രട്ടറി |

ഫയൽ നം. Pc1/10970/19 പ്രകാരം ഡേറ്റാ എൻട്രി ഓപ്പറേറ്റർക്ക് വേതന ഇനത്തിൽ 2020 ഫെബ്രുവരി, മാർച്ച് മാസങ്ങളിൽ തനതുഫണ്ടിൽ നിന്നും അനുവദിച്ച തുക റീക്ലപ്പ് ചെയ്യുന്നതിനാണ് 17.4.2020ൽ സെക്രട്ടറിയുടെ നടപടിക്രമങ്ങൾ പ്രകാരം ഉത്തരവായിട്ടുള്ളത്. ഫെബ്രുവരി മാസത്തിൽ ചെക്ക് നം. 3162/4.3.2020- അനുസരിച്ച് 14562/- രൂപയും മാർച്ച് മാസം ചെക്ക് നം. 3515/2.4.2020 പ്രകാരം 15312 രൂപയുമാണ് തനതുഫണ്ടിൽ നിന്നും നൽകിയിട്ടുള്ളത്. ആകെ 29874/- രൂപ. എന്നാൽ ബിൽ നം. 7 പ്രകാരം 34800/- രൂപയാണ് പിൻവലിച്ചിട്ടുള്ളത്. തനതുഫണ്ടിൽ നിന്ന് ചെലവഴിച്ചതിനേക്കാൾ കൂടുതൽ തുക ബിൽ പ്രകാരം പിൻവലിച്ചതിന്റെ കാരണം വ്യക്തമല്ല.

ഇത് സംബന്ധിച്ച ഓഡിറ്റ് എൻക്വയറി നം. 30 ന് മറുപടി ലഭ്യമാക്കിയിട്ടില്ല. മറുപടി ലഭ്യമാക്കേണ്ടതാണ്.

## 1-45 നഗരസഭ സ്ലാട്ടർ ഹൗസ്- അപാകതകൾ

എ

| | |
|---|---|
| പ്രോജക്റ്റ് നം. | 269 |
| പ്രോജക്റ്റിന്റെ പേര് | ആധുനിക അറവുശാല ഇലക്ട്രിഫിക്കേഷൻ |
| അടങ്കൽ തുക | വികസനഫണ്ട് 1233470<br>തനത്ഫണ്ട് 2438530 |
| ചെലവ് തുക | ബിൽ നം. 33/24.7.2020-1233470<br>ചെക്ക് നം. 3738/24.7.2020-976406 |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | മുനിസിപ്പൽ സെക്രട്ടറി |

ബി)

| | |
|---|---|
| പ്രോജക്റ്റ് നം. | 499 |
| പ്രോജക്റ്റിന്റെ പേര് | നഗരസഭ സ്ലാട്ടർഹൗസ് മെഷീൻ സ്ഥാപിക്കൽ |
| അടങ്കൽ തുക | വികസനഫണ്ട് 2264980<br>ധനകാര്യ കമ്മീഷൻ ഗ്രാന്റ് 17100000 |
| ചെലവ് തുക | ബിൽ നം. 32/24.7.2020- 2264980<br>80/30.3.2021-5829200 |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | മുനിസിപ്പൽ സെക്രട്ടറി |

മേൽ പരാമർശിച്ചിട്ടുള്ള പ്രവൃത്തികളിൽ താഴെപ്പറയുന്നവയ്ക്ക് മറുപടി ലഭ്യമാക്കേണ്ടതാണ്.

1. ക്രമ നം.എ പ്രകാരമുള്ള പദ്ധതിയിൽ ആധുനിക അറവുശാല ഇലക്ട്രിഫിക്കേഷൻ നടത്തി കൂടുതൽ മെച്ചപ്പെട്ട സൗകര്യം ഒരുക്കുന്നതിനുവേണ്ടി KEL നെ തെരഞ്ഞെടുത്തിട്ടുണ്ട്. KEL Supply Of 45kvA DG Sets ന്റെ ഇൻസ്റ്റലേഷനായി 979800/-രൂപയുടെ എസ്റ്റിമേറ്റും ജനറൽ ഇലക്ട്രിഫിക്കേഷനായി 2029500/- രൂപയുടെ എസ്റ്റിമേറ്റും ലഭ്യമാക്കിയിട്ടുണ്ട്. മേൽ പരാമർശിച്ചിട്ടുള്ള ബില്ലുകൾ പ്രകാരം ആകെ 2209876/- രൂപ KEL ന് നൽകിയിട്ടുണ്ട്. എന്നാൽ പ്രവൃത്തിയുടെ എം.ബുക്ക് പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

2. ക്രമ നം. ബി പ്രകാരമുള്ള പദ്ധതിയിൽ മുൻകൂറായി 2264980/- രൂപയും മെറ്റീരിയൽ സപ്ലൈ ചെയ്ത വകയിൽ 5246280 രൂപയും റിട്ടെൻഷനായി 582920/- രൂപയും ബിൽ നം. 80 പ്രകാരം ചെലവഴിച്ചിട്ടുണ്ട്. പ്രസ്തുത മെറ്റീരിയലുകൾ ഇൻസ്റ്റാൾ ചെയ്ത് കമ്മീഷൻ ചെയ്തിട്ടുണ്ടെങ്കിൽ വിശദാംശം ലഭ്യമാക്കേണ്ടതാണ്. KEL മായി വച്ചിട്ടുള്ള

എഗ്രിമെന്റ് നം. 4/sec/ndd/2020-21 Dated 15.7.2020 ക്രമ നം .7 പ്രകാരം സ്ലാട്ടർ ഹൌസ് പ്രവൃത്തിപ്പിക്കുന്നതിനായി നെടുമങ്ങാട് നഗരസഭ നിയോഗിക്കുന്ന ഉദ്യോഗസ്ഥർക്ക് KEL ആവശ്യമായ ട്രെയിനിംഗ് നൽകുമെന്ന് പരാമർശിച്ചിട്ടുണ്ട്. സ്ലാട്ടർഹൌസ് നിലവിൽ പ്രവർത്തനക്ഷമമാണോയെന്നും ജീവനക്കാർക്ക് കെൽ പരിശീലനം നൽകിയിട്ടുണ്ടോയെന്നും വ്യക്തമല്ല

ഇത് സംബന്ധിച്ച ഓഡിറ്റ് എൻക്വയറി നം. 42 ന് മറുപടി ലഭ്യമാക്കിയിട്ടില്ല. പ്രവൃത്തിയുടെ എം.ബുക്ക് പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതും മറ്റ് പരാമർശങ്ങൾക്ക് മറുപടി ലഭ്യമാക്കേണ്ടതുമാണ്.

## 1-46 ജനറൽ കമ്മിറ്റി മിനിട്സ് -പരിപാലനം- മുനിസിപ്പാലിറ്റി ചട്ടങ്ങൾ പാലിക്കുന്നില്ല

1. 1995ലെ കേരള മുനിസിപ്പാലിറ്റി (കൌൺസിലിന്റെ യോഗ നടപടിക്രമം) ചട്ടങ്ങൾ ചട്ടം 14 (2) പ്രകാരം കൌൺസിലിന് ഒരു മിനിട്സ് ബുക്ക് ഉണ്ടായിരിക്കേണ്ടതാണ്. ചട്ടം 14(3) പ്രകാരം യോഗത്തിന്റെ മിനിട്സിന്റെ നക്കൽ സെക്രട്ടറി തയ്യാറാക്കി യോഗം കഴിഞ്ഞ് 24 മണിക്കൂറിനുള്ളിൽ അധ്യക്ഷന്റെ അംഗീകാരത്തിന് സമർപ്പിക്കേണ്ടതാണ്. ചട്ടം 14(4) പ്രകാരം സെക്രട്ടറി തയ്യാറാക്കിയ യോഗത്തിന്റെ മിനിട്സ് അധ്യക്ഷന് ലഭിച്ച് 24 മണിക്കൂറിനുള്ളിൽ ആയത് യോഗതീരുമാനങ്ങൾക്കനുസരണമായ തിരുത്തലുകളോടെയോ അല്ലാതെയോ അംഗീകരിച്ച് സെക്രട്ടറിയ്ക്ക് തിരിച്ചയ്ക്കേണ്ടതാണ്. ചട്ടം 14(5) പ്രകാരം അധ്യക്ഷൻ അംഗീകരിച്ച മിനിട്സ് സെക്രട്ടറിയ്ക്ക് ലഭിച്ച് 48 മണിക്കൂറിനുള്ളിൽ കൌൺസിലിന്റെ മിനിട്സ് ബുക്കിൽ രേഖപ്പെടുത്തി അധ്യക്ഷന്റെ ഒപ്പു വാങ്ങേണ്ടതാണ്.

ജനറൽ കമ്മിറ്റി മിനിട്സ് പരിശോധിച്ചതിൽ മേൽ നടപടിക്രമങ്ങളൊന്നും തന്നെ പാലിച്ചതായി കാണുന്നില്ല. 15.9.2020 മുതലുള്ള ജനറൽ കമ്മിറ്റി മിനിട്സ് ആണ് പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടുള്ളത്. 15.9.2020ലെ ജനറൽ കമ്മിറ്റി മിനിട്സിൽ അജണ്ട മൂന്ന് , തീരുമാനം എന്നിവ രേഖപ്പെടുത്തിയിട്ടില്ല( പേജ് നം. 13)

ചട്ടം 14(5) പ്രകാരം അധ്യക്ഷൻ അംഗീകരിച്ച മിനിട്സ് സെക്രട്ടറിയ്ക്ക് ലഭിച്ച് 48 മണിക്കൂറിനുള്ളിൽ കൌൺസിലിന്റെ മിനിട്സ് ബുക്കിൽ രേഖപ്പെടുത്തി അധ്യക്ഷന്റെ ഒപ്പു വാങ്ങേണ്ടതാണെങ്കിലും മിനിട്സ് പരിശോധിച്ചതിൽ മേൽ ചട്ടം പാലിച്ചിട്ടില്ല. ഉദാ 15.9.2020, 12.10.2020, 23.10.2020 എന്നീ തീയതികളിലെ മിനിട്സ്.

23.10.2020 ലെ രേഖപ്പെടുത്തലുകൾക്കു ശേഷം മിനിട്സ് ബുക്കിലെ പേജുകൾ രേഖപ്പെടുത്തലുകൾ വരുത്താതെ ഒഴിച്ചിട്ടിരിക്കുകയാണ്. 23.10.2020 ന് ശേഷം 19.1.2021 മുതലാണ് മിനിട്സിൽ രേഖപ്പെടുത്തലുകൾ വരുത്തിയിരിക്കുന്നത്. 1995ലെ കേരള മുനിസിപ്പാലിറ്റി (കൌൺസിലിന്റെ യോഗ നടപടിക്രമം) ചട്ടങ്ങൾ പാലിച്ച് മിനിട്സിൽ രേഖപ്പെടുത്തലുകൾ വരുത്താത്തതിന്റെ കാരണം വ്യക്തമല്ല

2. സ.ഉ(സാധാ) നം. 3630/2015/lsgd Dated 3.12.2015 പ്രകാരം തദ്ദേശഭരണസ്ഥാപനങ്ങളുടെ ഭരണസമിതിയോഗങ്ങൾ ഓൺലൈൻ ആക്കുന്നതിനു വേണ്ടി ഇൻഫർമേഷൻ കേരള മിഷൻ വികസിപ്പിച്ച ആപ്ളിക്കേഷൻ സോഫ്റ്റ് വെയർ ആയ സകർമ്മ സോഫ്റ്റ് വെയർ സംസ്ഥാനത്തെ എല്ലാ തദ്ദേശഭരണ സ്ഥാപനങ്ങളിലും വിന്യസിക്കുന്നതിനുള്ള അനുമതി നൽകി സർക്കാർ ഉത്തരവായിട്ടുണ്ട്. ഭരണസമിതിയോഗങ്ങൾ ഓൺലൈൻ ആക്കാത്തതിന്റെ കാരണം വ്യക്തമല്ല.

ഇത് സംബന്ധിച്ച ഓഡിറ്റ് എൻക്വയറി നം.18 ന് മറുപടി ലഭ്യമാക്കിയിട്ടില്ല. മുനിസിപ്പാലിറ്റി നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് ജനറൽ കമ്മിറ്റി മിനിട്സ് പരിപാലിക്കുന്നതിന് ശ്രദ്ധിക്കേണ്ടതാണ്.

## 1-47 വൃദ്ധജനങ്ങൾക്ക് വയോക്ലബ്- സർക്കാർ നിർദ്ദേശം പാലിച്ചിട്ടില്ല

വിശപ്പ് രഹിത കേരളം പദ്ധതിപ്രകാരം നഗരസഭയിൽ നാല് വയോക്ലബുകളാണ് 2020-21 സാമ്പത്തികവർഷം ആരംഭിച്ചിട്ടുള്ളത്(ഗ്രാങ്കോട്ടുകോണം, പടവള്ളിക്കോണം, മൂത്താംകോണം, വലിയമല). ഇതിൽ മൂത്താംകോണം, വലിയമല എന്നിവ പട്ടികജാതി വിഭാഗത്തിനുള്ളതാണ്. വയോക്ലബുകളുടെ പ്രവർത്തനചെലവിലേക്കായി പ്രോജക്ട് ഓഫീസർ നിർവ്വഹണോദ്യോഗസ്ഥനായി രണ്ട് പ്രോജക്ടുകൾ നടപ്പാക്കിയിട്ടുണ്ട്. വിശദാംശം ചുവടെ

| | |
|---|---|
| I | പ്രോജക്ട് നം. - 539/21 (നഗരസഭയിലെ അരശുപറമ്പ് ഗ്രാങ്കോട്ടുകോണം വലിയമല മൂത്താംകോണം കരിപ്പൂർ എന്നിവിടങ്ങളിലെ വൃദ്ധജനങ്ങൾക്കായി വയോക്ലബ് )<br>അടങ്കൽ - 1897810/- (വി.ഫ- പൊതുവിഭാഗം)<br>ചെലവ് - 761134/- (ബിൽ നം.(ACR പ്രകാരമുള്ളത്). 324/23.10.2020-157906, 329/23.10.2020-11525, 332/3.11.2020-108323, 371/1.12.2020- 38870, 395/21.12.2020- 68860/-, 404/4.01.2021- 34645/-, 426/20.1.2021- 75075/-, 471/20.02.2021-70870/-, 611/8.3.2021- 64155/-, 657/17.03.2021- 53375/-, 700/26.3.2021- 77530/-) |

| | |
|---|---|
| II | പ്രോജക്റ്റ് നം. - 220/21 (നഗരസഭയിലെ ഗ്രാങ്കോട്ടുകോണം വലിയമല മൂത്താംകോണം എന്നിവിടങ്ങളിൽ പട്ടികജാതിയിലെ വൃദ്ധജനങ്ങൾക്കായി വയോക്ലബ് )<br>അടങ്കൽ - 1800000/- (വി.ഫ- എസ്.സി.പി)<br>ചെലവ് – 930341/- (ബിൽ നം. 20/27.10.2020-83380/-, 18/27.10.2020-28050/-, 21/27.10.2020-137892/-, 22/27.10.2020-90254/-, 23/5.11.2020-10150/-, 25/22.12.2020-76050/-, 30/15.12.2020-6525/-, 32/22.12.2020-123340/-, 35/20.01.2021-80925/-, 40/22.2.2022- 122365/-, 47/20.03.2021-105675/-, 51/26.03.2021-65735/- ) |

പ്രോജക്റ്റ് ഫയലിൽ ചെലവ് രേഖകൾ കൃത്യമായി സൂക്ഷിച്ചിട്ടില്ലാത്തതിനാൽ ഏതൊക്കെ ഇനങ്ങൾക്കാണ് തുക ചെലവഴിച്ചതെന്ന് പരിശോധിക്കാൻ കഴിഞ്ഞില്ല. പ്രോജക്റ്റ് പ്രകാരം വിവിധ ഇനങ്ങൾക്കായി ചുവടെ ചേർക്കുംപ്രകാരം തുക ചെലവഴിച്ചതായി നിർവ്വഹണോദ്യോഗസ്ഥൻ അറിയിച്ചിട്ടുണ്ട്(ഓഡിറ്റ് എൻക്വയറി നം. 14).

| ഇനം | പട്ടികജാതി വയോ ക്ലബിനായി ചെലവഴിച്ച തുക | ജനറൽ വയോ ക്ലബിനായി ചെലവഴിച്ച തുക |
|---|---|---|
| കെയർടേക്കറുടെ വേതനം | 75000 | 60000 |
| ജനകീയ ഹോട്ടലുകൾക്ക് ഭക്ഷണം നൽകിയ വകയിൽ | 522990 | 429585 |
| വാടക ഇനത്തിൽ | 80500 | 40000 |
| ഗ്യാസ് കണക്ഷൻ | 19575 | 6525 |
| ഫർണിച്ചർ വാങ്ങിയത് | 137892 | 137892 |
| പാചക സാമഗ്രികൾ വാങ്ങിയത് | 78754 | 78754 |
| ടി.വി.വങ്ങിയത് | 9900 | |
| സ്റ്റേഷനറി സാധനങ്ങൾ വാങ്ങിയത് | 3300 | 7248 |
| കേബിൾ, കറണ്ട്, ഗ്യാസ് | 2430 | 1130 |
| ആകെ | 930341 | 761134 |

<u>പ്രോജക്റ്റ് നടത്തിപ്പിലെ അപാകതകൾ ചുവടെ ചേർക്കുന്നു</u>

1. വയോക്ലബുകളിൽ ഭക്ഷണം നൽകിയതിന് (ഊണും സ്നാക്സും) ഒരു ദിവസത്തേക്ക് ഒരാൾക്ക് 65/- രൂപ നിരക്കിലാണ് ജനകീയ ഹോട്ടലിന് തുക നൽകിയിട്ടുള്ളത്. ജനകീയ ഹോട്ടലിൽ നിന്ന് നൽകുന്ന വൌച്ചർ പ്രകാരം തുക അനുവദിക്കുകയാണ് ചെയ്തിട്ടുള്ളത്. പ്രസ്തുത വൌച്ചറുകൾ മോണിറ്റർ ചെയ്യാതെയാണ് തുക നൽകിയിരിക്കുന്നത്. വയോക്ലബിലെ ഹാജർപുസ്തകത്തിലെ രേഖപ്പെടുത്തലമായി ജനകീയ ഹോട്ടലിൽ നിന്ന് ലഭ്യമാക്കിയ വൌച്ചർ ഒത്തുനോക്കിയപ്പോൾ പലപ്പോഴും ഇവ തമ്മിൽ പൊരുത്തപ്പെടുന്നില്ലായെന്ന് കാണുന്നു. വയോക്ലബിൽ ആരും ഹാജരാകാതിരുന്ന അവധി ദിവസവും ഭക്ഷണത്തിന് തുക അനുവദിച്ചിട്ടുണ്ട്. ഉദാഹരണമായി നിറവ് ജനകീയ ഹോട്ടൽ ലഭ്യമാക്കിയ രണ്ട് വൌച്ചറുകൾ പ്രകാരമുള്ള അപാകത ചുവടെ ചേർക്കുന്നു.

| വയോക്ലബ് | ഹാജർബുക്ക് പ്രകാരം ആരും ഹാജരാകാത്ത ദിവസം | നിറവ് ജനകീയ ഹോട്ടൽ ലഭ്യമാക്കിയ വൌച്ചർ പ്രകാരം ഭക്ഷണം വിതരണം ചെയ്തതിന് ഈടാക്കിയ തുക |
|---|---|---|
| പടവള്ളിക്കോണം വയോക്ലബ് | 20.12.2020<br>27.12.2020<br>3.1.2021 | പ്രസ്തുത ദിവസങ്ങളിൽ 1495/- രൂപ വീതം (23X65) ഈടാക്കിയിരിക്കുന്നു |
| മൂത്താംകോണം വയോക്ലബ് | 20.12.2020<br>25.12.2020<br>27.12.2020<br>3.1.2021 | പ്രസ്തുത ദിവസങ്ങളിൽ 845/- രൂപ വീതം (13X65) ഈടാക്കിയിരിക്കുന്നു |

| | | |
|---|---|---|
| | 10.1.2021 | |

വൗച്ചർ ഇനിമേൽ കെയർടേക്കറും നിർവ്വഹണോദ്യോഗസ്ഥനും മോണിട്ടർ ചെയ്യുന്നതാണെന്നും, വീഴ്ച ഇനി മേൽ വരാതെ ശ്രദ്ധിക്കുന്നതാണെന്നും നിർവ്വഹണോദ്യോഗസ്ഥൻ വിശദീകരണം നൽകിയിട്ടുണ്ട്(ഓഡിറ്റ് എൻക്വയറി നം.43).

വൗച്ചർ കൃത്യമായും മോണിറ്റർ ചെയ്തശേഷം മാത്രം തുക അനുവദിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

2. പന്ത്രണ്ടിന പരിപാടി മാർഗ്ഗരേഖ (സ.ഉ(കൈ) നം.45/2020/ത.സ്വ.ഭ.വ തീയതി. 6/3/2020) പ്രകാരം വയോക്ലബിലെ കെയർടേക്കർക്ക് 4000/- രൂപ നിരക്കിൽ കുടുംബശ്രീ മിഷൻ നഗരസഭയ്ക്ക് നൽകുന്നതാണെന്നും, 1000/- രൂപ നഗരസഭ ലഭ്യമാക്കുമെന്നുമാണ് നിർദ്ദേശമുള്ളത്. എന്നാൽ കെയർടേക്കർമാർക്കുള്ള മുഴുവൻ വേതനവും നഗരസഭ നൽകിയിരിക്കുന്നു. കൂടാതെ മേൽ മാർഗ്ഗരേഖയിൽ ഗ്യാസ് അടുപ്പ്, പാത്രങ്ങൾ എന്നിവ കുടുംബശ്രീ മിഷൻ ലഭ്യമാക്കുമെന്ന് നിർദ്ദേശമുണ്ടെങ്കിലും ഇതിലേക്കായി നഗരസഭ തുക ചെലവഴിച്ചിരിക്കുന്നു.

തുക റീക്കൂപ്പ് ചെയ്യുന്നതിന് കുടുംബശ്രീ സംസ്ഥാനമിഷന് അടിയന്തിരമായി കത്ത് നൽകുന്നതാണെന്ന് മറുപടി നൽകി. തുക ഈടാക്കി വിവരം ലഭ്യമാക്കേണ്ടതാണ്.

3. കെയർടേക്കർമാരെ നിയമിച്ചതിന്റെ രേഖകൾ ആവശ്യപ്പെട്ടതിന് രേഖകൾ ഹാജരാക്കുന്നുവെന്ന് മറുപടി നൽകിയെങ്കിലും ആയത് ലഭ്യമാക്കിയില്ല. കെയർടേക്കർമാരുടെ അക്വിറ്റൻസ് രജിസ്റ്റർ സൂക്ഷിക്കുകയോ, കെയർടേക്കർമാർ ഓണറേറിയം കൈപ്പറ്റിയതിന്റെ കൈപ്പറ്റ് രസീതിൽ ഏത് മാസത്തെ ഓണറേറിയമാണ് കൈപ്പറ്റിയതെന്നുള്ള വിവരമോ രേഖപ്പെടുത്താത്തതിനാൽ വേതനം നൽകിയതിന്റെ കൃത്യത ബോധ്യപ്പെട്ടിട്ടില്ല.

കെയർടേക്കർമാരുടെ അക്വിറ്റൻസ് തയ്യാറാക്കി ഒപ്പിട്ടുവിക്കുന്നതാണെന്നാണ് വിശദീകരണം നൽകിയത്. അപാകത പരിഹരിച്ച് റിപ്പോർട്ട് ചെയ്യേണ്ടതാണ്.

4. വയോക്ലബ് പ്രവർത്തിക്കുന്ന കെട്ടിടങ്ങളുടെ വാടകയ്ക്ക് തുക നൽകിയിട്ടുണ്ടെങ്കിലും കൈപ്പറ്റ് രസീത് സൂക്ഷിച്ചിട്ടില്ല.

2020-21 സാമ്പത്തികവർഷം വയോക്ലബ് ആരംഭിച്ച സമയമായതിനാൽ സംഭവിച്ച വീഴ്ചയാണെന്നും, കൈപ്പറ്റ് രസീത് ഇപ്പോൾ വാങ്ങി സൂക്ഷിക്കുന്നുണ്ടെന്നുമാണ് മറുപടി നൽകിയത്. രേഖകൾ കൃത്യമായി സൂക്ഷിക്കാൻ നിർവ്വഹണോദ്യോഗസ്ഥൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-48 പി.എം.എ.വൈ.ഭവനപദ്ധതി- രേഖകൾ സൂക്ഷിക്കുന്നില്ല

(I) പ്രോജക്ട് നം. - 96/21 (ഭൂമിയുള്ള 100 ഭവനരഹിതർക്ക് ഭവനനിർമ്മാണത്തിനുള്ള ധനസഹായം)

അടങ്കൽ - 40000000/- (വി.ഫ(പൊതുവിഭാഗം)- 20000000/-,
കേന്ദ്രാവിഷ്കൃതം - 15000000/-,
സംസ്ഥാനാവിഷ്കൃതം- 5000000/-)

ചെലവ് - 20000000/- (ബിൽ നം. 28/19.122.20-4040000/-,
29/19.122.20-480000/-, 38/30.1.21- 4000000/-,
39/22.2.21-4150000/-, 44/12.3.21- 320000/-,
49/20.3.21-3180000/-, 52/26.3.21-3550000/-, 56/27.3.21-280000/-)

(Ii) പ്രോജക്ട് നം. - 97/21 (ഭവനരഹിതരായ 52 പട്ടികജാതിക്കാർക്ക് പി.എം.എ.വൈ പ്രകാരം വീട്)

അടങ്കൽ - 10400000/- (വി.ഫ(എസ്.സി.പി)- 10000000/-,
തനത്ഫണ്ട്- 400000)

ചെലവ് - 3510000/- (ബിൽ നം. 27/15.12.20-590000/-,
37/30.1.21-1560000/-, 45/12.3.21-240000/-,
50/23.3.21-640000/-, 55/26.3.21-480000/- )

(A) ഫണ്ട് വരവ്-ചെലവ് കണക്ക് കൃത്യമായി സൂക്ഷിക്കുന്നില്ല

നഗരസഭയിൽ പ്രധാനമന്ത്രി ആവാസ് യോജന (പി.എം.എ.വൈ) പദ്ധതിക്കായി രണ്ട് പ്രോജക്ടുകളാണ് പ്രോജക്ട് ഓഫീസർ നിർവ്വഹണോദ്യോഗസ്ഥനായി നടപ്പാക്കിയിട്ടുള്ളത്. ഇതിലേക്കായി കേന്ദ്ര,സംസ്ഥാന,നഗരസഭാ വിഹിതങ്ങൾ,KURDFC വായ്പ എന്നിവയാണ് ചെലവഴിച്ചിട്ടുള്ളത്. എന്നാൽ സുലേഖചെലവ് പത്രികയിൽ നഗരസഭാവിഹിതത്തിന്റെ വിശദാംശം മാത്രമേ രേഖപ്പെടുത്തിയിട്ടുള്ളൂ. പി.എം.എ.വൈ വരവ് ചെലവ് കണക്കുകൾ

എഴുതിയ രജിസ്റ്റർ സൂക്ഷിച്ചിട്ടില്ലാത്തതിനാൽ വിവിധ ഫണ്ടിനങ്ങളുടെ വരവ്- ചെലവ് കണക്കുകളുടെ കൃത്യത ബോധ്യപ്പെട്ടിട്ടില്ല.

പ്രോജക്ട് ഓഫീസർ ലഭ്യമാക്കിയ സ്റ്റേറ്റ്മെന്റ് പ്രകാരം കേന്ദ്ര,സംസ്ഥാന വിഹിതങ്ങൾ, KURDFC വായ്പ എന്നീ ഇനങ്ങളിൽ ആകെ 182930445/- രൂപ തൻവർഷം ചെലവഴിച്ചിട്ടുണ്ട്. ഇനം തിരിച്ചുള്ള ചെലവ് വിവരം ലഭ്യമല്ലായെന്നാണ് അറിയിച്ചിരിക്കുന്നത്(ഓഡിറ്റ് എൻക്വയറി നം.32). പദ്ധതി പ്രകാരം I മുതൽ VI വരെ ഡി.പി.ആർ ലിസ്റ്റിലുൾപ്പെട്ട ഗുണഭോക്താക്കൾക്ക് ധനസഹായം നൽകിയിട്ടുണ്ട്. പി.എം.എ.വൈ വിഹിതം അനുവദിച്ചതുമായി ബന്ധപ്പെട്ട ഡി.പി.ആർ. വാച്ച് രജിസ്റ്ററിൽ ബിൽവിവരം, ഫണ്ട് വിവരം എന്നിവ രേഖപ്പെടുത്താത്തതിനാൽ തുക നൽകുന്നത് കൃത്യമായി രജിസ്റ്ററിൽ രേഖപ്പെടുത്തുന്നുണ്ടോയെന്നത് പരിശോധിക്കാൻ സാധിക്കുന്നില്ല. കൂടാതെ രജിസ്റ്ററിൽ കൃത്യമായി രേഖപ്പെടുത്തലും വരുത്തുന്നില്ല. വാച്ച് രജിസ്റ്റർ II, III എന്നിവ പരിശോധിച്ചതിൽ കണ്ട അപാകതകൾ ഉദാഹരണമായി ചേർക്കുന്നു.

| ഡി.പി.ആർ. വാച്ച് രജിസ്റ്റർ/വാർഡ് | അപാകത |
|---|---|
| III/ 28 | ക്രമ നം. 19 - ശ്രീമതി സജിത.എസ്-ന് ആദ്യ രണ്ട് ഗഡുക്കളും, നാലാം ഗഡുവും അനുവദിച്ചത് രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ മൂന്നാം ഗഡു അനുവദിച്ചതിന്റെ വിവരം രേഖപ്പെടുത്തിയിട്ടില്ല. |
| II/ 24 | ക്രമ നം. 16- ശ്രീമതി രാഗിണിക്ക് ആദ്യ ഗഡുവും, മൂന്നും നാലും ഗഡുക്കളും അനുവദിച്ചത് രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ രണ്ടാം ഗഡു അനുവദിച്ചതിന്റെ വിവരം രേഖപ്പെടുത്തിയിട്ടില്ല. |
| II/ 30 | ക്രമ നം. 9- ശ്രീമതി റഷീദാബീവിക്ക് ആദ്യ ഗഡുവും, മൂന്നും നാലും ഗഡുക്കളും അനുവദിച്ചത് രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ രണ്ടാം ഗഡു അനുവദിച്ചതിന്റെ വിവരം രേഖപ്പെടുത്തിയിട്ടില്ല. |

(B) <u>പണിപൂർത്തീകരിക്കാൻ കാലതാമസം</u>

ഭവനനിർമ്മാണത്തിനായി കരാർ വച്ച ഗുണഭോക്താക്കളിൽ എത്ര പേർ മുഴുവൻ തുകയും കൈപ്പറ്റി ഭവനനിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ട്, എത്ര പേർ പണിപൂർത്തീകരിക്കാനവശേഷിക്കുന്നു എന്നീ വിവരങ്ങൾ രജിസ്റ്റർ കാലികമാക്കി സൂക്ഷിക്കാത്തതിനാൽ പരിശോധിക്കാൻ സാധിക്കുന്നില്ല. പ്രോജക്ട് ഓഫീസർ ലഭ്യമാക്കിയ മറുപടി പ്രകാരമുള്ള വിവരം ചുവടെ ചേർക്കുന്നു.

<table>
<tr><th rowspan="2">ഡി.പി.ആർ</th><th rowspan="2">ആകെ കരാറിലേർപ്പെട്ടവർ</th><th rowspan="2">പണി പൂർത്തീകരിച്ചവർ</th><th rowspan="2">പണി പൂർത്തീകരിക്കാത്തവർ</th><th colspan="2">നാളിതുവരെ പണിപൂർത്തീകരിക്കാത്തവരുടെ വിശദാംശം</th></tr>
<tr><th>ഒറ്റ ഗഡു മാത്രം കൈപ്പറ്റിയവർ</th><th>രണ്ട് ഗഡു മാത്രം കൈപ്പറ്റിയവർ</th></tr>
<tr><td>I</td><td>790</td><td>765</td><td>25</td><td rowspan="3">1 മുതൽ 6 വരെ ഡി.പി.ആർ-ൽ ഉൾപ്പെട്ട 88 പേർ</td><td rowspan="3">1 മുതൽ 6 വരെ ഡി.പി.ആർ-ൽ ഉൾപ്പെട്ട 118 പേർ</td></tr>
<tr><td>II</td><td>430</td><td>393</td><td>37</td></tr>
<tr><td>III</td><td>544</td><td>491</td><td>53</td></tr>
<tr><td>IV</td><td>103</td><td>96</td><td>7</td><td rowspan="3">(രജിസ്റ്റർ പ്രകാരം ഡി.പി.ആർ. I ലെ 7 പേർ ഇതിലുൾപ്പെടുന്നു)</td><td rowspan="3">(രജിസ്റ്റർ പ്രകാരം ഡി.പി.ആർ. I ലെ 6 പേർ ഇതിലുൾപ്പെടുന്നു)</td></tr>
<tr><td>V</td><td>118</td><td>90</td><td>28</td></tr>
<tr><td>VI</td><td>189</td><td>0</td><td>189</td></tr>
</table>

തുക കൈപ്പറ്റിയ ഗുണഭോക്താക്കളുടെ ഭവനനിർമ്മാണം പൂർത്തീകരിക്കാൻ തുടർനടപടികൾ സ്വീകരിക്കേണ്ടതാണ്. ഭവന നിർമ്മാണം തുടരുന്നില്ലെങ്കിൽ മുൻകൂർ ആയി നൽകിയ തുക തിരിച്ചടപ്പിക്കാനുള്ള നടപടികളും സ്വീകരിക്കേണ്ടതാണ്.

(C) <u>ഭവനനിർമ്മാണപുരോഗതി വിവരം സൂക്ഷിക്കുന്നില്ല</u>

പി.എം.എ.വൈ ഗുണഭോക്താക്കളുടെ ഫയൽ പരിശോധിച്ചതിൽ മുഴുവൻ തുകയും കൈപ്പറ്റിയ ഗുണഭോക്താക്കൾ ഭവനനിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ടോയെന്ന് വ്യക്തമല്ല. ഒരു ഫയലിലും സ്റ്റേജ് സർട്ടിഫിക്കറ്റ്, വാല്യുവേഷൻ, ഭവനനിർമ്മാണത്തിന്റെ വിവധ ഘട്ടങ്ങളിലെ ഫോട്ടോ എന്നിവ സൂക്ഷിച്ചിട്ടില്ല.

പി.എം.എ.വൈ ഗുണഭോക്താക്കളുടെ സ്റ്റേജ് വൈസ് റിപ്പോർട്ട് ഭൂവൻ ആപ്ലിക്കേഷനിൽ ജിയോടാഗിംഗ് നടത്തി നിശ്ചിതഫോറത്തിൽ ഗുണഭോക്താവിന് അപേക്ഷനൽകി അപേക്ഷയിന്മേൽ ഓവർസീയർപരിശോധനനടത്തി സ്റ്റേജ്റിപ്പോർട്ട് നൽകിയാണ് ഓരോഗഡുക്കളും നൽകുന്നതെന്നും, അവസാന ഗഡു ഓവർസിയർ പരിശോധിച്ച് നമ്പർ നൽകിയശേഷം മാത്രമാണ് നൽകുന്നതെന്നമാണ് മറുപടി ലഭ്യമാക്കിയത്. രേഖകൾ കൃത്യമായി സൂക്ഷിച്ചിട്ടില്ലാത്തതിനാൽ തൻവർഷം ധനസഹായം കൈപ്പറ്റിയ ഗുണഭോക്താക്കൾക്ക് ക്രമപ്രകാരമാണോ തുക അനുവദിച്ചതെന്നത് വ്യക്തമല്ല.
അപാകതകൾ പരിഹരിച്ച് വിശദാംശം റിപ്പോർട്ട് ചെയ്യേണ്ടതാണ്.

## 1-49 അഗതിരഹിതകേരളം- തുക മുൻകൂർപിൻവലിച്ച് തനത് ഫണ്ട് അക്കൌണ്ടിൽ സൂക്ഷിച്ചിരിക്കുന്നു

പ്രോജക്ട് നം. - 35/21 (അഗതിരഹിത കേരളം പദ്ധതി- ആശ്രയ)

അടങ്കൽ - 1000000/- (വി.ഫ(ജനറൽ))

ചെലവ് - 847818/- (ACR ബിൽ നം.246/30.6.2020- 363109/-, 294/18.9.2020- 347173/-, 40¾.1.2021- 76265/-, 610/8.3.2021-61271/-)

നിർവ്വഹണം - പ്രോജക്ട് ഓഫീസർ

കുടുംബശ്രീവഴി നിർദ്ധനരായ ഗണഭോക്താക്കൾക്ക് ഭക്ഷ്യകിറ്റ് വിതരണം ചെയ്യുന്നതിനും അഗതികുടുംബങ്ങളെ പുനരധിവസിപ്പിക്കുന്നതിനുമായി തയ്യാറാക്കിയിട്ടുള്ള പ്രോജക്ട് പ്രകാരം ഗുണഭോക്താക്കൾക്ക് ഭക്ഷ്യധാന്യം നൽകിയതിനാണ് കുടുംബശ്രീയ്ക്ക് തുക നൽകിയിരിക്കുന്നത്. കുടുംബശ്രീ ലഭ്യമാക്കിയ വൌച്ചർ പ്രകാരം ഭക്ഷ്യധാന്യവിതരണത്തിന് ചെലവായത് 710281/- രൂപയാണ്. എന്നാൽ 847818/- രൂപ പിൻവലിച്ച് കുടുബശ്രീ അക്കൌണ്ടിലേക്ക് നൽകിയിരിക്കുന്നു. 137537/- രൂപ കുടുംബശ്രീയ്ക്ക് അധികം അനുവദിച്ചതിന് കാരണം ആവശ്യപ്പെട്ടതിന് ഭക്ഷ്യകിറ്റ് വിതരണം എന്ന പദ്ധതിയുടെ ഫയലിൽ പദ്ധതിയുടെ പേര് തെറ്റായി രേഖപ്പെടുത്തിയകാരണം 137536/- രൂപ തെറ്റായി അനുവദിക്കുകയും, തെറ്റ് കണ്ടെത്തിയപ്പോൾ അറിയിപ്പ് നൽകി തുക നഗരസഭാ തനത് ഫണ്ട് അക്കൌണ്ടിലേക്ക് ഒടുക്കിയിട്ടുള്ളതാണെന്നും മറുപടി ലഭ്യമാക്കി.

137536/- രൂപ ചെക്ക് നം.513810/29.3.21, 513793/29.3.21 എന്നിവ പ്രകാരം കുടുംബശ്രീ അക്കൌണ്ടിൽ നിന്ന് നഗരസഭാ അക്കൌണ്ടിലേക്ക് മാറ്റിയിട്ടുണ്ട്. എന്നാൽ തുക തിരികെ കൺസോളിഡേറ്റഡ് ഫണ്ടിലേക്ക് തിരികെ ഒടുക്കിയിട്ടില്ല. തുക തിരികെ ഒടുക്കാത്തതിന് വ്യക്തമായ വിശദീകരണവും ലഭ്യമാക്കിയിട്ടില്ല. തുക തിരികെ ഒടുക്കി വിശദാംശം ലഭ്യമാക്കേണ്ടതാണ്.

## 1-50 ഗുണഭോക്തൃസമിതി നിർവഹണം നടത്തിയ പദ്ധതികൾ-സർക്കാർ നിർദ്ദേശം പാലിച്ചില്ല.

സർക്കാർ ഉത്തരവ് (പി) നം30/2016 ധന.തീയതി29/02/2016പ്രകാരം ഗുണഭോക്തൃസമിതി നിർവഹിക്കുന്ന മരാമത്ത് പ്രവൃത്തികളുടെ എസ്റ്റിമേറ്റുകൾ തയ്യാറാക്കുമ്പോൾ 7.5% ഓവർഹെഡ് ചാർജ് അനുവദിക്കാമെന്നും എന്നാൽ വർക്ക്ബില്ലുകളിൽ നിന്നും ഈടാക്കുന്ന അനുവദനീയമായ നികുതികൾ ഗുണഭോക്തൃസമിതി തന്നെ വഹിക്കണമെന്നും വ്യക്തമാക്കുന്നുണ്ട്.

മേൽ സൂചിപ്പിച്ച ഉത്തരവ് പ്രകാരം ഗുണഭോക്തൃസമിതി മുഖേന നടപ്പിലാക്കുന്ന പ്രവൃത്തികൾക്ക് എസ്റ്റിമേറ്റുകൾ തയ്യാറാക്കുമ്പോൾ 7.5% ഓവർഹെഡ് ചാർജ് കൂടെ ഉൾപ്പെട്ട നിരക്കാണ് PRICE Software ൽ വിഭാവനം ചെയ്തിരിക്കുന്നത്.ഈ സമയത്ത് 5% VAT ആണ് നിലവിലുണ്ടായിരുന്നത്.01.01.2017മുതൽ VAT പകരം GST വന്നതിനാൽ 5% VAT ഒടുക്കേണ്ടതില്ല. ആയതിനാൽ VAT നിലവിലില്ലാത്ത സാഹചര്യത്തിലും കൺവീനർമാർ ജി.എസ്.റ്റി.ഒടുക്ക വരുത്താത്ത സാഹചര്യത്തിലും 5% തുക കുറവ് ചെയ്ത് ബില്ല് നൽകിയാൽ മതിയാവുന്നതാണെന്നും ഉത്തരവ് നം ഡിബി 9058/17സി.ഇ/ത.സ്വ.ഭ.വ.തീയതി16.03.2018 പ്രകാരം നിർദ്ദേശിച്ചിട്ടുണ്ട്.എന്നാൽ നെടുമങ്ങാട് നഗരസഭയിൽ നിർവഹിച്ച മേൽ പ്രവൃത്തിയിൽ ടി നിർദ്ദേശം പാലിച്ചിട്ടില്ല.

വികസന ഫണ്ട് (CFC) വകയിരുത്തിയ മേൽ പ്രവൃത്തിയുടെ ആകെ മൂല്യമായ 867456/- രൂപയുടെ 5% VAT തുകയായ 43373/-രൂപ കുറവ് ചെയ്താണ് ട്രഷറിയിൽ നിന്നും പിൻവലിക്കേണ്ടിയിരുന്നത്.എന്നാൽ പ്രസ്തുത തുക കൂടി ഉൾപ്പെടുത്തിയുള്ള തുക ട്രഷറിയിൽ നിന്നും പിൻവലിച്ച് സെക്രട്ടറിയുടെ അക്കൗണ്ടിലേയ്ക്ക് മാറ്റിയിട്ടുണ്ട്. ക്രമവിരുദ്ധമായി ട്രഷറിയിൽ നിന്നും പിൻവലിച്ച് സെക്രട്ടറിയുടെ അക്കൗണ്ടിലേയ്ക്ക് 43373/-രൂപ മാറ്റിയതിന്റെ വിശദാംശം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം 88, 26.07.22 ന് മറുപടി ലഭ്യമാക്കിയില്ല. ട്രഷറിയിൽ നിന്നും അധികമായി പിൻവലിച്ച തുക തിരികെ ഒടുക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്.

## 1-51 സ്വയംതൊഴിൽ സംരംഭങ്ങൾക്ക് ധനസഹായം- സബ്സിഡി മാർഗ്ഗരേഖ നിർദ്ദേശം പാലിച്ചിട്ടില്ല- 150000/- രൂപ തടസ്സപ്പെടുത്തുന്നു

പ്രോജക്റ്റ് നം. 81/21(5 സ്വയംതൊഴിൽ സംരംഭങ്ങൾക്ക് ധനസഹായം(വ്യക്തിഗത വനിതാ സംരംഭങ്ങൾ))

അടങ്കൽ - 400000/- (വിഫ(പൊതുവിഭാഗം-250000/-, മറ്റുള്ളവ- 150000/-)

ചെലവ് - 150000/- (ACR ബിൽ നം.502/24.2.2021- 50000/-, 654/17.3.2021-100000/-)

നിർവ്വഹണം - ഇൻഡസ്ട്രീസ് എക്സ്റ്റൻഷൻ ഓഫീസർ

വനിതകൾക്ക് സ്വയംതൊഴിൽ സംരംഭങ്ങൾ ആരംഭിക്കാനും അതുവഴി ജീവിതനിലവാരം ഉയർത്താനും ലക്ഷ്യമിട്ടുള്ള പദ്ധതി പ്രകാരം ഗുണഭോക്താവ് കുറഞ്ഞത് 10% മുടക്കി ബാങ്ക് വായ്പ ലഭ്യമാക്കുമ്പോൾ പ്രോജക്റ്റ് കോസ്റ്റിന്റെ 75% / Rs.50000 ഏതാണോ കുറവ് അത് സബ്സിഡിയായി ബാങ്ക് ലോൺ അക്കൌണ്ടിലേക്ക് നൽകുന്നു. പ്രോജക്റ്റ് പ്രകാരം മൂന്ന് ഗുണഭോക്താക്കൾക്ക് 50000/- രൂപ വീതം ധനസഹായം നൽകിയിട്ടുണ്ട്.

സ.ഉ(കൈ) നം. 22/2018/ത.സ്വ.ഭ.വ തീയതി.14.02.2018 സബ്സിഡി മാർഗ്ഗരേഖ പ്രകാരം സ്വയംതൊഴിൽ ആരംഭിക്കാൻ വായ്പാബന്ധിത പ്രോജക്റ്റ് പ്രകാരം സബ്സിഡിതുക ബാങ്കിൽ ബാക്ക് എൻഡ് സബ്സിഡിയായി നൽകണമെന്നാണ് വ്യവസ്ഥ. എന്നാൽ ഗുണഭോക്താക്കളുടെ അക്കൌണ്ടിലേക്കാണ് തുക അനുവദിച്ചിരിക്കുന്നത്. ഗുണഭോക്താക്കളുടെ ലോൺ അക്കൌണ്ട് സ്റ്റേറ്റ്മെന്റ് (നാളിതുവരെയുള്ളത്) പരിശോധനയ്ക്ക് ലഭ്യമാക്കാത്തതിനാൽ ലോൺ അനുവദിച്ചതിന്റേയും, തിരിച്ചടവിന്റേയും കൃത്യത ബോധ്യപ്പെട്ടിട്ടില്ല.

സബ്സിഡിതുക ഗുണഭോക്താക്കളുടെ ബാങ്ക് ലോൺ അക്കൌണ്ടിലാണ് നൽകിയതെന്നും, ഗുണഭോക്താക്കളുടെ ബാങ്ക് ലോൺ അക്കൌണ്ട് സ്റ്റേറ്റ്മെന്റ് ആവശ്യപ്പെട്ടിട്ടുണ്ടെന്നും ആയത് ലഭ്യമാകുന്നമുറയ്ക്ക് സമർപ്പിക്കുന്നതാണെന്നും നിർവ്വഹണോദ്യോഗസ്ഥൻ മറുപടി നൽകിയിട്ടുണ്ട്(ഓഡിറ്റ് എൻക്വയറി നം. 12).

മൂന്നു ഗുണഭോക്താക്കളുടേയും(ശ്രീമതി ദീപ.ആർ, ശ്രീമതി ബിന്ദു.എൽ, ശ്രീമതി ബിന്ദു.എ.എസ്) നാളിതുവരെയുള്ള ബാങ്ക് ലോൺ അക്കൌണ്ട് സ്റ്റേറ്റ്മെന്റ് പരിശോധനയ്ക്ക് ലഭ്യമാക്കുന്നതിലേക്കായി ചെലവ് തുക 150000/- രൂപ തടസ്സപ്പെടുത്തുന്നു.

## 1-52 UIDSSMT- ഖരമാലിന്യനിർമ്മാർജനത്തിനായി നൽകിയ തുക ചെലവഴിക്കാതെ തിരിച്ചടച്ചു

നഗരസഭാ പ്രദേശത്തെ പശ്ചാത്തല വികസനം ലക്ഷ്യമിട്ടുകൊണ്ടുള്ള UIDSSMT പ്രോജക്റ്റ് പ്രകാരം നഗരസഭയിൽ ഖരമാലിന്യനിർമ്മാർജന പദ്ധതി നടപ്പാക്കാനായി 2009-ൽ 3531095/-രൂ കേന്ദ്രവിഹിതവും, 1145000/- രൂപ സംസ്ഥാനവിഹിതവും ലഭിച്ചിട്ടുണ്ട്. 31.05.2014 നകം പദ്ധതിപൂർത്തീകരിക്കാനാണ് നിർദ്ദേശം നൽകിയിരുന്നത്. എന്നാൽ നൽകിയ തുക പൂർണ്ണമായും വിനിയോഗിക്കാത്തതിനാൽ തിരിച്ചടയ്ക്കാൻ നിർദ്ദേശിച്ച് Kerala Sustainable Urban Developement Project ഡയറക്ടർ നിർദ്ദേശം നൽകിയതനെ തുടർന്ന് തുക 2021 ൽ തിരിച്ചടച്ചിട്ടുണ്ട്.

ലഭിച്ച ഫണ്ടിൽ നിന്ന് ശുചീകരണഉപകരണങ്ങൾ വാങ്ങാനായി 272000/- രൂപ, ടിപ്പർലോറി വാങ്ങാൻ 1191536/- രൂപ, ബോധവത്കരണത്തിന് 95000/- രൂപ എന്നിങ്ങനെ ആകെ 1558536/- രൂപ ചെലവഴിച്ചിട്ടുണ്ട്. എന്നാൽ പദ്ധതിലക്ഷ്യമായ മാലിന്യസംസ്കരണ യൂണിറ്റ് സ്ഥാപിക്കാൻ നഗരസഭയ്ക്ക് സാധിച്ചിട്ടില്ല. പൊതുജനങ്ങളുടെ എതിർപ്പ് കാരണമാണ് പദ്ധതി പൂർത്തീകരിക്കാത്തതെന്നും, 11.05.2020 ന് UIDSSMT അക്കൌണ്ടിൽ ബാക്കിയുണ്ടായിരുന്ന 4850827/- രൂപ തിരിച്ചടച്ചതായും സെക്രട്ടറി മറുപടി നൽകിയിട്ടുണ്ട്(ഓഡിറ്റ് എൻക്വയറി നം. 45). എന്നാൽ വാർഷികധനകാര്യപത്രിക പരിശോധിച്ചതിൽ പ്രസ്തുത അക്കൌണ്ടിൽ 31.03.2021 ന് തുക നീക്കിയിരിപ്പുണ്ട്. ഇത് സംബന്ധിച്ച് വ്യക്തത ലഭ്യമാക്കേണ്ടതാണ്.

## 1-53 കാർഷിക പദ്ധതി നിർവ്വഹണത്തിൽ ഒട്ടേറെ അപാകതകൾ; 1120000/-രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു

നെടുമങ്ങാട് നഗരസഭ 2020-21 സാമ്പത്തിക വർഷം നടപ്പിലാക്കിയ കാർഷിക പദ്ധതികളുടെ നിർവ്വഹണത്തിൽ ഒട്ടേറെ അപാകതകളും ന്യൂനതകളും കടന്നുകൂടിയിട്ടുണ്ട്. ഇത്തരം പദ്ധതികളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | I | II | III | IV | V |
|---|---|---|---|---|---|
| പദ്ധതി നമ്പർ | 58/21 | 71/21 | 72/21 | 516/21 | 542/21 |

| | | | | | |
|---|---|---|---|---|---|
| പദ്ധതിയുടെ പേര് | വനിതകൾക്ക് ഗ്രോബാഗിൽ പച്ചക്കറി കൃഷി | 2000 വീടുകളിൽ കർമ്മസേന മുഖേന ജൈവവളം | 1000 കുടുംബങ്ങൾക്ക് ഓരോ തെങ്ങും ഒട്ടുമാവും | 1000 കുടുംബങ്ങൾക്ക് ഓരോ തെങ്ങും ഒട്ടുമാവും | വനിതകൾക്ക് ഗ്രോബാഗിൽ പച്ചക്കറി കൃഷി |
| നിർവ്വഹണോദ്യോഗസ്ഥൻ | കൃഷി ഫീൽഡ് ഓഫീസർ | കൃഷി ഫീൽഡ് ഓഫീസർ | കൃഷി ഫീൽഡ് ഓഫീസർ | കൃഷി ഫീൽഡ് ഓഫീസർ | കൃഷി ഫീൽഡ് ഓഫീസർ |
| ഫണ്ടിനം | വികസന ഫണ്ട് (പൊതു വിഭാഗം): 840000/- | വികസന ഫണ്ട് (പൊതു വിഭാഗം): 150000/- | വികസന ഫണ്ട് (പൊതു വിഭാഗം): 187500/- | വികസന ഫണ്ട് (പൊതു വിഭാഗം): 187500/- | വികസന ഫണ്ട് (പൊതു വിഭാഗം): 285000/- |
| | ഗുണഭോക്തൃ വിഹിതം (സ്ഥാപനത്തിൽ ഒടുക്കുന്നത്): 280000/- | ഗുണഭോക്തൃ വിഹിതം (സ്ഥാപനത്തിൽ ഒടുക്കുന്നത്): 50000/- | ഗുണഭോക്തൃ വിഹിതം (സ്ഥാപനത്തിൽ ഒടുക്കുന്നത്): 62500/- | ഗുണഭോക്തൃ വിഹിതം (സ്ഥാപനത്തിൽ ഒടുക്കുന്നത്): 62500/- | ഗുണഭോക്തൃ വിഹിതം (സ്ഥാപനത്തിൽ ഒടുക്കുന്നത്): 95000/- |
| ആകെ അടങ്കൽ | 1120000/- | 200000/- | 250000/- | 250000/- | 380000/- |
| ഭരണാനുമതി നമ്പരും തീയതിയും | 1/13.03.2020 | 1/13.03.2020 | 1/13.03.2020 | 1/13.03.2020 | 1/25.05.2020 |
| ചെലവ് തുക (ചെലവ് പത്രിക പ്രകാരം) | 840000/- | 150000/- | 165000/- | 134700/- | 285000/- |
| ട്രഷറി ബിൽ നമ്പർ/തീയതി, തുക | 12/21.05.2020, 150000/-<br>13/21.05.2020, 150000/-<br>14/21.05.2020, 150000/-<br>19/22.05.2020, 202500/-<br>24/15.10.2020, 187500/- | 07/21.05.2020, 37500/-<br>15/21.05.2020, 37500/-<br>16/21.05.2020, 37500/-<br>17/22.05.2020, 37500/- | 08/21.05.2020, 45000/-<br>09/21.05.2020, 45000/-<br>10/21.05.2020, 45000/-<br>11/21.05.2020, 15000/-<br>18/22.05.2020, 15000/- | 35/12.03.2021, 134700/- | 25/27.11.2020, 285000/- |

ഈ പദ്ധതികളുടെ നിർവ്വഹണത്തിലുണ്ടായ അപാകതകളും ന്യൂനതകളും ചുവടെ ചേർക്കുന്നു.

ഗുണഭോക്തൃ വിഹിതം ഒടുക്കിയത് കൃത്യമല്ല

58/21, 542/21 എന്നീ പദ്ധതികളുമായി ബന്ധപ്പെട്ട് ഗുണഭോക്തൃ വിഹിതമായി നിർവ്വഹണോദ്യോഗസ്ഥർ നഗരസഭാഫണ്ടിൽ ഒടുക്കിയ തുകയ്ക്ക് കൃത്യതയില്ല. പദ്ധതി നിർദ്ദേശമനുസരിച്ച് (പ്രോജക്ട് പ്രൊഫോർമ) 58/21 എന്ന പദ്ധതിക്കുവേണ്ടി ഗുണഭോക്തൃ വിഹിതമായി 280000/- രൂപ സമാഹരിച്ച് തനത് ഫണ്ടിൽ ഒടുക്കേണ്ട സ്ഥാനത്ത് 317500/- രൂപയാണ് ഒടുക്കിയിട്ടുള്ളത്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| പ്രോജക്ട് നമ്പർ: 58/21 | |
|---|---|
| രസീത് നമ്പരും തീയതിയും | തുക |
| 01/120010100847, 18.05.2020 | 100000/- |
| 01/120010100848, 18.05.2020 | 150000/- |
| 01/120010101083, 22.05.2020 | 67500/- |
| ആകെ | 317500/- |

58/21 എന്ന പദ്ധതി പ്രകാരം ഒരു യൂണിറ്റിന്റെ 25% തുകയാണ് ഗുണഭോക്തൃ വിഹിതമായി ഈടാക്കേണ്ടത്. 75%

സബ്സിഡിയാണ്. 560 ഗുണഭോക്താക്കൾക്കാണ് ആനുകൂല്യം ലഭ്യമാക്കേണ്ടത്. അതായത് ഒരു യൂണിറ്റിന്റെ വില 2000/- രൂപയായി നിജപ്പെടുത്തിയതിനാൽ 1500/-രൂപ വികസന ഫണ്ടിൽ നിന്നും 500/-രൂപ ഗുണഭോക്തൃ വിഹിതത്തിൽ നിന്നുമാണ് ചെവഴിക്കേണ്ടത്. 560 ഗുണഭോക്താക്കൾക്കു വേണ്ടി 280000/- (560X500) രൂപ ഗുണഭോക്തൃ വിഹിതമായി പിരിച്ചെടുത്ത് ഒടുക്കേണ്ടതിനു പകരം 317500/- രൂപയാണ് (നിർദ്ദിഷ്ട തുകയിൽ നിന്നും 37500/-രൂപ കൂടുതൽ) ഒടുക്കിയിട്ടുള്ളത്. കൂടുതൽ തുക ഒടുക്കിയതിന്റെ സാംഗത്യം വ്യക്തമാകുന്നില്ല. പ്രോജക്ടിനു വേണ്ടി തനതുഫണ്ടിൽ (ഗുണഭോക്തൃ വിഹിതം പിരിച്ച് ഒടുക്കിയ തുക) നിന്നും ചെലവഴിച്ച തുക എത്രയെന്നതു സംബന്ധിച്ച് കൃത്യമായ രേഖകൾ നിർവ്വഹണോദ്യോഗസ്ഥൻ ഹാജരാക്കിയില്ല. സുലേഖ ചെലവു പത്രികയിൽ മറ്റുള്ളവ എന്ന കോളത്തിൽ ചെലവു തുകയെ സംബന്ധിച്ച രേഖപ്പെടുത്തലുകൾ നടത്തിയിട്ടില്ലാത്തതിനാൽ ഇതു സംബന്ധിച്ച് വ്യക്തത വരുത്തുവാൻ കഴിഞ്ഞിട്ടില്ല. ഗുണഭോക്തൃ വിഹിതം പിരിച്ചെടുത്ത രസീത് ബുക്കുകൾ പൂർണ്ണമായി ലഭ്യമാക്കാത്തതിനാൽ ഈ തുകയെ സംബന്ധിച്ച നിജസ്ഥിതി ബോദ്ധ്യപ്പെടാൻ സാധിച്ചിട്ടില്ല. കൂടാതെ നിർവ്വഹണ ഏജൻസിയായ നെടുമങ്ങാട് കാർഷിക കർമ്മസേനയിൽ നിന്നുമുള്ള ബില്ലുകൾ പൂർണ്ണമായും ഓഡിറ്റിനു ഹാജരാക്കാത്തതിനാൽ ചെലവു സംബന്ധിച്ച അവ്യക്തത നിലനിൽക്കുന്നു. ഈ സാഹചര്യത്തിൽ ഈ പദ്ധതിക്കുവേണ്ടി വിനിയോഗിച്ച 1120000/-രൂപയുടെ ചെലവ് ഓഡിറ്റ് തടസ്സപ്പെടുത്തുന്നു. ആയതിനാൽ മേൽ പ്രസ്താവിച്ച രേഖകൾ സമയബന്ധിതമായി ഹാജരാക്കി ഓഡിറ്റ് തടസ്സം ഒഴിവാക്കിയിലെങ്കിൽ പ്രസ്തുത തുക നിർവ്വഹണോദ്യോഗസ്ഥന്റെ ബാദ്ധ്യതയായി മാറുന്നതാണ്.

ഇതു സംബന്ധിച്ച് 26.07.2022 തീയതിൽ നൽകിയ 87 നമ്പർ ഓഡിറ്റ് എൻക്വയറിക്ക് ലഭ്യമാക്കിയ മറുപടിയിൽ പ്രോജക്ട് നം. 58/21 പ്രകാരം ആകെ 317500/- രൂപ പിരിച്ചെടുത്തിട്ടുണ്ടെന്നും ആയത് നഗരസഭയിൽ അടച്ചിട്ടുണ്ടെന്നും വ്യക്തമാക്കിയിട്ടുണ്ട്.

542/21 എന്ന പ്രോജക്ടിനു വേണ്ടി തനതുഫണ്ടിൽ (ഗുണഭോക്തൃ വിഹിതം പിരിച്ച് ഒടുക്കിയ തുക) നിന്നും 95000/-(ചെക്ക് നം.5007, തീയതി. 19.03.2021) രൂപയാണ് ഗുണഭോക്തൃ വിഹിതമായി ചെലവഴിച്ചത്. ഗുണഭോക്തൃ വിഹിതം പിരിച്ചെടുത്ത് നഗരസഭ ഫണ്ടിൽ ഒടുക്കിയതിന്റെ രേഖകൾ നിർവ്വഹണോദ്യോഗസ്ഥൻ ഹാജരാക്കിയില്ല. ആയതിനാൽ ഈ തുകയുടെ ഒടുക്ക് സംബന്ധിച്ച നിജസ്ഥിതി ബോദ്ധ്യപ്പെടാൻ സാധിച്ചിട്ടില്ല.

ഇതു സംബന്ധിച്ച് 26.07.2022 തീയതിൽ നൽകിയ 87 നമ്പർ ഓഡിറ്റ് എൻക്വയറിയിലെ ക്രമ നം. 01 ന് നിർവ്വഹണോദ്യോഗസ്ഥൻ മറുപടി ലഭ്യമാക്കാത്ത സാഹചര്യത്തിൽ മേൽപ്പറഞ്ഞ ഒടുക്ക് രേഖകൾ ഓഡിറ്റിനു ഹാജരാക്കി വ്യക്തത വരുത്തേണ്ടതാണ്.

സ്റ്റോക്ക് - വിതരണ രേഖകൾ ലഭ്യമാക്കിയിട്ടില്ല

58/21, 71/21, 72/21, 516/21, 542/21 എന്നീ പദ്ധതികൾ പ്രകാരം വിതരണം ചെയ്ത സാധനങ്ങളുടെ സ്റ്റോക്ക് രജിസ്റ്റർ, വിതരണ രജിസ്റ്റർ എന്നിവ ഓഡിറ്റിന് ഹാജരാക്കിയിട്ടില്ല. ഇത്തരം രേഖകളുടെ അഭാവത്തിൽ നിഷ്കർഷിക്കപ്പെട്ട അളവിൽ നിശ്ചിത കാലയളവിനുള്ളിൽ സാധനങ്ങൾ ലഭിച്ചിട്ടുണ്ടോയെന്നും വിതരണം യഥാർത്ഥ ഗുണഭോക്താവിനാണോയെന്നും സ്ഥിരീകരിക്കുവാൻ കഴിഞ്ഞിട്ടില്ല. പ്രോജക്ടുകളുടെ സുതാര്യവും കാര്യക്ഷമവുമായ നടത്തിപ്പിന് പ്രസ്തുത രേഖകൾ അത്യന്താപേക്ഷിതമാകയാൽ ആയത് പരിപാലിക്കുന്നതിന് നിർവ്വഹണോദ്യോഗസ്ഥൻ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

ഇതു സംബന്ധിച്ച് 21.07.2022 തീയതിൽ 47 നമ്പരായി നൽകിയ ഓഡിറ്റ് എൻക്വയറിക്ക് കാർഷിക കർമ്മസേന നേരിട്ട് വിതരണം ചെയ്തിട്ടുള്ളതുകൊണ്ട് സ്റ്റോക്ക് രജിസ്റ്ററിൽ എടുത്തിട്ടില്ലെന്ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്.

ക്യാഷ് ബുക്ക് പരിപാലിച്ചിട്ടില്ല

അഗ്രിക്കൾച്ചർ ഫീൽഡ് ഓഫീസർ 2020-2021 സാമ്പത്തിക വർഷം നിർവ്വഹണം നടത്തിയ പദ്ധതികളുടെ വരവ് ചെലവ് കണക്കുകളുമായി ബന്ധപ്പെട്ട ക്യാഷ് ബുക്ക് ലഭ്യമാക്കിയിട്ടില്ല.

ഒരു സ്ഥാപനത്തിലെ എല്ലാ വരവു ചെലവു കണക്കുകളും വ്യവസ്ഥാപിതമായ രീതിയിൽ എഴുതി സൂക്ഷിക്കുവാൻ ഉപയോഗിക്കുന്ന സുപ്രധാന രേഖയാണ് ക്യാഷ്ബുക്ക്. ഇത് ഫോറം നം.TR 7A മാതൃകയിലായിരിക്കണമെന്നും ധനം കൈകാര്യം ചെയ്യുന്ന എല്ലാ ഓഫീസുകളും/സ്ഥാപനങ്ങളും ഇതു പരിപാലിക്കണമെന്നും കേരള ട്രഷറി കോഡ്, വാല്യം. 01, ചട്ടം 92(i) നിഷ്കർഷിക്കുന്നു. ജി.ഒ(പി) നം. 119/08/ഫിൻ തീയതി. 07.03.2008 എന്ന സർക്കാർ ഉത്തരവ് നിർദ്ദിഷ്ട രീതിയിലുള്ള ക്യാഷ്ബുക്ക് പരിപാലനത്തെക്കറിച്ചാണ് പ്രതിപാദിക്കുന്നത്.

ഇതു സംബന്ധിച്ച് 21.07.2022 തീയതിൽ 47 നമ്പരായി നൽകിയ ഓഡിറ്റ് എൻക്വയറിക്ക് പ്ലാൻ ഫണ്ട് നേരിട്ട് ട്രഷറിബിൽ വഴി ഏജൻസിക്ക് നൽകുന്നതിനാൽ ക്യാഷ്ബുക്ക് എഴുതി സൂക്ഷിച്ചിട്ടില്ലാത്തതാണെന്ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്.

രസീതുകൾ ക്രമപ്രകാരം ഉപയോഗിച്ചിട്ടില്ല .

ഗുണഭോക്തൃ വിഹിതം പിരിച്ചെടുക്കുവാൻ ഉപയോഗിച്ച രസീതുകളിൽ ക്രമപ്രകാരമുള്ള രേഖപ്പെടുത്തലുകൾ

നടത്തിയിട്ടില്ല. അഗ്രിക്കൾച്ചർ ഫീൽഡ് ഓഫീസർ ശ്രീ. സജി. റ്റി ഗുണഭോക്തൃ വിഹിതം പിരിച്ചെടുക്കുവാൻ ഉപയോഗിച്ച 35 മുതൽ 47 വരെയുള്ള 13 രസീത് ബുക്കുകളിലെയും 53 മുതൽ 56 വരെയുള്ള 04 രസീത് ബുക്കുകളിലെയും രസീതുകളിൽ തീയതി രേഖപ്പെടുത്തിട്ടില്ല എന്നതിനു പുറമെ പണം ഒടുക്കിയ വ്യക്തിക്കു നൽകേണ്ട ഡ്യൂപ്ലിക്കേറ്റ് പകർപ്പ് അതത് രസീത് ബുക്കിൽ തന്നെ സൂക്ഷിച്ചിരിക്കുന്നു. ഇത് തികച്ചും നിരുത്തരവാദപരമായ നടപടിയാണ്. രസീത് ബുക്കുകൾ ക്രമ പ്രകാരം രേഖപ്പെടുത്തലുകൾ വരുത്തി ഉപയോഗിക്കുന്നതിന് നിർവ്വഹണോദ്യോഗസ്ഥൻ ശ്രദ്ധിക്കേണ്ടതാണ്.

ഇതു സംബന്ധിച്ച് 25.07.2022 തീയതിൽ 68 നമ്പരായി നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല.

മോണിറ്ററിംഗ് സമിതി റിപ്പോർട്ട് ലഭ്യമാക്കിയില്ല

പദ്ധതി നടത്തിപ്പിലെ കാര്യക്ഷമത, പദ്ധതിയുടെ ലക്ഷ്യ സാക്ഷാത്കാരം തുടങ്ങിയ വിവരങ്ങൾ വിശകലനം ചെയ്യുന്ന മോണിറ്ററിംഗ് സമിതി റിപ്പോർട്ട് ഓഡിറ്റിനു ഹാജരാക്കിയിട്ടില്ല.

ഓഡിറ്റ് സംഗ്രഹം

പദ്ധതി നിർവ്വഹണത്തിൽ നിർവ്വഹണോദ്യോഗസ്ഥന്റെ ജാഗ്രതക്കുറവും അനാസ്ഥയുമാണ് മേൽപ്പറഞ്ഞ അപാകതകൾക്കു കാരണം. ഗുണഭോക്തൃ വിഹിതം പിരിച്ചെടുക്കുന്നതിനും ആയത് ചെലവഴിക്കുന്നതിന് കൃത്യതയും കാര്യക്ഷമതയും പുലർത്തുന്നതിനും ക്യാഷ് ബുക്കും സ്റ്റോക്ക് - വിതരണ രജിസ്റ്ററുകളും അനിവാര്യമായ മറ്റു രേഖകളും പരിപാലിക്കുന്നതിനും നടപ്പിലാക്കിയിട്ടുള്ള ചില പദ്ധതികൾ ആവർത്തിച്ചിട്ടുള്ളതിനാൽ ആവശ്യകത പഠനം കൃത്യമായി നടത്തി പ്രോജക്ടുകൾ ആസൂത്രണം ചെയ്യുന്നതിനും ചെലവു തുകകൾ എല്ലാം തന്നെ ചെലവു പത്രികയിൽ പ്രതിഫലിപ്പിക്കുന്നതിനും നടപ്പിലാക്കിയ പദ്ധതികളുടെ മോണിറ്ററിംഗ് നടത്തുന്നതിനും ഫലപ്രദമായ നടപടികൾ സ്വീകരക്കേണ്ടതാണ്. ഇക്കാര്യത്തിൽ നിർവ്വഹണോദ്യോഗസ്ഥരും ഭരണ സമിതിയും അതീവ ശ്രദ്ധ പുലർത്തേണ്ടതാണ്.

## 1-54 മുൻ വർഷത്തെ രസീത് ബുക്ക് ഉപയോഗിച്ച് ഗുണഭോക്തൃ വിഹിതം പിരിച്ചെടുത്തു

കാർഷിക പദ്ധതിയുടെ ഗുണഭോക്തൃ വിഹിതം പിരിച്ചെടുക്കുന്നതിനായി മുൻവർഷത്തെ രസീത് ബുക്ക് ഉപയോഗിച്ചു. പ്രോജക്ട് നം. 58/21 മായി ബന്ധപ്പെട്ട് 500/- രൂപ നിരക്കിലുള്ള ഗുണഭോക്തൃ വിഹിതം പിരിച്ചെടുക്കുന്നതിനാണ് 2018-19 സാമ്പത്തിക വർഷം അഗ്രിക്കൾച്ചർ ഫീൽഡ് ഓഫീസർ ശ്രീമതി. ആനി റോസ് കൈപ്പറ്റിയ 42 നമ്പർ രസീത് ബുക്കാണ് 2020-21 സാമ്പത്തിക വർഷം ഉപയോഗിച്ചത്. 2018-19 സാമ്പത്തിക വർഷം കൈപ്പറ്റിയ രസീത് ബുക്ക് അതേ വർഷം ഉപയോഗിക്കാത്ത സാഹചര്യത്തിൽ യഥാസമയം നഗരസഭയിൽ തിരിച്ചേൽപ്പിക്കാതെ കൈയിൽ സൂക്ഷിച്ചതു തന്നെ ചട്ട വിരുദ്ധമാണ്. മറ്റൊരു 42 നമ്പർ രസീത് ബുക്ക് അഗ്രിക്കൾച്ചർ ഫീൽഡ് ഓഫീസർ ശ്രീ. സജി. റ്റി യും ഹാജരാക്കിയിരുന്നു. ഒരേ നമ്പരിൽപ്പെട്ട രണ്ടു രസീത് ബുക്കുകളുടെ വിതരണം സംബന്ധിച്ച നിജസ്ഥിതി ആരാഞ്ഞുകൊണ്ട് 25.07.2022 തീയതിയിൽ നൽകിയ 71 നമ്പർ ഓഡിറ്റ് എൻക്വയറിക്ക് ലഭ്യമാക്കിയ മറുപടിയിൽ അഗ്രിക്കൾച്ചർ ഫീൽഡ് ഓഫീസർ ശ്രീമതി. ആനി റോസിന് നൽകിയ 42 നമ്പർ രസീത് ബുക്ക് 2018-19 (13.02.2019) സാമ്പത്തിക വർഷമാണ് വിതരണം ചെയ്തതെന്നും അഗ്രിക്കൾച്ചർ ഫീൽഡ് ഓഫീസർ ശ്രീ. സജി. റ്റി യ്ക്ക് നൽകിയ 42 നമ്പർ രസീത് ബുക്ക് 29.09.2020 തീയതിയിലാണ് വിതരണം ചെയ്തതെന്നും സെക്രട്ടറി അറിയിട്ടുണ്ട്.

മേൽ അപാകതകൾ ചൂണ്ടിക്കാട്ടി 25.07.2022 തീയതിയിൽ നൽകിയ 68 നമ്പർ ഓഡിറ്റ് എൻക്വയറിക്ക് നിർവ്വഹണോദ്യോഗസ്ഥൻ മറുപടി ലഭ്യമാക്കിയില്ല. രസീത് ബുക്ക് അതേ വർഷം ഉപയോഗിക്കാത്ത സാഹചര്യത്തിൽ

യഥാസമയം നഗരസഭയിൽ തിരിച്ചേല്പിക്കേണ്ടതാണ്.

## 1-55 വാഹന പരിപാലനത്തിലെ അപാകതകൾ

നഗരസഭയുടെ ഉടമസ്ഥതയിൽ KL 21 D 6761, KL 21 F 8488 KL 21 N 9327, KL 21 F 8470, KL 01 CF 2845, KL 21 S 2249, KL 01 CQ 6527, KL 21 J 2000 എന്നീ നമ്പരുകളിലുള്ള വാഹനങ്ങളാണുള്ളത്. ഇവയുടെ പരിപാലനം സംബന്ധിച്ച് ഓഡിറ്റിന്റെ ശ്രദ്ധയിൽപ്പെട്ട അപാകതകൾ ചുവടെ ചേർക്കുന്നു.

പുക പരിശോധയ്ക്ക് ( Pollution Test) വിധേയമാക്കിയിട്ടി ല്ല

നഗരസഭയുടെ ഉടമസ്ഥതയിലുള്ള വാഹനങ്ങളൊന്നും തന്നെ 2020-21 സാമ്പത്തിക വർഷം പുക പരിശോധനയ്ക്ക് വിധേയമാക്കിയിട്ടില്ല. വാഹനങ്ങളെ സംബന്ധിച്ച രേഖകളുടെ പരിശോധനയിലാണ് ഇക്കാര്യം ബോദ്ധ്യപ്പെട്ടത്. ഈ വിഷയം ചൂണ്ടിക്കാട്ടി 26.07.2022 തീയതിയിൽ 89 നമ്പരായി നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. ഔദ്യോഗിക വാഹനങ്ങൾ നിഷ്കർഷിക്കപ്പെട്ട ഇടവേളകളിൽ പുക പരിശോധനയ്ക്ക് വിധേയമാക്കേണ്ടത് കസ്റ്റോഡിയൻ ഓഫീസറുടെ ചുമതലയാണ്.

ഫ്യൂവൽ കൺസംപ്ഷൻ ടെസ്റ്റിന് വിധേയമാക്കിയിട്ടി ല്ല

KL 01 CF 2845 നമ്പർ വാഹനമൊഴികെയുള്ള വാഹനങ്ങൾക്ക് 2020-21 സാമ്പത്തിക വർഷത്തെ ഫ്യൂവൽ കൺസംപ്ഷൻ ടെസ്റ്റ് നടത്തിയിട്ടില്ല. KL 01 CF 2845 നമ്പർ വാഹനത്തിന് പൊതുമരാമത്ത് വകുപ്പ് മെക്കാനിക്കൽ വിഭാഗം അസി. എക്സിക്യൂട്ടീവ് എൻജിയറാണ് ഫ്യൂവൽ കൺസംപ്ഷൻ ടെസ്റ്റ് നടത്തി സർട്ടിഫിക്കറ്റ് നൽകിയിട്ടുള്ളത്. എന്നാൽ 2000-ലെ കേരള മുനിസിപ്പാലിറ്റി (മോട്ടോർ വാഹനങ്ങളുടെ ഉപയോഗവും പരിപാലനവും) ചട്ടങ്ങളിലെ ചട്ടം. 08 പ്രകാരം മുനിസിപ്പാലിറ്റിയുടെ വാഹനങ്ങൾക്ക് ഫ്യൂവൽ കൺസംപ്ഷൻ ടെസ്റ്റ് ആറു മാസത്തിലൊരിക്കൽ സർക്കാരിന്റെ മോട്ടോർ വെഹിക്കിൾ ഡിപ്പാർട്ട്മെന്റിലെ ക്ഷമതയുള്ള ഉദ്യോഗസ്ഥനെക്കൊണ്ട് നടത്തിക്കണമെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. ഫ്യൂവൽ കൺസംപ്ഷൻ ടെസ്റ്റ് നടത്തുമ്പോൾ ഇക്കാര്യം പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

ഔദ്യോഗിക വാഹനങ്ങൾക്ക് 01.04.2020 മുതൽ 31.03.2021 വരെയുള്ള കാലയളവിലേയ്ക്ക് ബാധകമായ ഫ്യൂവൽ കൺസംപ്ഷൻ ടെസ്റ്റ് നടത്തിയിട്ടുണ്ടെങ്കിൽ 26.07.2022 തീയതിയിൽ 89 നമ്പരായി ഓഡിറ്റ് എൻക്വയറി നൽകിയെങ്കിലും ഉപോദ്ബലകമായ രേഖകളോ മറുപടിയോ ലഭ്യമാക്കിയിട്ടില്ല. ഈ സാഹചര്യത്തിൽ ഔദ്യോഗിക വാഹനങ്ങൾക്ക് (KL 01 CF 2845 വാഹനം ഒഴികെ) തൻവർഷം ഫ്യൂവൽ കൺസംപ്ഷൻ ടെസ്റ്റ് നടത്തിയിട്ടില്ലെന്ന് ഓഡിറ്റ് വിലയിരുത്തുന്നു. യഥാസമയം ഇന്ധനക്ഷമത ടെസ്റ്റ് നടത്തിയിട്ടില്ലാത്തതിനാൽ മൈലേജ് കൃത്യമായി നിർണ്ണയിക്കാൻ കഴിയാതെ വരികയും തത്ഫലമായി ഇന്ധന ചെലവ് വർദ്ധിക്കുന്നതിനും വാഹനം ദുരുപയോഗം ചെയ്യുന്നതിനും കാരണമാകുന്നു. ആയതിനാൽ സമയബന്ധിതമായി ഫ്യൂവൽ കൺസംപ്ഷൻ ടെസ്റ്റ് നടത്തുവാൻ കസ്റ്റോഡിയൻ ഓഫീസർ ശ്രദ്ധിക്കേണ്ടതാണ്.

## 1-56 ലോഗ്ബുക്ക് പരിപാലനത്തിലെ അപാകതകൾ

നഗരസഭയുടെ ഉടമസ്ഥതയിലുള്ള വാഹനങ്ങളുടെ ലോഗ്ബുക്കുകൾ നിയമാനുസൃതമായ രീതിയിൽ പരിപാലിക്കുന്നില്ല. ലോഗ്ബുക്കുകളുടെ പരിപാലനത്തിൽ കെ.എഫ്.സി വാല്യം.I പ്രകാരം കെ.എഫ്.സി വാല്യം.II ൽ നൽകിയിട്ടുള്ള 48എ, 48ബി എന്നീ ഫോറങ്ങളിലെ വ്യവസ്ഥകളും കേരള സർക്കാർ ധനകാര്യ പരിശോധനാ വിഭാഗം (നോൺ ടെക്നിക്കൽ-എഫ്) വകുപ്പ് പുറപ്പെടുവിച്ച 2.08.2008 ലെ 41/2008/ധന നമ്പർ സർക്കുലറിലെ വ്യവസ്ഥകളും 30.06.07 ലെ ജി.ഒ.(എം.എസ്) 170/07 ത.സ്വ.ഭ.വ എന്ന ഉത്തരവിലെ മാർഗ്ഗനിർദ്ദേശങ്ങളും 2000-ലെ കേരള മുനിസിപ്പാലിറ്റി (മോട്ടോർ വാഹനങ്ങളുടെ ഉപയോഗവും പരിപാലനവും) ചട്ടങ്ങളിലെ മാർഗ്ഗനിർദ്ദേശങ്ങളും കർശനമായി പാലിക്കേണ്ടതാണ്. 2020-21 സാമ്പത്തിക വർഷത്തെ ലോഗ്ബുക്കുകളുടെ പരിശോധനയിൽ ശ്രദ്ധയിൽപ്പെട്ട അപാകതകൾ ചുവടെ ചേർക്കുന്നു.

1. കസ്റ്റോഡിയൻ-ഓഫീസർ ലോഗ്ബുക്ക് പരിശോധിക്കുന്നില്ല

വാഹനത്തിന്റെ കസ്റ്റോഡിയൻ-ഓഫീസർ ഇടയ്ക്കിടെ ലോഗ്ബുക്ക് പരിശോധിക്കേണ്ടതും വാഹനത്തിന്റെ ഉപയോഗം ക്രമപ്രകാരമാണെന്ന് ബോദ്ധ്യപ്പെടേണ്ടതും പരിശോധിച്ച വിവരം അതിൽ രേഖപ്പെടുത്തി സാക്ഷ്യപ്പെടുത്തേണ്ടതുമാണ്.

2. ഫുൾടാങ്ക് ഇന്ധനം നിറയ്ക്കുന്നില്ല

വാഹനത്തിന്റെ ഇന്ധനടാങ്ക് പൂർണ്ണമായും നിറയ്ക്കേണ്ടതാണ്. നിയന്ത്രണ ഉദ്യോഗസ്ഥന്റെ വ്യക്തിപരമായ മേൽനോട്ടത്തിലോ അല്ലെങ്കിൽ നിയന്ത്രണാധികാരി ചുമതലപ്പെടുത്തുന്ന ഉദ്യോഗസ്ഥന്റെ മേൽനോട്ടത്തിലോ ഇന്ധനം നിറയ്ക്കേണ്ടതാണ്. തീയതി, ഇന്ധനത്തിന്റെ ആകെ അളവ്, ഇന്ധനം നിറയ്ക്കുമ്പോഴുള്ള കിലോമീറ്റർ റീഡിംഗ്, ആ സമയത്ത് വാഹനത്തിലുണ്ടായിരുന്ന ഇന്ധനത്തിന്റെ മുൻബാക്കി എന്നിവ ലോഗ്ബുക്കിൽ എഴുതിയതിനുശേഷം ടാങ്ക് നിറയ്ക്കുമ്പോൾ സന്നിഹിതനായിരുന്ന ഉദ്യോഗസ്ഥന്റെ പേരും ഒപ്പും ഉദ്യോഗപ്പേരും ലോഗ്ബുക്കിൽ രേഖപ്പെടുത്തേണ്ടതുന്നതിന് ബന്ധപ്പെട്ട അധികാരികൾ ശ്രദ്ധിക്കേണ്ടതാണ്. കൂടാതെ വാഹനത്തിന്റെ ടാങ്ക്

കപ്പാസിറ്റിയും ലോഗ്ബുക്കിൽ രേഖപ്പെടുത്തേണ്ടതാണ്.

3. രജിസ്ട്രേഷൻ നമ്പർ രേഖപ്പെടുത്തുന്നില്ല

ലോഗ്ബുക്കിന്റെ നിർദ്ദിഷ്ട ഭാഗത്ത് വാഹനത്തിന്റെ രജിസ്ട്രേഷൻ നമ്പർ, Type Of Vehicle എന്നീ വിവരങ്ങൾ രേഖപ്പെടുത്തേണ്ടതാണ്.

4. യാത്രാവിവരം പൂർണ്ണമായും രേഖപ്പെടുത്തിയിട്ടില്ല

ലോഗ്ബുക്കിലെ 5 ആമത്തെ കോളം ശരിയായി പൂർണ്ണമായും ശരിയായും പൂരിപ്പിക്കേണ്ടതാണ്. "Pupose Of Journey (If On Official Duty Full Details And Place Or Places To Which Proceeding)" എന്ന കോളത്തിൽ "വാർഡിൽ പോയിവന്നു, വിവിധ ഓഫീസുകൾ, സൈറ്റ് പരിശോധന, പരാതി അന്വേഷിക്കാൻ പോയി" എന്നിങ്ങനെയാണ് ഒട്ടുമിക്ക ഭാഗത്തും രേഖപ്പെടുത്തിയിട്ടുള്ളത്. യാത്രയുടെ ഉദ്ദേശ്യവും ലക്ഷ്യങ്ങളും പൂർണ്ണമായ വിവരം ഉൾക്കൊള്ളുന്ന രീതിയിൽ രേഖപ്പെടുത്തേണ്ടതാണ്.

5. അറ്റകുറ്റപണികളുടെ വിവരം രേഖപ്പെടുത്തുന്നില്ല

അറ്റകുറ്റപണികളെ സംബന്ധിച്ചുള്ള വിവരങ്ങൾ യഥാസമയം ലോഗ്ബുക്കിൽ രേഖപ്പെടുത്തേണ്ടതാണ്.

6. ഇന്ധനക്ഷമത ടെസ്റ്റ് സർട്ടിഫിക്കറ്റ് പതിച്ചിട്ടില്ല

ഇന്ധനക്ഷമത ടെസ്റ്റ് എല്ലാ വർഷവും കൃത്യസമയത്ത് നടത്തേണ്ടതും സർട്ടിഫിക്കറ്റ് ലോഗ്ബുക്കിൽ പതിക്കേണ്ടതുമാണ്.

7. സംക്ഷിപ്തം ഉൾപ്പെടുത്തിയിട്ടില്ല

മുൻബാക്കി, നിറച്ച ഇന്ധനം, ഉപയോഗിച്ച ഇന്ധനം, സഞ്ചരിച്ച ദൂരം, നീക്കിയിരിപ്പ് എന്നീ വിവരങ്ങളുടെ മാസാന്ത്യ സംക്ഷിപ്തം ഓരോ മാസത്തിന്റെ അവസാന ദിവസവും വർഷാന്ത്യ സംക്ഷിപ്തം സാമ്പത്തിക വർഷാവസാനവും രേഖപ്പെടുത്തേണ്ടതും ആയത് കസ്റ്റോഡിയൻ-ഓഫീസർ പരിശോധിച്ച് സാക്ഷ്യപ്പെടുത്തേണ്ടതുമാണ്.

8.ലോഗ് ബുക്ക് പരിശോധനയ്ക്ക് ലഭ്യമാക്കിയില്ല

KL 21 J 2000, KL 21 F 8470 എന്നീ വാഹനത്തങ്ങളുടെ 2020-21 സാമ്പത്തിക വർഷത്തെ ലോഗ്ബുക്കുകളും അനുബന്ധ രേഖകളും ഓഡിറ്റിന് ലഭ്യമാക്കിയില്ല. ഇക്കാരണത്താൽ ഈ വാഹനത്തിന്റെ പരിപാലനം സംബന്ധിച്ച് യാതൊരു വിവരവും പരിശോധിക്കുവാൻ സാധിച്ചിട്ടില്ല.

മേൽ അപാകതകൾ ചൂണ്ടിക്കാട്ടി 26.07.2022 തീയതിയിൽ 89 നമ്പരായി നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല.

വാഹനത്തിന്റെ കസ്റ്റോഡിയനായ സെക്രട്ടറിയും, പരിപാലന ചുമതലയുള്ള ഉദ്യോഗസ്ഥരും മേൽപ്പറഞ്ഞ അപാകതകൾ പരിഹരിക്കേണ്ടതും വാഹനത്തിന്റെ ഉപയോഗവും പരിപാലനവും ലോഗ്ബുക്കുകളുടെയും അനുബന്ധ രേഖകളുടെയും പരിപാലനവും നിയമപ്രകാരമാണെന്ന് ഉറപ്പ് വരുത്തേണ്ടതുമാണ്.

## 1-57 അങ്കണവാടികളുടെ ഭൗതിക സാഹചര്യം മെച്ചപ്പെടുത്തേണ്ടതാണ്.

നെടുമങ്ങാട് നഗരസഭയിൽ 59അങ്കണവാടികൾ പ്രവർത്തിക്കുന്നുണ്ട്. ഇതിൽ 50 എണ്ണത്തിന് മാത്രമാണ് സ്വന്തം കെട്ടിടമുള്ളത്. ബാക്കിയുള്ള 9 അങ്കണവാടികൾ വാടകകെട്ടിടത്തിലാണ് പ്രവർത്തിക്കുന്നത്. 2 അങ്കണവാടികൾക്ക് സ്വന്തമായി സ്ഥലമുണ്ടായിട്ടും കെട്ടിടമില്ലാത്തതിനാൽ വാടക കെട്ടിടത്തിലാണ് പ്രവർത്തിക്കുന്നത്. എല്ലാ അങ്കണവാടികളിലും വൈദ്യുതി കണക്ഷൻ നിലവിൽ ഉണ്ട്. എന്നാൽ നഗരസഭയിലെ അങ്കണവാടികൾക്കൊന്നും തന്നെ ബേബി ഫ്രണ്ട്‌ലി ടോയ്‌ലെറ്റ് ഇല്ല. എല്ലാ അങ്കണവാടികളും ഫിറ്റ്നസ് ഉള്ള കെട്ടിടങ്ങളിലാണ് പ്രവർത്തിക്കുന്നതെന്ന് അസിസ്റ്റന്റ് എൻജിനീയർ സാക്ഷ്യപ്പെടുത്തിയിട്ടുണ്ട്.19 അങ്കണവാടികൾക്ക് ചുറ്റുമതിൽ ഇല്ല. അങ്കണവാടികൾക്ക് സ്വന്തം കെട്ടിടമില്ലാത്തതും ചുറ്റുമതിൽ ഇല്ലാത്തതും വലിയ പോരായ്മയാണ്. തുടർ വർഷങ്ങളിൽ പദ്ധതികൾ ആവിഷ്കരിക്കുമ്പോൾ അങ്കണവാടികളുടെ അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുന്നതിൽ നഗരസഭ കൂടുതൽ ശ്രദ്ധ പുലർത്തേണ്ടതാണ്. ഈ വിഷയത്തിൽ ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ സവിശേഷ ശ്രദ്ധ ക്ഷണിക്കുന്നു.ഓഡിറ്റ് എൻക്വയറി (നമ്പർ 54/20-21, 23.07.2022) ക്ക് ലഭ്യമാക്കിയ മറുപടി പ്രകാരം തയ്യാറാക്കിയത്.

## 1-58 വക്കീൽ ഫീസ്- ആദായ നികുതി ഈടാക്കിയില്ല.

ഗ്രാമ പഞ്ചായത്തിന്റെ പരിധിയിൽ വരുന്ന വ്യവഹാരങ്ങൾ കൈകാര്യം ചെയ്യുന്ന അഡ്വക്കേറ്റ്മാർക്ക് 2020-21 സാമ്പത്തിക വർഷം താഴെച്ചേർക്കുംവിധം ഫീസ് നല്കിയിട്ടുണ്ട്

| ക്രമനം | പേര് | കേസ് | തുക | ചെക്ക് | തീയതി | ഈടാക്കേണ്ട നികുതി (10%) |
|---|---|---|---|---|---|---|

| | | | | | | |
|---|---|---|---|---|---|---|
| 1 | ശ്രീ രാമകൃഷ്ണൻ | WP(c) 10818/17, 19984/20, 16068/20, 14760/20 | 60000 | 4090 | 29.10.2021 | 6000 |
| 2. | ചെറുന്നിയൂർ ശശിധരൻനായർ | RP 94/15, 76/15, APL754/17,1020 /16,314/16 | 60000 | 5003 | 17.03.21 | 6000 |

ആദായനികുതി ആക്ട് 1961 സെക്ഷൻ 194 (J) പ്രകാരം പ്രൊഫഷണൽ പ്രവൃത്തികളിൽ ഏർപ്പെടുന്ന വ്യക്തികളിൽ നിന്നും ഒരു വർഷം അവർക്ക് നല്കുന്ന ഫീസ് 30000രൂപയിൽ കൂടുതൽ ആണെങ്കിൽ ആയതിൽ നിന്നും 10% തുക വരുമാന നികുതിയായി ഈടാക്കണമെന്ന് നിർദ്ദേശിക്കുന്നു. ഫീസിനത്തിൽ വാങ്ങുന്ന വ്യക്തി നേരിട്ടല്ല അടവാക്കേണ്ടത്. ഇത്തരത്തിൽ ഫീസ് അനുവദിക്കുമ്പോൾ നിയമാനുസൃത നികുതി സ്ഥാപനം തന്നെ ഈടാക്കി ബന്ധപ്പെട്ട ഹെഡിൽ അടവാക്കേണ്ടതാണ്. എന്നാൽ മേൽ പട്ടികയിൽ ചേർത്തിട്ടുള്ള അഡ്വക്കേറ്റമാരിൽ നിന്നും നിയമാനുസൃത നികുതി സ്ഥാപനം തന്നെ ഈടാക്കി ബന്ധപ്പെട്ട ഹെഡിൽ അടവാക്കിയതിന്റെ രേഖകൾ ലഭ്യമല്ല.

## 1-59 നിർവ്വഹണോദ്യോഗസ്ഥരുടെ പേരിലുള്ള അക്കൗണ്ട് ക്ലോസ് ചെയ്യേണ്ടതാണ്.

2020-21 സാമ്പത്തികവർഷത്തിൽ നഗരസഭയിലെ നിർവ്വഹണോദ്യോഗസ്ഥനായ പ്രിൻസിപ്പാളിന്റെ പേരിൽ ഒരു സേവിംഗ്സ് ബാങ്ക് അക്കൗണ്ട് നിലനിർത്തിയിട്ടുണ്ട്.

വിവിധ പദ്ധതികൾക്കായി തനത്/പ്ലാൻ ഫണ്ടുകളിൽ നിന്നും മാറുന്ന എല്ലാ തുകകളും പ്രസ്തുത അക്കൗണ്ടിൽ ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്യുകയാണ് പതിവ്. തുടർന്ന് ചെക്ക് മുഖേന ഗുണഭോക്താവിന് കൈമാറുന്നു. എന്നാൽ അപ്രകാരം കൈമാറുന്ന എല്ലാ തുകകൾക്കുമുള്ള വ്യക്തമായ രേഖകൾ ഹാജരാക്കാൻ നിർവ്വഹണോദ്യോഗസ്ഥന് കഴിഞ്ഞിട്ടില്ല.

11.06.2018ലെ സ.ഉ(പി) നം. 88/2018/ഫിൻ പ്രകാരം പ്ലാൻ തുക നിർവ്വഹണോദ്യോഗസ്ഥന്റെ ബാങ്ക് അക്കൗണ്ടിലേക്ക് മാറ്റരുത് എന്ന് നിഷ്കർഷിച്ചിട്ടുണ്ട്. പണം കൈമാറുന്നതിന് DBTരീതി മാത്രമേ അവലംബിക്കാവൂ എന്നും വ്യവസ്ഥയുണ്ട്. ഈ നിർദ്ദേശം പാലിക്കാത്തത് നിർവ്വഹണോദ്യോഗസ്ഥന്റെ ഭാഗത്തുള്ള വീഴ്ചയാണ്. പ്ലാൻ ഫണ്ടിൽ നിന്നും പിൻവലിച്ച തുക അടിയന്തിരമായി തിരികെ ഒടുക്കി അക്കൗണ്ട് ക്ലോസ് ചെയ്ത് ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 1-60 മരാമത്ത് പ്രവർത്തികളിലെ പൊതു അപാകതകൾ

പൊതുമരാമത്ത് പ്രവൃത്തികളുടെ ഫയൽ പരിശോധിച്ചതിൽ മാന്വൽ പ്രകാരമുള്ള നിർദ്ദേശങ്ങൾ പാലിക്കാത്തതിനാൽ പൊതുവായിക്കണ്ട അപാകതകൾ ചുവടെ ചേർക്കുന്നു.

1. ഇ എം ഡി ഒടുക്കിയതിൽ കുറവ്

28.09.2015ലെ ജി ഒ (പി) 425/15/ ഫിൻ നമ്പർ ഉത്തരവ് പ്രകാരം പ്രവൃത്തികൾക്ക് ഈടാക്കേണ്ട ഇ എം ഡി പ്രോജക്റ്റ് ചെലവിന്റെ 2.5% ആണ്. എന്നാൽ താഴെ ചേർത്തിട്ടുള്ള പ്രോജക്റ്റുകളുടെ ഇ എം ഡി തുക ഈടാക്കിയതിൽ കുറവുണ്ട്.

| പ്രോ. നം | പേര് | കരാറുകാരൻ | എസ്റ്റിമേറ്റ് തുക | ഈടാക്കേണ്ട തുക | ഈടാക്കിയ തുക |
|---|---|---|---|---|---|
| 247/21 | കറക്കോട്-കണ്ണേറ്റ് വിളാകം റോഡ് ഓട നിർമ്മാണം | ഷമീർ എൻ ബി | 500000 | 12500 | 11200 |
| | | രതീഷ് എസ് എസ് | | | 11200 |
| 394/21 | പത്താം കല്ല് വാഴോട് കന്നപുറം വാഴോട്ട് കുഴിയിൽ റോഡ് കോൺക്രീറ്റ് | ഷിബു സതീഷ് | 300000 | 7500 | 3750 |
| | | സുനിൽ കുമാർ | | | 3750 |

2. പ്രവൃത്തിയുടെ സമയപരിധി ദീർഘിപ്പിക്കൽ മരാമത്ത് മാന്വലിന്റെ ലംഘനം.

കേരള പൊതുമരാമത്ത് വകുപ്പ് മാന്വൽ 2012 സെക്ഷൻ 2112 പ്രകാരം കരാറുകാരന്റെ പിഴവ് മൂലം പ്രവൃത്തി ദീർഘിപ്പിക്കേണ്ട സാഹചര്യങ്ങളിൽ കരാറുകാരൻ നിർവഹണോദ്യോഗസ്ഥൻ മുഖേന അപേക്ഷ നൽകേണ്ടതും പി.എ.സി.യുടെ ഒരു ശതമാനം പിഴ (പൂർത്തീകരണ കാലാവധിയുടെ 25%വരെ) ഈടാക്കിക്കൊണ്ട് ഒറ്റത്തവണ ദീർഘിപ്പിച്ച് നൽകാവുന്നതാണ്. തുടർന്നും ദീർഘിപ്പിക്കുന്ന പക്ഷം രണ്ട് ശതമാനം പിഴ (പൂർത്തീകരണ കാലാവധിയുടെ 50%വരെ) ഈടാക്കിക്കൊണ്ടും ദീർഘിപ്പിക്കാവുന്നതാണ്. ഇതിനും ലംഘനമുണ്ടായാൽ അതിനുശേഷം പൂർത്തീകരിക്കുന്ന പ്രവൃത്തികൾ ക്രമരഹിതമാണ്. കുറക്കോട്- കണ്ണേറ്റ് വിളാകം റോഡ് ഓട നിർമ്മാണം ( 247/21) എന്ന പ്രവൃത്തി കരാറുകാരൻ സമയബന്ധിതമായി പൂർത്തീകരിച്ചിട്ടില്ല. 3 മാസം കൊണ്ട് പൂർത്തീകരിക്കേണ്ട പ്രവൃത്തിക്കായി കരാർ വച്ചിരിക്കുന്നത് 14.07.2020നാണ്. പ്രവൃത്തി നിർവ്വഹണത്തിനായി സ്ഥലം കൈമാറിയത് 18.07.2020ലാണ്. 17.10. 2020 ന് പൂർത്തിയാക്കേണ്ടിയിരുന്ന പ്രവൃത്തി പൂർത്തീകരിച്ചിരിക്കുന്നത് 27/01/2021ലാണ്. പിഴ ഈടാക്കാത്തതിന് കാരണം ഫയലിൽ ലഭ്യമല്ല.

3.കരാറുകാരന്റെ രജിസ്ട്രേഷൻ വിവരങ്ങൾ ലഭ്യമല്ല.

കുറക്കോട്- കണ്ണേറ്റ് വിളാകം റോഡ് ഓട നിർമ്മാണം (247/21) എന്ന പ്രവൃത്തി നിർവ്വഹിച്ച രതീഷ് എസ് എസ് എന്ന കരാറുകാരന്റെ രജിസ്ട്രേഷൻ, ജി എസ് റ്റി രജിസ്ട്രേഷൻ എന്നിവ ഫയലിൽ ലഭ്യമല്ല.

മേൽപരാമർശങ്ങളുടെ വിശദാംശം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണ ( നം 85/2020-21, 18.07.2022 ) ത്തിന് മറുപടി ലഭ്യമാക്കിയിട്ടില്ല.

## 1-61 മരാമത്ത് പ്രവൃത്തികളുടെ രൂപീകരണവും നിർവഹണവും- അവലോകനം.

പൊതുമരാമത്ത് വർക്കിംഗ് ഗ്രൂപ്പ് തയ്യാറാക്കി അസിസ്റ്റന്റ് എഞ്ചിനീയർ നിർവഹണ ഉദ്യോഗസ്ഥനായി 2020-21സാമ്പത്തിക വർഷം ഗ്രാമപഞ്ചായത്ത് നിർവഹണം നടത്തിയ പദ്ധതികളെ സംബന്ധിച്ച വിവരം ചുവടെ ചേർക്കുന്നു.

| | ഏറ്റെടുത്തവ (എണ്ണം) | നടപ്പിലാക്കിയവ (എണ്ണം) | നടപ്പിലാക്കാത്തവ (എണ്ണം) |
|---|---|---|---|
| പുതിയ പദ്ധതികൾ | 125 | 75 | 50 |
| സ്പിൽ ഓവർ പ്രോജക്ടുകൾ | 170 | 166 | 04 |
| ആകെ | 295 | 241 | 54 |

തൻവർഷം ഏറ്റെടുത്ത പ്രോജക്ടുകളിൽ 50 പുതിയ പദ്ധതികളും 04 സ്പിൽ ഓവർ പദ്ധതികളും നടപ്പിലാക്കിയില്ല. ആകെ 310207504 രൂപാ വകയിരുത്തിയതിൽ 216402554 രൂപയാണ് ചെലവഴിച്ചത്.

1.സ്റ്റാറ്റസ് റിപ്പോർട്ട്- പൊതുമരാമത്ത് മേഖലയിൽ കൂടുതൽ പ്രവർത്തനങ്ങൾ അനിവാര്യം

സ്ഥാപനത്തിന്റെ അവസ്ഥാ റിപ്പോർട്ട് പരിശോധിച്ചതിൽ സ്ഥാപനത്തിന്റെ നിലവിലെ അവസ്ഥയും ഇനിയും പരിഹരിക്കപ്പെടേണ്ടതും/ വികസനം എത്തേണ്ടതുമായ മേഖലകളും ഉണ്ടെന്ന് കാണുന്നു. അവസ്ഥാറിപ്പോർട്ടിലെ വികസനം ആവശ്യമായ മേഖലകളിലെ പരിഹരിക്കപ്പെടേണ്ട വിഷയങ്ങൾക്കാസ്പദമായി പ്രോജക്ടുകൾ ഏറ്റെടുത്ത് നിർവഹിക്കാൻ പ്രഥമ പരിഗണന നൽകേണ്ടതാണ്.

2.വർക്കിംഗ് ഗ്രൂപ്പ് പ്രവർത്തനങ്ങൾ ശക്തിപ്പെടേണ്ടതുണ്ട്.

പതിമൂന്നാം പഞ്ചവത്സര പദ്ധതി (2017-2022) പദ്ധതി രൂപീകരണവുമായി ബന്ധപ്പെട്ട് 16 അംഗങ്ങൾ ഉള്ള ഒരു വർക്കിംഗ് ഗ്രൂപ്പ് രൂപികരിച്ചിട്ടുണ്ട്. ഈ വർക്കിംഗ് ഗ്രൂപ്പിന്റെ ആദ്യ യോഗം 30-01-2021 ൽ ചേർന്നു.ഇതിൽ 9 അംഗങ്ങൾ പങ്കെടുത്തു. ആകെ 16 നിർദ്ദേശങ്ങൾ അവതരിപ്പിച്ചു.തുടർന്ന് 18-02-2021 ൽ ഒരു യോഗം കൂടെ ചേർന്നിട്ടുണ്ട്.ഇതിൽ 8 അംഗങ്ങൾ പങ്കെടുത്തു.25 പുതിയ നിർദ്ദേശങ്ങൾ ഉയർന്നു വന്നിട്ടുണ്ട്. എന്നാൽ 2020-21 വാർഷിക പദ്ധതിയുടെ രൂപീകരണവുമായി ബന്ധപ്പെട്ട് വർക്കിംഗ് ഗ്രൂപ്പ് യോഗം ചേർന്നതായി കാണുന്നില്ല.

3.മോണിറ്ററിംഗ് സമിതി റിപ്പോർട്ടില്ല.

പൊതുമരാമത്ത് പദ്ധതികളുടെ മോണിറ്ററിംഗ് നിർവ്വഹിക്കേണ്ടത് പൊതുമരാമത്ത് വർക്കിംഗ് ഗ്രൂപ്പാണ്. അതിനായി പദ്ധതിരൂപീകരണത്തിനു ശേഷം വർക്കിംഗ് ഗ്രൂപ്പ് മോണിറ്ററിംഗ് കമ്മിറ്റിയായി പ്രവർത്തിക്കണം . മോണിറ്ററിംഗ് കമ്മിറ്റികൾ യോഗം ചേർന്ന് മോണിറ്ററിംഗ് റിപ്പോർട്ട് തയ്യാറാക്കി യഥാസമയം നിർവ്വഹണ ഉദ്യോഗസ്ഥനും ഭരണസമിതിക്കും നൽകേണ്ടതാണ്. എന്നാൽ തൻ വർഷം പ്രവൃത്തി പൂർത്തീകരിച്ച് ഫൈനൽ ബിൽ നൽകിയ പദ്ധതികളുടെ ഫയലിൽ ഒന്നും തന്നെ മോണിറ്ററിംഗ് റിപ്പോർട്ടില്ല.

4.പ്രവൃത്തികളുടെ ബോർഡ് വയ്ക്കാൻ തുക വകയിരുത്തുന്നില്ല.

സ.ഉ.(കൈ)നം17/2018/തസ്വഭവ തീയതി 2.02.2018 പദ്ധതിമാർഗ്ഗരേഖ 13.5 നിർമ്മാണ പ്രവൃത്തികൾ സംബന്ധിച്ച് പ്രവൃത്തിയുടെ പേര്, വർഷം പ്രവൃത്തി നടത്തുന്ന നിർവ്വഹണ ഏജൻസിയുടെ /കരാറുകാരന്റെ പേര് , എഞ്ചിനീയറുടെ പേര് അടങ്കൽതുക, പ്രവൃത്തി ഇനങ്ങൾ, ഉപയോഗിക്കേണ്ട സാധന സാമഗ്രികളുടെ അളവ് എന്നിവ പ്രവൃത്തി സ്ഥലത്ത് പ്രദർശിപ്പിക്കേണ്ടതാണ്. പ്രവൃത്തി പൂർത്തീകരിച്ച ശേഷം പ്രവൃത്തി നടക്കുന്ന സ്ഥലത്ത് പ്രവൃത്തിയുടെ പേര്, വർഷം , ചെലവഴിച്ച തുക, ഫണ്ടിന്റെ ഇനം തദ്ദേശഭരണ സ്ഥാപനത്തിന്റെ പേര് എന്നിവ ബോർഡിൽ രേഖപ്പെടുത്തി പ്രദർശിപ്പിക്കണം. ഡിസ്പ്ലേ ബോർഡുകൾക്ക് വേണ്ട തുക എസ്റ്റിമേറ്റിൽ ഉൾപ്പെടുത്താവുന്നതാണ്. എന്നാൽ ഓഡിറ്റ് വർഷം നിർവ്വഹണം ചെയ്ത ഭൂരിഭാഗം പൊതുമരാമത്ത് പ്രവൃത്തികളുടെ എസ്റ്റിമേറ്റുകളിലും ബോർഡ് വയ്ക്കുന്നതിനാവശ്യമായ തുക ഉൾപ്പെടുത്തുകയോ പ്രവൃത്തിയുടെ ബോർഡ് സ്ഥാപിക്കുകയോ ചെയ്തിട്ടില്ല.

5.പ്രവർത്തനകലണ്ടർ-കരാറുകാർ സമർപ്പിക്കുന്നില്ല.

2012 ലെ പിഡബ്ള്യുഡി മാന്വൽ സെക്ഷൻ 2112 പ്രകാരം, കരാർ ഉറപ്പിക്കും മുൻപ് കരാറുകാരൻ ഒരു പ്രവർത്തനകലണ്ടർ തയ്യാറാക്കി സമർപ്പിക്കേണ്ടതുണ്ട്. ഈ പ്രവർത്തനകലണ്ടർ കരാറിന്റെ ഭാഗമായി പരിഗണിക്കാവുന്നതാണ്. എന്നാൽ മാന്വലിൽ നിഷ്കർഷിക്കും പ്രകാരമുള്ള പ്രവർത്തനകലണ്ടർ കരാറുകാരാരുംതന്നെ തയ്യാറാക്കി സമർപ്പിച്ചിട്ടില്ല.

6.ആസ്തിയുടെ യുണീക്ക് നമ്പർ രേഖപ്പെടുത്തുന്നില്ല.

ആസ്തികളുടെ സംരക്ഷണവുമായി ബന്ധപ്പെട്ട മെയിന്റനൻസ് പ്രവൃത്തികൾ ഏറ്റെടുക്കുമ്പോൾ അവ തദ്ദേശ സ്ഥാപനത്തിന്റെ ആസ്തിതന്നെയെന്ന് ഉറപ്പാക്കേണ്ടത് അത്യാവശ്യമാണ്.സ്ഥാപനത്തിന്റെ ആസ്തിയല്ലാത്തതോ ആസ്തി രജിസ്റ്ററിൽ ഉൾപ്പെടാത്തതോ ആയ ഒരു മെയിന്റനൻസ് പ്രവൃത്തിയും ഏറ്റെടുക്കാൻ പാടില്ല. പ്രവൃത്തികളുടെ അംഗീകാരവുമായി ബന്ധപ്പെട്ട പരിശോധനയിൽ ആസ്തിയുടെ യുണീക്ക് നമ്പർ പ്രോജക്ട് രൂപീകരണ ഫോറം 2 ൽ ചേർക്കുന്നതായി കാണുന്നില്ല.

7.പിഴ ഈടാക്കാനുള്ള വ്യവസ്ഥ–കരാറിൽ ചേർക്കേണ്ടതാണ്.

പുതുക്കിയ പിഡബ്ള്യുഡി മാന്വൽ പ്രകാരം പ്രവൃത്തികൾ സമയബന്ധിതമായി പൂർത്തീകരിക്കാതിരുന്നാൽ സ്വീകരിക്കേണ്ട നടപടികളും ഈടാക്കേണ്ട പിഴ സംബന്ധിച്ച വ്യവസ്ഥകളും സെക്ഷൻ 2112, 2112.1 എന്നിവയിൽ വിശദമായി പ്രതിപാദിച്ചിട്ടുണ്ട്. എന്നാൽ നഗരസഭയിൽ 2020-21 സാമ്പത്തികവർഷത്തിൽ നിർവ്വഹണം നടത്തിയ മരാമത്ത് പ്രവൃത്തികളിലെ കരാർ വ്യവസ്ഥകൾ പരിശോധിച്ചപ്പോൾ, പ്രവൃത്തികളുടെ കരാർ പത്രങ്ങളിൽ മരാമത്ത് മാന്വൽ പ്രകാരമുള്ള വ്യവസ്ഥകൾ ഉൾക്കൊള്ളിച്ചിട്ടില്ലാത്തതായി ശ്രദ്ധയിൽപ്പെട്ടു. മാത്രമല്ല പരിഷ്കരിച്ച മാന്വൽ പ്രയോഗത്തിൽ വരുന്നതിന് മുൻപേയുള്ള വ്യവസ്ഥകളാണ് ഉൾപ്പെടുത്തിയതായി കാണുന്നത്. പ്രവൃത്തിയുടെ കാലാവധി നീട്ടുന്നതിന് പിഴ ഈടാക്കാനുള്ള വ്യവസ്ഥ കരാറിൽ ചേർക്കേണ്ടത് പുതുക്കിയ മാന്വൽ വ്യവസ്ഥ പ്രകാരമാകേണ്ടതാണ്.

8.ആസ്തി സംരക്ഷണ പദ്ധതി തയ്യാറാക്കിയിട്ടില്ല.

നഗരസഭയുടെ ഉടമസ്ഥതയിലും നിയന്ത്രണത്തിലുമുള്ള റോഡ്, റോഡ് ഇതര ആസ്തികളുടെ സംരക്ഷണത്തിന് ഒരു ആസ്തി സംരക്ഷണ പദ്ധതി തയ്യാറാക്കാൻ പദ്ധതി മാർഗ്ഗരേഖയിൽ നിർദ്ദേശിച്ചിട്ടുണ്ട്. നഗരസഭയുടെ നിയന്ത്രണത്തിലുള്ള ആസ്തികളുടെ സമഗ്ര വികസനമാണ് ഇതുകൊണ്ട് ഉദ്ദേശിക്കുന്നത്. പഞ്ചായത്തിന്റെ പദ്ധതി പരിശോധിച്ചതിൽ സർക്കാർ നിർദ്ദേശിക്കും പ്രകാരമുള്ള ആസ്തി സംരക്ഷണ പദ്ധതി നഗരസഭ തയ്യാറാക്കിയിട്ടില്ല എന്ന് വ്യക്തമായി.

മേൽ പരാമർശിച്ച പ്രശ്നങ്ങൾ പൊതുമരാമത്ത് സ്റ്റാന്റിംഗ് കമ്മിറ്റി, നഗരസഭ കൗൺസിൽ, നിർവ്വഹണ ഉദ്യോഗസ്ഥൻ എന്നിവരുടെ ശ്രദ്ധയിൽപ്പെടുത്തുന്നു. പരിഹരിക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്.

9. വകയിരുത്തിയ തനത്ഫണ്ട് ചെലവഴിക്കുന്നില്ല.

2020-21 സാമ്പത്തിക വർഷം തനത് ഫണ്ട് വകയിരുത്തി പൊതുമരാമത്ത് വർക്കിംഗ് ഗ്രൂപ്പിനു കീഴിൽ 79 പദ്ധതികൾ ഏറ്റെടുത്തിരുന്നു. ഇതിൽ ആകെ 4 പദ്ധതികൾക്കു മാത്രമാണ് സുലേഖ പത്രിക പ്രകാരം ചെലവ് വന്നിട്ടുള്ളത്. ആകെ 30917360/-രൂപ വകയിരുത്തിയതിൽ 2338796/- രൂപ മാത്രമാണ് ചെലവ് വന്നിട്ടുള്ളത്.തനത് ഫണ്ടിനത്തിൽ തുകകൾ വകയിരുത്തിയ ശേഷം ആയത് ചെലവഴിക്കാത്തത് വീഴ്ചയായി ഓഡിറ്റ് കാണുന്നു.

## 1-62 റോഡ് ടാറിംഗ് പ്രവൃത്തികൾ -ടാർ വാങ്ങിയതിന്റെ ഒറിജിനൽ ബിൽ സമർപ്പിക്കുന്നില്ല.

സർക്കാർ ഉത്തരവ് (സാ.ധാ) 3049/2016തസ്വഭവ തീയതി.08/11/2016 പ്രകാരം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ കരാറുകാരിലൂടെ നിർവഹിക്കപ്പെടുന്ന ടാറിംഗ് പ്രവൃത്തികളിൽ കരാറുകാർ നിർബന്ധമായും ടാർ

വാങ്ങിയതിന്റെ ഒറിജിനൽ ബിൽ സമർപ്പിക്കണമെന്ന് വ്യവസ്ഥ ചെയ്യുന്നുണ്ട്.എന്നാൽ സ്ഥാപനം കരാറുകാരിലൂടെ നിർവഹിച്ച ചുവടെ പറയുന്ന പ്രവൃത്തികളിൽ മേൽ നിർദ്ദേശം പാലിച്ചിട്ടില്ല.

1. മല്ലമ്പ്രക്കോണം-താളിക്കമുകൾ-വാഴവിള തൊണ്ടിക്കര റോഡ് റീടാറിംഗ് &സൈഡ് വാൾ(312/21)

2.പുല്ലൂട്ട് വാഴുക്കൽ കൈതമൂഴിനട റോഡ് മെറ്റലിംഗ്&ടാറിംഗ് (436/21)

പ്രസ്തുത പ്രവൃത്തികൾക്ക് വാങ്ങിയ ടാറിന്റെ ഒറിജിനൽ ബില്ലുകൾ പ്രവൃത്തികളുടെ ഫയലിനൊപ്പം ഉൾപ്പെടുത്തിയിട്ടില്ല. ഇരു പ്രവൃത്തികളും നിർവഹിച്ചിരിക്കുന്നത് നെടുമങ്ങാട് എസ്സ്.സി.ലേബർ കോൺട്രാക്ട് സൊസൈറ്റി ആണ്. ആയതിനാൽ ബിറ്റുമിന്റെ ഒറിജിനൽ ബില്ലുകളുടെ അഭാവത്തിൽ മേൽ സൂചിപ്പിച്ച പ്രവൃത്തികളുടെ മോണിറ്ററിംഗ് ശരിയായ രീതിയിൽ നിർവഹിക്കാൻ പൊതുമരാമത്ത് വർക്കിംഗ് ഗ്രൂപ്പിന് കഴിഞ്ഞിട്ടില്ലെന്ന് ഓഡിറ്റ് വിലയിരുത്തുന്നു.പൊതുമരാമത്ത് സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ശ്രദ്ധ ഈ വിഷയത്തിൽ പതിയേണ്ടതും ഭാവിയിൽ ഇത്തരം അപാകതകൾ ഉണ്ടാകാതെ ശ്രദ്ധിക്കേണ്ടതും സർക്കാർ നിർദ്ദേശം പാലിക്കേണ്ടതുമാണ്.

## 1-63 എർത്ത് വർക്കിന് അധികതുക നൽകി-2873/-രൂപ തിരികെ ഈടാക്കേണ്ടതാണ്.

പദ്ധതി -ഡയമൺ പാലം പുന്നമൂട് റോഡ് സൈഡ് വാൾ

പദ്ധതി നം -77/2021

അടങ്കൽ -500000

ചെലവ് -423133/-

നിർവഹണം -അസിസ്റ്റന്റ് എഞ്ചിനീയർ

കരാറുകാരൻ -സച്ചിൻ.എസ്സ്.ബാബു.

ബിൽ നം -70.തീയതി.14.08.2020

എം ബുക്ക് നം -55/2019-20

ടി പ്രവൃത്തിയിൽ എം ബുക്ക് പേജ് നം 1 ൽ ഇനം നം 1ആയി 54.632m3 പ്രദേശം (90.2 മീറ്റർ നീളം ) എർത്ത് വർക്ക് ചെയ്തതായി രേഖപ്പെടുത്തിയിരിക്കുന്നു.എന്നാൽ തുടർ പ്രവൃത്തികളായ DR ഉപയോഗിച്ചുള്ള ഫൗണ്ടേഷൻ, സൂപ്പർ സ്ട്രക്ചർ, M20 ടോപ്പ് ബെൽറ്റ് എന്നിവ നിർവഹിച്ചിരിക്കുന്നത് 80.2 മീറ്റർ നീളത്തിൽ മാത്രമാണ്.ആയതിനാൽ 10 മീറ്ററിന്റെ ഒരു റീച്ച് നീളത്തിന് അധികമായി എർത്ത് വർക്കിന് തുക നൽകിയത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം 7 തീയതി: 18.07.2022) ലഭ്യമാക്കിയ മറുപടിയിൽ ആകെ 90.2 മീറ്റർ നീളത്തിൽ എർത്ത് വർക്ക് ചെയ്തിരുന്നുവെന്നും സൈറ്റ് കണ്ടിഷൻ പ്രകാരം തുടർ പ്രവൃത്തികൾ ആവശ്യമില്ലാത്തതിനാൽ ഇതിലെ 10 മീറ്ററിൽ മറ്റ് പ്രവൃത്തികൾ നിർവഹിച്ചിട്ടില്ലെന്നും അറിയിച്ചിട്ടുണ്ട്.തുടർ പ്രവൃത്തികൾ നടത്താതെ എർത്ത് വർക്ക് മാത്രം നടത്തിയ പ്രദേശത്തിന് നൽകിയ തുകയെ സംബന്ധിക്കുന്ന വിവരം ചുവടെ ചേർക്കുന്നു.

അധികമായി രേഖപ്പെടുത്തിയ അളവ് ( MoRD 11-1-1-1)

10x0.70x0.80=5.6m3

അധികം നൽകിയ തുക

5.6m3@513.07/m3=2873/-രൂപ

ശരിയായ രീതിയിൽ സ്ഥല സന്ദർശനം നടത്തി എസ്റ്റിമേറ്റ് റിപ്പോർട്ടും എസ്റ്റിമേറ്റും തയ്യാറാക്കുന്നതിൽ നിർവഹണ ഉദ്യോഗസ്ഥന് വീഴ്ച വന്നിട്ടുണ്ട്. സർക്കുലർ നം ഇ-20/6699/2018/സി.ഇ/ത.സ്വ.ഭ.വ.21.06.2018 പ്രകാരമുള്ള നിർദ്ദേശങ്ങൾ പാലിക്കേണ്ടതാണ്. അധികം നൽകിയ തുക 2873/-രൂപ തിരികെ ഈടാക്കേണ്ടതാണ്.

## 1-64 എസ്റ്റിമേറ്റുകൾ വ്യാപകമായി റിവൈസ് ചെയ്യുന്നു.

തൻവർഷം അംഗീകാരം ലഭിച്ച പ്രവൃത്തികളിൽ പലതും റിവൈസ് ചെയ്തതായി കാണുന്നു.സൈറ്റ് കണ്ടിഷൻ മനസിലാക്കാതെയും ആവശ്യകത നിർണ്ണയിക്കാതെയുമാണ് എസ്റ്റിമേറ്റ് തയ്യാറാക്കുന്നത് എന്ന് ഇത് സൂചിപ്പിക്കുന്നു.തൻമൂലം പല എസ്റ്റിമേറ്റുകളിലും വ്യാപകമായ വ്യതിയാനം വരുത്തേണ്ടി വരുന്നു.ചില ഇനം പ്രവൃത്തികൾ ഒഴിവാക്കപ്പെടുകയും ആദ്യ എസ്റ്റിമേറ്റിൽ ഇല്ലാത്ത ഇനങ്ങൾ ഉൾപ്പെടുത്തുകയും ചെയ്യുന്നതിലൂടെ ശരിയായ ആവശ്യകത നിർണ്ണയിക്കാതെയാണ് എസ്റ്റിമേറ്റ് തയ്യാറാക്കുന്നത് എന്ന് വ്യക്തമാകുന്നു. ഇത് GO(p)13/2012pwd Dt.01.02.2012 പ്രകാരമുള്ള 2012 ലെ റിവൈസ്ഡ് പി.ഡബ്ള്യു.ഡി മാന്വലിലെ നിർദ്ദേശങ്ങൾക്ക് എതിരാണ്.ചില ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| എസ്റ്റിമേറ്റ് പുതുക്കി നടപ്പാക്കിയ | എസ്റ്റിമേറ്റ് പുതുക്കൽ ഭരണസമിതി |
|---|---|

| പ്രവൃത്തികളുടെ എണ്ണം | തീരുമാനം |
|---|---|
| 30 | തീരുമാനം നം 1 തീയതി 15.09.20. |
| 56 | തീരുമാനം നം 11 തീയതി 06.03.20. |
| 8 | തീരുമാനം നം 6-1 തീയതി 12.02.20. |
| 23 | തീരുമാനം നം 2 തീയതി 11.08.20. |

ശരിയായ പഠനം നടത്താതെയും ആവശ്യകത മനസിലാക്കാതെയുമുള്ള മരാമത്ത് പദ്ധതികളുടെ രൂപീകരണം പൊതുമരാമത്ത് വർക്കിംഗ് ഗ്രൂപ്പും,പൊതുമരാമത്ത് സ്റ്റാന്റിംഗ് കമ്മിറ്റിയും ആയതിന്റെ ചുമതല നിർവഹിക്കുന്നില്ലാ എന്നതിന്റെ ഉദാഹരണമാണ്.

## 1-65 എൽ.ഇ.ഡി.ലൈറ്റുകൾ സ്ഥാപിക്കൽ പദ്ധതി നിർവഹണത്തിലെ അപാകതകൾ.

പദ്ധതി -നഗരസഭയുടെ വിവധഭാഗങ്ങളിൽ വോൾട്ടേജ് കൂടിയ

എൽ.ഇ.ഡി.ലൈറ്റ് സ്ഥാപിക്കൽ

പദ്ധതി നം - 461

അടങ്കൽ -1200000

ചെലവ് -1198925

നിർവഹണം - അസി.എഞ്ചിനീയർ

കരാറുകാരൻ -അമ്മിണി എനർജി സിസ്റ്റംസ് പ്രൈവറ്റ് ലിമിറ്റഡ്.

നഗരസഭയുടെ വിവിധ പ്രദേശങ്ങളിൽ വോൾട്ടേജ് കൂടിയ എൽ.ഇ.ഡി.ബൾബുകൾ സ്ഥാപിക്കുന്നതിനുവേണ്ടി ഏറ്റെടുത്ത പദ്ധതിയാണിത്. 50 W Manual എൽ.ഇ.ഡി.ലൈറ്റ് വിതരണം ചെയ്ത് സ്ഥാപിക്കുന്നതിനും നിലവിൽ ടി പോസ്റ്റുകളിലുള്ള സ്ട്രീറ്റ് ലൈറ്റുകൾ സുരക്ഷിതമായി ഓഫീസിൽ എത്തിക്കുന്നതിനും സ്ഥാപിക്കുന്ന ലൈറ്റുകൾക്ക് 3 വർഷം ഗ്യാരന്റിയും തുടർന്നു വരുന്ന 2 വർഷം എ.എം.സി. നിരക്കും നികുതിയും ഉൾപ്പെടെയുള്ള നിരക്ക് ക്വാട്ട് ചെയ്യുവാൻ ആവശ്യപ്പെട്ടുകൊണ്ട് കത്ത് നം ഇ2-43/2020 തീയതി 03.01.20 പ്രകാരം ടെണ്ടർ ക്ഷണിച്ചിരുന്നു.ഇതിൽ കുറഞ്ഞ നിരക്ക് ( ഒരു ലൈറ്റിന് 2975/-രൂപ) ക്വാട്ട് ചെയ്ത അമ്മിണി എനർജി സിസ്റ്റംസ് പ്രൈവറ്റ് ലിമിറ്റഡ് എന്ന സ്ഥാപനത്തെ കൗൺസിൽ തീരുമാനം 5(1) തീയതി 12.02.2020 പ്രകാരം തെരഞ്ഞെടുക്കുകയും കത്ത് നം ഇ2-43/2020 തിയതി 04.06.2020 പ്രകാരം സപ്ലൈ ഓർഡർ നൽകുകയും ചെയ്തിട്ടുണ്ട്.

പ്രവൃത്തി സംബന്ധിക്കുന്ന അപാകതകൾ.

1.കേടായ ലൈറ്റുകൾ മാറ്റിയ വിവരം,അവയുടെ എണ്ണം,അവ സ്റ്റോക്കിൽ എടുത്ത വിവരം എന്നിവ ലഭ്യമല്ല.

2.എസ്റ്റിമേറ്റ് തയ്യാറാക്കുമ്പോഴോ,ടെണ്ടർ ക്ഷണിക്കുമ്പോഴോ മാറ്റേണ്ടതായ ലൈറ്റുകളെ സംബന്ധിക്കുന്ന വിവരങ്ങൾ ശേഖരിച്ചിട്ടില്ല.

3.ഓരോ കൗൺസിലർമാരും അവരുടെ വാർഡുകളിൽ സ്ഥാപിക്കേണ്ടതായ ലൈറ്റുകളുടെ എണ്ണം സംബന്ധിച്ച് കത്ത് നൽകിയിട്ടുണ്ട്. ലൈറ്റുകൾ സ്ഥാപിച്ചതായുള്ള സാക്ഷ്യപത്രവും കൌൺസിലർമാർ നൽകിയിട്ടുണ്ട്. എന്നാൽ മോണിറ്ററിംഗ് കമ്മിറ്റിയുടെ റിപ്പോർട്ട് ഫയലിൽ സൂക്ഷിച്ചിട്ടില്ല. മോണിറ്ററിംഗ് റിപ്പോർട്ടില്ലാതെ തുക അനുവദിച്ചത് പദ്ധതി രൂപീകരണ മാർഗരേഖയ്ക്ക് വിപരീതമായ നടപടിയാണ്.

4.ആകെ 403 ലൈറ്റുകൾക്കായാണ് 1198925/-രൂപ ചെലവഴിച്ചിരിക്കുന്നത്. അപാകതകൾ ഓഡിറ്റ് എൻക്വയറിയിലൂടെ അറിയിച്ചിട്ടുണ്ട്.ഭാവിയിൽ ഇത്തരം അപാകതകൾ ഒഴിവാക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-66 പുലിപ്പാറ കുന്നുംപുറം മേലാംകോട് മൈലമൂട് മുത്താംകോണം ഇടറോഡുകളുടെ കോൺക്രീറ്റിംഗും ഓട നിർമ്മാണവും -പ്രവൃത്തി നിർവഹണത്തിലെ അപാകതകൾ.

പദ്ധതി നം -115/21

അടങ്കൽ -800000

ചെലവ് -731478

നിർവഹണം -അസി.എഞ്ചിനീയർ

കരാറുകാരൻ -ബാബു.എസ്സ്.

പ്രവൃത്തിയിൽ ഓടനിർമ്മാണമാണ് പ്രധാന ഇനമായി ഏറ്റെടുത്ത് നിർവഹണത്തിനായി സാങ്കേതികാനുമതി

നേടിയിരിക്കുന്നത്.പ്രോജക്ട് ഫോറം E 31 പ്രകാരം കോൺക്രീറ്റിനായി 500000/-രൂപയും ഓട നിർമ്മാണത്തിനായി 300000/-രൂപയും വകയിരുത്തിയിട്ടുണ്ട്.എന്നാൽ പ്രവൃത്തിയുടെ എസ്റ്റിമേറ്റ് പരിശോധിച്ചതിൽ കോൺക്രീറ്റിനായി (ഇനം നം 8) വകയിരുത്തിയിരിക്കുന്ന തുക എർത്ത് വർക്ക് (MoRD 3-5-2) ഉൾപ്പെടെ ആകെ 23765.22രൂപ മാത്രമാണ്. ഓടനിർമ്മാണത്തിനായി 686448.11രൂപയും വകയിരുത്തിയിട്ടുണ്ട്. ഈ ഒറിജിനൽ എസ്റ്റിമേറ്റിന് അനുമതി ലഭ്യമായിട്ടുമുണ്ട്.

പ്രവൃത്തി കൗൺസിൽ തീരുമാനം 1 തീയതി 15.09.2020 പ്രകാരം എസ്റ്റിമേറ്റ് റിവൈസ് ചെയ്യുകയും ഓടനിർമ്മാണം പൂർണമായും ഒഴിവാക്കി സിമന്റ് കോൺക്രീറ്റ് മാത്രം നിർവഹിച്ച് പൂർത്തീകരിക്കുകയും ചെയ്തു. Surface Dressing പുതിയൊരു ഇനമായി ഉൾപ്പെടുത്തി 16213.38 രൂപ ചെലവഴിച്ചിട്ടുണ്ട്. കൂടാതെ റോഡ്കോൺക്രീറ്റിനായി 636934/-രൂപയും ചെലവഴിച്ചിട്ടുണ്ട്. എന്നാൽ ഡി.പി.സി.അംഗീകാരം ലഭ്യമായ പദ്ധതിയിൽ 500000/-രൂപയുമാത്രമാണ് കോൺക്രീറ്റിന് അനുമതി ലഭ്യമായിരിക്കുന്നത്. ഇതിലധികമായി 136934/-രൂപ ചെലവഴിച്ചിട്ടുണ്ട്. ഈ പ്രവൃത്തിയിൽ ഓടനിർമ്മാണം പൂർണ്ണമായും ഒഴിവാക്കുവാനുള്ള കാരണം വ്യക്തമല്ല. പ്രവൃത്തി റിവൈസ് ചെയ്യാനുള്ള കാരണം,റിവൈസ് എസ്റ്റിമേറ്റ് റിപ്പോർട്ട് എന്നിവ ഫയലിൽ ലഭ്യമല്ല.അപാകത അറിയിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നം 59 ന് മറുപടി ലഭ്യമാക്കിയില്ല.

സർക്കുലർ നം ഇ-20/6699/2018/സി.ഇ/ത.സ്വ.ഭ.വ.21.06.2018 പ്രകാരം സ്ഥലസന്ദർശനം നടത്തി കൃത്യമായി എസ്റ്റിമേറ്റ് തയ്യാറാക്കണമെന്ന നിർദ്ദേശം പാലിച്ചിട്ടില്ല. അപാകതകൾക്ക് മറുപടി നൽകേണ്ടതാണ്.

## 1-67 പ്രവൃത്തി പൂർത്തീകരിച്ച ശേഷം റിവൈസ്ഡ് എസ്റ്റിമേറ്റ് തയ്യാറാക്കി.പൊതുമരാമത്ത് വകുപ്പ് മാന്വൽ നിർദ്ദേശങ്ങൾക്ക് വിരുദ്ധം

കേരള പൊതുമരാമത്ത് വകുപ്പ് മാന്വൽ 2012 (Go(p)13/2012/pwd/dtd 01.02.2012സെക്ഷൻ 1601-1-6പ്രകാരം റിവൈസ്ഡ് എസ്റ്റിമേറ്റ് തയ്യാറാക്കാൻ മരാമത്ത് പ്രവൃത്തിയുടെ പൂർത്തീകരണം വരെ കാത്തിരിക്കേണ്ടതില്ല എന്ന് വ്യക്തമാക്കിയിട്ടുണ്ട്. കൂടാതെ പൊതുമരാമത്ത് പ്രവൃത്തികളുടെ നിർമ്മാണത്തിൽ വളരെയേറെ പുരോഗതി നേടിയ ശേഷമോ പ്രവൃത്തി പൂർത്തീകരിച്ച ശേഷമോ റിവൈസ്ഡ് എസ്റ്റിമേറ്റിന് അനുമതി നൽകുവാൻ പാടില്ലായെന്നും വ്യക്തമാക്കുന്നു. എന്നാൽ ചുവടെ പറയുന്ന പ്രവൃത്തി പൂർത്തീകരിച്ച ശേഷം റിവൈസ്ഡ് എസ്റ്റിമേറ്റ് തയ്യാറാക്കിയതായി കാണുന്നു.

| ക്രമ നം | പദ്ധതിയുടെ പേര് | പദ്ധതി പൂർത്തീകരിച്ച തീയതി | പദ്ധതി റിവൈസ് ചെയ്യാനുള്ള ഭരണ സമിതി തീരുമാനം |
|---|---|---|---|
| 1. | തോട്ടുമുക്ക് ഗ്രന്ഥശാലയ്ക്ക് കെട്ടിട നിർമ്മാണം (364/21) | 18.06.2020 | തീരുമാനം1/15.09.2020 |
| 2 | കർഷകസഹായി ഗ്രന്ഥശാല നവീകരണം (369/21) | 13.02.2020 | തീരുമാനം2/06.03.2020 |

കേരള പൊതുമരാമത്ത് വകുപ്പ് മാന്വൽ,പദ്ധതി രൂപീകരണ മാർഗരേഖ എന്നിവയിലെ നിർദ്ദേശങ്ങൾക്കനുസൃതമായി മരാമത്ത് പ്രവൃത്തികൾ പൂർത്തീകരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്..വികസനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെയും ഭരണസമിതിയുടെയും ശ്രദ്ധ ഇത്തരം വിഷയങ്ങളിൽ പതിയേണ്ടതാണ്.

## 1-68 റോഡ്പ്രവൃത്തികൾ-പദ്ധതി മാർഗരേഖയിലെ നിർദ്ദേശങ്ങൾ പാലിച്ചിട്ടില്ല.

നഗരസഭകൾ റോഡ് പ്രവൃത്തികൾ ഏറ്റെടുക്കുന്നതിനും നടപ്പിലാക്കുന്നതിനും വിശദമായ മാർഗരേഖ സർക്കാർ പുറപ്പെടുവിച്ചിട്ടുണ്ട്. പതിമൂന്നാം പഞ്ചവൽസര പദ്ധതിയിലെ അവശേഷിക്കുന്ന വാർഷിക പദ്ധതി തയ്യാറാക്കൽ മാർഗ്ഗനിർദ്ദേശങ്ങൾ ജി.ഒ (എം.എസ്) നമ്പർ 17/2018/ ത.സ്വ.ഭ.വ. 02.02.2018 ലെ ഖണ്ഡിക 7.13.1 പ്രകാരം ഓരോ തദ്ദേശ സ്ഥാപനവും റോഡ് കണക്ടിവിറ്റി ഭൂപടവും റോഡ് കണക്ടിവിറ്റി പദ്ധതിയും തയ്യാറാക്കുകയും റോഡ് വികസനം റോഡ് കണക്ടിവിറ്റി മാപ്പിന്റെ അടിസ്ഥാനത്തിൽ നിർവഹിക്കാൻ ശ്രദ്ധിക്കേണ്ടതാണെന്നും നിഷ്കർഷിക്കുന്നുണ്ട്. നഗരസഭ തൻവർഷം നിരവധി റോഡ് പ്രവൃത്തികൾ ഏറ്റെടുത്തിട്ടുണ്ട്. എന്നാൽ റോഡ് കണക്ടിവിറ്റി ഭൂപടം പരിശോധനയ്ക്കായി ലഭ്യമാക്കിയിട്ടില്ല.റോഡ് കണക്ടിവിറ്റി മാപ്പ് തയ്യാറാക്കിയാണോ ടാറിംഗ്, കോൺക്രീറ്റിംഗ് എന്നീ പ്രവൃത്തികൾ ഏറ്റെടുത്തിരിക്കുന്നത് എന്ന ഓഡിറ്റ് അന്വേഷണം - 05/ 2022ന് മറുപടി ലഭ്യമാക്കിയില്ല.

ഗുണമേൻമയുള്ളതും ഈടുറ്റതുമായ റോഡുകൾ പ്രോത്സാഹിപ്പിക്കുന്നതിന് ഓരോ തദ്ദേശ സ്ഥാപനവും ഒരു വാർഷിക പദ്ധതിയിൽ ഒരു റോഡെങ്കിലും 5 വർഷത്തെ ഗ്യാരന്റിയോടുകൂടി നടപ്പാക്കുന്നതിന് ശ്രമിക്കേണ്ടതാണെന്ന്

ജി.ഒ (എം.എസ്) നമ്പർ 17/2018/ത.സ്വ.ഭ.വ 02.02.2018 ലെ ഖണ്ഡിക 7.13.9 പ്രകാരം വ്യക്തമാക്കുന്നുണ്ട്. എന്നാൽ തൻവർഷമോ പതിമൂന്നാം പഞ്ചവത്സര പദ്ധതിക്കാലത്തോ ഇത്തരത്തിലുള്ള പദ്ധതികൾ ഏറ്റെടുത്തതായി കണ്ടില്ല. ഇതു സംബന്ധിച്ച ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയില്ല.പദ്ധതി മാർഗരേഖയിലെ നിർദ്ദേശങ്ങൾ പാലിച്ച് പ്രവൃത്തി നിർവഹിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-69 സ്പിൽ ഓവർ പദ്ധതികൾ പൂർത്തീകരിക്കുന്നില്ല-സർക്കാർ നിർദ്ദേശം പാലിക്കേണ്ടതാണ്.

ജി.ഓ.(എം.എസ്) നം72/2017ത.സ്വ.ഭ.വ.തിരുവനന്തപുരം 29.03.2017 പ്രകാരം സ്പിൽ ഓവറായി മാറുന്ന പദ്ധതികൾ നിർബന്ധമായും അതേ വർഷം തന്നെ പൂർത്തിയാക്കണം എന്ന് നിഷ്കർഷിക്കുന്നുണ്ട്. എന്നാൽ 2020-'21 വർഷം ഏറ്റെടുത്ത സ്പിൽ ഓവർ പ്രോജക്ടുകളിൽ 04 പ്രോജക്ടുകൾ തൻവർഷം നടപ്പിലാക്കിയില്ല.

| പ്രവൃത്തി നം | പ്രവൃത്തിയുടെ പേര് | അടങ്കൽ | ഫണ്ട് |
|---|---|---|---|
| 465/21 | ഖാദി ബോർഡ് ട്രാൻസ്ഫോർമർ മുതൽ മൊട്ടൽമൂട് ക്ഷേത്രം വരെ റീടാറിംഗ്. | 700000 | മെയിന്റനൻസ് ഗ്രാന്റ് റോഡ് |
| 468/21 | വൃദ്ധസദനം നവീകരണം. | 5000000 | കേന്ദ്രാവിഷ്കൃത ഫണ്ട്. |
| 470/21 | മുക്കോല-പൂവത്തൂർ റോഡ് റീടാറിംഗ് | 600000 | മെയിന്റനൻസ് ഗ്രാന്റ് റോഡ് |
| 471/21 | പരിയാരം പൂവത്തൂർ റോഡ് റീടാറിംഗ് | 900000 | മെയിന്റനൻസ് ഗ്രാന്റ് റോഡ് |

സ.ഉ.(കൈ) നം.17/2018.ത.സ്വ.ഭ.വ. തീയതി.02.02.2018. ഖ.10 ൽ സ്പിൽ ഓവർ പദ്ധതികളുടെ തുടർ നടത്തിപ്പ് വ്യക്തമാക്കുന്നുണ്ട്. നടപ്പിലാക്കാത്ത പദ്ധതികളുടെ നിലവിലെ അവസ്ഥയും ഇവയിൽ ഉപേക്ഷിച്ച പ്രവൃത്തികൾ ഉണ്ടെങ്കിൽ അവയുടെ വിവരവും വ്യക്തമാക്കാനാവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി നൽകിയിരുന്നു.പദ്ധതി നം 471,465 എന്നിവ 2021-22 ൽ ചെലവ് വന്നുവെന്നും പദ്ധതി നം 470,468 എന്നിവ ഉപേക്ഷിച്ചുവെന്നും മറുപടി ലഭ്യമാക്കി.സ്പിൽഓവർ പദ്ധതികളുടെ നടത്തിപ്പ് സംബന്ധിക്കുന്ന നിർദ്ദേശങ്ങൾ പാലിക്കേണ്ടതാണ്.

## 1-70 സംസ്ഥാനാവിഷ്കൃത ഫണ്ട് /മറ്റ് ഫണ്ടുകൾ വകയിരുത്തിയിട്ടുള്ള മരാമത്ത് പ്രവൃത്തികൾ തുക തനത് ഫണ്ടിൽ നിക്ഷേപിച്ചിരിക്കുന്നു.

സംസ്ഥാനാവിഷ്കൃത ഫണ്ടുകൾ വകയിരുത്തി ഏറ്റെടുത്ത പൊതുമരാമത്ത് പ്രവൃത്തികൾക്ക് ചെലവ് ഉണ്ടായിട്ടില്ല.എന്നാൽ ഈ പദ്ധതിയ്ക്കായി വകയിരുത്തിയിട്ടുള്ള മറ്റ് ഫണ്ടുകൾ എന്നയിനത്തിന് യഥാർത്ഥത്തിൽ പദ്ധതിനിർവഹണം നടത്തി ചെലവ് വന്നിട്ടില്ലെങ്കിലും സുലേഖ പത്രിക പ്രകാരം വകയിരുത്തിയ അതേ തുകതന്നെ ചെലവായും രേഖപ്പെടുത്തിയിട്ടുണ്ട്.വിവരം ചുവടെ ചേർക്കുന്നു.

| പദ്ധതി നം | പദ്ധതിയുടെ പേര് | സംസ്ഥാനാവിഷ്കൃത വിഹിതം | | മറ്റുള്ളവ | |
|---|---|---|---|---|---|
| | | വകയിരുത്തൽ | ചെലവ് | വകയിരുത്തൽ | ചെലവ് |
| 501 | പൊതുസ്ഥലങ്ങളിൽ പബ്ലിക് ടോയ് ലറ്റ് | 3000000 | 0 | 1000000 | 1000000 |
| 547 | KSRTC ഡിപ്പോയിലെ ടോയ് ലറ്റ് ആധുനീകവൽകരണം | 1000000 | 0 | 1000000 | 1000000 |
| 548 | പഴകുറ്റി വെയർഹൗസിൽ വനിതകൾക്ക് ടോയ് ലറ്റ് നിർമ്മാണം | 1000000 | 0 | 1000000 | 1000000 |
| 498 | നെടുമങ്ങാട് GGHSS ന് സമീപം സ്വാപ്പ് ഷോപ്പ് നിർമ്മാണം | 1500000 | 0 | 0 | 0 |
| 540 | 12 ഇന പരിപാടിയോടനുബന്ധിച്ച് | 1500000 | 0 | 1500000 | 1500000 |

| | Take A Break നിർമ്മാണം | | | | |
|---|---|---|---|---|---|

പട്ടികയിൽ സൂചിപ്പിച്ചിരിക്കുന്ന പ്രവൃത്തികളിൽ സുലേഖ പത്രിക പ്രകാരം സംസ്ഥാനാവിഷ്കൃത വിഹിതത്തിൽ ചെലവ് ഇല്ല.എന്നാൽ മറ്റുള്ളവ എന്ന ഇനത്തിൽ വകയിരുത്തിയിരിക്കുന്ന മുഴുവൻ ഫണ്ടും സുലേഖ പത്രികയിൽ ചെലവ് രേഖപ്പെടുത്തിയിരിക്കുന്നു. മറ്റുള്ളവ എന്ന ഇനത്തിൽ ഉൾപ്പെടുത്തിയിരിക്കുന്ന തുകയുടെ ചെലവ് സംബന്ധിക്കുന്ന മുഴുവൻ വിവരങ്ങളും ലഭ്യമാക്കാൻ താല്പര്യപ്പെട്ട് ഓഡിറ്റ് എൻക്വയറി (നം 58 തീയതി: 23.07.2022.) നൽകിയപ്പോൾ പ്രസ്തുത തുകകൾ തിരുവനന്തപുരം കോർപ്പറേഷന്റെ സംയുക്തപദ്ധതികളാണെന്നും ടി തുകകൾ നഗരസഭാ സെക്രട്ടറിയുടെ അക്കൗണ്ടിൽ ട്രാൻസ്ഫർ ചെയ്തതാണെന്നും 2020-21 ൽ യഥാർത്ഥ ചെലവ് വന്നിട്ടില്ലെന്നും മറുപടി ലഭ്യമാക്കി.നഗരസഭ ലഭ്യമാക്കിയ വിവരങ്ങൾ പ്രകാരം ഈ തുകകൾ കാനറാബാങ്ക് അക്കൗണ്ടിൽ ചെലവഴിക്കാതെ നിൽക്കുന്നുണ്ട്.നഗരസഭാ കൗൺസിലിന്റെ അടിയന്തിര ശ്രദ്ധ ഈ വിഷയത്തിൽ പതിയേണ്ടതും സമയബന്ധിതമായി പദ്ധതികൾ പൂർത്തീകരിച്ച് അറിയിക്കേണ്ടതുമാണ്.

## 1-71 8mm സ്റ്റീൽ ബാർ ഉപയോഗിച്ചതിന് അധിക തുക നല്കി-നഷ്ടം 5209/-രൂപ

പദ്ധതി -മുനിസിപ്പൽ ടൗൺഹാളിന്റെ സംരക്ഷണപ്രവൃത്തികൾ.

പദ്ധതി നം -363/21

അടങ്കൽ -5000000

ചെലവ് -4455689

നിർവഹണം -അസിസ്റ്റന്റ് എഞ്ചിനീയർ

കരാറുകാരൻ -സുനിൽകുമാർ

ബിൽ നം -155/0.03.2021 തുക 906337/-

-98/19.11.2020തുക 1040608/-

-54/14.08.2020തുക2508744/-

എം ബുക്ക് നം -226/1920&225/19-20

മുനിസിപ്പൽ ഠൗൺഹാളിന്റെ സംരക്ഷണ പ്രവൃത്തികൾ (363/21) -എന്ന ഈ പ്രവൃത്തിയുടെ എം ബുക്ക് (226/19-20) പേജ് നം 6 ൽ വിവിധ അളവുകളിലുള്ള സ്റ്റീൽ ബാറുകൾ ഉപയോഗിച്ചിരിക്കുന്നതിന്റെ മെഷർമെന്റ് രേഖപ്പെടുത്തിയിട്ടുണ്ട്. ഇതിൽ 61.2 മീറ്റർ 8.mm സ്റ്റീൽ ബാർ ഉപയോഗിച്ചിരിക്കുന്നതിന്റെ ഭാരം തെറ്റായി രേഖപ്പെടുത്തിയിരിക്കുന്നു. 8mm കമ്പിയുടെ ഭാരം കണക്കാക്കുന്നതിന് പകരം 16mm കമ്പിയുടെ ഭാരം ഇവിടെ കണക്കാക്കിയിരിക്കുന്നു.തൻമൂലം അധികതുക കരാറുകാരന് നൽകാൻ ഇടയായിട്ടുണ്ട്.

<u>ഉപയോഗിച്ച കമ്പിയുടെ നീളം</u>

2x10.6=21.2മീറ്റർ

4x10=40 മീറ്റർ

ആകെ=61.2 മീറ്റർ

കണക്കാക്കിയിരിക്കുന്ന ഭാരം=61.2 മീറ്റർ@1.58kg/m=96.7kg

കണക്കാക്കേണ്ടിയിരുന്ന ഭാരം=61.2 മീറ്റർ @0.395kg/m=24.174kg

അധികം കണക്കാക്കിയ ഭാരം=72.53കി.ഗ്രാം.

അധികം നൽകിയ തുക=72.53kg@71.8244/-kg=5209/-

ഈയിനത്തിൽ 5209/-രൂപ (72.53@71.8244) കരാറുകാരന് അധികം നൽകിയിട്ടുണ്ട്. പരാമർശത്തിന് മറുപടി ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് ( നം 79തീയതി: 25.07.2022) മറുപടി ലഭ്യമാക്കിയില്ല.അധികം നൽകിയ തുക കരാറുകാരനിൽ നിന്നും തിരികെ ഈടാക്കേണ്ടതാണ്.

## 1-72 ഉദിയറ മുകൾ കുടിവെള്ള പദ്ധതിയും ഇടറോഡ് കോൺക്രീറ്റിംഗും- അപാകതകൾ

പദ്ധതി നം -148/21

അടങ്കൽ -1000000

ചെലവ് -433139

ഈ പദ്ധതിയുടെ നടത്തിപ്പിലെ അപാകതകൾ ചുവടെച്ചേർക്കുന്നു.

1.റോഡ് കോൺക്രീറ്റിംഗിനും കുടിവെള്ള പദ്ധതിയ്ക്കും ഇലക്ട്രിഫിക്കേഷനും ജി.എസ്.റ്റി.കോംപൻസേഷനും തുക വകയിരുത്തി 1000000/-രൂപ എസ്റ്റിമേറ്റ് കണക്കാക്കിയാണ് പ്രോജക്ട് ഏറ്റെടുത്തിരിക്കുന്നത്.

2.കുടിവെള്ളം പ്രധാന പ്രശ്നമായി ഉൾപ്പെടുത്തി പദ്ധതി ഏറ്റെടുത്ത ശേഷം റോഡ് കോൺക്രീറ്റ് മാത്രം നടത്തി പ്രവൃത്തിയുടെ അന്തിമ ബിൽ നൽകിയിരിക്കുന്നു.

3.പ്രോജക്ട് നടപ്പിലാക്കേണ്ട പ്രദേശം ജനവാസം കൂടിയ മേഖലയാണെന്നും ഈ മേഖലയിൽ ജല സ്രോതസ്സ് ലഭ്യമല്ലെന്നും കുടിവെള്ള പദ്ധതി അനിവാര്യമാണെന്നും എസ്റ്റിമേറ്റ് റിപ്പോർട്ടിൽ പ്രതിപാദിച്ചിട്ടുണ്ട്.ആയത് പരിഹരിക്കത്തക്ക വിധത്തിലാണ് എസ്റ്റിമേറ്റ് തയ്യാറാക്കിയിരിക്കുന്നത്.എന്നാൽ കുടിവെള്ള പദ്ധതിയുമായി ബന്ധപ്പെട്ട ഇനങ്ങൾ ഒന്നും നടപ്പാക്കിയിട്ടില്ല.

4.റോഡ് കോൺക്രീറ്റിനായി 2 ഇനം പ്രവൃത്തികളും കുടിവെള്ള പദ്ധതിയ്ക്കായി 20 ഇനം പ്രവൃത്തികളും ഉൾപ്പെടുത്തിയിട്ടുണ്ട്.എന്നാൽ കുടിവെള്ള പദ്ധതിയ്ക്കായുള്ള ഈ 20 ഇനം പ്രവൃത്തികളും നടപ്പിലാക്കിയിട്ടില്ല.ഈ പ്രവൃത്തിയ്ക്കായി തയ്യാറാക്കിയ ഒരു പുതുക്കിയ എസ്റ്റിമേറ്റ് ഫയലിൽ ലഭ്യമാണ്.എന്നാൽ ഇതിനുള്ള ഭരണാനുമതി സാങ്കേതികാനുമതി എന്നിവ ഫയലിലി ലഭ്യമല്ല. ഇവ ലഭ്യമാക്കേണ്ടതാണ്.

5.ധനകാര്യ കമ്മിഷൻ ഗ്രാന്റ് 450000/-രൂപയും തനത്ഫണ്ട് 550000/-രൂപയും വകയിരുത്തിയതിൽ ധനകാര്യ കമ്മിഷൻ ഗ്രാന്റിനത്തിൽ 433139/-രൂപ കോൺക്രീറ്റിംഗിനായി ചെലവഴിച്ചിട്ടുണ്ട്.എന്നാൽ തനത് ഫണ്ട് ചെലവഴിച്ചിട്ടില്ല.

ഈ അപാകതകൾ ശ്രദ്ധയിൽപ്പെടുത്തി ഓഡിറ്റ് എൻക്വയറി (നം 9) നൽകിയിരുന്നു.ഓഡിറ്റ് എൻക്വയറിക്ക് ലഭ്യമാക്കിയ മറുപടിയുടെ സംക്ഷിപ്തം ചുവടെ ചേർക്കുന്നു. കുടിവെള്ള പദ്ധതിക്ക് ബോർവെൽ, വാട്ടർ ടാങ്ക് എന്നിവ നിർമ്മിച്ച് കുടിവെള്ളം വിതരണം ചെയ്യുവാനായിരുന്നു പദ്ധതികൊണ്ട് ഉദ്ദേശിച്ചിരുന്നത്.ആയതിലേക്ക് 16.07.2020 ൽ ഭൂജല വകുപ്പ് ജില്ലാ ഓഫീസർക്ക് സ്ഥാനം കണ്ടെത്തി കുഴൽ കിണർ നിർമ്മിക്കുന്നതിന് കത്ത് നൽകിയിരുന്നു.എന്നാൽ പ്രസ്തുത വകുപ്പിന്റെ പരിശോധനയിൽ പദ്ധതി പ്രദേശം വരെ വാഹന സൗകര്യം ആദ്യം ഉറപ്പാക്കേണ്ടതുണ്ടായിരുന്നു. ആയതിനാലാണ് കുടിവെള്ള പദ്ധതി ഉപേക്ഷിക്കേണ്ടിവന്നത്. ഇവിടെ പദ്ധതി രൂപീകരണത്തിന് മുമ്പ് ജലലഭ്യത ഉറപ്പുവരുത്തുന്നതിനുള്ള പ്രശ്നങ്ങളെപ്പറ്റിയുള്ള പഠനം നടന്നിട്ടില്ല. പദ്ധതി രൂപീകരിച്ചശേഷമാണ് പദ്ധതിയുടെ സാധ്യത പരിഗണിക്കുന്നത്.ഇത്തരത്തിലുള്ള അപാകതകൾ ഭാവിയിൽ ഒഴിവാക്കേണ്ടതും പദ്ധതി രൂപീകരണ മാർഗനിർദ്ദേശങ്ങൾ പാലിക്കുവാൻ ശ്രദ്ധിക്കേണ്ടതുമാണ്.

## 1-73 പഠനമുറി നിർമ്മാണം - ചെലവുരേഖകൾ കൃത്യമായി സൂക്ഷിക്കേണ്ടതാണ്

പട്ടികജാതി വികസന ഓഫീസർ നിർവ്വഹണോദ്യോഗസ്ഥയായ പട്ടികജാതി വിദ്യാർത്ഥികൾക്ക് പഠനമുറി നിർമ്മാണം എന്ന പദ്ധതി മുഖേന 15വിദ്യാർത്ഥികൾക്ക് 20-21 സാമ്പത്തികവർഷത്തിൽ പഠനമുറി നിർമ്മിച്ചു നൽകിയിട്ടുണ്ട്. നിലവിലുള്ള സർക്കാർ മാർഗ്ഗനിർദ്ദേശങ്ങൾ പ്രകാരം 800ച.മീറ്ററിൽ താഴെ വിസ്തീർണ്ണമുള്ള വീടുകൾക്കാണ് പ്രസ്തുത ആനുകൂല്യം അനുവദിക്കാവുന്നത്. കൂടാതെ, പുതുതായി നിർമ്മിക്കുന്ന മുറിയ്ക്ക് 120 ചതുരശ്രമീറ്ററിലധികം വിസ്തീർണ്ണം ഉണ്ടാകുവാനും പാടില്ല. എന്നാൽ പദ്ധതിനിർവ്വഹണം സംബന്ധിച്ച ഫയലിൽ ഈ വിവരങ്ങൾ സൂചിപ്പിക്കുന്ന രേഖകളൊന്നും ലഭ്യമല്ല. ഇതോടനുബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം 28) SCDO, പ്രൊമോട്ടർ എന്നിവരുടെ നേരിട്ടുള്ള പരിശോധനയിൽ 800ച.മീറ്ററിൽ താഴെയുള്ള വീടുകൾക്കാണ് ആനുകൂല്യം നൽകിയിട്ടുള്ളതെന്ന് നിർവ്വഹണോദ്യോഗസ്ഥ അറിയിച്ചിട്ടുണ്ട്. തുടർവർഷങ്ങളിൽ ആവശ്യമായ രേഖകളെല്ലാം ഫയലിൽ സൂക്ഷിക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-74 ജനകീയ ഹോട്ടൽ- ചെലവിൽ വ്യക്തതയില്ല- 865879/- രൂപ തടസ്സപ്പെടുത്തുന്നു

പ്രോജക്ട് നം. 400/21(സർക്കാർ പ്രഖ്യാപിച്ച പന്ത്രണ്ടിനപരിപാടിയിലെ വിശപ്പ് രഹിത കേരളം- ജനകീയ ഹോട്ടൽ പ്രാവർത്തികമാക്കുന്നതിനുള്ള പ്രോജക്ടുകൾ)

അടങ്കൽ - 1000000/- (വിഹ (ജനറൽ))

ചെലവ് - 865879/- (ബിൽ നം. 2/13.4.20-30000/-, 3/13.4.20 - 30000/-, 4/28.4.20- 30000/-, 5/28.4.20- 30000/-, 9/1.7.20- 69920/-, 11/5.8.20- 25000/-, 13/18.9.20- 10872/-, 14/29.9.20- 8811/-, 15/29.9.20-17500/-, 58/27.3.20- 243536, 59/29.3.21-370240/-)

നിർവ്വഹണം - പ്രോജക്ട് ഓഫീസർ

സർക്കാർ പ്രഖ്യാപിച്ച പന്ത്രണ്ടിനപരിപാടിയിലെ വിശപ്പ് രഹിത കേരളം പദ്ധതി പ്രകാരം നാല് ജനകീയ ഹോട്ടലുകൾ തൻവർഷം നഗരസഭയിൽ പ്രവർത്തനം ആരംഭിച്ചിട്ടുണ്ട് (സുഭിക്ഷം, രുചിയിടം, നിറവ്, ഊട്ടുപുര). ജനകീയ ഹോട്ടലുകളുടെ വാടകയിനത്തിലും, അടിസ്ഥാനസൌകര്യങ്ങൾ ഏർപ്പെടുത്താനുമാണ് പ്രോജക്ട് പ്രകാരം തുക ചെലവഴിച്ചിട്ടുള്ളത്.

പ്രസ്തുത പ്രോജക്ടുമായി ബന്ധപ്പെട്ട ചെലവ് രേഖകൾ ഫയലിൽ കൃത്യമായി സൂക്ഷിച്ചിട്ടില്ല. ബിൽ നം.58/27.3.21 പ്രകാരം CDS- I ന് 60807/-, CDS- II ന് 126729/-, ശ്രീ.നന്ദഗോപാലിന് 56000/- എന്നിങ്ങനെ തുക നൽകിയിട്ടുണ്ട്. എന്നാൽ ഇതുമായി ബന്ധപ്പെട്ട രേഖകൾ ലഭ്യമാക്കിയില്ല.

ഊട്ടുപുര ജനകീയ ഹോട്ടലിന്റെ 02/21, 03/21 മാസത്തെ വാടകയിനത്തിലെ 15000/- രൂപയും, രുചിയിടം, നിറവ് ജനകീയ ഹോട്ടന്റെ 02/21, 03/21 മാസത്തെ വാടകയിനത്തിലെ 35000/- രൂപയും പ്രോജക്ട് നം. 35/21 ൽ നിന്നും തെറ്റായി അനുവദിച്ച തുക ശരിയായ പ്രോജക്ട് ആയ 400/21 ൽ നിന്നും ജനകീയ ഹോട്ടലുകൾക്ക് വാടകയിനത്തിൽ 137536/- രൂപ അനുവദിച്ചിട്ടുള്ളതാണെന്നുള്ള നിർവ്വഹണോദ്യോഗസ്ഥന്റെ വിശദീകരണത്തിന്(ഓഡിറ്റ് എൻക്വയറി നം.43) വ്യക്തതയില്ല.

കൂടാതെ ജനകീയ ഹോട്ടലിൽ കുടിവെള്ളം വിതരണം ചെയ്തവകയിലാണ് ശ്രീ.നന്ദഗോപാലിന് 56000/-രൂപ അനുവദിച്ചിട്ടുള്ളതെന്നും ക്വട്ടേഷൻ വിവരങ്ങൾ ഹെൽത്ത് വിഭാഗത്തിലെ PH1/5036/20 നമ്പർ ഫയലിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടെന്നുമാണ് മറുപടി നൽകിയിട്ടുള്ളത്. എന്നാൽ ടിയാൻ കുടിവെള്ളം വിതരണം ചെയ്തതുമായി ബന്ധപ്പെട്ട രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

കൃത്യമായ ചെലവ് രേഖകൾ ലഭ്യമാക്കുന്നതിലേക്കായി 865879/- രൂപ തടസ്സപ്പെടുത്തുന്നു.

## 1-75 ഗെയിംസ് ഫെസ്റ്റിവൽ - രേഖകൾ ഹാജരാക്കിയില്ല 84890/-രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു

നിർവ്വഹണോദ്യോഗസ്ഥൻ : പ്രിൻസിപ്പാൾ

പദ്ധതി അടങ്കൽ : 12000/-രൂ

ചെലവ് : 84890/-രൂ (വികസനഫണ്ട് - ജനറൽ)

ബിൽ നം/തീയതി : 146/15.4.20

പ്രസ്തുത പദ്ധതിനിർവ്വഹണത്തിന്റെ പരിശോധനയ്ക്കായി ലഭ്യമാക്കിയ ഫയലിൽ Pavilion Sports(ക്രിക്കറ്റ് ബാറ്റ് - 5, ടെന്നീസ് ബാൾ -50, വോളിബാൾ -3 മുതലായ ഇനങ്ങൾക്ക്) എന്ന സ്ഥാപനത്തിന്റെയും Fabtech Sports Garments(ജഴ്സി, Tshirt എന്നീ ഇനങ്ങൾക്ക്) എന്ന കടയുടെയും രണ്ട് ഇൻവോയ്സുകൾ മാത്രമാണുണ്ടായിരുന്നത്. മുഴുവൻ തുകയുടെയും ബിൽ മാറിയിരുന്നത് പ്രിൻസിപ്പാളിന്റെ പേരിലുള്ള അക്കൗണ്ടിലേക്കാണ്.

ഇതോടനുബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം 2) മറുപടിയായി നഗരസഭയിലെ യൂത്ത് ക്ലബ്ബിലെ മെമ്പർമാർക്ക് ഫുട്ബോൾ, വോളിബോൾ, ക്രിക്കറ്റ്, കബഡി എന്നിവയുടെ പരിശീലനത്തിനായി ഉപകരണങ്ങളും ജഴ്സിയും വാങ്ങി നൽകി എന്നാണ് മറുപടി ലഭ്യമാക്കിയിട്ടുള്ളത്. ഹാജരാക്കിയ ഇൻവോയ്സിലുള്ള 50ടെന്നീസ് ബാൾ മുതലായ ഇനങ്ങൾ വാങ്ങിയിട്ടില്ല എന്നത് ഇതിൽ നിന്നും വ്യക്തമാണ്.

നഗരസഭാപ്രദേശത്തെ അംഗീകൃതക്ലബ്ബുകൾ സ്പോർട്സ് ഉപകരണങ്ങൾ ആവശ്യപ്പെട്ടു നൽകിയ കത്തൊന്നും ഫയലിൽ ലഭ്യമല്ല. രജിസ്ട്രേഷൻ ഉള്ളവയാണോ പ്രസ്തുതക്ലബ്ബുകൾ എന്നതും ഉപകരണങ്ങൾ വാങ്ങി നൽകിയിട്ടുണ്ടോ എന്നതും വ്യക്തമല്ല. ഉപകരണങ്ങൾക്ക് ക്വട്ടേഷൻ ക്ഷണിച്ചതായോ സ്റ്റോക്കിൽ ചേർത്തതായോ വിതരണം നടത്തിയതായോ രേഖയില്ല. ഉപകരണങ്ങൾ വാങ്ങിയതായി പോലും വ്യക്തമായ രേഖയില്ലാത്ത സാഹചര്യത്തിൽ പ്രസ്തുത തുകയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 1-76 ഫർണ്ണിച്ചർ വാങ്ങൽ - 13300/-രൂപയുടെ ചെലവ് നിരാകരിക്കുന്നു

നിർവ്വഹണോദ്യോഗസ്ഥൻ : പ്രിൻസിപ്പാൾ

പദ്ധതി : 349/21 – സ്കൂളുകളിൽ ലൈബ്രറി റൂം

പദ്ധതി അടങ്കൽ : 255333/-രൂ

ചെലവ് : 255333/-രൂ (മെയിന്റനൻസ് ഗ്രാന്റ് - നോൺ റോഡ്)

ബിൽ നം/തീയതി : I) 127/11.4.20 - 124300/- രൂ

Ii) 128/11.4.20 - 90033/- രൂ

lii) 168/17.4.20 – 41000/- രൂ

നഗരസഭാപ്രദേശത്തെ സ്കൂളുകളിലെ ലൈബ്രറികൾ നവീകരിക്കാനുദ്ദേശിച്ചുള്ളതാണ് പ്രസ്തുത പദ്ധതി. ആയതിന്റെ പരിശോധനയ്ക്കായി ലഭ്യമാക്കിയ രേഖകളിൽ (ബിൽ നം 168ന്റെ ചെലവ്) St. George Fancy & Gift Centre എന്ന സ്ഥാപനത്തിൽനിന്നും 4ഡെസ്ക്, 20 കസേര എന്നീ ഇനങ്ങൾക്ക് 13300/-രൂ വില രേഖപ്പെടുത്തിയിട്ടുള്ള ഒരു ടാക്സ് ഇൻവോയ്സ് സൂക്ഷിച്ചിട്ടുണ്ട്. (ക്യാഷ് ബിൽ ലഭ്യമല്ല). പ്രസ്തുത ഇൻവോയ്സിൽ രേഖപ്പെടുത്തിയിരുന്ന GSTനമ്പർ GSTപോർട്ടലിൽ പരിശോധിച്ചതിൽ ടി സ്ഥാപനം യാതൊരു വിധത്തിലുള്ള ഫർണിച്ചറും വിപണനം ചെയ്യുന്ന ഒന്നല്ല എന്നാണ് വ്യക്തമാകുന്നത്.

ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം :49) 13300/- രൂപയുടെ ബിൽ ഹാജരാക്കിയത് എൽ.പി സ്കൂളിലെ പ്രഥമാദ്ധ്യാപികയാണെന്ന നിർവ്വഹണോദ്യോഗസ്ഥന്റെ മറുപടി അംഗീകരിക്കാവുന്നതല്ല. കൂടാതെ, 41000/-രൂപയുടെ ബിൽ മാറിയിട്ടുള്ളത് പ്രിൻസിപ്പാളിന്റെ പേരിലുള്ള അക്കൗണ്ടിലേക്കാണ്. തുക നൽകിയതിനുള്ള കൈപ്പറ്റുരസീതോ സ്റ്റോക്ക്/വിതരണ രജിസ്റ്ററുകളോ ലഭ്യമാക്കിയിട്ടില്ല. ഇക്കാരണങ്ങളാൽ, 13300/-രൂപയുടെ ചെലവ് നിരാകരിക്കുന്നു. തുക നിർവ്വഹണോദ്യോഗസ്ഥനിൽ നിന്നും തിരികെ ഈടാക്കേണ്ടതാണ്.

## 1-77 അക്കാദമിക് കൗൺസിൽ - രേഖകളില്ലാത്തതിനാൽ 155814/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.തുടരന്വേഷണം അനിവാര്യം

നിർവ്വഹണോദ്യോഗസ്ഥൻ : പ്രിൻസിപ്പാൾ

പദ്ധതി : അക്കാദമിക് കൗൺസിൽ

പദ്ധതി അടങ്കൽ : 583700/-രൂ

ചെലവ് : 551203/-രൂ (വികസന ഫണ്ട് - ജനറൽ)

ബിൽ നം/തീയതി : I) 140/15.4.20 - 10000/- രൂ

Ii) 141/15.4.20 - 105540/- രൂ

Iii) 142/15.4.20 – 21314/- രൂ

Iv) 166/17.4.20 – 24500/- രൂ

V) 167/17.4.20 – 291849/- രൂ

Vi) 177/20.4.20 – 98000/- രൂ

A) ബിൽ നം :177/20.4.20

98000/-രൂ നിർവ്വഹണോദ്യോഗസ്ഥന്റെ പേരിലുള്ള അക്കൗണ്ടിലേക്കാണ് മാറിയിട്ടുള്ളത്. ഫയൽ പരിശോധിച്ചതിൽ 3സ്ഥാപനങ്ങളിൽ നിന്നും സ്പോർട്സ് ഉപകരണങ്ങൾ വാങ്ങുന്നതിന് ലഭിച്ച ക്വട്ടേഷൻ മാത്രമാണുണ്ടായിരുന്നത്. സാധനങ്ങൾ വാങ്ങിയതിനോ സ്റ്റോക്കിലെടുത്തതിനോ വിതരണം നടത്തിയതിനോ രേഖകളൊന്നും ലഭ്യമല്ല. ഇതോടനുബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം 52) യുവജനക്ലബ്ബുകൾക്ക് സ്പോർട്സ് ഉപകരണങ്ങൾ വാങ്ങി നൽകി എന്നാണ് നിർവ്വഹണോദ്യോഗസ്ഥൻ മറുപടി നൽകിയിട്ടുള്ളത്. ഗെയിംസ് ഫെസ്റ്റിവൽ എന്ന പദ്ധതി മുഖേനയും യുവജനക്ലബ്ബുകൾക്ക് ഉപകരണങ്ങൾ വാങ്ങി നൽകിയതായി നിർവ്വഹണോദ്യോഗസ്ഥൻ സാക്ഷ്യപ്പെടുത്തിയിട്ടുണ്ട് (എൻക്വയറി നം.2നുള്ള മറുപടി). വിദ്യാലയങ്ങളിലെ പാഠ്യ-പാഠ്യേതര പ്രവർത്തനങ്ങൾക്കായി രൂപീകരിച്ച പ്രസ്തുത പദ്ധതി മുഖേന ക്ലബ്ബുകൾക്ക് ആനുകൂല്യം നൽകിയതെങ്ങനെ എന്ന് വ്യക്തമല്ല. സാധനങ്ങൾ വാങ്ങിയതു സംബന്ധിച്ച സ്റ്റോക്ക്/വിതരണ രജിസ്റ്ററുകളും ലഭ്യമാക്കിയിട്ടില്ല. ഉപകരണങ്ങൾ വാങ്ങി എന്നതുകൂടി ഉറപ്പിക്കാനാകാത്ത സാഹചര്യത്തിൽ പ്രസ്തുത തുകയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. കൃത്യമായ രേഖകൾ ഹാജരാക്കാത്ത പക്ഷം തുക നിർവ്വഹണോദ്യോഗസ്ഥനിൽ നിന്നും ഈടാക്കേണ്ടതാണ്.

B) ബിൽ നം 166/17.4.20

നെടുമങ്ങാട് വി.എച്ച്.എസിലെ സോണി.വൈ എന്ന അധ്യാപികയ്ക്ക് പ്രസ്തുത പദ്ധതിയിലുൾപ്പെടുത്തി വേതനം നൽകിയിട്ടുള്ളതായി കാണുന്നു. ഇതു സംബന്ധിച്ച ഓഡിറ്റ് എൻക്വയറിക്ക് (നം.2) മറുപടിയായി സ്കൂളിൽ ഇംഗ്ലീഷ് പഠിപ്പിക്കാൻ അധ്യാപകരില്ലാതിരുന്നതിനാൽ ഒരു പുതിയ ടീച്ചറെ പ്രതിമാസം 6000/-രൂ വേതനം നൽകി നിയമിച്ചു എന്നറിയിച്ചിട്ടുണ്ട്(നൽകിയ വേതനം - 3000/-രൂ). എന്നാൽ ടിയാളുടെ യോഗ്യത, നിയമനരീതി, പ്രസ്തുത ഒഴിവ് റിപ്പോർട്ട് ചെയ്തിട്ടുണ്ടോ മുതലായവയെക്കുറിച്ച് വ്യക്തതയില്ല. നിയമനഫയൽ എൻക്വയറി മുഖേന ആവശ്യപ്പെട്ടിട്ടും പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.നിർവ്വഹണോദ്യോഗസ്ഥന്റെ പേരിലുള്ള അക്കൗണ്ടിലേക്ക് മാറിയ തുക ടീച്ചർ കൈപ്പറ്റിയതായും രേഖയില്ല. (തൻവർഷം ഈയിനത്തിൽ ചെലവ്: 6000/-രൂ)

സ.ഉ(കൈ)നം. 22/2018/ത.സ്വ.ഭ.വ തീ: 14.02.18 ഖ 8.10 പ്രകാരം പ്രോജക്ടിൽ തുക വകയിരുത്തി ശമ്പളമോ ഹോണറേറിയമോ നൽകാൻ പാടില്ല. എന്നാൽ ടി പദ്ധതി പ്രകാരം ചിത്രരചന, ചുമർചിത്രകല എന്നിവ പരിശീലിപ്പിക്കുന്നതിന് ഹോണറേറിയം നൽകിക്കാണുന്നു. ശ്രീമതി ചിത്ര.റ്റി.എൽ എന്ന വ്യക്തിക്കു തന്നെയാണ് ഈ രണ്ടിനത്തിലും തുക നൽകിയിട്ടുള്ളത്. ടിയാളെ നഗരസഭാപരിധിയിലെ ഒരു സ്കൂളിൽ ലൈബ്രേറിയനായി നിയമിച്ച് അതിലും 7000/-രൂ പ്രതിമാസ വേതനം നൽകിവരുന്നുണ്ട്. (തൻവർഷം ചെലവ്:6000/- രൂ). ടി വ്യക്തിയുടെയും യോഗ്യതയും നിയമനരീതിയുമൊന്നും വ്യക്തമല്ല.

ഇക്കാരണങ്ങളാൽ 12000/-രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

C) ബിൽ നം : 142/15.4.20

തുക പ്രിൻസിപ്പാളിന്റെ അക്കൗണ്ടിലേക്കാണ് മാറിയിട്ടുള്ളത്. ചുമർചിത്രകല പരിശീലിപ്പിക്കുന്നതിന് ശ്രീമതി ചിത്രയ്ക്ക് 3000/-രൂ, ശ്രീ വിനോദിന് 8000/-രൂ നൽകിയതായുള്ള കൈപ്പറ്റുരസീതുകൾ ലഭ്യമാണ്. Wall Paint, Paint, Brush എന്നിങ്ങനെയുള്ള ഇനങ്ങൾക്ക് ശേഷിച്ച തുക ചെലവായതായി രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ സാധനങ്ങൾ വാങ്ങിയതിനോ സ്റ്റോക്കിലെടുത്തതിനോ രേഖയില്ല. ആകയാൽ 21314/-രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു

നിർവ്വഹണം നടത്തിയ പ്രോജക്ടുകളുടെ തുക മുഴുവൻ സ്വന്തം പേരിലുള്ള അക്കൗണ്ടിലേക്ക് മാറ്റിയിട്ടും കൃത്യമായ ചെലവുരേഖകളൊന്നും സൂക്ഷിക്കാതെയുള്ള നിർവ്വഹണോദ്യോഗസ്ഥന്റെ നിരുത്തരവാദപരമായ സമീപനം ഗുരുതര വീഴ്ചയാണ്. പ്രിൻസിപ്പാൾ നിർവ്വഹണോദ്യോഗസ്ഥനായ 20-21 സാമ്പത്തികവർഷത്തെ എല്ലാ ചെലവുകളിന്മേലും ഒരു വിശദമായ തുടരന്വേഷണം ഓഡിറ്റ് ശുപാർശ ചെയ്യുന്നു. ഭരണസമിതി ഈ വിഷയത്തിൽ പ്രത്യേക ശ്രദ്ധ ചെലുത്തേണ്ടതാണ്.

## 1-78 പർച്ചേസ് ചെയ്ത മരുന്ന് പൂർണമായും സ്റ്റോക്കിലെടുത്തില്ല – കുറവുള്ള മരുന്നിന്റെ വിലയായ 13351 രൂപയുടെ ചെലവ് നിരാകരിക്കുന്നു

| | |
|---|---|
| പദ്ധതിയുടെ പേര് | നഗരസഭയുടെ സബ് സെന്ററുകളിൽ മരുന്നു വാങ്ങൽ ഡോക്ടറുടെ വേതനം പരിശോധനാ ഉപകരണങ്ങൾ വാങ്ങി നൽകൽ |
| പദ്ധതി നമ്പർ | 18/21 |
| പദ്ധതി അടങ്കൽ | 1000000 (വികസന ഫണ്ട് പൊതുവിഭാഗം) |
| പദ്ധതി ചെലവ് | 1000000 (വികസന ഫണ്ട് പൊതുവിഭാഗം) |
| നിർവഹണ ഉദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ, ഹോമിയോ |

മേൽ പ്രോജക്ടിന്റെ ഭാഗമായി ആകെ 580000 രൂപയ്ക്കുള്ള മരുന്നുകളാണ് നഗരസഭയുടെ കീഴിലുള്ള 7 സബ് സെന്ററുകൾക്ക് വിതരണം ചെയ്യുന്നതിനായി KMSCL മുഖേന കാരുണ്യ മെഡിസിൻ ഡിപ്പോയിൽ നിന്നും വിവിധ ടാക്സ് ഇൻവോയിസുകൾ പ്രകാരം വാങ്ങിയിട്ടുള്ളത് (ട്രഷറി ബിൽ നം.13/06.01.21, തുക-580000). ഇൻവോയിസ് നം. 1588/23.07.21 പ്രകാരം Glaxo Tenovate Oint 15 G എന്ന മരുന്ന് 254 എണ്ണമാണ് പർച്ചേസ് ചെയ്തത് (ആകെ വില – 16621.76 രൂപ). എന്നാൽ Stock Register For Medicine Of Sub Centres പരിശോധിച്ചതിൽ 50 എണ്ണം മാത്രമാണ് സ്റ്റോക്കിലെടുത്തിട്ടുള്ളത് (പേജ് നം. 20). കൂടാതെ പ്രസ്തുത മരുന്ന് വിതരണം ചെയ്തിട്ടുള്ള മണ്ണൂർക്കോണം, മുക്കോല സബ് സെന്ററുകളുടെ ഇന്റന്റ് രജിസ്റ്ററുകൾ പരിശോധിച്ചതിൽ 25 എണ്ണം വീതമാണ് വരവ് വെച്ചിട്ടുള്ളത്. പർച്ചേസ് ചെയ്ത ബാക്കിയുള്ള മരുന്ന് 204 എണ്ണം സ്റ്റോക്കിലെടുത്ത് വിതരണം ചെയ്യാതിരുന്നതിന് വിശദീകരണം ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് അന്വേഷണം നം.13/18.07.22 ന് ലഭ്യമാക്കിയ മറുപടിയിൽ സ്റ്റോക്ക് എടുത്ത് എഴുതിയതിലുള്ള ക്ലറിക്കൽ അപാകത ആണെന്നും ആയത് കൃത്യമായി രേഖപ്പെടുത്തി പരിഹരിച്ചിട്ടുണ്ടെന്നും അറിയിച്ചിരിക്കുന്നു. വെട്ടിതിരുത്തിയ സ്റ്റോക്ക് രജിസ്റ്ററിലെ ബന്ധപ്പെട്ട പേജിന്റെ ഒരു കോപ്പി മറുപടിയോടൊപ്പം ലഭ്യമാക്കിയിട്ടുണ്ട്. എന്നാൽ ആയത് അംഗീകരിക്കാവുന്നതല്ല. ഇപ്പോൾ സ്റ്റോക്കിൽ വരവ് വെച്ചിട്ടുള്ള 204 എണ്ണം മരുന്ന് വിതരണം ചെയ്തതിനുള്ള രേഖകൾ ഹാജരാക്കാത്തതിനാൽ ടി മരുന്ന് സ്റ്റോക്കിലെടുത്തതായി കണക്കാക്കാൻ കഴിയില്ല. ആയതിനാൽ പ്രസ്തുത എണ്ണം മരുന്നിന്റെ വിലയായ 13351 രൂപ (204*16621.76/254=13351) ബന്ധപ്പെട്ട ഉദ്യോഗസ്ഥനിൽ നിന്നും ഈടാക്കേണ്ടതാണ്.

## 1-79 പാലിയേറ്റീവ് പ്രവർത്തനം - മാർഗ്ഗരേഖ നിർദ്ദേശങ്ങൾ പാലിക്കുന്നില്ല

പാലിയേറ്റീവ് പ്രവർത്തനങ്ങൾക്കായുള്ള പരിഷ്കരിച്ച മാർഗരേഖ സ.ഉ(സാധാ)നം. 553/2019/തസ്വഭവ, 07.03.19 പ്രകാരം താഴെപ്പറയും പ്രകാരമുള്ള പ്രവർത്തനങ്ങൾ നടപ്പിലാക്കേണ്ടതാണ്.

ഖ.2.9.2 - പാലിയേറ്റീവ് കെയർ പ്രവർത്തനങ്ങൾ ഫലപ്രദമായും സുഗമമായും മുന്നോട്ടുകൊണ്ടു പോകുന്നതിനായി രൂപീകരിക്കുന്ന പാലിയേറ്റീവ് കെയർ മാനേജ്മെന്റ് കമ്മിറ്റി 2 മാസത്തിലൊരിക്കലോ ആവശ്യാനുസരണമോ യോഗം ചേർന്ന് പാലിയേറ്റീവ് കെയർ നിർവ്വഹണം വിലയിരുത്തേണ്ടതാണ്. കൂടാതെ ഓരോ മാസത്തേയും പ്രവർത്തന അവലോകന റിപ്പോർട്ടും വരവ് - ചെലവ് കണക്കുകളും മെമ്പർ സെക്രട്ടറി രേഖാമൂലം അവതരിപ്പിച്ച് അംഗീകാരം നേടേണ്ടതാണ്.

ഖ. 2.6.4- ആഴ്ചയിൽ ഒരു പ്രാവശ്യം ഹോം കെയർ റിപ്പോർട്ട് ബുക്ക് മെഡിക്കൽ ഓഫീസർക്ക് സമർപ്പിച്ച് സാക്ഷ്യപ്പെടുത്തി വാങ്ങേണ്ടതാണ്.

എന്നാൽ 2020-21 വർഷം പാലിയേറ്റീവ് കെയറുമായി ബന്ധപ്പെട്ട് മേൽപ്പറഞ്ഞ പ്രവർത്തനങ്ങൾ നടപ്പിലാക്കിയിട്ടുള്ളതായി കാണുന്നില്ല. ലഭ്യമാക്കിയ പി.എം.സി രജിസ്റ്റർ പ്രകാരം 2020-21 ൽ യോഗങ്ങൾ കൂടിയിട്ടില്ല. ഹോം കെയർ റിപ്പോർട്ട് ബുക്കിൽ മെഡിക്കൽ ഓഫീസർ സാക്ഷ്യപ്പെടുത്തലുകൾ വരുത്തിയിട്ടില്ല. കൂടാതെപാലിയേറ്റീവ് പ്രവർത്തനം - മാർഗ്ഗരേഖ നിർദ്ദേശങ്ങൾ പാലിക്കുന്നില്ല ഓരോ ദിവസത്തെയും ഗൃഹസന്ദർശന വിവരങ്ങൾ രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും ഖ. 2.6.3 പ്രകാരമുള്ള എല്ലാ വിശദാംശങ്ങളും ഉൾപ്പെടുത്തിയിട്ടില്ല.

മേൽ അപാകതകൾ സംബന്ധിച്ച നൽകിയ ഓഡിറ്റ് അന്വേഷണം നം.17/19.07.22 ന് മറുപടി ലഭ്യമാക്കിയിട്ടില്ല. പാലിയേറ്റീവ് പ്രവർത്തനം സർക്കാർ ഉത്തരവുകളിലെ നിർദ്ദേശങ്ങളുടെ അടിസ്ഥാനത്തിൽ സംഘടിപ്പിക്കുവാൻ ഭരണസമിതിയും നിർവഹണ ഉദ്യോഗസ്ഥനും ശ്രദ്ധിക്കേണ്ടതാണ്.

## 1-80 നോൺ അവയബിലിറ്റി സർട്ടിഫിക്കറ്റ് ഇല്ലാതെ ലക്ഷക്കണക്കിന് രൂപയുടെ മരുന്ന് വാങ്ങിയിരിക്കുന്നു - മരുന്ന് ലഭിച്ചതിന് രേഖയില്ല

1.

| | |
|---|---|
| പദ്ധതിയുടെ പേര് | 60 കഴിഞ്ഞ കിടപ്പുരോഗികൾക്ക് സാന്ത്വന പരിചരണം |
| പദ്ധതി നമ്പർ | 289/21 |
| പദ്ധതി അടങ്കൽ | 557371 (വികസന ഫണ്ട് ജനറൽ)<br>70689 (തനത് ഫണ്ട്) |
| പദ്ധതി ചെലവ് | 557371 (വികസന ഫണ്ട് ജനറൽ) |
| നിർവഹണ ഉദ്യോഗസ്ഥൻ | സൂപ്രണ്ട്, താലൂക്ക് ഹോസ്പിറ്റൽ |

സ.ഉ(കൈ)നം.22/2018/തസ്വഭവ, തീയതി.14.02.2018 പ്രകാരമുള്ള സബ്സിഡി മാർഗ്ഗരേഖ ഖ.7.5.3 പ്രകാരം ജില്ലാ മെഡിക്കൽ ഓഫീസറുടെ നോൺ അവൈലബിലിറ്റി സർട്ടിഫിക്കറ്റില്ലാതെ മരുന്നുകൾ വാങ്ങാൻ പാടില്ല. എന്നാൽ മേൽ സ്പിൽ ഓവർ പ്രോജക്ടിന്റെ ഭാഗമായി നോൺ അവൈലബിലിറ്റി സർട്ടിഫിക്കറ്റ് വാങ്ങാതെ തന്നെ 2 തവണയായി ആകെ 4,99,991 രൂപയുടെ മരുന്ന് KMSCL ൽ നിന്നും പർച്ചേസ് ചെയ്തിരിക്കുന്നു (പ്രൊഫോർമ ഇൻവോയിസ് നം. PRF 4516/11.02.20 ന്റെ അടിസ്ഥാനത്തിൽ 170580 രൂപ, പ്രൊഫോർമ ഇൻവോയിസ് നം. PRL 120/16.04.20 ന്റെ അടിസ്ഥാനത്തിൽ 329411 രൂപ). PRL 120/16.04.20 നം. പ്രകാരമുള്ള 329411 രൂപയിൽ 51126 രൂപയുടെ മരുന്നു വാങ്ങിയതിനുള്ള ഒറിജിനൽ ബിൽ ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ ടി തുകയ്ക്കുള്ള മരുന്ന് പൂർണമായും ലഭിച്ചിട്ടുണ്ടോയെന്ന് വ്യക്തമല്ല.

2.

| | |
|---|---|
| പദ്ധതിയുടെ പേര് | പാലിയേറ്റീവ് കെയർ പ്രോജക്ട് |
| പദ്ധതി നമ്പർ | 431/21 |

| | |
|---|---|
| പദ്ധതി അടങ്കൽ | 20,00,000 (വികസന ഫണ്ട് ജനറൽ) |
| പദ്ധതി ചെലവ് | 20,00,000 (വികസന ഫണ്ട് ജനറൽ) |
| നിർവഹണ ഉദ്യോഗസ്ഥൻ | സൂപ്രണ്ട്, താലൂക്ക് ഹോസ്പിറ്റൽ |

എ) മേൽ പ്രോജക്ടിന്റെ ആകെ ചെലവ് 20,00,000 രൂപയാണ്. അതിൽ 16,51,622 രൂപയും ചെലവഴിച്ചിരിക്കുന്നത് പാലിയേറ്റീവ് രോഗികൾക്കുള്ള അലോപ്പതി, ആയുർവേദ മരുന്നുകൾ പർച്ചേസ് ചെയ്യുന്നതിനു വേണ്ടിയാണ്. വിശദാംശം ചുവടെ ചേർക്കുന്നു.

| ക്രമ നം. | പ്രൊഫോർമ ഇൻവോയിസ് നം./തീയതി | ഇൻവോയിസ് തുക | ട്രഷറി ബിൽ നം./തീയതി |
|---|---|---|---|
| 1 | PRF690/26.05.20 (KMSCL) | 400000 | 04/22.06.20 (ബിൽ തുക 400000) |
| 2 | PRF2630/01.10.20 (KMSCL) | 155712 | 09/13.10.20 (ബിൽ തുക 360312) |
| 3 | PRF2889/13.10.20 (KMSCL) | 237889 | 10/16.11.20 (ബിൽ തുക 256143) |
| 4 | No.6301@N/2021 /1,04.01.21 | 564020 | 12/05.01.21 (ബിൽ തുക 564020) |
| 5 | No.6584@N/2021 /3,03.03.21 | 94001 | 17/18.03.21 (ബിൽ തുക 123441) |
| | ആകെ | 1451621 | |

എന്നാൽ സ.ഉ(കൈ)നം.22/2018/തസ്വഭവ, തീയതി.14.02.2018 പ്രകാരമുള്ള സബ്സിഡി മാർഗ്ഗരേഖ ഖ.7.5.3 പ്രകാരം ജില്ലാ മെഡിക്കൽ ഓഫീസറുടെ നോൺ അവൈലബിലിറ്റി സർട്ടിഫിക്കറ്റില്ലാതെ മരുന്നുകൾ വാങ്ങാൻ പാടില്ല. ഔഷധിയിൽ നിന്നും 2,00,000 രൂപയ്ക്കുള്ള ആയുർവേദ മരുന്ന് വാങ്ങിയതിനും ബാക്കി തുകയ്ക്ക് KMSCL, In House Drug Bank എന്നിവിടങ്ങളിൽ നിന്നും അലോപ്പതി മരുന്നു വാങ്ങിയതിനും മുൻപായി നോൺ അവൈലബിലിറ്റി സർട്ടിഫിക്കറ്റ് ലഭ്യമാക്കിയിട്ടില്ല. കൂടാതെ 14,51,622 രൂപയിൽ 809483 രൂപയുടെ അലോപ്പതി മരുന്നു വാങ്ങിയതിനുള്ള ഒറിജിനൽ ബിൽ ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ ടി തുകയ്ക്കുള്ള മരുന്ന് പൂർണമായും ലഭിച്ചിട്ടുണ്ടോയെന്ന് വ്യക്തമല്ല.

ബി) ട്രഷറി ബിൽ നം.06/10.07.20 പ്രകാരം പ്രിന്റിംഗ് ചാർജ് ഇനത്തിൽ 7224 രൂപ ACE Graphics & Offset Press എന്ന സ്ഥാപനത്തിന് അനുവദിച്ചിരിക്കുന്നു. എന്നാൽ പ്രിന്റ് ചെയ്ത് ലഭിച്ച ചുവടെ പറയുന്ന സാധനങ്ങൾ ഒന്നും തന്നെ സ്റ്റോക്കിലെടുത്തിട്ടില്ല.

| ക്രമ നം. | ഇനം | എണ്ണം |
|---|---|---|
| 1 | Treatment Record Book | 200 |
| 2 | D1/2 F&B Pink Wrapper | 500 |
| 3 | D1/2 F&B Pink Wrapper | 100 |

സി) ട്രഷറി ബിൽ നം.15/15.02.21 പ്രകാരം പാലിയേറ്റീവ് രോഗികൾക്കായി നടത്തിയ ട്രെയിനിംഗുമായി ബന്ധപ്പെട്ട ചെലവുകൾക്കായി 7700 രൂപ ചെലവഴിച്ചിരിക്കുന്നു. വിശദവിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം. | ഇനം | തുക |
|---|---|---|
| 1 | Food Expenses | 5000 |
| 2 | Flex Printing | 550 |

| | | |
|---|---|---|
| 3 | Stationary | 650 |
| 4 | Rent For Chair & Sound | 1500 |
| | ആകെ | 7700 |

എന്നാൽ ട്രെയിനിഗ് എന്ന സംഘടിപ്പിച്ചുവെന്നതിനുള്ള രേഖകളോ പങ്കെടുത്തവരുടെ വിശദാംശങ്ങളോ ഒന്നും തന്നെ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

മേൽ അപാകതകൾ സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണം നം. 48/22.07.22 ന് മറുപടി ലഭ്യമാക്കിയിട്ടില്ല. 2 പ്രോജക്ടുകളിൽ നിന്നായി ആകെ 2151612 രൂപയ്ക്ക് (499991+1651621) മരുന്ന് വാങ്ങിയിട്ടുള്ളത്. എന്നാൽ പ്രസ്തുത വാങ്ങലിന് മുൻപായി ബന്ധപ്പെട്ട ജില്ലാ മെഡിക്കൽ ഓഫീസറിൽ നിന്നും നോൺ അവൈലബിലിറ്റി സർട്ടിഫിക്കറ്റ് ലഭ്യമാക്കാത്തതിന് വിശദീകരണം നൽകേണ്ടതാണ്. കൂടാതെ ആകെ 860609 രൂപയുടെ (51126+ 809483) മരുന്ന് ലഭ്യമായിട്ടുണ്ടോയെന്ന് പരിശോധിക്കേണ്ടതും ഇല്ലായെങ്കിൽ എത്രയും വേഗം മരുന്ന് ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതുമാണ്. കൂടാതെ ലഭ്യമാകുന്ന മരുന്നിന്റെ ടാക്സ് ഇൻവോയിസുകൾ ബന്ധപ്പെട്ട സ്റ്റോക്ക് രജിസ്റ്റർ സഹിതം പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതും മേൽ അപാകതകൾക്ക് മറുപടി ലഭ്യമാക്കേണ്ടതുമാണ്.

## 1-81 ഗുണഭോക്തൃ സമിതി നിർവഹണം നടത്തിയ പദ്ധതി ചെലവ് രേഖകൾ ലഭ്യമാക്കിയില്ല

ജി.ഒ.(എം.എസ്)10/2017തീയതി.09.01.17 ൽ ഒരു തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെ പദ്ധതി രൂപീകരണത്തിലും നിർവ്വഹണത്തിലും മോണിറ്ററിംഗിലും വർക്കിംഗ് ഗ്രൂപ്പുകൾ ചെലുത്തേണ്ട ചുമതലകളെപ്പറ്റി വിശദീകരിക്കുന്നുണ്ട്. സർക്കുലർ നം.1/1559/2010/സി.ഇ /ത.സ്വ.ഭ.വ/തീയതി 13.11.2014 പ്രകാരം ഗുണഭോക്തൃ സമിതി നിർവ്വഹണം നടത്തുന്ന പദ്ധതികൾക്ക് നല്കേണ്ട തുക സമിതിക്ക് യഥാർത്ഥത്തിൽ ചെലവായ തുകയോ കരാർ പ്രകാരമുള്ള ബിൽ തുകയോ ഇതിൽ ഏതാണോ കുറവ് അതായിരിക്കും എന്ന് വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ ഗുണഭോക്തൃ സമിതി നിർവഹണം നടത്തിയ ചുവടെ പറയുന്ന മരാമത്ത് പദ്ധതിക്ക് സമിതി വരവ് ചെലവ് രേഖകൾ ഹാജരാക്കിയിട്ടില്ല.

| പ്രോജക്ട് നം. | പദ്ധതിയുടെ വിവരം | എം.ബുക്ക് നം/ അനുവദിച്ച തുക | ബിൽ നം /തീയതി, തുക |
|---|---|---|---|
| 470/20 | ഠൗൺ എൽ പി എസ് മന്ദിരനിർമ്മാണം-പൂർത്തീകരണം | 214/19-20 | 79/19.03.21,867456/- |

ഗുണഭോക്തൃ സമിതി അംഗീകരിച്ച ചെലവ് രേഖകൾ തൊഴിലാളികളെ നിയോഗിച്ചതിന്റെ മസ്റ്റർ റോൾ,മെറ്റീരിയൽസ് വാങ്ങിയതിന്റെ ബിൽ വൌച്ചറുകൾ,കൈപ്പറ്റ് രേഖകൾ എന്നിവ ഹാജരാക്കിയിട്ടില്ലാത്തതിനാൽ തുക അനുവദിച്ചതിന്റെ ആധികാരികത ഉറപ്പാക്കാൻ പൊതുമരാമത്ത് സ്റ്റാന്റിംഗ് കമ്മിറ്റിക്ക് കഴിഞ്ഞിട്ടില്ല. ഇത് കൺവീനർക്ക് അധിക ആനുകൂല്യം ലഭിക്കാൻ ഇടയാക്കിയേക്കാം. ഒരു തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെ പദ്ധതി രൂപീകരണത്തിലും നിർവഹണത്തിലും മോണിറ്ററിംഗിലും വർക്കിംഗ് ഗ്രൂപ്പുകൾ ചെലുത്തേണ്ട ചുമതലകൾ ഇവിടെ പൊതുമരാമത്ത് വർക്കിംഗ് ഗ്രൂപ്പ് നിർവഹിച്ചിട്ടില്ല എന്ന് ഇത് വ്യക്തമാക്കുന്നു. വർക്കിംഗ് ഗ്രൂപ്പുകൾ പദ്ധതികൾ കൃത്യമായി മോണിറ്ററിംഗ് നടത്തുകയോ അധികച്ചെലവ് ഉണ്ടാകുന്നില്ലെന്ന് ഉറപ്പു വരുത്തുകയോ ചെയ്തിട്ടില്ല. മേൽ അപാകതകൾ ഓഡിറ്റ് എൻക്വയറി നം 88, 26.07.22 ലൂടെ നിർവഹണ ഉദ്യോഗസ്ഥനെ ബോധ്യപ്പെടുത്തിയിട്ടുണ്ട്. ഇത്തരം അപാകതകൾ ഒഴിവാക്കുവാൻ ഭാവിയിൽ ശ്രദ്ധിക്കേണ്ടതാണ്.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

## 3-1 ഫർണ്ണിച്ചർ വാങ്ങൽ - 13300/-രൂ നിരാകരിക്കുന്നു

നിർവ്വഹണോദ്യോഗസ്ഥൻ : പ്രിൻസിപ്പാൾ

പദ്ധതി : 349/21 – സ്കൂളുകളിൽ ലൈബ്രറി റൂം

പദ്ധതി അടങ്കൽ : 255333/-രൂ

ചെലവ് : 255333/-രൂ (മെയിന്റനൻസ് ഗ്രാന്റ് - നോൺ റോഡ്)

ബിൽ നം/തീയതി : I) 127/11.4.20 - 124300/- രൂ

Ii) 128/11.4.20 - 90033/- രൂ

Iii) 168/17.4.20 – 41000/- രൂ

നഗരസഭാപ്രദേശത്തെ സ്കൂളുകളിലെ ലൈബ്രറികൾ നവീകരിക്കാനുദ്ദേശിച്ചുള്ളതാണ് പ്രസ്തുത പദ്ധതി. ആയതിന്റെ പരിശോധനയ്ക്കായി ലഭ്യമാക്കിയ രേഖകളില് (ബിൽ നം 168ന്റെ ചെലവ്) St. George Fancy & Gift Centre എന്ന സ്ഥാപനത്തിൽനിന്നും 4ഡെസ്ക്, 20 കസേര എന്നീ ഇനങ്ങൾക്ക് 13300/-രൂ കാണിച്ചുകൊണ്ടുള്ള ഒരു ടാക്സ് ഇൻവോയ്സ് സൂക്ഷിച്ചിട്ടുണ്ട്. (ക്യാഷ് ബിൽ ലഭ്യമല്ല). പ്രസ്തുത ഇൻവോയ്സിൽ രേഖപ്പെടുത്തിയിരുന്ന GSTനമ്പർ GSTപോർട്ടലിൽ പരിശോധിച്ചതിൽ ടി സ്ഥാപനം യാതൊരു വിധത്തിലുള്ള ഫർണിച്ചറും വിപണനം ചെയ്യുന്ന ഒന്നല്ല എന്നാണ് വ്യക്തമാകുന്നത്.

ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം :49) 13300/- രൂപയുടെ ബിൽ ഹാജരാക്കിയത് എൽ.പി സ്കൂളിലെ പ്രഥമാദ്ധ്യാപികയാണെന്ന നിർവ്വഹണോദ്യോഗസ്ഥന്റെ മറുപടി അംഗീകരിക്കാവുന്നതല്ല. കൂടാതെ, 41000/-രൂപയുടെ ബിൽ മാറിയിട്ടുള്ളത് പ്രിൻസിപ്പാളിന്റെ പേരിലുള്ള അക്കൗണ്ടിലേക്കാണ്. തുക നൽകിയതിനുള്ള കൈപ്പറ്റുരസീതോ സ്റ്റോക്ക്/വിതരണ രജിസ്റ്ററുകളോ ലഭ്യമാക്കിയിട്ടില്ല. ഇക്കാരണങ്ങളാൽ, 13300/-രൂപയുടെ ചെലവ് നിരാകരിക്കുന്നു. തുക നിർവ്വഹണോദ്യോഗസ്ഥനിൽ നിന്നും തിരികെ ഈടാക്കേണ്ടതാണ്.

## 3.2 പർച്ചേസ് ചെയ്ത മരുന്ന് പൂർണ്ണമായും സ്റ്റോക്കിലെടുത്തില്ല കുറവുള്ള മരുനനിന്റെ വിലയായ 13351/-രൂപയുടെ ചെലവ് നിരാകരിക്കുന്നു

| | |
|---|---|
| പദ്ധതിയുടെ പേര് | നഗരസഭയുടെ സബ് സെന്ററുകളിൽ മരുന്നു വാങ്ങൽ ഡോക്ടറുടെ വേതനം പരിശോധനാ ഉപകരണങ്ങൾ വാങ്ങി നൽകൽ |
| പദ്ധതി നമ്പർ | 18/21 |
| പദ്ധതി അടങ്കൽ | 1000000 (വികസന ഫണ്ട് പൊതുവിഭാഗം) |
| പദ്ധതി ചെലവ് | 1000000 (വികസന ഫണ്ട് പൊതുവിഭാഗം) |
| നിർവഹണ ഉദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ, ഹോമിയോ |

മേൽ പ്രോജക്ടിന്റെ ഭാഗമായി ആകെ 580000 രൂപയ്ക്കുള്ള മരുന്നുകളാണ് നഗരസഭയുടെ കീഴിലുള്ള 7 സബ് സെന്ററുകൾക്ക് വിതരണം ചെയ്യുന്നതിനായി KMSCL മുഖേന കാരുണ്യ മെഡിസിൻ ഡിപ്പോയിൽ നിന്നും വിവിധ ടാക്സ് ഇൻവോയിസുകൾ പ്രകാരം വാങ്ങിയിട്ടുള്ളത് (ട്രഷറി ബിൽ നം.13/06.01.21, തുക-580000). ഇൻവോയിസ് നം. 1588/23.07.21 പ്രകാരം Glaxo Tenovate Oint 15 G എന്ന മരുന്ന് 254 എണ്ണമാണ് പർച്ചേസ് ചെയ്തത് (ആകെ വില – 16621.76 രൂപ). എന്നാൽ Stock Register For Medicine Of Sub Centres പരിശോധിച്ചതിൽ 50 എണ്ണം മാത്രമാണ് സ്റ്റോക്കിലെടുത്തിട്ടുള്ളത് (പേജ് നം. 20). കൂടാതെ പ്രസ്തുത മരുന്ന് വിതരണം ചെയ്തിട്ടുള്ള മണ്ണൂർക്കോണം, മുക്കോല സബ് സെന്ററുകളുടെ ഇന്റന്റ് രജിസ്റ്ററുകൾ പരിശോധിച്ചതിൽ 25 എണ്ണം വീതമാണ് വരവ് വെച്ചിട്ടുള്ളത്. പർച്ചേസ് ചെയ്ത ബാക്കിയുള്ള മരുന്ന് 204 എണ്ണം സ്റ്റോക്കിലെടുത്ത് വിതരണം ചെയ്യാതിരുന്നതിന് വിശദീകരണം ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് അന്വേഷണം നം.13/18.07.22 ന് ലഭ്യമാക്കിയ മറുപടിയിൽ സ്റ്റോക്ക് എടുത്ത് എഴുതിയതിലുള്ള ക്ലറിക്കൽ അപാകത ആണെന്നും ആയത് കൃത്യമായി രേഖപ്പെടുത്തി പരിഹരിച്ചിട്ടുണ്ടെന്നും അറിയിച്ചിരിക്കുന്നു. വെട്ടിതിരുത്തിയ സ്റ്റോക്ക് രജിസ്റ്ററിലെ ബന്ധപ്പെട്ട പേജിന്റെ ഒരു കോപ്പി മറുപടിയോടൊപ്പം ലഭ്യമാക്കിയിട്ടുണ്ട്. എന്നാൽ ആയത് അംഗീകരിക്കാവുന്നതല്ല. ഇപ്പോൾ സ്റ്റോക്കിൽ വരവ് വെച്ചിട്ടുള്ള 204 എണ്ണം

മരുന്ന് വിതരണം ചെയ്തതിനുള്ള രേഖകൾ ഹാജരാക്കാത്തതിനാൽ ടി മരുന്ന് സ്റ്റോക്കിലെടുത്തതായി കണക്കാക്കാൻ കഴിയില്ല. ആയതിനാൽ പ്രസ്തുത എണ്ണം മരുന്നിന്റെ വിലയായ 13351 രൂപ (204*16621.76/254=13351) ബന്ധപ്പെട്ട ഉദ്യോഗസ്ഥനിൽ നിന്നും ഈടാക്കേണ്ടതാണ്.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 സംയുക്ത പ്രോജക്റ്റുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

ഇല്ല

### 4-2 നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

| ക്രമ നം. | നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| 1 | KSEB | 376,ഗതാഗതതടസ്സമായി നിൽക്കുന്ന ഇലക്ട്രിക് പോസ്റ്റ് മാറ്റി സ്ഥാപിക്കൽ | 291772 | - | 291772 |
| 2 | KWA | 360,നഗരസഭാപ്രദേശങ്ങളിൽ കുടിവെള്ള പൈപ്പ് ലൈൻ നീട്ടൽ | 2471000 | - | 2471000 |

അപാകത ഖ 1-2-17 -ൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

### 4-3 മൊബിലൈസേഷൻ അഡ്വാൻസ്

ഇല്ല

### 4-4 വായ്പ/ വായ്പ തിരിച്ചടവ്

2020-21 സാമ്പത്തിക വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പാ തുകയുടെയും വിശദ വിവരം (AFS പ്രകാരം).

| വായ്പയുടെ പേര് / ഉദ്ദേശ്യം | ഉത്തരവ് നമ്പർ/ തീയതി | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | 2020-21-ൽ തിരിച്ചടച്ച തുക | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|
| KURDFC ലോൺ | - | 10522461 | 4606213 | 5916248 |
| HUDCO ലോൺ | GO(RT)No. 913/13/LSGD Dt.05.04.2013 | 196752000 | 19386667 | 248245333 |

അപാകത ഖ 1-2-4 -ൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

## 4-5 സ്ഥിര നിക്ഷേപങ്ങൾ

4-5

സ്ഥിര നിക്ഷേപങ്ങൾ

| ക്രമ നം | സ്ഥിരനിക്ഷേപ സർട്ടിഫിക്കറ്റ് /റസീപ്റ്റ് നമ്പർ | നിക്ഷേപ തുക | നിക്ഷേപിച്ച തീയതി | മെച്യൂരിറ്റി തീയതി | നിക്ഷേപിച്ചിരിക്കുന്ന സ്ഥാപനം |
|---|---|---|---|---|---|
| 1. | TDR/2010/J903954 | 60,69,236.00 | 03.02.21 | 03.02.22 | ബാങ്ക് ഓഫ് ബറോഡ |
| 2. | 0203218067322107 | 28,36,828.00 | 11.01.21 | 10.01.22 | തിരുവനന്തപുരം ജില്ലാസഹകരണ ബാങ്ക് |
| 3 | ലഭ്യമല്ല. | 10000000.00 | 03.07.20 | 03.10.21 | ഫെഡറൽ ബാങ്ക് |
| 4 | ലഭ്യമല്ല. | 10000000.00 | 03.07.20 | 03.10.21 | ഫെഡറൽ ബാങ്ക് |
| 5 | ലഭ്യമല്ല. | 3777415.00 | 03.07.20 | 03.10.21 | ഫെഡറൽ ബാങ്ക് |
| 6 | 77700655504 | 29,37,656.00 | 07.07.20 | 07.07.21 | എസ്.ബി .ഐ |

അപാകത ഖ 1-24 -ൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

## 4-6 ഓഡിറ്റ് റിക്കവറി

ഇല്ല

## 4-7 സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിശദാംശം

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത ഓഡിറ്റ് റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 2013-14 | 6.2.3 | 2015 | ലഭ്യമല്ല | ഷോപ്പിംഗ് കോംപ്ലക്സ് | നിലനിൽക്കുന്നു |
| 2014-15 | 2.1,2.2 | 2016 | ലഭ്യമല്ല | ഷോപ്പിംഗ് കോംപ്ലക്സ് | നിലനിൽക്കുന്നു |
| 2016-17 | 3.1 | 2017-18 | 1.3.3 | നെടുമങ്ങാട് മാർക്കറ്റ് ബയോഗാസ് പ്ലാന്റ് പ്രവർത്തനരഹിതം | നിലനിൽക്കുന്നു |

## 4-8 ചാർജ്ജ്/സർചാർജ്ജ് നടപടികളുടെ വിവരം

ലഭ്യമല്ല

## 4-9 ഓഡിറ്റ് പ്രത്യവലോകനം

എ) സംക്ഷിപ്ത വിവരം

| | |
|---|---|
| മുന്നിരിപ്പ് | 8,09,30,057.25 |
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 64,61,52,920.00 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 64,74,68,938.00 |
| നീക്കിയിരിപ്പ് | 7,96,14,039.25 |
| വരവിനങ്ങളിലെ നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലെ നഷ്ടം/ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 26,651 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 63,99,356 |

(ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നം. | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-1 (1-76) | 13,300 | ശ്രീ സരസ് ചന്ദ്രൻ, പ്രിൻസിപ്പാൾ |
| 3-2 (1-78) | 13,351 | ഡോ. ശോഭ ചന്ദ്രൻ. ആർ മെഡിക്കൽ ഓഫീസർ(ഹോമിയോ) |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-27 | 24,71,000 | ശ്രീ എസ്.നാരായണൻ, സെക്രട്ടറി |
| 1-28 | 2,91,772 | 164294/-ശ്രീ എസ്.നാരായണൻ, സെക്രട്ടറി<br>127478/-ശ്രീ ഷെറി.ജി, സെക്രട്ടറി |
| 1-29 | 5,00,000 | ശ്രീ എസ്.നാരായണൻ, സെക്രട്ടറി |
| 1-31 | 5,40,265 | ശ്രീ ബാബുരാജ്സി.എസ്, ഹെൽത്ത് സൂപ്പർവൈസർ |
| 1-32 | 86,173 | 27298/-ശ്രീ എസ്.നാരായണൻ, സെക്രട്ടറി<br>16295/-ശ്രീ എസ്.നാരായണൻ, സെക്രട്ടറി<br>2705/-ശ്രീ എസ്.നാരായണൻ, സെക്രട്ടറി<br>18150/-ശ്രീ ഷെറി.ജി, സെക്രട്ടറി<br>21725/-ശ്രീ ഷെറി.ജി, സെക്രട്ടറി |
| 1-39 | 1,33,563 | 35750/-ശ്രീ എസ്.നാരായണൻ, സെക്രട്ടറി<br>47744/-ശ്രീ ഷെറി.ജി, സെക്രട്ടറി<br>16099/-ശ്രീ ഷെറി.ജി, സെക്രട്ടറി<br>33970/-ശ്രീ എസ്.നാരായണൻ, സെക്രട്ടറി |
| 1-51 | 1,50,000 | ശ്രീ കൃഷ്ണൻ നമ്പൂതിരി, ഐ ഇ ഒ |
| 1-53 | 11,20,000 | ശ്രീമതി ആനി റോസ്, കൃഷി ഫീൽഡ് ഓഫീസർ |
| 1-74 | 8,65,879 | 252103/-ശ്രീ റാംകുമാർ എം.ആർ, HI – I<br>613776/-ശ്രീ ബേബി, HI - I |
| 1-75 | 84,890 | ശ്രീ സരസ് ചന്ദ്രൻ, പ്രിൻസിപ്പാൾ |
| 1-77 | 1,55,814 | ശ്രീ സരസ് ചന്ദ്രൻ, പ്രിൻസിപ്പാൾ |
| ആകെ | 63,99,356 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റ് സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഖ 1-53, 1-75, 1-76, 1-77

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീ കൃഷ്ണൻ നമ്പൂതിരി, ഐ.ഇ.ഒ. | ഐ.ഇ.ഒ. | ദേവി സദനം, TC 22/774(2), ARA 95, ആറ്റുകാൽ, മണക്കാട് |
| ശ്രീമതി ആനി റോസ്, കൃഷി ഫീൽഡ് ഓഫീസർ | കൃഷി ഫീൽഡ് ഓഫീസർ | ശ്രീശൈലം, രാമേശ്വരം, അമരവിള പി.ഒ |
| ശ്രീ റാംകുമാർ എം.ആർ, HI – I | ഹെൽത്ത് സൂപ്പർവൈസർ, കൊല്ലം നഗരസഭ | വൈഷ്ണവം, Tc9/2243(6A), ANRA G-1, ഇടവക്കോട്, നാലാഞ്ചിറ, തിരുവനന്തപുരം |
| ശ്രീ. ബേബി, HI - I | ഹെൽത്ത് ഇൻസ്പെക്ടർ, തിരുവനന്തപുരം നഗരസഭ | തൈക്കൂട്ടത്തിൽ ഹൗസ്, പന്നിക്കുഴിക്കര, മണികണ്ഠേശ്വരം പി.ഒ, തിരുവനന്തപുരം |
| ശ്രീ. സരസ് ചന്ദ്രൻ, പ്രിൻസിപ്പാൾ | വിരമിച്ചു | ശിവകൃപ, പാങ്ങപ്പാറ, കാര്യവട്ടം പി.ഒ |
| ഡോ. ശോഭ ചന്ദ്രൻ. ആർ. മെഡിക്കൽ ഓഫീസർ (ഹോമിയോ) | മെഡിക്കൽ ഓഫീസർ (ഹോമിയോ) | 7E, ശ്രീധന്യ ഹെവൻ, അമ്പലമുക്ക്. പി.ഒ. തിരുവനന്തപുരം |
| ശ്രീ.എസ്. നാരായണൻ, സെക്രട്ടറി | സെക്രട്ടറി | VJRA 51, VJ Lane, വെള്ളയമ്പലം, ശാസ്തമംഗലം പി.ഒ, തിരുവനന്തപുരം |
| ശ്രീ.ഷെറി .ജി, സെക്രട്ടറി | സെക്രട്ടറി | സിന്ധൂരം, ചാലച്ചേരി, വേങ്കവിള, ഇരിഞ്ചയം പി.ഒ., നെടുമങ്ങാട് |

## 4-10 തീർപ്പാക്കാൻ അവശേഷികകുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 1995-96 | എൽ.എഫ്.റ്റി.ഡി.എം.എൽ/4/795/2000, തീയതി 02.01.2003 | 40 |
| 1996-97 | എൽ.എഫ്.റ്റി.ഡി.എം.എൽ/65/04, തീയതി.22.12.2004 | 40 |
| 1997-98 | എൽ.എഫ്.റ്റി.ഡി.എം.എൽ/473/08, തീയതി.24.10.2008 | 37 |
| 1998-99 | എൽ.എഫ്.റ്റി.ഡി.എം.എൽ/359/04, തീയതി.31.07.2004 | 18 |
| 1999-00 | എൽ.എഫ്.റ്റി.ഡി.എം.എൽ/1117/03, തീയതി.24.10.2008 | 24 |
| 2000-01 | എൽ.എഫ്.റ്റി.ഡി.എം.എൽ/22/08, തീയതി.20.04.2009 | 39 |
| 2001-02 | എൽ.എഫ്.റ്റി.ഡി.എം.എൽ/139/09, തീയതി.20.04.2009 | 50 |

| | | |
|---|---|---|
| 2002-03 | എൽ.എഫ്.റ്റി.ഡി.എം.എൽ/1819/07, തീയതി.25.11.2008 | 22 |
| 2003-04 | എൽ.എഫ്.റ്റി.ഡി.എം.എൽ/1846/07, തീയതി 20.04.2009 | 43 |
| 2004-05 | എൽ.എഫ്.റ്റി.ഡി.എം.എൽ/1544/09, തീയതി.06.08.2012 | 16 |
| 2005-06 | എൽ.എഫ്.റ്റി.ഡി.എം.എൽ/9630/11, തീയതി.31.05.2011 | 24 |
| 2006-07 | എൽ.എഫ്.റ്റി.ഡി.എം.എൽ/1430/12, തീയതി.27.12.2012 | 11 |
| 2007-08 | എൽ.എഫ്.റ്റി.ഡി.എം.എൽ/533/11, തീയതി.23.06.2012 | 25 |
| 2008-09 | എൽ.എഫ്.റ്റി.ഡി.എം.എൽ/1119/1, തീയതി. 25.11.2013 | 22 |
| 2009-10 | എൽ.എഫ്.റ്റി.ഡി.എം.എൽ/2356/13, തീയതി.21.03.2013 | 25 |
| 2010-11 | എൽ.എഫ്.റ്റി.ഡി.എം.എൽ/1471/11, തീയതി.25.11.2013 | 21 |
| 2011-12 | എൽ.എഫ്.റ്റി.ഡി.എം.എൽ/99/15, തീയതി.30-03-15 | 36 |
| 2012-13 | എൽ.എഫ്.റ്റി.ഡി.എം.എൽ/1066/14, തീയതി. 01-10-14 | 30 |
| 2013-14 | കെ.എസ്.എ.റ്റി.വി.എം.എം.എൽ/1168/15, തീയതി 29.9.15 | 24 |
| 2014-15 | കെ.എസ്.എ.റ്റി.വി.എം./എം.എൽ.1361/2016 തീയതി. 01.08.16 | 14 |
| 2015-16 | കെ.എസ്.എ.റ്റി.വി.എം./എം.എൽ/21/17 തീയതി 12.01.17 | 29 |
| 2016-17 | കെ.എസ്.എ.റ്റി.വി.എം./എം.എൽ/2053/17 തീയതി 03.11.17 | 46 |
| 2017-18 | കെ.എസ്.എ.റ്റി.വി.എം./എം.എൽ 35/19 തീയതി 09.07.2019 | 48 |
| 2018-19 | കെ.എസ്.എ.റ്റി.വി.എം./എം.എൽ 337/20 തീയതി 22.05.20 | 35 |
| 2019-20 | കെ.എസ്.എ.റ്റി.വി.എം/എം എൽ224/22 തീയതി 21.03.2022 | 78 |

1995-96 സാമ്പത്തിക വർഷത്തിനു മുമ്പുള്ള റിപ്പോർട്ടുകളുടെ വിവരങ്ങൾ ലഭ്യമല്ല.

ജോയിന്റ് ഡയറക്ടർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം , തിരുവനന്തപുരം.

## അനുബന്ധം-1
## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള മുനിസിപ്പൽ ആക്ടിന്റെ 295-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് നഗരപാലികാ സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ്ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2020-2021 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ തിരുവനന്തപുരം ജില്ലയിലെ നെടുമങ്ങാട് മുനിസിപ്പാലിറ്റിയുടെ 2020-2021-ലെ വാർഷിക ധനകാര്യ പത്രിക വരവ് ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ജോയിന്റ് ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, തിരുവനന്തപുരം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

തിരുവനന്തപുരം ജില്ലയിലെ നെടുമങ്ങാട് മുനിസിപ്പാലിറ്റിയുടെ 2020-2021 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ജോയിന്റ് ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, തിരുവനന്തപുരം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്